# പാലൈ

PALAI பாலை

Peer Reviewed Research Journal
ISSN No: 3049-0316

വാല്യം 2 ലക്കം 3
ഏപ്രിൽ 2026

palaijournal@stcp.ac.in

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

# PALAI பாலை

Peer Reviewed Journal (Trimonthly)
ISSN No: 3049-0316

**Managing Board**

**Dr. Siby James (Principal)**
**Fr. Dr. Salvin K Thomas (Vice Principal)**
**Fr. Mathew Alappattumedayil (Bursar)**

**Chief Editor**

**Dr. Prince Mon Jose**

**Editorial Board**

**Prof. (Dr.) R.B. Sreekala**
Professor & HoD ORI & MSs Library University of Kerala,
Kariavattom Campus - 695 581, Thiruvananthapuram
dr.sreekslarb@gmail.com
**Prof. (Dr.) Jose K. Manuel**
School of Letters, Mahatma Gandhi University, Kottayam
kjosemanuel@gmail.com
**Dr. T.K. Santhoshkumar**
Kariavattom Campus - 695 581, Thiruvananthapuram
**Dr. Jainymol K.V.**
Assistant Professor, CAS College, Maadai, Kannur

**Advisory Committe**

**Prof. (Dr.) P.S. Radhakrishnan**
Senior Professor, School of Letters, Mahatma Gandhi University, Kottayam
E-mail: drradhakrishnanps@gmail.com
**Subhash Chandran (Novelist)**
**Socratis K. Valeth (Novelist)**

**Publication Division**

**Dr. Prince Mon Jose**
**Jishnu Venugopal**
**Sebastian Thomas**
**Dr. Anju Lis Kurian**
**Fr. Jubin Jacob**

**Reviewers**

**Dr. Ciby Kurian**
Asso Professor, Deva Matha College Kuravilangadu
**Prof. Sr. (Dr.) Minimol Mathew**
Alphonsa College Palai
**Dr. Anila Thomas**
Alphonsa College Palai
**Dr. Bins M Mathew**
Asso. Professor, SB College Changanacherry
**Dr. B. Bindu**
HoD, Malayalam, St. Peters College, Kolenchery

**Printed and published by**

Dr. Siby James on behalf of St Thomas College Palai Autonomous

# എഡിറ്റോറിയൽ

സാഹിതീയവ്യവഹാരങ്ങളുടെ അപഗ്രഥനവും വിശ്ലേഷണവും ആസ്വാദനത്തിന്റെ തലങ്ങളെ വികസ്വരമാക്കുകയും വിവിധ അർത്ഥാന്തരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു. വിവിധ സാഹിത്യരൂപങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗഹനമായ ഗവേഷണ പഠനങ്ങൾ സാഹിത്യ വൈജ്ഞാനികമേഖലയെ ഏറെ സമ്പുഷ്ടമാക്കുകയും വിമലീകരിക്കുകയും ചെയ്യുന്നു . ഇത്തരത്തിൽ വ്യാഖ്യാനിക്കപ്പെടുകയും ആസ്വാദനതലത്തിൽ വിശകലനത്തിന് വിധേയമാക്കപ്പെടുകയുംചെയ്ത പതിനാറ് പ്രബന്ധങ്ങളുടെ സമാഹാരമാണ് ഏപ്രിൽ ലക്കം പാലൈ ജേർണലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകൾ ഒരു പഠനം, പാതിരി പ്രവാസം, എം മുകുന്ദന്റെ കഥകളിലെ നവചരിത്ര സൗന്ദര്യ ദർശനം, അശോകൻ ചെരുവിലിന്റെ കഥകളിലെ രാഷ്ട്രീയ അബോധം, എം തോമസ് മാത്യുവിന്റെ സാഹിത്യ വിമർശനം, ഗിരീഷ് പുത്തഞ്ചേരി കവിതകളിലെ പ്രണയാവിഷ്കാരം, ദൃശ്യമാധ്യമങ്ങളിലെ കാഴ്ചയും കാഴ്ചപ്പാടും, കൽപ്പറ്റ നാരായണന്റെ വിമർശനത്തിലെ സാമൂഹിക ബോധവും കാവ്യ ബോധവും, ഭ്രതരായരിലെ ആധുനികതയുടെ അനുഭവവും ആവിഷ്കരണവും, അബിൻ ജോസഫിന്റെ കഥകളിലെ രാഷ്ട്രീയഭൂമിക, കൃത്രിമ ബുദ്ധിയും ഭാഷയും, ഗോത്ര ജീവിതത്തിന്റെ ആഖ്യാന പരിസരങ്ങൾ, പ്രദീപൻ പാമ്പിരിക്കുന്നിന്റെ ദളിത് പ്രതിരോധ നിരീക്ഷണങ്ങൾ, കാറ്റേ കടലേ എന്ന രചനയിലെ ഭൗമനിരൂപണ കാഴ്ചപ്പാടുകൾ, അയ്മനം ജോണിന്റെ കഥകളെ കുറിച്ചുള്ള പഠനം എന്നിങ്ങനെ വിവിധ വിഷയവൈവിധ്യങ്ങളിലൂടെയാണ് ഈ ലക്കത്തെ ഗവേഷണ പഠനങ്ങൾ സഞ്ചരിക്കുന്നത്. മലയാള പഠന ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പഠിതാക്കൾക്കും ആസ്വാദകർക്കും ഈ പ്രബന്ധങ്ങൾ ഏറെ പ്രയോജനപ്പെടട്ടെ എന്ന് പ്രത്യാശിക്കുന്നു.

**ഡോ. പ്രിൻസ് മോൻ ജോസ്**

# ഉള്ളടക്കം

1. സ്മൃതിയുടെ ഭ്രമിക: 'മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകൾ' ഒരു പഠനം
ഡോ. അർച്ചന എ.കെ. ....................................................................................5

2. പാതിരി പ്രവാസം
ഡോ. അഗസ്റ്റിൻ കെ.ജെ. ....................................................................................10

3. മസ്തിഷ്ക്കാനുരൂപ(Brain Compatible learning)ബോധനത്തിൽ
പഠനസമൂഹ(learning community)ത്തിന്റെ പ്രസക്തി
ഡോ. ശ്രീവൃന്ദാനായർ എൻ ....................................................................................14

4. എം. മുകുന്ദന്റെ കഥകളിലെ നവചരിത്രസൗന്ദര്യദർശനം
ഡോ. ഗിഫ്റ്റി എൽസ വർഗീസ് ....................................................................................24

5. രാഷ്ട്രീയ അബോധം സാഹിതീയാഖ്യാനങ്ങളിൽ: അശോകൻ
ചെരുവിലിന്റെ ചെറുകഥയെ മുൻനിർത്തിയുള്ള പഠനം
ഡോ. ജെൻസി കെ.എ. ....................................................................................29

6. വിമർശകനായ എം. തോമസ് മാത്യു
സൗമ്യ ജോസ് ....................................................................................37

7. ദൃശ്യമാധ്യമങ്ങൾ: കാഴ്ചയും കാഴ്ചപ്പാടും
ഫ്രാൻസിസ് മൈക്കിൾ ....................................................................................40

8. ഗിരീഷ് പുത്തഞ്ചേരി കവിതകളിലെ പ്രണയാവിഷ്ക്കാരം
ആരതി വി. നായർ ....................................................................................46

9. കൽപ്പറ്റ നാരായണന്റെ വിമർശനത്തിലെ സാമൂഹികബോധവും കാവ്യബോധവും:
ഒരു സർഗാത്മക വായന
സുനിൽ ജോസ് ....................................................................................50

10. ആധുനികത അനുഭവവും ആവിഷ്ക്കരണവും ഭ്രതരായരിൽ
ഡോ. രമ്യ ഗോകുലനാഥൻ ....................................................................................56

11. കഥാലോകത്തെ രാഷ്ട്രീയ ഭ്രമിക
ജോബിൻ ഫിലിപ്പ് ....................................................................................64

12. നവമാധ്യമങ്ങളും കൃത്രിമബുദ്ധിയും: മലയാളഭാഷാപ്രയോഗത്തിന്റെ
സമകാലിക സമൂഹഭാഷാശാസ്ത്ര പഠനം
മുഹമ്മദ് ബാസിൽ ഒ.പി. ....................................................................................71

13. ഗോത്ര ജീവിതത്തിന്റെ ആഖ്യാനപരിസരങ്ങൾ: സമകാലിക മലയാള നോവലിൽ
അമൃത കെ.ജി. ....................................................................................78

14. ദലിത് പ്രതിരോധവും കേരളീയ നവോത്ഥനവും:
പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണങ്ങളെ മുൻനിർത്തിയുള്ള വിശകലനം
വിസ്മയ സുന്ദർ പി ....................................................................................83

15. 'കാറ്റേ കടലേ': ഭൗമനിരൂപണ കാഴ്ചപ്പാടിൽ ഒരു വായന
രേഷ്മ. എം.കെ ....................................................................................89

16. ഗൃഹാതുരത; രാഷ്ട്രീയവും ആഖ്യാനവും
രേഷ്മ വി.ബി. ....................................................................................93

സെൻ്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# സ്മൃതിയുടെ ഭൂമിക: 'മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകൾ' ഒരു പഠനം



**ഡോ. അർച്ചന എ.കെ.**

**സംഗ്രഹം**

ആത്മകഥയിലൂടെ ഒരു വ്യക്തിയുടെ ജീവിതാഖ്യാനം സാഹിത്യകൃതിയായി മാത്രമല്ല മനുഷ്യാനുഭവത്തിന്റെ രേഖപ്പെടുത്തലായി മാറുകയാണ്. ഒരു കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും ജീവിതരീതിയുടെ പ്രതിഫലനം അതിൽ വ്യക്തമാകുന്നു. ആത്മകഥ എഴുതപ്പെടുന്ന കാലഘട്ടം, രാഷ്ട്രീയ പശ്ചാത്തലം തുടങ്ങിയവ ഈ രൂപപ്പെടുത്തലിനെ സ്വാധീനിക്കാം. ഫിലിപ്പ് ലെജ്യൂണി (Philippe Lejeune)ന്റെ അഭിപ്രായത്തിൽ എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള നിശബ്ദമായ അറിവ് 'ഇതൊരു യഥാർത്ഥ വ്യക്തിയുടെ ജീവിതകഥയാണെന്ന' ബോധ്യത്തിൽ പ്രവർത്തിക്കുന്നു. ആയതിനാൽ ഒരു സർഗാത്മക കൃതിയുടെ വായനയിൽ നിന്ന് വ്യത്യസ്തമാണ് ഒരു ആത്മകഥയുടെ വായന. ആത്മകഥാപഠനം ജീവിതത്തിന്റെ സങ്കീർണ്ണതകളെയും പ്രതിനിധാന പ്രശ്നങ്ങളെയും മനസ്സിലാക്കാനുള്ള ശക്തമായ ഉപകരണമാണ്. സ്വയം പറച്ചിലിന്റെ കലയെന്നും ഇതിനെ വിശേഷിപ്പിക്കാം.

**താക്കോൽ വാക്കുകൾ:** സംസ്കാരം, ഭാഷ, ജന്മിത്വം, ദേശം, വിദ്യാഭ്യാസം

മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരി മാധവിക്കുട്ടിയുടെ ബാല്യകാലമാണ് ബാല്യകാല സ്മരണകൾ എന്ന ആത്മകഥയിൽ വിവരിക്കുന്നത്. മാധവിക്കുട്ടിയുടെ ആത്മകഥയിൽ വിവക്ഷിച്ചിരിക്കുന്ന കാര്യങ്ങളിലേറെയും കൽക്കത്തയിൽ നിന്നും അമ്മ വീടായ നാലപ്പാട്ട് വന്നു നിൽക്കുന്ന സന്ദർഭത്തിലെ അനുഭവങ്ങളാണ്. ഭർത്താവിന്റെ കുടുംബവീടായ അമ്പഴത്താൽ തറവാടിനെയും നാലപ്പാട്ട് കുടുംബത്തെയും അമ്മയുടെ തറവാടിനടുത്തുള്ള കോവിലകത്തെയും കുറിച്ചുള്ള ഓർമ്മകൾ തന്മയത്വം ഒട്ടും ചോർന്നു പോവാതെ വിവരിച്ചിരിക്കുന്നു. അമ്മമ്മയോടൊപ്പം കോവിലകത്തേക്ക് പോകുന്നതും അവിടെ കണ്ട കാഴ്ചകൾ തന്റെ ജീവിതത്തിലുണ്ടാക്കിയ വ്യത്യസ്തമായ അനുഭവങ്ങളെയും സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന വ്യവസ്ഥിതികളെയും ഈ ആത്മകഥയുടെ പ്രാരംഭത്തിൽ വിവരിക്കുന്നു. കോവിലകത്തിന്റെ ഇരുവശങ്ങളിലുമായി വലിയ തൂണുകളിൽ കൊത്തി വെച്ചിരിക്കുന്ന ദ്വാരപാലക ശില്പങ്ങൾ ഒരുവേള കമലയെ കൽക്കത്തയിലെ വീടിനുമുമ്പിലെ ജീവനുള്ള ദ്വാരപാലകന്മാരെ ഓർമിപ്പിച്ചു. വലിയ പൂമുഖം കടന്ന് കോവിലിനകത്തേക്ക് കയറുമ്പോൾ കമലയുടെ മനസ്സിൽ സാമൂഹിക ആചാരങ്ങൾക്കും ജാതി ചിന്തകൾക്കും

* അസിസ്റ്റന്റ് പ്രൊഫസർ, സി.എം.എസ് കോളേജ്, കോട്ടയം, Email: archanaak@cmscollege.ac.in
Phone: 09446610155

 ISSN No: 3049-0316 

സമൂഹം നൽകിയിരിക്കുന്ന പ്രാധാന്യവും അതിലെ അസമത്വ സംഹിതകളും കൂടി വെളിവാക്കപ്പെട്ടു. അമ്മമ്മയെ കോവിലകത്തുള്ളവർ കൊച്ച എന്നായിരുന്നു വിളിച്ചിരുന്നത്. ബാലയുടെ മകൾ കമലയെ കാണുവാൻ കോവിലകത്തുള്ളവർ എല്ലാവരും വന്നു. എല്ലാവരെയും കണ്ടു ഉപചാരപൂർവ്വം വർത്തമാനം പറഞ്ഞതിനുശേഷം അമ്മമ്മ കമലയോട് പറഞ്ഞു അവർ കോവിലകത്തുള്ളവരാണ് നമ്മളുമായിട്ട് അവർക്ക് അയിത്തം ഉണ്ട്. കൽക്കത്തയിൽ ജനിച്ചു വളർന്ന കമലയെ സംബന്ധിച്ചിടത്തോളം അത് വളരെ അത്ഭുതം നിറഞ്ഞ വാക്കുകളായിരുന്നു

ഒരു കാലഘട്ടത്തിൽ സവർണ്ണ ഹൈന്ദവ കുടുംബങ്ങളിൽ നടന്ന ആചാരങ്ങളെ വ്യക്തമായി വരച്ചു കാണിക്കുന്നുണ്ട് ഈ ആത്മകഥ. നാലപ്പാട്ടെ ഋതുമതികളായ സ്ത്രീകൾ വടക്കേ കോലായിൽ കിടക്കണം. ഇവിടെ മാധവിക്കുട്ടി സൂചിപ്പിക്കുന്ന മനോഹരമായൊരു ചിന്ത വായനയുടെ വിശാലമായ അന്തരീക്ഷം ചെറുതിലെ രൂപപ്പെടുന്നതിൽ ഋതുമതികളായ സ്ത്രീകൾ മറ്റു കാര്യങ്ങളിൽ നിന്നെല്ലാം വിട്ട് ഒരു മുറിയിൽ അടച്ചിരിക്കുന്ന ഈ സമയം ഏറെ ഉപകാരപ്രദമായിരുന്നു എന്നതാണ്. തന്റെ കുടുംബത്തിലെ സ്ത്രീകൾക്ക് അന്നേക്കാലത്ത് നിർവഹിക്കേണ്ടത് ചില കർത്തവ്യങ്ങൾ മാത്രമായിരുന്നു; ഇല്ലത്തെ സ്ത്രീജനങ്ങളുടെ ഉത്തരവാദിത്തം വീട്ടുകാര്യങ്ങളും അത്യാവശ്യം പൂജയും ആഴ്ചയിൽ ഒരിക്കൽ ആചരിക്കലും മാത്രമാണ്. പുറം പണികൾക്കും വീട്ടുകാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിനും കാര്യസ്ഥന്മാർ ഉണ്ടായിരിക്കും. തീരുമാനങ്ങൾ എടുക്കേണ്ടതും കുടുംബസംബന്ധിയുമായ വിഷയങ്ങളുടെയെല്ലാം ഉത്തരവാദിത്വം പുരുഷന്മാരിലും സ്ത്രീകൾ ലളിതമായ ആചാരപ്രക്രിയകളിൽ ജീവിക്കേണ്ടവരുമായിരുന്നു എന്നുള്ള അന്നത്തെ സാമൂഹ്യബോധ്യം ഇതിലൂടെ മാധവിക്കുട്ടി പങ്കുവയ്ക്കുന്നുണ്ട്. ജാതിയിലൂടെ നിർണയിച്ച സാമൂഹിക വ്യവസ്ഥിതിയെയും നമുക്കിവിടെ കാണാം. ഉയർന്ന ജാതിയിലുള്ള വ്യക്തി ദരിദ്രനാണെങ്കിലും അവർക്ക് സുഖകരമായ സാമൂഹികജീവിതം ഉണ്ടായിരുന്നതായി കുഞ്ഞി നമ്പീശന്റെ സാമൂഹികസ്ഥിതി അടയാളപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യക്തമാണ്. അതുപോലെ നായാടി, നമ്പൂതിരി, നായർ വ്യത്യാസത്തെക്കുറിച്ച് പലയിടത്തും പറയുന്നുണ്ട്. വലിയ കുടുംബങ്ങളിൽ പുൽപ്പായ വിരിച്ച് അതിലിരുത്തുന്ന ശീലത്തെ കുറിച്ചുള്ള സൂചനകളും കാണാം.

### ഭക്ഷണ സംസ്കാരം

ഒരു സമൂഹത്തെ നിർണയിക്കുന്നതിലും ഒരു വിഭാഗത്തെ അടയാളപ്പെടുത്തുന്നതിലും ഭക്ഷണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ആഹാരത്തെക്കുറിച്ച് നൽകുന്ന വിശദീകരണത്തിൽ ഗോതമ്പും ചാമയും കഞ്ഞിയും സാമ്പാറുമൊക്കെയാണ് മുൻഗണനയുള്ള വിഭവങ്ങളായിട്ട് മാധവിക്കുട്ടി പറഞ്ഞിരിക്കുന്നത്. നെല്ലു പുഴുങ്ങൽ, പറമ്പിൽ നിന്നുള്ള പദാർത്ഥങ്ങൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ ഉണ്ടാക്കൽ തുടങ്ങിയവ മാത്രമല്ല വ്യത്യസ്ത തരത്തിലുള്ള നടീൽ വിളകളെല്ലാം പറമ്പിൽ വിളയിച്ചുണ്ടാക്കുന്ന ശീലത്തെക്കുറിച്ചും അവർ പ്രതിപാദിക്കുന്നുണ്ട്. ഓരോ ജാതിക്കും വ്യത്യസ്തതരത്തിലുള്ള ആഹാരശീലങ്ങളും അതിനോട് ചേർന്നുള്ള സംസ്കാരവും എക്കാലത്തെയും സാമൂഹ്യസവിശേഷതകളാണ്. തെങ്ങിൽ നിന്ന് വിളവെടുക്കുന്നതും ഓരോ ദിവസത്തെയും ഭക്ഷണ വിഭവങ്ങൾ നിശ്ചയിക്കുന്നതുൾപ്പെടെയുള്ള നാലപ്പാട്ടെ കാര്യങ്ങൾ നടത്തിയിരുന്നത് കുടുംബത്തിലെ കാര്യസ്ഥൻ ശങ്കരേട്ടനായിരുന്നു. അന്നത്തെ എല്ലാ പ്രമാണിവീടുകളിലും കാര്യസ്ഥൻമാർ പ്രധാന വ്യക്തിത്വമായിരുന്നു.

### ദേശീയ സ്വാതന്ത്ര്യസമരത്തെ കുറിച്ചുള്ള സൂചനകൾ

ഇന്ത്യയിൽ ഗാന്ധിജിക്കുണ്ടായിരുന്ന പ്രാധാന്യത്തെക്കുറിച്ച് ആത്മകഥയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഗാന്ധിജി മലയാളിസമൂഹത്തിന് എത്രമാത്രം സ്വാധീനമുള്ള വ്യക്തിയായിരുന്നുവെന്ന് മനസ്സിലാക്കുവാൻ മാധവിക്കുട്ടിയുടെ ആത്മകഥയിലെ ഏതാനും സൂചകങ്ങൾ മാത്രം മതി. ഗാന്ധി ചോദിച്ചാൽ എന്തും കൊടുക്കുവാൻ തയ്യാറായിട്ടിരിക്കുന്ന ഒരു വലിയ സമൂഹത്തെ ഈ ആത്മകഥ പ്രതിനിധാനം ചെയ്യുന്നുണ്ട്. സ്വതന്ത്ര ഇന്ത്യ എന്ന കാഴ്ചപ്പാടിൽ പുതിയൊരു സമൂഹം ഉദയം ചെയ്യുന്നതോടൊപ്പം പുതിയ തൊഴിൽ സംസ്കാര സൂചനകളും ഈ ആത്മകഥയിൽ ദർശിക്കാം.

### ജാതി/തൊഴിൽ വർഗ്ഗങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രഥമ പാദത്തിൽ കേരളീയ സമൂഹത്തിൽ ജാതി ഗണനയ്ക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. ജാതി അടിസ്ഥാനമാക്കിയ തൊഴിൽ ഘടനയും മേൽ ജാതി കുടുംബങ്ങളുടെ

ആശ്രിതരായി നിലനിന്ന ജാതി സമുദായങ്ങളെയും കാണാം. ആഭരണങ്ങൾ പണിതു നൽകുന്ന നാരായണനെയും പരമ്പരാഗത ആഭരണങ്ങളുടെ ഭംഗിയും ഈ ആത്മകഥയിൽ പ്രതിപാദിക്കുന്നുണ്ട്. പാചകക്കാരൻ കുഞ്ചു നായർക്കും വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. വസ്ത്രങ്ങൾ അലക്കി വെളുപ്പിക്കാൻ വെളുത്തേടത്ത് ലക്ഷ്മി സ്വീകരിക്കുന്ന മാർഗ്ഗങ്ങളും വിവരിക്കുന്നുണ്ട്. ദേശങ്ങൾ തോറും നടന്ന് തുണി വില്പന നടത്തുന്ന പെരുമാൾ ചെട്ടി, വള വിൽപ്പനക്കാരൻ ചോപ്പൻ, മുടി മുറിച്ച് കമലയെ പാശ്ചാത്യ യുവതിയെപ്പോലെയാക്കുന്ന ബാർബർ ചാത്തു തുടങ്ങിയവരെയും സൂചിപ്പിക്കുന്നു. സവർണ കുടുംബങ്ങളെ പിൻപറ്റി തൊഴിൽ ചെയ്യുന്ന ഒരു വിഭാഗം ചെറുകിട തൊഴിൽ വർഗ്ഗങ്ങളെയും തന്റെ കുടുംബവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഇത്തരം ആളുകളുമായി തനിക്കുണ്ടായിരുന്ന ആത്മബന്ധവും മാധവിക്കുട്ടി ഇവിടെ സ്നേഹപൂർവ്വം കോറിയിട്ടിരിക്കുന്നു. മാധവിക്കുട്ടി ഈ ആത്മകഥ സമർപ്പിച്ചിരിക്കുന്നത് കളിക്കൂട്ടുകാരിയായിരുന്ന ഫാത്തിമക്കാണ്. അന്നത്തെ സമൂഹത്തിൽ മുസ്ലിം സമുദായത്തോടുള്ള വിയോജിപ്പുകൾ ഈ ആത്മകഥയിലും പ്രകടമാണ്. ജാതിയും മതവും നോക്കാതെ തൊട്ടടുത്ത വീട്ടിലെ ഉമ്മച്ചിക്കുട്ടിയോട് അടുപ്പം കൂടുന്ന കമലയെ ദേവകി കണക്കിന് ശാസിക്കുന്നുണ്ട്. അതിനു കാരണം അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥയായിരുന്നു. എന്നാൽ കൊച്ചുകമല ഇതിനെയെല്ലാം റദ്ദു ചെയ്യുന്നുണ്ട്.

## ആത്മകഥയിലെ മാധവിക്കുട്ടി

ആത്മകഥയിൽ മാധവിക്കുട്ടി തന്നെ ഏറെ നിഷ്കളങ്കമായി അവതരിപ്പിക്കുവാനും സവർണ്ണ ബാല്യത്തിന്റെ ലാളനകൾക്കുള്ളിൽ നിർത്തുവാനും ശ്രമിച്ചിരിക്കുന്നു. 'പൊട്ടി പെണ്ണ്' എന്ന് പലയിടത്തും വിശേഷിപ്പിക്കുമ്പോഴും ഈ പരിലാളനകളെ ആവോളം ആസ്വദിച്ചതായി കാണാം. നേരെ കാര്യങ്ങൾ പറയാവുന്ന സന്ദർഭത്തിൽ പോലും പരമ്പരാഗത ഭാഷാ ശൈലി ഉപയോഗിക്കുവാനും അതിൽ കൂടുതലും സവർണ്ണ രീതിയിലുള്ള പദങ്ങളുപയോഗിക്കുവാനും മാധവിക്കുട്ടി ശ്രമിച്ചിട്ടുണ്ട്. കുടുമ്മത്ത്, വെപ്പുകാരൻ, തറവാട്ടുകാര്, കുടുമ, കുട്ടി, നിശ്ശണ്ടോ തുടങ്ങിയ പദങ്ങളെല്ലാം ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാം.

## വായനാ സംസ്കാരം

മാധവിക്കുട്ടിയിലെ സാഹിത്യ സംസ്കാരത്തിന്റെ ഉദയം ചെറുപ്പത്തിലെ ശീലിച്ച വായനാസംസ്കാരത്തിന്റെ പ്രതിഫലനമാണ്. മാധവിക്കുട്ടിയുടെ ഈയൊരു രൂപപ്പെടലിൽ അമ്മാവൻ നാലപ്പാട്ട് നാരായണമേനോന്റെ പങ്കു വളരെ വലുതാണ്. അമ്മാവന്റെ ലൈബ്രറിയിൽ നിന്നും മാധവിക്കുട്ടി ആദ്യമെടുത്ത് വായിക്കുന്ന പുസ്തകം വിക്ടർ ഹ്യൂഗോയുടെ ലാമിസറബിൾ എന്ന ഗ്രന്ഥത്തിന് അദ്ദേഹം നടത്തിയ വിവർത്തനവും അന്നും ഇന്നും മലയാളത്തിലെ ക്ലാസിക്കുമായ 'പാവങ്ങൾ' ആണ്. ആദ്യം മൂന്നു വാല്യമാണ് ഈ പുസ്തകത്തിന് ഉണ്ടായിരുന്നത്. മറ്റൊരു പ്രത്യേകത നാലപ്പാട്ട് കുടുംബത്തിന്റെ അതിഥി സൽക്കാരമായിരുന്നു. കുട്ടികൃഷ്ണമാരാരും ചേലനാട്ട് അച്യുതമേനോനും വി. ടി. ഭട്ടതിരിപ്പാടും അവിടത്തെ നിത്യ സന്ദർശകരായിരുന്നു. പാവങ്ങളിലെ ഒരു രംഗം നാടകമാക്കി അഭിനയിച്ച മുഹൂർത്തവും മാധവിക്കുട്ടി ഇതിൽ സൂചിപ്പിക്കുന്നുണ്ട്. ഏറെ മികച്ച രീതിയിലുള്ള അഭിപ്രായമാണ് നാടകത്തെക്കുറിച്ച് അമ്മാവനിൽ നിന്നും ലഭിച്ചത്. ആദ്യമായി കണ്ട യാചകി എന്ന നാടകവും ഈ ആത്മകഥയിൽ സൂചിതമാകുന്നുണ്ട്. കുമാരനാശാന്റെയും ചങ്ങമ്പുഴയുടെയും കവിതകൾ ഒരു കാലഘട്ടത്തിൽ കുടുംബത്തിൽ എല്ലാവരും പാടി നടന്നതിനെ കുറിച്ചും പറയുന്നുണ്ട്. കൈകൊട്ടിക്കളി പോലുള്ള കളികൾക്ക് ആചാരപരമായി വളരെ പ്രാധാന്യം നാലപ്പാട്ട് കുടുംബത്തിൽ ഉണ്ടായിരുന്നു. പ്രത്യേക ഉത്സവ ദിനങ്ങളിൽ കഥകളിയും പടയണിയും ഉണ്ടായിരുന്നു. കൽക്കട്ടയിലെ വീട്ടിൽ വരുത്തിയിരുന്ന Daily mirror, Saturday Evening post തുടങ്ങിയവ തന്റെ ഭാവനയെ പൂർത്തിയാക്കിയിരുന്നതായി മാധവിക്കുട്ടി പറയുന്നുണ്ട്. ഇത് മറ്റൊരു തലത്തിൽ തന്റെ ചിന്താതലത്തെ സ്വാധീനിച്ചിരുന്നതായി അവർ സൂചിപ്പിക്കുന്നുണ്ട്. അമേരിക്കൻ കുടുംബത്തിന്റെ മഹിമ വെളിപ്പെടുത്തുന്ന കൃതികളായി വായിക്കപ്പെടണമെന്ന ഉദ്ദേശത്താൽ രചിക്കപ്പെട്ടവയാണ് ഇവയെന്നും വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നു. പുന്നയൂർക്കുളത്തിൽ നിന്ന് വ്യത്യസ്തരായിട്ടുള്ള സ്ത്രീകളെയാണ് ഈ പാശ്ചാത്യ മാഗസിനുകൾ ആവിഷ്കരിച്ചിരുന്നതെന്ന് വ്യക്തമാക്കുന്ന താരതമ്യ വിശകലനവും മാധവിക്കുട്ടി ഈ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## നാടൻ പ്രയോഗങ്ങൾ

കണ്ടാ, കൊട്ത്താ, കുത്തിയടക്കാ, മൂത്രം മുത്തി, ഓളക്ക്, ഒര്, മിഡ് വൈഫ്, നൈസ്, പയ്ക്കള് തുടങ്ങിയ നിരവധി പ്രയോഗങ്ങൾ ഈ ആത്മകഥയിൽ ഉണ്ട്. നമ്പൂതിരി രീതിയിലുള്ള പറച്ചിൽ ശൈലികളും.'ഇയ്ക്ക് കേട്ടാ

കല വരും' ഈ യാതി വർത്തമാനം പറയരുത് പോലുള്ള പ്രയോഗങ്ങൾ, 'അമ്രാള്ക്ക് നമ്പൂര്യച്ചനോടെന്താ ഇത്ര ഈറ' അന്നത്തെ പൊതു കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന ഭാഷാ ശൈലിയിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. നാടൻ പ്രയോഗങ്ങൾ മാത്രമല്ല പൊതുസമൂഹ ഭാഷയിൽ ഉണ്ടായിരുന്ന പദങ്ങൾക്ക പകരം മറ്റു പദങ്ങൾ ഉപയോഗിക്കുന്ന രീതിയും ഉണ്ടായിരുന്നു. ശകരം - ശകലം, പൂവ്വമ്പൊ - പോകുമ്പോൾ, മുമ്പിൽ - നമ്പിൽ, ദിവസം - ദൂസായി, സ്വന്തം - സൊന്തം, ചികിത്സ - സികിത്സ തുടങ്ങിയ പദങ്ങളൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. ബാല്യകാലത്ത് താൻ പരിചയിച്ചിരുന്ന ഭാഷ സമൂഹത്തിൽനിന്ന് വ്യത്യസ്തമായൊരു സാമൂഹിക സാംസ്കാരിക തലത്തിൽ വളർന്ന മാധവിക്കുട്ടി വർഷങ്ങൾക്ക് ശേഷം ആത്മകഥ എഴുതുന്ന സമയത്ത് ഈയൊരു ഭാഷ പ്രയോഗിച്ചിരിക്കുന്നതിനു രണ്ട് യുക്തികൾ പറയാം. ഒന്ന് ബാല്യകാലത്തിന്റെ അവിസ്മരണീയ ഓർമ്മകൾ നിലനിർത്താനുള്ള ശ്രമം; അതുകൊണ്ടാണ് ബാല്യത്തിൽ കേട്ട ഭാഷാപ്രയോഗവും ശൈലികളും അതുപോലെതന്നെ ആത്മകഥയിലും കൊണ്ടുവന്നിരിക്കുന്നത്. രണ്ടാമത് പുതിയൊരു കാലത്തിലും സംസ്കാരത്തിലും ജീവിക്കുമ്പോഴും പാരമ്പര്യത്തിലും പൗരാണികതയിലും അടിയുറച്ചു വളർന്നതിന്റെ ഓർമ്മകൾ നിറയുന്ന മാധവിക്കുട്ടിയുടെ മനസ്സിന്റെ തുറന്നുപറച്ചിൽ.

## പാശ്ചാത്യ സംസ്കാരം

പാശ്ചാത്യ സംസ്കാരത്തിന്റെ പലവിധ സൂചനകൾ ഈ ആത്മകഥയിൽ കാണാം. മാധവിക്കുട്ടി കൽക്കട്ടയിലെ വീടിനെക്കുറിച്ച് പ്രതിപാദിക്കുന്ന സന്ദർഭങ്ങളിൽ മാത്രമല്ല മാധവിക്കുട്ടിയുടെ അച്ഛൻ മാധവമേനോന്റെ ഇംഗ്ലീഷ് ഭാഷാപ്രാവണ്യവും തൊഴിലും പാശ്ചാത്യ സംസ്കാരത്തോടുള്ള അഭിനിവേശം വളർത്തിയ ഘടകങ്ങളായി ഈ ആത്മകഥയിൽ നിഴലിക്കുന്നുണ്ട്. കൽക്കട്ടയിലെ താമസസമയത്ത് തങ്ങൾക്ക് അധികം സുഹൃത്തുക്കളില്ലാതിരുന്നതിന്റെ കാരണം അച്ഛന്റെ കാഴ്ചപ്പാടിൽ മക്കൾ (മാധവിക്കുട്ടിയും അനുജനും) കൽക്കട്ടയിലെ സംസ്കാരത്തിന് ചേർന്നവരായിരുന്നില്ല എന്ന ധാരണയായിരുന്നു; അച്ഛനിൽ അടിയുറച്ച് വളർന്നിരുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണിത്. അച്ഛന്റെ ഈ സ്വഭാവം കാരണം ചുറ്റുവട്ടത്തുള്ള മറ്റു കുട്ടികളുമായി ഇടപെടുന്നതിനോ സൗഹൃദബന്ധങ്ങൾ സ്ഥാപിക്കുന്നതിനോ മാധവിക്കുട്ടിക്കും സഹോദരനും കഴിഞ്ഞില്ല. ഇതിന്റെ മറ്റൊരു വശം നാലപ്പാട്ടിൽ നിന്ന് കൽക്കട്ടയിലേക്ക് കമലയെ തിരികെ കൊണ്ടുപോകുന്ന സന്ദർഭത്തിൽ മുടി മുറിച്ച് ഭംഗിയാക്കി മാറ്റുന്നതിലും കാണാം. വളരെ ഒതുങ്ങിയ ജീവിതമായിരുന്നു ബാല്യത്തിൽ കമലയും സഹോദരനും നയിച്ചിരുന്നതെന്ന് ഈ ആത്മകഥയിൽ പറയുന്നുണ്ട്. നാലപ്പാട്ട് കുടുംബത്തിൽ മാധവമേനോൻ എത്തുന്ന സന്ദർഭത്തിൽ ആൽത്തറയിലും മറ്റു നിൽക്കുന്ന പരമ്പരാഗത സസ്യങ്ങൾ വെട്ടി മാറ്റുന്നതും ക്ലീൻ ചെയ്യുന്നതും വിദ്യാഭ്യാസത്തിലൂടെ ലഭിച്ച മറ്റൊരു സാംസ്കാരിക അനുഭവമായാണ് മാധവിക്കുട്ടി സൂചിപ്പിച്ചിരിക്കുന്നത്. കമലയുടെ അച്ഛനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ചെറിയ സൗഹൃദ ബന്ധങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൽക്കട്ടയല്ല യാഥാർത്ഥ്യം നാലപ്പാട്ട് തന്നെയാണ് എന്നു മാധവിക്കുട്ടി സൂചിപ്പിക്കുന്നതു തന്നെ ബന്ധങ്ങളുടെ ഈടും പാവും അടയാളപ്പെടുത്തി കൊണ്ടാണ്. ഈ ആത്മകഥയിൽ സൂചിപ്പിക്കുന്ന പറയുടെയും ചെണ്ടയുടെയും വെളിച്ചപ്പാടിന്റെയും പറയൻ കാളിയുടെയും പാട്ടും പുറപ്പാടും വളരെ ആവേശത്തോടെ ബാല്യകാലത്തിൽ നോക്കി കണ്ടതിന്റെ ആത്മാനുഭൂതി ഈ ആത്മകഥയിലുണ്ട്. കൽക്കത്തയിലെയും നാട്ടിലെയും ഓർമ്മകൾ സമ്മിശ്രമായി നിറഞ്ഞിരിക്കുന്ന ഈ ആത്മകഥയിൽ അച്ഛനിലൂടെ പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുവരവും അതിനോട് മലയാളി സമൂഹത്തിനുണ്ടായിട്ടുള്ള ആഭിമുഖ്യവും വ്യക്തമാക്കിയിട്ടുണ്ട്. പാരമ്പര്യങ്ങളെയും ആചാരങ്ങളെയും തനിക്ക് കിട്ടിയ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ മാധവമേനോൻ നവീകരിക്കുന്നതും കാണാം. കൽക്കത്തയിൽ ജനിച്ചു വളർന്നതുകൊണ്ട് 'കുട്ടിയ്ക്ക് യാതീം മതോം ഇല്യേരിക്കാം' (127) എന്ന നാലപ്പാട്ടെ സ്ത്രീകളുടെ വിലയിരുത്തലും മാധവിക്കുട്ടിക്ക് ലഭിച്ച പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിലാണ്.

## ഉപസംഹാരം

ബാല്യകാലസ്മരണകൾ മാധവിക്കുട്ടിയുടെ ജീവിതഘട്ടത്തിലെ നിർണായകമായ ഒരു ഏടാണ്. മാധവിക്കുട്ടിയെ രൂപപ്പെടുത്തിയതിൽ നാലപ്പാട്ട് കുടുംബത്തിന്റെ സാംസ്കാരിക പശ്ചാത്തലവും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനവും ഒന്നുപോലെ പ്രവർത്തിച്ചിട്ടുണ്ട്. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾക്കും ജാതിവ്യത്യാസങ്ങൾക്കും പുറത്ത് സാമൂഹിക കാഴ്ചപ്പാട് വളർത്തിയെടുക്കുവാൻ മാധവിക്കുട്ടിക്ക് സഹായകമായത് അമ്മമ്മ നൽകിയ പിന്തുണ കൂടിയാണ്. ഒരു വ്യക്തിയുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം വിശകലനം ചെയ്യുമ്പോൾ മതം, ഭാഷ, വിദ്യാഭ്യാസം, ആചാര-അനുഷ്ഠാനങ്ങൾ എന്നിവ

ISSN No: 3049-0316


ഒഴിവാക്കപ്പെടാത്ത സംഗതിയാണ്. ഈ ആത്മകഥയിലും മാധവിക്കുട്ടിയുടെ സാംസ്കാരിക പശ്ചാത്തലം അന്നത്തെ കേരളീയ സാമൂഹിക ചിഹ്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നതായി കാണാം.

കൽക്കത്തയിലും നാലപ്പാട്ടുമായി ജീവിച്ച ഘട്ടങ്ങളിൽ വ്യത്യസ്ത സംസ്കാരം എങ്ങനെയാണ് തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയതെന്ന എഴുത്തുകാരിയുടെ പുനർ വായനയാണ് ഈ ആത്മകഥ. ഏഴ് വയസ്സ് മുതൽ 15 വയസ്സ് വരെയുള്ള കാലഘട്ടം ഒരു കുട്ടിയുടെ മാനസിക തലത്തിൽ ചെലുത്തിയിരുന്ന സ്വാധീനം പിന്നീട് അവരെ എപ്രകാരം മാറ്റി തീർക്കുന്നു എന്ന മനസ്സിലാക്കലിന് ഉത്തമ ഉദാഹരണമാണ് മാധവിക്കുട്ടിയുടെ ആത്മകഥ. വായനയോടും സാഹിത്യത്തോടുമുള്ള അവരുടെ ആഭിമുഖ്യം ആത്മകഥയിലുടനീളം നിഴലിക്കുന്നുണ്ട്. ഇവിടെ പ്രാദേശിക സംസ്കാരവും പാശ്ചാത്യ സംസ്കാരവും ഒരുപോലെ സമന്വയിക്കുന്നുണ്ട്. അച്ഛന്റെയും അമ്മയുടെയും കർക്കശ സ്വഭാവം ബാല്യകാലത്തിൽ തന്നെയും അനിയനെയും ഏറെ ബുദ്ധിമുട്ടിച്ചിരുന്നതായും ഉൾവലിഞ്ഞ സ്വഭാവം രൂപപ്പെട്ടതായും മാധവിക്കുട്ടി പറയുന്നുണ്ട്. നാലപ്പാട്ട് തറവാടും അമ്മമ്മയുമായുള്ള ബന്ധവുമാണ് ഈ ആത്മകഥയെ ഭാവാത്മകതയോടെ നിലനിർത്തിയിരിക്കുന്നത്. ഗ്രാമീണമായ നിരവധി കാര്യങ്ങൾ ഈ ആത്മകഥയിൽ കടന്നുവരുന്നുണ്ട്. ഒരു കുട്ടി നിഷ്കളങ്കമായിരുന്ന തന്റെ ബാല്യത്തിലേക്ക് കടന്നുനോക്കുമ്പോൾ ബന്ധുക്കൾക്ക് താങ്കളുടെ ജീവിതത്തിലുള്ള സ്വാധീനം എത്ര ആഴമുള്ളതാണെന്ന് മാധവിക്കുട്ടിയുടെ വാക്കുകൾ കൊണ്ട് ആത്മകഥയിൽ നിന്ന് മനസ്സിലാക്കാം. ജീവിത സന്ദർഭങ്ങൾ ബാല്യകാലത്തിൽ നമ്മളിൽ ഏൽപ്പിക്കുന്ന സന്തോഷവും സന്താപവും മാധവിക്കുട്ടി പങ്കുവെക്കുന്നുണ്ട്. അച്ഛനമ്മമാർ കുട്ടികളെ വ്യക്തികളായി കാണാതിരിക്കുന്നതും അവരെ അമർച്ച ചെയ്യുന്നതും മൂലം രൂപപ്പെടുന്ന സംഘർഷങ്ങൾ ഈ ആത്മകഥയിൽ കാണാം. നമ്മുടെ വീടുകളിലേക്ക് കടന്നുവരുന്ന കച്ചവടക്കാരൻ മുതൽ ആചാരാനുഷ്ഠാനപ്രക്രിയകൾ ചെയ്യുന്നവർ വരെയും നമ്മളെ രൂപപ്പെടുത്തുന്നത് എങ്ങനെയാണെന്ന് ഈ സ്മരണ കുറിപ്പുകൾ സൂചിപ്പിക്കുന്നു. ചെറുതിലെ നല്ലൊരു വായനാശീലവും സാംസ്കാരിക അന്തരീക്ഷവും ഒരു വ്യക്തിത്വത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നുള്ളതിന്റെ ഉത്തമദർശനം കൂടിയാണ് ഈ ആത്മകഥ. ബാല്യത്തിലേക്ക് തിരിഞ്ഞു നടക്കുവാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയെ ഇവിടെ കാണാം. സാമൂഹിക ചുറ്റുപാടുകളിൽ നിന്നു നിഷ്കളങ്കമായി ആവോളം ആസ്വദിച്ച സ്നേഹം തന്നെയും സ്നേഹമുള്ള ഒരു വ്യക്തിയായി പരുവപ്പെടുത്തിയെന്നു മാധവിക്കുട്ടി വിവരിക്കുന്നു. താനുൾക്കൊണ്ട സംസ്കാരം തന്നെയാണ് തന്റെ ജീവിതവും എന്ന് പറയാതെ പറയുന്ന ആത്മകഥ. ജീവിതത്തിലെ നനവുള്ള സ്നേഹസ്മരണകൾ സ്നേഹദീപ്തമായ ഒരു അന്തരീക്ഷം എഴുത്തുകാരിയിലും വളർത്തി. ഇതുതന്നെയാവാം സ്നേഹത്തിനു വേണ്ടി തുറന്നെഴുത്തു നടത്തിയിട്ടുള്ള എക്കാലത്തെയും പ്രിയപ്പെട്ട ആഖ്യാതാവായി മലയാള സാഹിത്യലോകത്ത് മാധവിക്കുട്ടി നിറഞ്ഞു നിൽക്കുന്നതിന്റെ കാരണവും.

### സഹായക ഗ്രന്ഥം

മാധവിക്കുട്ടി. 1987. ബാല്യകാല സ്മരണകൾ. കോട്ടയം; ഡിസി ബുക്സ്.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# പാതിരി പ്രവാസം

**ഡോ. അഗസ്റ്റിൻ കെ.ജെ***



**സംഗ്രഹം**

പ്രവാസങ്ങൾ സാംസ്കാരിക വളർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഒരു വ്യക്തിയുടെ പ്രവാസ ജീവിതം ഒരു സംസ്കാരത്തിന്റെ നവോത്ഥാനത്തിന് മുതൽക്കൂട്ടാകുന്നതെങ്ങനെയെന്ന് അർണോസു പാതിരിയുടെ കേരളത്തിലെ പ്രവർത്തനങ്ങളെ മുൻനിർത്തി വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ. ഇപ്രകാരമുള്ള പ്രവാസങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടാൽ സാംസ്കാരിക സമന്വയം മാത്രമല്ല, സാംസ്കാരികോന്നതിയും മനുഷ്യസമൂഹങ്ങൾക്ക് പ്രാപ്യമാണ്.

**താക്കോൽ വാക്കുകൾ:** പ്രവാസം, മിഷണറി, സംസ്കാരം, ദർശനം, നവോത്ഥാനം, പാതിരി, സാഹിത്യം, സമൂഹം

## ആമുഖം

പ്രവാസം മനുഷ്യജീവിതായോധനത്തിലെ പല അടവുകളിൽ ഒന്നുമാത്രമാണ്. അതുകൊണ്ടുതന്നെ അതിനെ ഒരു സ്വാഭാവിക പ്രക്രിയയായി കാണാവുന്നതാണ്. ചിലപ്പോൾ ചില സമൂഹങ്ങൾ പ്രവാസത്തിന് നിർബന്ധിതരാകുന്നു. എന്നാൽ മിക്കവാറും പ്രവാസം വ്യക്തിപരമായ താല്പര്യത്തിന്റെ ഫലമായി സംഭവിക്കുന്നതാണ്. ലക്ഷ്യങ്ങൾ വ്യത്യസ്തമായിരിക്കാം. ഇപ്രകാരം സംഭവിക്കുന്ന പ്രവാസങ്ങൾ സംസ്കാരത്തിൽ വരുത്തുന്ന മാറ്റങ്ങൾ പഠനസാധ്യതയുള്ളവയാണ്. മിക്കവാറും പ്രവാസികൾ ചെന്നെത്തുന്ന സംസ്കാരത്തിൽ ലയിച്ചു ചേരുകയാണ് പതിവ്. ചില കൂട്ടായ കുടിയേറ്റങ്ങൾ സ്വന്തം സംസ്കാരത്തിന്റെ സൂക്ഷിപ്പുകൾക്ക് ശ്രമം നടത്തുമെങ്കിലും തങ്ങളുടേതായ എന്തെങ്കിലും ചെന്നെത്തിയ സംസ്കാരത്തിലേക്ക് പകർന്ന് നൽകി അതിനെ പരിപോഷിപ്പിക്കുന്ന തലത്തിലേക്ക് വളരുന്നത് ചുരുക്കമാണ്. വ്യക്തിഗത പ്രവാസങ്ങളിലാകട്ടെ ഇതിനുള്ള സാധ്യത ഒട്ടുംതന്നെയില്ലതാനും.

## പാതിരി പ്രവാസം

മേൽപറഞ്ഞ പശ്ചാത്തലത്തിലാണ് നാമിവിടെ ചർച്ച ചെയ്യുന്ന പാതിരി പ്രവാസം വ്യത്യസ്തമാകുന്നത്. മിഷണറി പ്രവർത്തനത്തിനായി അന്യരാജ്യങ്ങൾ തെരഞ്ഞെടുത്ത് ജീവിതാവസാനം വരെ അവിടെ സേവനം ചെയ്യുന്ന മിഷണറിമാരുടെ പ്രവാസജീവിതം പഠനവിധേയമാക്കിയാൽ ചെന്നെത്തിയ സംസ്കാരങ്ങളിൽ അവർ ശ്രദ്ധേയമായ ചാലകശക്തികളായി വർത്തിക്കുന്നതും അവയിൽ നിന്നെടുക്കുന്നതും അവയിലേക്ക് കൊടുക്കുന്നതും കാണാനാകും. വ്യക്തമായ ഒരു ലക്ഷ്യബോധം ഉള്ളതുകൊണ്ടാണ് അവർ അത്തരം ഒരു

* Associate Professor, Department of Malayalam, St. Alberts College (Autonomous), Ernakulam.
Ph: 9446715964, Email: augustine@albrts.edu.in

ISSN No: 3049-0316

പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്നത്. എന്നാൽ അവരുടെ ലക്ഷ്യങ്ങൾക്കപ്പുറം അവരുടെ പ്രവർത്തനങ്ങൾ മഹത്തായ സാംസ്കാരിക നവോത്ഥാന പ്രക്രിയയുടെ ഭാഗമായിത്തീരുന്നത് അത്ഭുതകരമായ കാഴ്ചയാണ്. സാഹിത്യ, സാമൂഹിക, സാംസ്കാരിക മേഖലകളിലൊക്കെ അവരുടെ സാന്നിധ്യം സ്വാധീനം ചെലുത്തുന്നതായി കാണാം. ആധുനിക കാലഘട്ടത്തിൽ ഇത്തരം പ്രവാസത്തിന് ഉത്തമ ഉദാഹരണമാണ് മദർ തെരേസ. കൊൽക്കൊത്തയിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ മദർ തെരേസ ചെലുത്തിയ സ്വാധീനത്തിന്റെ അലകൾ ആ നഗരത്തിൽ ഇന്നും അടങ്ങിയിട്ടില്ല. അവരുടേത് ഒരു മിഷണറി പ്രവർത്തനമായിരുന്നെന്നും എന്നാൽ അതിൽ മതംമാറ്റൽ പ്രക്രിയയുടെ നിഴലുപോലുമില്ലായിരുന്നെന്നും നമുക്ക് വ്യക്തമാണ്. എന്നാൽ ക്രിസ്തു ദർശനത്തിന്റെ ആഴവും വ്യാപ്തിയും തന്റെ പ്രവർത്തനങ്ങളിലൂടെ ഭാരതസംസ്കാരത്തിന് പകർന്നു നല്കാനായി എന്നത് അവരുടെ മിഷണറി പ്രവർത്തനത്തിന്റെ വിജയമാണുതാനും.

മദർ തെരേസയ്ക്കു
മരണമുണ്ടെങ്കിൽ
മരണമല്ലയോ
മഹിത ജീവിതം. (മദർ തെരേസയ്ക്കു മരണമുണ്ടെങ്കിൽ - ബാലചന്ദ്രൻ ചുള്ളിക്കാട്)
എന്ന് കവിയെക്കൊണ്ട് പാടിക്കുന്നത് ഈ വിജയമാണ്.

മിഷണറി പ്രവർത്തനങ്ങൾക്കായി 18-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ അർണോസുപാതിരിയുടെ പ്രവാസ ജീവിതം കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാഹിത്യമേഖലകളിൽ വ്യക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്

**മിഷൻ**

സ്വാഭാവികമായും മിഷണറിമാരുടെ പ്രധാന ചുമതല സുവിശേഷപ്രഘോഷണം തന്നെയാണ്. ഈശോസഭാംഗമായിരുന്ന അർണോസുപാതിരിയെ സംബന്ധിച്ചും പുറപ്പെടലിന്റെ അടിസ്ഥാനം അതുതന്നെയായിരുന്നു. അക്കാലത്ത് ഇന്ത്യൻ മിഷൻ എന്നത് മിഷണറിമാർക്ക് ഒരു വെല്ലുവിളി ആയിരുന്നു. ഇപ്രകാരമൊരുവെല്ലുവിളി സ്വീകരിക്കാൻ അർണോസു പാതിരിക്ക് പ്രചോദനമായത് വി. ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനങ്ങളാണ്. തത്വശാസ്ത്ര പഠനം പൂർത്തിയായിരിക്കെ കേവലം ഇരുപതുവയസ്സ് പ്രായമുള്ളപ്പോഴാണ് ഇന്ത്യയിൽ കോഴിക്കോട് മിഷനിൽ പ്രവർത്തിക്കാൻ അർണോസുപാതിരി തീരുമാനമെടുക്കുന്നത്. ഒരു വർഷക്കാലം നീണ്ട ദുരിതം നിറഞ്ഞ കപ്പൽ യാത്രക്കു ശേഷമാണ് അദ്ദേഹം ഇന്ത്യയിൽ എത്തിച്ചേർന്നത്. താൻ തെരഞ്ഞെടുത്ത ലക്ഷ്യത്തിലേക്കുള്ള ഒരു മിഷനറിയുടെ യൗവ്വനത്തിലെ നിശ്ചയദാർഢ്യം നിറഞ്ഞ ഈ യാത്ര പിന്നീടങ്ങോട്ടുള്ള ജീവിതത്തിൽ പ്രതിസന്ധികളെ സധൈര്യം തരണം ചെയ്യാൻ അർണോസുപാതിരിയെ ശക്തിപ്പെടുത്തിയിരിക്കണം.

**ഭാഷാ പഠനം**

ഇന്ത്യയിലെ ജീവിതത്തിന്റെ ആരംഭത്തിൽ, ഗോവയിലെ അദ്ദേഹത്തിന്റെ പഠനകാലത്ത് ഗോവയിലെ ജസ്യൂട്ട് ലൈബ്രറി ഉപയോഗപ്പെടുത്തി തന്റെ പ്രവർത്തനമേഖലയായ മലബാറിനെക്കുറിച്ച് അദ്ദേഹം പഠനം നടത്തി. ഇതിന് വി. ഫ്രാൻസിസ് സേവ്യറിന്റെ കൃതികൾ അദ്ദേഹത്തിന് സഹായകമായി. കൃത്യമായ പഠന പരിശീലനങ്ങൾക്ക് ശേഷം അദ്ദേഹം കൊച്ചിരാജ്യത്ത് എത്തിച്ചേരുന്നു. അമ്പഴക്കാട്ട് സെമിനാരിയിൽ അർണോസുപാതിരി വൈദിക പരിശീലനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിക്കുന്നതോടൊപ്പം സംസ്കൃതവും മലയാളവും പഠിച്ചെടുക്കുകയും ചെയ്യുന്നു. ഇത് സാധാരണമിഷണറിമാരിൽ നിന്നും അർണോസുപാതിരിയെ വ്യത്യസ്തനാക്കുന്നു. താൻ ലക്ഷ്യം വയ്ക്കുന്ന സമൂഹത്തിന്റെ സംസ്കാരത്തെ ഉൾക്കൊള്ളാൻ ആദ്ദേഹം ശ്രമിക്കുന്നു. ഭാഷാപഠനം അതിന് അനിവാര്യമാണ്.എന്നാൽ മതം പറഞ്ഞുകൊടുക്കാനുള്ള കേവല ഭാഷാജ്ഞാനമല്ല അദ്ദേഹം നേടുന്നത്. സംസ്കാരത്തെ ഉൾക്കൊള്ളാൻ പോന്ന ആഴത്തിലുള്ള അറിവാണ്. അതിനു തെളിവാണ് സംസാരഭാഷയല്ലാത്ത, എന്നാൽ സാംസ്കാരികമായി ശക്തമായ സംസ്കൃതഭാഷയുടെ പഠനം

ഒരു സാധാരണ പ്രവാസി തന്റെ നിലനിൽപ്പിനാവശ്യമായ ഭാഷാ പ്രാവീണ്യം സ്വായത്തമാക്കുമ്പോൾ ഈ പാതിരിപ്രവാസി ചെന്നെത്തിയ സംസ്കാരത്തെ അറിയാനും ഉൾക്കൊള്ളാനും അതിലേക്ക് തന്റെ ദർശനങ്ങൾ പകരാനുള്ള തന്ത്രങ്ങളൊരുക്കാനും കൂടിയാണ് ഭാഷാപഠനം നിർവ്വഹിക്കുന്നത്. കേവലം അക്കാദമികമായ പഠനങ്ങൾക്കപ്പുറം സാമൂഹികമായ ഇടപെടലുകളിലൂടെ പഠിച്ചവ പ്രായോഗിക

 ISSN No: 3049-0316 

തലത്തിലെത്തിക്കാനും അപ്രകാരം പഠനപൂർണതയിലെത്താനും അർണോസുപാതിരിക്ക് അവസരങ്ങളുണ്ടായി. നാല് വർഷക്കാലം അദ്ദേഹം ബിഷപ്പ് റിബേരിയോയുടെ സഹായിയായി കേരളത്തിന്റെ പലഭാഗങ്ങളിലും സഞ്ചരിച്ചു. അർണോസുപാതിരി പഠിച്ചെടുത്ത മലയാള ഭാഷയിൽ അദ്ദേഹത്തിന്റെ പ്രാവീണ്യം തിരിച്ചറിഞ്ഞതുകൊണ്ടാകാം ഇപ്രകാരമൊരുനിയോഗം അദ്ദേഹത്തിന് ലഭിച്ചത്.

## ഉദയം പേരൂർ സൂനഹദോസ്

കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ അർണോസുപാതിരിയുടെ മിഷണറി നിയോഗം മറ്റൊരു പാതയിലേക്ക് തിരിയുന്നതായികാണാം. കേരളക്രൈസ്തവ സഭയിലെ വലിയൊരു വിപ്ലവമായിരുന്ന ഉദയംപേരൂർ സൂനഹദോസ്. ക്രിസ്ത്യാനികൾക്കിടയിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെയായിരുന്ന ഉദയംപേരൂർ സൂനഹദോസ് രൂപംകൊണ്ടതെങ്കിലും ആയിരത്തിൽപരം വർഷങ്ങളായി നിലനിന്നിരുന്ന ഒരു മത, സാംസ്കാരിക സമന്വയത്തിന്റെ മുഖത്തേറ്റ അടികൂടിയായിരുന്നു അത്. ഹൈന്ദവസംസ്കാരവുമായി കെട്ടുപിണഞ്ഞുകിടന്നിരുന്ന ക്രൈസ്തവ സംസ്കാരത്തെ ഇഴയഴിച്ച് മാറ്റിയെടുക്കാൻ ശ്രമിച്ചത് ക്രൈസ്തവരിലൊരു വിഭാഗത്തിന്റെ ചെറുത്തുനില്പിനും വിഘടനത്തിനും ഹേതുവായി. അപ്രകാരം ക്രൈസ്തവ സമുദായം ഒരു പ്രതിസന്ധിയിലായിരുന്ന പശ്ചാത്തലത്തിലാണ് ഉദയംപേരൂർ സൂനഹദോസിന് നൂറുവർഷശേഷം അർണോസുപാതിരിയുടെ വരവ്. അന്യമതസ്ഥരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുക എന്നതിനേക്കാൾ സ്വമതസ്ഥരിൽ ഐക്യം പുനസ്ഥാപിക്കുക എന്നതായി പാതിരിയുടെ പ്രവർത്തനമേഖല. പാശ്ചാത്യ, പൗരസ്ത്യ ചിന്താഗതികളിൽ തന്റെ നിലപാടുതറയിലേയ്ക്ക് ക്രിസ്ത്യാനികളെ ആകർഷിച്ചുറപ്പിച്ചു നിർത്തുക വലിയ വെല്ലുവിളിയായി. ആ വെല്ലുവിളികളെ അതിജീവിച്ച് ഒരു പരിധിവരെ അർണോസുപാതിരിക്ക് വിജയം വരിക്കാനായെങ്കിൽ അതിനുകാരണം അദ്ദേഹത്തിന് കേരള സംസ്കാരത്തിന്റെ ആഴങ്ങൾ ഉൾക്കൊള്ളാനായതാണ്. കുറവിലങ്ങാട് പള്ളിയിൽ അദ്ദേഹം നേരിട്ട ശക്തമായ ശീശ്മപ്രശ്നങ്ങളെ അതിജീവിക്കാനും വലിയൊരു വിഭാഗത്തെ തന്നോടു കൂടെ നിർത്താനും അദ്ദേഹത്തിന് സാധിച്ചു.

കേരള ക്രൈസ്തവർ ക്രിസ്ത്യാനികളെങ്കിലും ക്രിസ്തുദർശനത്തിന്റെ പ്രാഥമിക വിവരങ്ങൾപോലും അറിയാത്തവരാണെന്ന സത്യം അർണോസുപാതിരി മനസ്സിലാക്കുന്നത് ഇത്തരം പ്രവർത്തനമേഖലകളിലൂടെ കടന്നുപോകുമ്പോഴാണ്. ഇത് യഥാർത്ഥ ക്രിസ്തുദർശനം ഈ ജനതയ്ക്ക് പകർന്നു നൽകണമെന്ന ചിന്ത അർണോസുപാതിരിയിലുണർത്തിയിരുന്നു. ക്രിസ്ത്യൻ സമുദായത്തെ അനാചാരങ്ങളിൽനിന്നു രക്ഷിച്ച് ക്രിസ്തുദർശനത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള കഠിന ശ്രമങ്ങളാണ് അദ്ദേഹം തുടർന്നു നടത്തുന്നത്. പലയിടങ്ങളിലും ക്രിസ്ത്യാനികളിൽനിന്ന് അദ്ദേഹത്തിന് ദ്രോഹങ്ങൾ നേരിടേണ്ടിവന്നു. ക്ഷമയോടും സ്നേഹത്തോടും ചിലപ്പോൾ മാത്രം അധികാരം ഉപയോഗിച്ചും അദ്ദേഹം അവയെ നേരിട്ടു.

## വേലൂരിലെ ജീവിതം

വേലൂരിൽ അർണോസുപാതിരി തച്ചുശാസ്ത്രപ്രകാരം ഒരു വീടുപണിത് അവിടെ താമസിച്ചു. ഈ കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ സാഹിത്യസപര്യ ആരംഭിക്കുന്നത്. ആ നാട്ടിലെ അന്യമതസ്ഥരും സംസ്കൃതാചാര്യൻമാരുമായുള്ള അർണോസുപാതിരിയുടെ സൗഹൃദം മറ്റൊരു സംസ്കാരത്തെ ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു പ്രവാസിയുടെ ഹൃദയവിശാലത വ്യക്തമാക്കുന്നു. ഭാരതീയ ദർശനങ്ങളുടെ വെളിച്ചം ആഴ്വാഞ്ചേരി തമ്പ്രാക്കളെപ്പോലുള്ള സുഹൃത്തുക്കളിൽനിന്ന് അർണോസുപാതിരിയിലേക്ക് പടർന്നു. സ്വമതത്തിന്റെ പിടിവാശികൾക്കകത്ത് കുടുങ്ങിക്കിടക്കാതെ മറ്റ് മതങ്ങളെ ബഹുമാനിക്കാനും അവയിൽനിന്ന് ഉൾക്കൊള്ളാനും അർണോസുപാതിരികാണിച്ച ഔത്സുക്യം ശ്രേഷ്ഠദർശനങ്ങളെ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് ഒരു മാതൃകയാണ്.

## ക്രിസ്തു ദർശനം

സ്വമതം അടിച്ചേൽപിക്കാൻ നിയോഗിക്കപ്പെടുന്ന മിഷനറിമാരിൽനിന്ന് അർണോസുപാതിരി വ്യത്യസ്തനാണ്. ദർശനങ്ങൾ അടിച്ചേൽപിക്കപ്പെടേണ്ടവയല്ല, അറിഞ്ഞ് സ്വീകരിക്കപ്പെടേണ്ടവയാണ്. ക്രിസ്തുദർശനം ലോകം കണ്ട മഹത്തായ ദർശനങ്ങളിൽ ഒന്നാണ്. അത് അറിഞ്ഞ് ഉൾക്കൊണ്ടവന് മറ്റു ദർശനങ്ങളെ ബഹിഷ്കരിക്കാനോ ക്രിസ്തു ദർശനത്തെ അടിച്ചേല്പിക്കാനോ സാധിക്കില്ല. അർണോസുപാതിരി ക്രിസ്തു ദർശനത്തിൽ ആഴപ്പെട്ടവനായിരുന്നു എന്നതുകൊണ്ടാണ് അദ്ദേഹത്തിന് മറ്റ് ദർശനങ്ങളെ ഉൾക്കൊള്ളാനായത്. അതിന് വ്യക്തമായ തെളിവാണ് ജ്ഞാനപ്പാനയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്

അദ്ദേഹം രചിച്ച പുത്തൻപാന. മലയാളത്തിൽ അദ്ദേഹം എഴുതിയ ആദ്യത്തെ കാവ്യഗ്രന്ഥം ഇതത്രെ. സ്വഭാഷയിൽ ഒരു കവിത രചിക്കുക ഭാഷാപണ്ഡിതർക്കു പോലും ക്ലേശകരമായിരിക്കെ, പലപ്പോഴും അസാധ്യമായിരിക്കെ താൻ പഠിച്ചെടുത്ത ഭാഷയിൽ നാടൻ വൃത്തങ്ങളിൽ ഹൃദയാവർജ്ജകമായ രീതിൽ ഉമ്മാടെ ദുഃഖവും ജനോവാപർവ്വവും ചതുരന്ത്യവും വ്യാകുലപ്രബന്ധവും ഒക്കെ എഴുതാനായി എന്നത് കേരള സാഹിത്യ, സാമൂഹിക, സാംസ്കാരിക മേഖലകളുമായി അദ്ദേഹം എത്രമാത്രം താദാത്മ്യപ്പെട്ടു എന്നതിന്റെ തെളിവാണ്. നതോന്നത വൃത്തത്തിൽ അർണോസ് പാതിരിയുടെ കയ്യടക്കം ഉമ്മാടെ ദുഃഖമായി ഇന്നും ക്രിസ്ത്യാനികളുടെ നോമ്പുകാലത്തെ കണ്ണീരണിയിക്കുന്ന എന്നതിൽപരം മറ്റൊരുദാഹരണം എന്തിന്? ഇപ്രകാരം കേരള സംസ്കാരത്തെ ഉൾക്കൊണ്ട് അദ്ദേഹം ചെയ്തത് തന്റെ ഉള്ളിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്ന ക്രിസ്തു ദർശനത്തെ കേരള സംസ്കാരത്തിലേക്ക് ആ സംസ്കാരത്തിന്റെ ഉപാധികളെത്തന്നെ ഉപകരണങ്ങളാക്കി പകർന്നു കൊടുത്തു എന്നതാണ്. ഇവിടെയാണ് ഈ പാതിരി പ്രവാസി അദ്വിതീയനാകുന്നത്. ഇപ്പോഴാണ് ഒരു സംസ്കാരം ഒരു പ്രവാസിയാൽ സമ്പന്നമാകുന്നത്. ഒരു സംസ്കാരത്തിന്റെ ഹൃദയത്തിൽത്തന്നെ തന്റെ മുദ്ര പതിപ്പിച്ചിരിക്കുന്നു അർണോസു പാതിരി. അദ്ദേഹത്തിന്റെ കൃതികളിലൂടെ രൂപപ്പെട്ടുവന്ന ദേവമാതൃഭക്തി ഇന്നും കേരളീയ ക്രൈസ്തവരെ ശക്തിപ്പെടുത്തുന്നു. മദ്ധ്യകേരളത്തിലെ പലപ്രദേശങ്ങൾക്കും അദ്ദേഹത്തിന്റെ പാദസ്പർശത്തിന്റെ സംസ്കാരിക മുദ്ര എടുത്തുകാണിക്കാനുണ്ട്. തൃശ്ശൂരുകാരുടെ ഐതിഹ്യങ്ങളിൽ അർണോസുപാതിരിയുടെ സംസ്കൃതപാണ്ഡിത്യ പ്രയോഗങ്ങൾ കഥകളായി ഇന്നും തുടരുന്നത് അതിനുദാഹരണമാണ്.

### ഉപസംഹാരം

ക്രിസ്തുമതം പ്രചരിപ്പിക്കാൻ വന്ന ഒരാൾ ക്രിസ്തുദർശനം സംസ്കാരത്തിലേക്ക് പകർന്നു നല്കി ആ സംസ്കാരത്തെ സമ്പന്നമാക്കുന്ന ഒരു ചരിത്രമാണ് ഇവിടെ ചുരുക്കിപ്പറഞ്ഞത്. ഇത്തരം പ്രവാസങ്ങൾ എല്ലാമതങ്ങളിലും എല്ലാ സംസ്കാരങ്ങളിലും സംഭവിച്ചിരുന്നെങ്കിൽ നമ്മുടെ സംസ്കാരങ്ങൾ എന്നേ ദർശന പുണ്യങ്ങളാകുമായിരുന്നു. അടിച്ചേല്പിക്കപ്പെടുന്ന ദർശനങ്ങൾ മതങ്ങളായി മാറുമ്പോൾ ഹൃദയത്തിലേക്കാവാഹിക്കപ്പെടുന്ന ദർശനങ്ങൾ ജീവിതങ്ങളായി വളരുന്നു. കേരള സംസ്കാരത്തിന്റെ നവോത്ഥാനത്തിൽ അർണോസുപാതിരിയുടെ മഹത്തായ സംഭാവന ക്രിസ്തുദർശനത്തിന്റെ ആഴം പകർന്നു നല്കാനായി എന്നതാണ്. അങ്ങനെ ആ പാതിരി പ്രവാസം കേരളത്തിന് പ്രസാദമായി.

### കുറിപ്പുകൾ:

1. അർണോസ് പാതിരി (യൊഹാൻ ഏൺസ്റ്റ് ഹാൻക്സ്ലേഡൻ) ജർമനിയിലെ ഓസ്റ്റർ കാപ്പെല്ന് ഗ്രാമത്തിൽ 1681 ൽ ജനിച്ചു. 1699 ഒക്ടോബർ 3-ാം തീയതി ഇന്ത്യയിലേക്ക് പുറപ്പെട്ടു. 1700 ഡിസംബർ 13-ാം തീയതി കപ്പൽമാർഗ്ഗം സൂറത്തിൽ എത്തിച്ചേർന്നു.
2. കൃതികൾ: പുത്തൻപാന, ചതുരന്ത്യം, ഉമ്മാപർവ്വം, ജനോവപർവ്വം, ഉമ്മാടെ ദുഃഖം, വ്യാകുല പ്രബന്ധം, ആവേ മാരീസ്സ്റ്റെല്ല, മലയാളം - പോർച്ചുഗീസ് നിഘണ്ടു, മലയാളം പോർച്ചുഗീസ് വ്യാകരണം, ഗ്രാമറ്റിക്ക ഗ്രന്ഥോണിക്ക, മലയാളം - സംസ്കൃത നിഘണ്ടു. കേരളത്തിൽ വച്ച് 1732 ൽ മരണം.

### ഗ്രന്ഥസൂചി

1. കണ്ണമ്പുഴ പീറ്റർ (എഡിറ്റർ) അർണോസുപാതിരി മലയാള സാഹിത്യത്തിലെ മഹാമനീഷി, എൽ.ആർ.സി. പബ്ലിക്കേഷൻ, കാക്കനാട് 2017
2. ഗ്രേസി കെ.എസ്, കേരള ചരിത്രത്തിലെ അനശ്വര സഞ്ചാരപഥങ്ങൾ, ആത്മ ബുക്സ്, കോഴിക്കോട്, 2021
3. ജോൺ തോമസ് (എഡിറ്റർ), അർണോസുപാതിരി മലയാളത്തിന്റെ സൂര്യ തേജസ്സ്, അർണോസുപാതിരി അക്കാദമി, തൃശ്ശൂർ, 2021
4. പാതിരി അർണോസ്, അർണോസുപാതിരിയുടെ കാവ്യങ്ങൾ, കറൻറ് ബുക്സ്, കോട്ടയം, 2002
5. പാതിരി അർണോസ്, പുത്തൻപാന, അർണോസ് പാതിരി അക്കാദമി, തൃശ്ശൂർ 2019

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# മസ്തിഷ്ക്കാനുരൂപ(Brain Compatible learning)ബോധനത്തിൽ പഠനസമൂഹ (learning community)ത്തിന്റെ പ്രസക്തി



**ഡോ. ശ്രീവൃന്ദാനായർ എൻ**

**സംഗ്രഹം**

മനസ്സിന്റെ വികാസത്തിനു വേണ്ടിയുള്ള പരിശീലനമാണ് യഥാർത്ഥ പഠനം. ആജീവനാന്ത പഠനത്തിനുള്ള ഉപാധികൾ നൽകുകയാണ് യഥാർത്ഥ വിദ്യാഭ്യാസം ചെയ്യുന്നത്. ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനും, ചിന്താശേഷീവികസനത്തിനും, അഭിലഷണീയ മാറ്റങ്ങൾ സമൂഹത്തിൽ ഉളവാക്കുന്നതിനും വിദ്യാഭ്യാസം കൂടിയേ തീരൂ. നമുക്കു ഭാവന ചെയ്യാൻ കഴിയുന്നതിനെക്കാൾ വ്യക്തിവികാസത്തിനനുഗുണമായ അറിവ് നമ്മിൽ കുടികൊള്ളുന്നുണ്ട്. സ്വയം ബോധം, സ്വയാദരവ്, ആത്മവിശ്വാസം എന്നിവ വികസിപ്പിച്ചെടുക്കാൻ വിദ്യാഭ്യാസം അനിവാര്യം. വിജയസാദ്ധ്യതകളെ വിഹായസ്സോളമുയർത്താൻ അതിലൂടെ കഴിയുന്നു. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥകൾ അറിയാനും സമൂഹജീവി എന്ന നിലയിൽ തന്റെ ഉത്തരവാദിത്തങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കാനും വിദ്യാഭ്യാസമില്ലാതെ കഴിയില്ലല്ലോ. സ്കൂളിലോ കോളേജിലോ പോയി പഠിക്കുക, നല്ല ജോലി നേടുക എന്നതിലുപരി വിദ്യാഭ്യാസത്തിന് അനന്തമായ അർത്ഥതലങ്ങളാണുള്ളത്. മനസ്സിന്റെയും ആത്മാവിന്റെയും പരിശുദ്ധിയാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്.

**താക്കോൽ വാക്കുകൾ:** പഠനസമൂഹങ്ങൾ, വിതരണ ബുദ്ധി, വൈകാരിക സുരക്ഷ, ബുദ്ധി സൗഹൃദ ക്ളാസ്സന്തരീക്ഷം

മസ്തിഷ്ക്കത്തിലെ സെറിബ്രൽ കോർട്ടക്സിൽ സംഭവിക്കുന്ന ഒരു പ്രവർത്തനമാണ് യഥാർത്ഥത്തിൽ പഠനം. ചിന്തയും പ്രശ്നപരിഹരണവും നടക്കുന്ന സന്ദർഭത്തിൽ തന്നെ അവയെക്കുറിച്ചുള്ള ബോധമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വന്തം പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണത്തിൽ ആന്തരിക സംഭാഷണത്തിന് (Internal dialogue) ഏറെ പ്രാധാന്യമുണ്ട്. പഠനത്തിനിടയിൽ നടക്കുന്ന മസ്തിഷ്ക്ക പ്രവർത്തനങ്ങളെപ്പറ്റിയുള്ള പഠനങ്ങൾ കാണിക്കുന്നത് വ്യക്തിയുടെ മനസ്സ് വിവരങ്ങളെ ക്രമീകരിക്കാൻ (Chunk) ശ്രമിക്കുകയും വ്യക്തിഗതഅനുഭവങ്ങളുമായോ പരിചിതസംഭവങ്ങളുമായോ പഴയ അറിവിന്റെ അടിസ്ഥാനത്തിലോ പുതിയ ആശയങ്ങളെ ബന്ധപ്പെടുത്തി വസ്തുതകൾ ഓർമ്മിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതാണ് മസ്തിഷ്ക്കാനുരൂപപഠനത്തിൽ ഗവേഷണം നടത്തിയിട്ടുള്ള വിദഗ്ധർ ഒന്നടങ്കം സമ്മതിക്കുന്ന വസ്തുതയാണ് പഠനത്തിന്റെ സാമൂഹിക തലം. ഇവിടെയാണ് നാം പഠനസമൂഹത്തെപ്പറ്റി

* Associate Professor, NSS Training College, Pandalam, Mob: 9446186619

ചിന്തിക്കേണ്ടത്. ചെറിയ സംഘങ്ങളായോ, സമപ്രായസമൂഹത്തിലോ ആയ പഠനം പഠനപ്രക്രിയയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെയാണ് സാധൂകരിക്കുന്നത്. പിന്തുണ, അംഗീകാരം, ഉയർന്ന പ്രതീക്ഷകൾ എന്നീ സാഹചര്യങ്ങളാണ് ഓരോ പഠനസമൂഹത്തെയും രൂപപ്പെടുത്തുന്നത്. പഠിതാവിനെ കേന്ദ്രമാക്കിയ സമൂഹത്തിൽ പഠിതാക്കൾ തമ്മിലുള്ള സാമൂഹിക ഇടപെടലുകളിലൂടെ ഊർജ്ജത്തിന്റെ ഒഴുക്കുണ്ടാകുകയും മനസ്സിൽ വെച്ച് സജീവമായി രൂപപ്പെടുന്ന ആശയങ്ങൾ തലച്ചോറിലേക്ക് കാലതാമസമില്ലാതെ എത്തപ്പെടുകയും ചെയ്യുന്നു എന്നതാണ് കണ്ടെത്തൽ. സാമൂഹിക ഇടപെടലുകളും,പങ്കുവെയ്ക്കുന്ന അറിവും ഒരു സമൂഹത്തിലേക്ക് വ്യാപരിപ്പിക്കപ്പെടുമ്പോൾ വീണ്ടും പഠനം ഉത്തേജിക്കപ്പെടുന്നു. സഹകരണം, സഹവർത്തിത്വം, യഥാതഥ പ്രശ്നപരിഹാരം എന്നിവ ആവശ്യപ്പെടുന്ന പഠനാനുഭവങ്ങൾ പഠനസമൂഹത്തെ ക്ലാസ്സ്മുറിക്കു വെളിയിൽ കൊണ്ടുചെന്ന് ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ ഏറെ സഹായിക്കുമെന്ന് ബ്രാൻസ് ഫോർഡ്, പെർക്കിൻസ് എന്നീ വിദഗ്ധർ തങ്ങളുടെ ഗവേഷണ ഫലങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്താവിക്കുന്നു.

പഠിതാവിന് തങ്ങളുടെ മസ്തിഷ്ക്ക ഊർജ്ജത്തെ (Brain Energy) പങ്കുവെയ്ക്കാൻ കഴിയുന്നതിലൂടെ ബൗദ്ധികമായ കഴിവും ചിന്താശ്രേണികളുമാണ് മറ്റുള്ളവരിലേക്ക് സംക്രമിപ്പിക്കാൻ കഴിയുന്നതെന്നാണ് അവരുടെ വാദം. ഇത് പഠനപ്രക്രിയയിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് വ്യക്തിപര ബന്ധങ്ങൾ സൃഷ്ടിക്കുവാനും, ശക്തിപ്പെടുത്താനും ഇത്തരം പഠനസമൂഹങ്ങൾ ഉപകരിക്കും. സാമൂഹിക-വൈകാരിക വളർച്ചകൾ ത്വരിപ്പിക്കുവാനും ഇത്തരം പഠനസമൂഹത്തിനു കഴിയുമെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. (Beamon, 2002).കാര്യക്ഷമമായ പഠനസമൂഹമെന്നത് സജീവമായ പഠനപങ്കുവെയ്ക്കലുകളും ആശയസംക്രമണവും പഠനതന്ത്രങ്ങളുടെ ആവിഷ്ക്കാരവുമാണ്. പഠിതാക്കൾ തമ്മിലുള്ള കരുതലിന്റെയും,ശ്രദ്ധയുടെയും പരിഗണനയുടെയും അംശങ്ങൾ ഇതിൽ ഇഴ ചേരുമ്പോൾ പഠനം അർത്ഥപൂർണ്ണമാകുന്നു. മസ്തിഷ്ക്കാനുരൂപ പഠനം എങ്ങനെ രൂപകല്പന ചെയ്യാമെന്നും, അത്തരം ക്ലാസ്സമുറികൾ എങ്ങനെ നിർമ്മിക്കാമെന്നും നമുക്കിനി ചർച്ച ചെയ്യാം. അതിൽഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പഠനസമൂഹമെന്നത്.

പഠനസമൂഹങ്ങൾ (Learning Communities) സമൂഹമെന്താണെന്നും സമൂഹസവിശേഷതകൾ എന്തെന്നും നമുക്കറിയാം. വൈവിദ്ധ്യങ്ങളുടെ ഒരു കലവറ തന്നെയാണത്. പരസ്പരസഹായവും സഹകരണവും മനുഷ്യനെ ഉത്തമനായ ഒരു സമൂഹജീവിയാക്കുന്നു. അത്തരം സമൂഹജീവികളെ വാർത്തെടുക്കുന്ന പഠനമെന്ന പ്രക്രിയയും എങ്ങനെ സമൂഹസ്വഭാവമുള്ളതാക്കിത്തീർക്കാം എന്ന ചിന്ത ഏറെ ഗുണാത്മകമാണ്. പഠിതാവിന്റെ മാനസിക-വൈകാരിക-സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടു മാത്രമേ ഇതിനെപ്പറ്റി ചിന്തിക്കാൻ കഴിയൂ. ഉദ്ദേശ്യപൂർണ്ണമായ ഇടപെടലുകളും, അർത്ഥപൂർണ്ണമായ വ്യവഹാരക്രമങ്ങളും പഠിതാവിനെ ചിന്തയുടെ ഉയർന്ന തലത്തിൽ കൊണ്ടുചെന്നെത്തിക്കും. തങ്ങളുടെ ബൗദ്ധികതലത്തിൽ, അല്ലെങ്കിൽ ബൗദ്ധികഘടനയുടെ ഉത്തരവാദി ത്തമുള്ള മാനേജർമാരാകാൻ പഠിതാവിനെ പ്രാപ്തനാക്കേണ്ടതാണ്. അറിവ് എന്നത് വസ്തുതകളുടെയോ, ആശയങ്ങളുടെയോ കേവലമായ ശേഖരണം മാത്രമല്ല, മറിച്ച് ആശയങ്ങളുടെ അർത്ഥപൂർണ്ണമായ വ്യാഖ്യാനമാണെന്നത് ഏറെ ചിന്തിക്കേണ്ട പ്രസ്താവനയാണ്.

## ബൗദ്ധികമായ പങ്കുവയ്ക്കൽ (Shared Cognition)

അർത്ഥപൂർണ്ണമായ ഇടപെടലുകളിലൂടെയും, ബന്ധങ്ങളിലൂടെയും പിന്തുണയ്ക്കുന്ന പഠനസാഹചര്യത്തിൽ നിന്ന് എല്ലാത്തരം വിഭവങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള സാമൂഹികപ്രക്രിയയാണ് പഠനമെന്ന് പെർക്കിൻ (Perkin) എന്ന വിദ്യാഭ്യാസ വിദഗ്ധൻ ചൂണ്ടിക്കാട്ടുന്നു. മനുഷ്യചിന്തയെ സാമൂഹികമായി പങ്കുവയ്ക്കാൻ അനുവദിച്ചാൽ, ആന്തരിക സംഭാഷണങ്ങളെ പ്രത്യക്ഷമാക്കാൻ കഴിഞ്ഞാൽ, പഠനാുഭവങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന അറിവിനെ മറ നീക്കി പുറത്തു വരാൻ അനുവദിച്ചാൽ അത്തരം സാമൂഹിക-ബൗദ്ധിക ഇടപെടലുകൾ പഠനത്തിനു പുതിയ മാനം നൽകും.ഉദാഹരണമായിപഠനവുമായി ബന്ധപ്പെട്ട് തങ്ങൾ അനുഭവിച്ച വികാരങ്ങൾ,ചിന്തകൾ എന്നിവ കൂട്ടുകാരുമായി ക്ലാസ്സിൽ വെച്ചു തന്നെ പങ്കുവെയ്ക്കാൻ അനുവദിക്കുന്നത് ഏറെ ഗുണം ചെയ്യും. കവിതയുടെയും മറ്റും ആസ്വാദനതലവുമായി ചേർന്നുനിന്നു കൊണ്ട് സമാനകവിതകൾ കണ്ടെത്താനും ഇഷ്ടപ്പെട്ട വരികളുടെ അർത്ഥം എഴുതാനും അവ കൂട്ടുകാർക്കു മുമ്പിൽ അവതരിപ്പിക്കുവാനും അവസരം നൽകുന്നത് കൃത്യമായ ഉദ്ദേശ്യസാക്ഷാത്കാരത്തിന് അനുയോജ്യമാണ്. കുട്ടിയുടെ മനസ്സിൽക്കൂടി കടന്നുപോയ ചിന്തകൾ, ആശങ്കകൾ എന്നിവയും വെളിപ്പെടുത്തുന്നത് പഠനത്തെ പ്രത്യക്ഷമാക്കാനുള്ള വേദിയാണ് നൽകുന്നത്.

 ISSN No: 3049-0316 

ആന്തരികവും ബാഹ്യവുമായ ഇത്തരം വിഭവസംയോജനമാണ് ബൗദ്ധികമായ പങ്കുവയ്ക്കൽ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ബിംബരൂപത്തിലുള്ള ഉപകരണങ്ങളും പഠിതാവിനെ ആശയങ്ങൾ ആർജ്ജിക്കാനും ക്രമീകരിക്കാനും ഏറെ സഹായിക്കും. വ്യത്യസ്തതരം സാങ്കേതികവിദ്യകൾ, കമ്പ്യൂട്ടറുകൾ, ചിത്രരൂപങ്ങൾ, ചാർട്ടുകൾ, നിരീക്ഷണ റിപ്പോർട്ടുകൾ, ജേണലുകൾ, ഫ്ളോ ചാർട്ടുകൾ, കൺസെപ്റ്റ് വെബുകൾ എന്നിവ അവയിൽ ചിലതാണ്. പഠനത്തെ സ്വാധീനിച്ച ബാഹ്യമായ ഘടകങ്ങളും എടുത്തുകാട്ടാവുന്നതാണ്. പഠനപ്രവർത്തനങ്ങളിൽ തങ്ങളെ സഹായിച്ച കൂട്ടുകാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ കൂടാതെ പഠനത്തെ അർത്ഥപൂർണ്ണമാക്കുവാൻ സഹായിച്ച സാങ്കേതികവിദ്യകളെക്കുറിച്ചും അവയുടെ അനന്ത സാദ്ധ്യതകളെക്കുറിച്ചും അഭിപ്രായങ്ങൾ പങ്കുവെയ്ക്കുന്നത് ഏറെ ഗുണം ചെയ്യും.

### വിതരണ ബുദ്ധി (Distributed Intelligence)

ബൗദ്ധികപങ്കുവയ്ക്കലുമായി (Shared Cognition ) അടുത്തു ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണിത്. വ്യത്യസ്ത സ്രോതസ്സിൽ നിന്നും ആർജ്ജിക്കുന്ന വിവരങ്ങളെ വിവിധതരം വീക്ഷണകോണുകളിലേക്ക് വ്യാപിപ്പിക്കുന്ന പ്രവർത്തനമാണിത്. ഹവാർഡ് ഗാർഡ്നർ എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നതുപോലെ അറിവ് വിതരണം ചെയ്യപ്പെടേണ്ടതാണ്. പഠിതാവിനെ ബൗദ്ധികമായ പരസ്പര പ്രവർത്തനങ്ങൾക്കായി (Cognitive interaction) സമപ്രായക്കാരുമായും അറിവിൽ മുതിർന്ന ആൾക്കാരുമായും ഇടപെടാൻ അനുവദിക്കുകയും ക്ളാസ്സുമുറികൾക്കു വെളിയിലേക്ക് ഇത്തരം പ്രവർത്തനങ്ങളെ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ പഠനവും ബുദ്ധിയുടെ വിതരണവും നടക്കുക. പഠനം സമ്പന്നമാകാനും വികസിതമാകാനും അത് ഇടനൽകും. വൈഗോട്സ്കിയുടെ സമീപസ്ഥ വികസനമണ്ഡലവും (Zone of Proximal Development) ലക്ഷ്യം വെയ്ക്കുന്നത് ഇതേ ആശയം തന്നെ. തന്നെക്കാൾ അറിവും അനുഭവപരിചയവുമുള്ള വ്യക്തികളുമായി സംവദിക്കാനും ആശയങ്ങൾ പങ്കുവെയ്ക്കുവാനുമുള്ള അവസരം പഠനത്തിന്റെ പുതിയ വാതായനങ്ങളാണ് തുറക്കുന്നത്. സ്വന്തമായി എത്തിച്ചേരാൻ കഴിയാത്ത തലത്തിലേക്ക് എത്തിച്ചേരാനും പഠനമികവ് പുലർത്താനും ഇത് അവരെ സഹായിക്കുമെന്നുറപ്പാണ്. ഉദാഹരണമായി, നാടൻകലാരൂപങ്ങൾ ചർച്ചാവിധേയമാകുന്ന ഒരു പാഠം പഠിക്കാനുണ്ടെന്നു കരുതുക. അവയെക്കുറിച്ച് വളരെക്കുറച്ചു കാര്യങ്ങൾ മാത്രമാണ് പഠിതാവ് ക്ളാസ്സുമുറിയിൽ നിന്നു നേടുന്നത്. പരീക്ഷയിൽ മാർക്കു നേടാൻ അവ സഹായിച്ചുവെന്നു വരും. പക്ഷെ വിദ്യാഭ്യാസത്തിന്റെ വിശാലമായ അർത്ഥത്തിൽ അവ വെറും ഉപരിപ്ലവമായ മാറ്റങ്ങൾ മാത്രം. യഥാർത്ഥപഠനം എന്നത് ഇതിൽ നിന്നും തുലോം വ്യത്യസ്തമാണ്. നാടൻകലകളെക്കുറിച്ചുള്ള സമ്പന്നമായ അറിവുകൾ കുട്ടികൾക്കു നൽകുവാൻ ധാരാളം പ്രവർത്തനങ്ങൾ ക്ളാസ്സിനു വെളിയിൽ നൽകാൻ അദ്ധ്യാപകനു കഴിയും.അനുഭവസമ്പന്നരായ ആളുകളുമായുള്ള സംഭാഷണങ്ങൾ, ചരിത്രപരമായ രേഖകൾ പരിശോധിക്കൽ, ചിത്രങ്ങൾ ശേഖരിക്കൽ, വായനയിൽ നിന്നു ശേഖരിക്കുന്ന അധികവിവരങ്ങൾ, കലാരൂപങ്ങളുടെ ഉത്ഭവം, ക്ഷയിക്കുവാനുള്ള കാരണങ്ങൾ എന്നിവ കണ്ടെത്തൽ, കലകളെ പോഷിപ്പിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കൽ, അവയുടെ സ്ഥിതി വിവരക്കണക്കുകൾ രേഖപ്പെടുത്തൽ, കലാകാരൻമാരുമായുള്ള ഇടപഴകൽ, വ്യത്യസ്ത കലാരൂപങ്ങൾ കാണുവാൻ ശ്രമിക്കൽ എന്നിവയെല്ലാം ഈ രംഗത്ത് ആധികാരികമായ അറിവു നേടാൻ കുട്ടിയെ പ്രാപ്തനാക്കും. ഇത്രയധികം വിവരങ്ങൾ സമാർജ്ജിക്കുന്ന കുട്ടി എങ്ങനെയാണ് ഈ പാഠഭാഗത്തെ വിസ്തൃതിയിലാഴ്ത്തുവാൻ കഴിയുക? വ്യത്യസ്ത സ്രോതസ്സിൽ നിന്നും ആർജ്ജിക്കുന്ന വിവരങ്ങളെ ഏകീഭവിപ്പിക്കുവാൻ അദ്ധ്യാപകൻ കുട്ടിയെ സഹായിക്കണമെന്നു മാത്രം. സ്വാഭിപ്രേരണ (Self-motivation)വളർത്തുന്നതിൽ പഠനസമൂഹത്തിന് ചെറുതല്ലാത്ത പങ്കാണ് വഹിക്കാനുള്ളത്. പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പഠിതാവിന്റെ ആകാംക്ഷയെ ത്വരിപ്പിക്കുന്ന നാലുഘടകങ്ങളെപ്പറ്റി റോബിൻസൺ (1995) അഭിപ്രായപ്പെടുന്നത് ശ്രദ്ധിക്കുക. അവ യഥാർത്ഥ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പ്രശ്നപരിഹാരത്തിനും അവനെ പ്രാപ്തനാക്കുന്നുണ്ടുതാനും.

1. പഠനമികവിനുള്ള അവശ്യബോധം
2. ജിജ്ഞാസ അഥവാ ഗ്രഹണത്തിനായുള്ള ആകാംക്ഷ
3. സ്വയം പ്രകടനത്തിനുള്ള താല്പര്യം
4. സാമൂഹികസാഹചര്യങ്ങളിൽമ റ്റുള്ളവരുമായി ഇടപഴകാനുള്ള താല്പര്യം

കുട്ടികളുടെ ജിജ്ഞാസയെ ത്വരിപ്പിക്കുന്ന പാഠ്യപദ്ധതിയിലൂടെയുള്ള യാത്രയാണ് ഇതിനേറ്റവും അഭികാമ്യമായിട്ടുള്ളത്. ക്രിയാത്മകവും വ്യക്തിപരവുമായ ആശയങ്ങൾ പ്രകടിപ്പിക്കാൻ അനുവദിക്കുക,

ISSN No: 3049-0316

വിശാലസമൂഹവുമായി ബന്ധപ്പെടാൻ പഠിതാക്കൾക്ക് അവസരം നൽകുക, സമൂഹത്തിനുപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്ക് സമൂഹമദ്ധ്യത്തിൽ അംഗീകാരം നൽകുക എന്നിവ അദ്ധ്യാപകനു പഠിതാവിൽ അഭിപ്രേരണ വളർത്താൻ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളാണ്.

ജിജ്ഞാസയെ പരിപോഷിപ്പിക്കുന്ന പാഠ്യപദ്ധതി എന്നതിനർത്ഥം കുട്ടികളെ മനസ്സിലാക്കിയ പാഠ്യപദ്ധതി എന്നു തന്നെയാണ്. പഠിതാവിന്റെ മാനസികനില, മനോവ്യാപാരങ്ങൾ, ആർജ്ജിത ശേഷികൾ എന്നിവയെല്ലാം ഇക്കൂട്ടത്തിൽപെടും. സമൂഹത്തിനു ഗുണകരമാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അനേകം കുട്ടികളെ നമുക്കു കാണാൻ കഴിയും. യഥാർത്ഥത്തിൽ മുതിർന്നവർക്ക് മാതൃകയാണവർ.ഉദാഹരണമായി രക്തദാനസേനയിൽ സജീവാംഗമായവർ, ആലംബഹീനർക്ക് ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കുന്ന സംഘങ്ങൾ, തന്റെ ചെറുസമ്പാദ്യത്തിൽ നിന്നോ, സ്വയം ജോലിചെയ്തോ പാവങ്ങളെ സഹായിക്കുന്നവർ, തങ്ങളുടെ ആഘോഷങ്ങൾ വേണ്ടെന്നുവെച്ച് ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വനമേകുന്നവർ... അങ്ങനെ ഒരു നീണ്ട നിരതന്നെ കാണും ശ്രദ്ധിച്ചാൽ. അവരെ അംഗീകരിക്കുന്നത് ഏറ്റവും യോജ്യമായ പ്രവർത്തനമാണ്. അത് മറ്റുള്ള കുട്ടികളിലും അഭിപ്രേരണ വളർത്തുവാൻ സഹായകമാണ്. പ്രേരണയെ മെച്ചപ്പെടുത്തുന്ന ഒരു പാട് ലേഖനങ്ങൾ എഴുതിയ ഫൗണ്ടൻസ് ഏഫ് ഫെയ്ത്ത് എന്ന പുസ്തകത്തിന്റെ രചയിതാവായ വില്യം ആർതർ എഡ്വേർഡ് പറയുന്നു. മറ്റുള്ളവർ പകൽക്കിനാവിൽ മുഴുകുമ്പോൾ നിങ്ങൾ തയ്യാറെടുപ്പിൽ മുഴുകുക എന്നാണ്. ഇത് നമുക്കും മാതൃകയാക്കാം.

## വൈകാരിക സുരക്ഷ (Emotional Safety)

പഠനസമൂഹത്തിന്റെ പ്രധാന ഗുണങ്ങളിലൊന്നാണിത്. പഠനത്തിന്റെ വൈകാരികതലത്തിനും വികാര മണ്ഡലത്തിനും ഏറെ പ്രാധാന്യം സിദ്ധിച്ചിട്ടുണ്ട്. ബൗദ്ധിക മനഃശാസ്ത്രജ്ഞർ, ന്യൂറോ സയന്റിസ്റ്റുകൾ എന്നിവർ ചിന്ത, വികാരം, പ്രവർത്തനങ്ങൾ ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്ന നിരവധി ഗവേഷണങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണിത് വ്യക്തമാകുന്നത് (കെയ്ൻ, ക്ളിമെറ്റ്, ഗാർഡ്നർ). മസ്തിഷ്ക്കം പക്വതയാർജ്ജിക്കുന്ന വ്യത്യസ്ത തലങ്ങൾ ഇത്തരം വികാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണവരുടെ കണ്ടെത്തൽ. ഒരു പ്രത്യേക തരത്തിലും തലത്തിലുമുള്ള ബൗദ്ധിക പൊരുത്തക്കേടുകൾ (Cognitive Dissonance) പഠിതാക്കളുടെ ശ്രദ്ധയെ പിടിച്ചുനിർത്തുകയും ചിന്തയുടെ പുതിയ തലത്തിലേക്ക് അവരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. ജാഗരൂകവിശ്രാന്തി, (Relaxed Alertness) ഉത്കണ്ഠാജനകമല്ലാത്ത പ്രതീക്ഷകൾ (Unanxious expectation) എന്നീ പദങ്ങൾ ഇതിനെ സൂചിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ ധൃതി ദ്യോതകമല്ലാത്ത മനസ്സിന്റെ അവസ്ഥയാണിതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിചാരങ്ങളെ ഹനിച്ചുകൊണ്ട് മുന്നേറുന്ന വികാരവിക്ഷോഭമല്ല, മറിച്ച്, ചിന്തയിലൂന്നിയ പ്രവർത്തനങ്ങളാണവ. പഠനസാഹചര്യത്തിലുണ്ടാകുന്ന ആകാംക്ഷയും വെല്ലുവിളികളെ നേരിടാനുള്ള മാനസികാവസ്ഥയും തമ്മിലുള്ള പൊരുത്തമാണ് പഠനത്തിൽ സുരക്ഷിതമായ വൈകാരികാന്തരീക്ഷം സൃഷ്ടിക്കാൻ ഏറെ സഹായിക്കുന്ന ഘടകങ്ങൾ. വൈകാരികതലവുമായി ബന്ധപ്പെട്ട ശാരീരികമാറ്റങ്ങൾ പഠനപ്രക്രിയയ്ക്കിടയിൽ സംഭവിക്കുന്നതായി മസ്തിഷ്ക്ക പ്രവർത്തനപഠനങ്ങൾ തെളിയിക്കുന്നു (കെയ്ൻ & കെയ്ൻ, 1997 ജെൻസൺ, 1998 സ്പ്രിങ്ങർ, 1999). വിവരങ്ങളെ മസ്തിഷ്ക്കം നിരവധി പ്രക്രിയകൾക്കു വിധേയമാക്കുമ്പോൾ വ്യത്യസ്തതരം കെമിക്കലുകൾ അഥവാ ന്യൂറോ ട്രാൻസ്മിറ്ററുകൾ വേഗത്തിൽ വിവരങ്ങളുമായി അടുക്കുന്നു.തലച്ചോറിലേക്കുള്ള സന്ദേശവാഹകരാണ് ഇത്തരം ന്യൂറോ ട്രാൻസ്മിറ്ററുകൾ.ചെറിയതരം ആകാംക്ഷ പഠിതാവിൽ ജനിക്കുന്ന സമയത്ത് ശരീരത്തിൽ അഡ്രിനൽ ഗ്രന്ഥികൾ കോർട്ടിസോൾ ഉല്പ്പാദിപ്പിക്കുകയും അതിഗുണാത്മകമായ മാനസികഊർജ്ജസ്വലത (Mental Alertness) വ്യക്തിക്കു നൽകുകയും ചെയ്യുന്നു. പക്ഷെ സംഘർഷഭരിതമായ പഠനാന്തരീക്ഷമാണ് സംജാതമാകുന്നതെങ്കിൽ, അല്ലെങ്കിൽ ഒരു വ്യക്തി പരിഹസിക്കപ്പെടുമ്പോൾ, അവഹേളിക്കപ്പെടുമ്പോൾ ന്യൂറോണുകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനം നടക്കുക വഴി വേണ്ട അളവിൽ കൂടുതൽ കോർട്ടിസോൾ ഉല്പ്പാദിപ്പിക്കുകയും അത് പഠിതാവിനെ പ്രതികൂലസാഹചര്യങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യും. ഇത്തരം നിഷേധാത്മക സാഹചര്യങ്ങളിൽ യുക്തിപൂർവ്വം ചിന്തിക്കാനോ വസ്തുതകൾ തമ്മിലുള്ള ബന്ധം കണ്ടെത്താനോ എന്തിനധികം, പഠിതാവിന്റെ ഉയർന്ന ചിന്താനൈപുണികൾ വളർത്തിയെടുക്കാനോ അവനു കഴിയാതെ വരും. അവന്റെ കഴിവുകളിൽ നിന്നുള്ള തിരിച്ചുനടത്തമാവും അനന്തരഫലം. എന്നു മാത്രമല്ല, ചിന്തകൾ ഊഷരമാവുകയും പഠനം താളം തെറ്റുകയും ചെയ്യും. ന്യൂറോളജിക്കൽ ഗവേഷണങ്ങൾ തെളിയിക്കുന്നത് പഠനത്തിനും ചിന്തയ്ക്കും ആവശ്യമായ അനുഗുണമായ കെമിക്കലുകൾ സ്വച്ഛമായ

 ISSN No: 3049-0316 

വൈകാരികാന്തരീക്ഷത്തിൽ പഠിതാവിനു ലഭിക്കുന്നു എന്നാണ് (ജെൻസൺ, 2000).

ഉദാഹരണമായി അദ്ധ്യാപകന്റെ ഭാഗത്തുനിന്നു കിട്ടുന്ന പ്രതികരണങ്ങൾ പഠിതാവിനെ വ്യത്യസ്ത രീതിയിൽ നയിക്കാം. വൈകാരിക സുരക്ഷയ്ക്കു കോട്ടം സംഭവിക്കുമ്പോഴാണ് പഠിച്ച കാര്യങ്ങൾ പലതും വേണ്ട രീതിയിൽ പ്രകടിപ്പിക്കുവാൻ കഴിയാതെ പോകുന്നത്. ഇവിടെയാണ് അദ്ധ്യാപകന്റെ ഭാവഹാവാദികളുടെ പ്രസക്തി. ടെൻഷൻ വന്നാൽ അറിയാവുന്നതുപോലും ഓർത്തെടുക്കാൻ കഴിയാതെ വരുന്നത് മേൽസൂചിപ്പിച്ച പ്രവർത്തനഫലമായാണ്. അതിനാൽ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ് കുട്ടികൾക്ക് വൈകാരിക സുരക്ഷ നൽകുന്ന അന്തരീക്ഷം സൃഷ്ടിക്കുക എന്നത്.

പിന്തുണയുടെയും അംഗീകാരത്തിന്റെയും അർത്ഥവത്തായ സൂചകങ്ങൾ പഠിതാവിൽ ഗുണാത്മകവികാരങ്ങൾ സൃഷ്ടിക്കുകയും അതുവഴി സ്വയാദരവും, സ്വയംബോധവും ജനിക്കുകയും ചെയ്യും എന്നതും ഏറെ ശ്രദ്ധേയം. വ്യായാമങ്ങൾ, ചെറുചലനങ്ങൾ, സൃഷ്ടിപരമായ പ്രതിപുഷ്ടി, (Constructive feedback) നല്ല വാക്കുകൾ, പുഞ്ചിരി, സംഗീതം, തമാശകൾ, സഹപാഠികളുമായുള്ള ബന്ധം എന്നിവ വൈകാരികാന്തരീക്ഷജന്യങ്ങളായ ഘടകങ്ങളാണ്. നിരവധി ബോധനതന്ത്രങ്ങളിലൂടെയും ഇത്തരം വൈകാരികാന്തരീക്ഷം സൃഷ്ടിക്കാവുന്നതാണ്. നാടകം, അനുകരണനാട്യം, ചർച്ചകൾ, സംവാദങ്ങൾ, സഹകരണാത്മക പഠനം, ജേണലെഴുത്ത്, വ്യക്തിഗതപ്രവർത്തനങ്ങൾ, ആഘോഷങ്ങൾ, കഥ പറയൽ, പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ, സാങ്കേതികവിദ്യയുടെ അർത്ഥവത്തായ ഉപയോഗം എന്നിവ അവയിൽ ചിലതാണ്. ന്യൂറോൺ പ്രവർത്തനത്തെ ശക്തിപ്പെടുത്തി വികാരങ്ങളെ ഉല്പാദനക്ഷമമായി വിനിയോഗിച്ച് പ്രവർത്തിച്ചാൽ ഏതു സങ്കീർണ്ണ പ്രശ്നത്തിനും പരിഹാരം കാണാനാകും. നിഷേധാത്മക വികാരങ്ങളെ തുടച്ചുനീക്കി പഠനത്തെ ഉത്തേജിപ്പിക്കുന്ന വികാരങ്ങളെ ഉണർത്താൻ ശ്രമിക്കുകയാണ് പഠനസമൂഹങ്ങൾ ചെയ്യേണ്ടത്. കുട്ടികൾക്ക് വൈകാരികസുരക്ഷ ഉറപ്പാക്കുന്ന പഠനസാഹചര്യം തീർത്തുകൊണ്ട് അവരെ വിജയപാതയിലേക്ക് നയിക്കാം.

പഠനസമൂഹത്തിനെ നന്നായി ഉപയോഗപ്പെടുത്താൻ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മാതൃകാപരമായ പഠനസമൂഹത്തിന്റെ ഗുണങ്ങൾ ചർച്ച ചെയ്യുക, സമകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുക, മറ്റുള്ളവരുടെ വീക്ഷണങ്ങൾ ശ്രദ്ധിക്കുക, വ്യക്തതയോടെ കാര്യങ്ങൾ അവതരിപ്പിക്കുക, യുക്തിപൂർവ്വം ചിന്തിക്കാൻ അവസരം നൽകുക, പ്രശ്നപരിഹരണ നൈപുണികൾ ചർച്ചചെയ്യുക, ബിബ്ളിയോ തെറാപ്പി പരിശീലിപ്പിക്കുക (പ്രശ്നങ്ങൾ അവതരണവിധേയമായ സാഹിത്യകൃതികൾ ചർച്ച ചെയ്യുക).

ഉദാഹരണമായി സ്റ്റീവൻ കോംവെയുടെ Seven Habits of Highly Effective People (1989) ഉപയോഗിച്ചുകൊണ്ട് അദ്ധ്യാപകന് ക്ളാസ്സ്മുറിയിൽ പരീക്ഷിക്കാവുന്ന നിരവധി കാര്യങ്ങളുണ്ട്. കഥാപാത്രഗുണങ്ങളെ അടിസ്ഥാനമാക്കിയ ബോധനതന്ത്രത്തിലൂടെ ആ ഗുണങ്ങൾ വിശദമാക്കുവാനും, കഴിയുമെങ്കിൽ പ്രവർത്തനവിധേയമാക്കുവാനും ക്രിയാത്മകമായി അവതരിപ്പിക്കുവാനും ആവശ്യപ്പെടാം. പഠിതാവിൽ നിന്നു കിട്ടുന്ന അനഭിലഷണീയ വ്യവഹാര പരിവർത്തനങ്ങളെ മാറ്റിയെടുക്കാൻ അദ്ധ്യാപകൻ ശ്രമിക്കുകയും വേണം. ഇത്തരം പ്രവർത്തനങ്ങൾ ബൗദ്ധിക-വ്യക്തിപര-സാമൂഹിക വികസനത്തിന് പ്രയോജനപ്പെടുകയും അതുവഴി കുട്ടിയുടെ ജിജ്ഞാസയെ ഉണർത്തി പഠനമികവ് തെളിയിക്കാൻ പ്രാപ്തനാക്കുകയും ചെയ്യും.

## പഠനസമൂഹത്തിന്റെ പങ്ക്-ആത്മനിയന്ത്രണ പഠനത്തിലും, ആന്തരിക നൈപുണീനിർവ്വഹണത്തിലും (Role of learning communities in self regulation and in developing inner management skills)

സ്വയം നിയന്ത്രിത പഠനത്തിനും ഇത്തരം പഠനസമൂഹത്തിന് ഏറിയ സംഭാവനകൾ ചെയ്യാനുണ്ട്. സ്വയം ഉത്തരവാദിത്തബോധം പഠിതാവിൽ ജനിക്കുവാനും പഠനതീരുമാനമെടുക്കേണ്ടി വരുമ്പോൾ സ്വയം തീരുമാനമെടുക്കുവാനും ഇത് പഠിതാവിനെ സഹായിക്കും. മറ്റുള്ളവരുടെ വീക്ഷണകോണിൽ നിന്നുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കാനും പ്രതിഫലനാത്മകരീതിയിൽ വസ്തുതകളെ ക്രോഡീകരിക്കുവാനും ശ്രമിക്കുക വഴി ഉദ്ഗ്രഥിതമായ അഭിപ്രേരണയും സ്വയാവബോധവുമാണ് പഠിതാവിൽ ജനിക്കുക. ആന്തരിക നൈപുണീവികസനത്തെ പ്രോത്സാഹിപ്പിക്കാൻ അദ്ധ്യാപകന് പല തന്ത്രങ്ങളും ക്ളാസ്സ്മുറികളിൽ സ്വീകരിക്കാവുന്നതാണ്. ഉദാഹരണമായി കുട്ടികൾക്ക് അവർ ചെയ്യുന്ന കാര്യങ്ങളെ ഒരു ലേണിംഗ് ലോഗിൽ (Learning Logs) രേഖപ്പെടുത്താൻ അവസരം നൽകാം. ക്രമീകൃതമായ സംഘങ്ങൾ ഉപയോഗിച്ചുകൊണ്ട്

പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഏറെ പ്രയോജനകരമെന്ന് ഷീവ്, ഷെൻഡർ (1996) എന്നിവർ അഭിപ്രായപ്പെടുന്നു.

സ്വയം കാര്യക്ഷമത (Self-Efficacy) വളർത്തിയെടുക്കാനും പഠനസമൂഹം വഴി സാദ്ധ്യമാകുന്നു. ബന്ധുരയുടെ സാമൂഹിക ബൗദ്ധിക ഗവേഷണ ഫലം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹിക ബൗദ്ധികാനുഭവങ്ങളുടെ ചേർച്ച പഠനസ്വഭാവത്തെയും വീക്ഷണങ്ങളെയും സ്വാധീനിക്കുന്നുവെന്ന കണ്ടെത്തലാണ് ഇതിനടിസ്ഥാനം. ഒരു വ്യക്തിയുടെ കഴിവുമായി-ഒരു പ്രത്യേക തലവുമായി ബന്ധപ്പെട്ട വിശ്വാസത്തെയാണ് സ്വയം കാര്യക്ഷമത (Self-Efficacy) എന്നതു കൊണ്ട് വ്യവച്ഛേദിച്ചത്. ഒരു പ്രത്യേക പ്രവർത്തനം ചെയ്യാനായി എത്രമാത്രം ശ്രമങ്ങൾ തന്നിൽ നിന്നുണ്ടാകുന്നു, എത്ര സമയം അതിനായി ചിലവഴിക്കുന്നു, പ്രശ്നസമീപനത്തിൽ എത്രമാത്രം നിയന്ത്രണം നടപ്പിൽ വരുത്താൻ കഴിഞ്ഞു എന്നീ കാര്യങ്ങളെ സ്വാധീനിക്കാൻ മേൽ സൂചിപ്പിച്ച വിശ്വാസത്തിനു കഴിയുന്നു.

പ്രവർത്തനപഠനത്തിലൂടെ ഇഷ്ടപ്പെട്ട മണ്ഡലത്തിൽ ഗവേഷണം നടത്തുവാനും ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ തൃപ്തിയോടെ ചെയ്യാനും കഴിയുന്ന തരത്തിലുള്ളതും ചിന്തയ്ക്കു വെല്ലുവിളി ഉയർത്തുന്ന തരത്തിലുള്ളതുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക ഇതിനു യോജിച്ച രീതിയാണ്. വിവരശേഖരണത്തിവായി സ്വയം നിർമ്മിത ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ലക്ഷ്യത്തിലെത്തിച്ചേരാനുള്ള പരിശീലനമാണ് പഠിതാവിനു നൽകേണ്ടത്. സ്വയം നിയന്ത്രിത പഠനത്തിലൂടെ ആർജ്ജിക്കുന്ന വ്യക്തിപരനേട്ടങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക വളരെ പ്രധാനപ്പെട്ടതാണ്. പഠനത്തെ സ്വയം കൈകാര്യം ചെയ്യാനുള്ള മനോഭാവം സൃഷ്ടിക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പഠനസമയത്ത് തങ്ങൾക്ക് ഏറെ പ്രയോജനകരമായിത്തീർന്ന തന്ത്രങ്ങളെപ്പറ്റി പുനർചിന്ത നടത്തുവാനും ഗുണകരമല്ലാത്തതിനെ ത്യജിക്കാനുമുള്ള മാനസികഭാവമാണ് പഠിതാവിൽ ജനിക്കേണ്ടത്. ജ്ഞാനഗോചരത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതും ഇതുതന്നെ. പഠനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ (Extend) ഇനി എന്തെല്ലാം ചെയ്യാമെന്നും ആസൂത്രണം എങ്ങനെയെല്ലാം പുരോഗമിപ്പിക്കാമെന്നും അറിവിന്റെ പങ്കുവയ്ക്കൽ തന്ത്രം എങ്ങനെ അർത്ഥവത്താക്കാമെന്നും പഠിതാവ് ചിന്തിക്കുന്നിടത്ത് ഉത്തരവാദിത്തബോധം സ്വയം ജനിക്കുന്ന കാഴ്ച്ചയാണ് കാണാൻ കഴിയുക.

മേൽ സൂചിപ്പിച്ച പഠനസമൂഹസൃഷ്ടിയിൽ അദ്ധ്യാപകന് ഏറെ ചെയ്യുവാനുണ്ട്. ഉചിതമായ ബോധനാന്തരീക്ഷ സൃഷ്ടി ഏറെ പ്രധാനപ്പെട്ടതാണ്. പഠിതാവിന് പഠനത്തിൽ ഉടമസ്ഥത (Ownership) സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ കാതൽ. ഒരു പരീക്ഷണശാലയിലോ, ഗണിതക്ളാസ്സിലോ, ഭാഷാ ക്ളാസ്സുകളിലോ പഠിതാവിനു വേണ്ട തന്ത്രപരമായ ചിന്തകൾ വികസിപ്പിക്കുവാനുള്ള നൈപുണികളും മാനസികനിർവ്വഹണത്തിനുള്ള അഭിലാഷവും പഠിതാവിൽ നിറയ്ക്കേണ്ട ഉത്തരവാദിത്തം അദ്ധ്യാപകർക്കാണ്. പ്രമേയവികസനത്തിനായി ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യൽ, പ്രശ്നാന്വേഷണം, ദത്താപഗ്രഥനം, തന്ത്രപരമായ അന്വേഷണാത്മക പഠനത്തിനുള്ള വിഭവസമാഹരണം, തുടർച്ചയായ പ്രതിപുഷ്ടി, പ്രതിഫലനത്തിനു സമയം കണ്ടെത്തൽ, പഠനാനുഭവചർച്ചകൾ എന്നിവയെല്ലാം ഇതിന്റെ പ്രധാന ഘടകങ്ങളാണ്.

ചുരുക്കിപ്പറഞ്ഞാൽ ചിന്തയുടെ സംസ്ക്കാരം (Culture of Thoughtfulness) ക്ളാസ്സുമുറികളിൽ സൃഷ്ടിക്കാൻ കഴിയുക എന്നതാണ് യഥാർത്ഥ പഠനത്തിന്റെ അടിസ്ഥാനശില എന്നു പറയാം. പെർക്കിൻസ് (1992) ആണ് ഈപദം ആദ്യമായി ഉപയോഗിച്ചത്. അതിനുശേഷം ബൗദ്ധികമായ കളികൾ (Intellectual play) എന്ന പേരിൽ The Good High School എന്ന കൃതിയിൽ സാറാ ലോറൻസ് ഈ പദം ഉപയോഗിച്ചു. പഠിതാവിന്റെ വ്യത്യസ്ത പഠനാവശ്യങ്ങൾ സാക്ഷാത്കരിക്കുന്ന ക്ളാസ്സുമുറികളെയാണിവിടെ സൂചിപ്പിച്ചത്. സുരക്ഷിതവും, ഭീഷണിയിൽ നിന്നു മുക്തവുമായ പഠനാന്തരീക്ഷത്തിൽ മാത്രമേ ഗുണാത്മകമായ പഠനസമൂഹം രൂപപ്പെടുകയുള്ളൂ എന്നതായിരുന്നു കണ്ടെത്തൽ. സഹകരണാടിസ്ഥാനത്തിലുള്ള അറിവിന്റെ നിർമ്മാണമാണിവിടെ കാണുക. ഉദ്ദേശ്യപൂർണ്ണമായ ഇടപെടലുകളിലൂടെ വികാരങ്ങൾ സംരക്ഷിക്കപ്പെടുക, ബുദ്ധിയ്ക്ക് അർത്ഥപൂർണ്ണമായി വെല്ലുവിളികൾ നേരിടേണ്ടി വരിക, ആധികാരികവും, പരിഗണനാർഹവുമായ സന്ദർഭത്തിലൂടെ ബന്ധങ്ങൾ സ്ഥാപിക്കുക എന്നിങ്ങനെ ഗൗരവമായ നിരവധി പ്രശ്നങ്ങൾ ഇവിടെ സാക്ഷാത്ക്കരിക്കുന്നുണ്ട്.

പാർക്കർ പാമെർ (Parker Palmer, 1998) എന്ന വിദ്യാഭ്യാസവിദഗ്ധനും ഇതേ ആശയം മറ്റൊരു രൂപത്തിൽ അവതരിപ്പിക്കുന്നു. ക്രിയാത്മക സംഘർഷം (Creative Tension) എന്ന പദമാണ് അദ്ദേഹമുപയോഗിച്ചത്. നിപുണരായ അദ്ധ്യാപകർ സോദ്ദേശ്യത്തോടെ രൂപപ്പെടുത്തിയെടുക്കുന്ന പഠനാന്തരീക്ഷത്തെയാണ് ഈപദം

 ISSN No: 3049-0316 

കൊണ്ട് വ്യവച്ഛേദിക്കുന്നത്.കുട്ടികൾക്ക് അവരുടെ ചിന്തയെ വിശദീകരിക്കാൻ അവസരം നൽകുകയുംഭാവന ഉപയോഗിക്കാൻ അവസരം നൽകുകയും സ്വന്തം ആശയങ്ങൾ ആവിഷ്ക്കരിക്കാൻ അവസരം നൽകുകയുമാണ് പഠനസമൂഹത്തിൽ അദ്ധ്യാപകർ ചെയ്യുന്നത്. ഇത്തരം പഠനസമൂഹങ്ങളിൽ (അംഗീകാരം, ക്ഷമ എന്നിവ നിറഞ്ഞ സമൂഹാന്തരീക്ഷം) പഠിതാവ് പഠനത്തിലുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുകയും സ്വാഭിപ്രേരണയോടുകൂടി പഠനത്തെ നോക്കിക്കാണുകയും ചെയ്യുന്നു എന്നത് പരമാർത്ഥമാണ്.

## ബുദ്ധി സൗഹൃദ ക്ളാസ്സന്തരീക്ഷം (Intelligent friendly classrooms )

നമ്മുടെ ക്ളാസ്സ്മുറികളെ അനായാസം ബുദ്ധിസൗഹൃദ പഠനാന്തരീക്ഷങ്ങളായി പരിവർത്തിപ്പിക്കുവാൻ കഴിയും. മനുഷ്യബുദ്ധിയുടെ വികസനഘട്ടങ്ങളുമായി സൗഹൃദം പുലർത്തുന്നതും അതോടോപ്പം പ്രശ്ന പരിഹരണം, തീരുമാനമെടുക്കുവാനുള്ള കഴിവ്, ക്രിയാത്മകചിന്ത എന്നിവക്കായി പഠിതാവിന്റെ ബൗദ്ധിക സ്വഭാവസവിശേഷതകളുമായിസൗഹൃദംപുലർത്തുന്നതുമായ ക്ളാസ്സന്തരീക്ഷമാണ്ഇതുകൊണ്ട്ഉദ്ദേശിക്കുന്നത്. പഠിതാവിന്റെ വൈകാരികവും ബൗദ്ധികവുമായ ലോകത്തിലെ സന്തോഷങ്ങൾ ആഘോഷിക്കപ്പെടണം. ആശയസമ്പന്നതയിലൂടെയും സുരക്ഷിതബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിലൂടെയുമാവണമത്.വിദ്യാഭ്യാസ മേഖലയിലെ അതികായൻമാരായ ഗവേഷകരുടെയും മനഃശാസ്ത്രജ്ഞൻമാരുടെയും സിദ്ധാന്തങ്ങളാണ് ഇത്തരം പഠനാന്തരീക്ഷ സൃഷ്ടിക്ക് പ്രചോദനവും പ്രായോഗികതയും സമ്മാനിക്കുന്നത്. പിയാഷെയുടെ വികസനോന്മുഖ മനഃശാസ്ത്രം, (Developmental Psychology) വൈഗോട്സ്കിയുടെ സോഷ്യൽ മീഡിയേഷൻ സിദ്ധാന്തം (Social Mediation Theory), ഫ്യുയർസ്റ്റീനിന്റെ സ്ട്രക്ച്ചറൽ കൊഗ്നിറ്റീവ് മോഡിഫിയബിലിറ്റി സിദ്ധാന്തം (Structural Cognitive Modifiability Theory) ഹവാർഡ് ഗാർഡ്നറുടെ ബഹുമുഖ ബുദ്ധിസിദ്ധാന്തം (Multiple Intelligence) സ്റ്റേൺബർഗിന്റെ സക്സസ്സ്ഫുൾ ഇന്റലിജൻസ് (Successful Intelligence) – കോസ്റ്റയുടെ ബൗദ്ധികവർത്തനങ്ങൾ (Intelligent Behavior) ഗോൾമാന്റെ വൈകാരികബുദ്ധി (Emotional Intelligence) കോളിന്റെ നൈതികബുദ്ധി സിദ്ധാന്തം (Moral Intelligence) എന്നിവ മേൽസൂചിപ്പിച്ച സിദ്ധാന്ത ഗണത്തിൽ ഉൾപ്പെടുന്നവയാണ്. ഫോഗാർത്തിയുടെ അഭിപ്രായപ്രകാരം മേൽസൂചിപ്പിച്ച സിദ്ധാന്തങ്ങളോടെല്ലാം ചേർന്നു നിൽക്കുന്നതും അവയുടെ സത്ത ഉൾക്കൊള്ളുന്നതുമായ ചില വസ്തുതകൾ ബുദ്ധി സൗഹൃദപഠനാന്തരീക്ഷത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്.

### 1. സുരക്ഷിതമായ വൈകാരികാന്തരീക്ഷം സൃഷ്ടിക്കുക (Set a safe emotional climate)

എല്ലാ പഠിതാക്കളെയും തുല്യതയോടെ വീക്ഷിക്കുവാൻ കഴിയുന്ന മാനസികാവസ്ഥയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്ളാസ്സ് നിയമങ്ങൾ തുല്യതയോടെ നടപ്പിലാക്കുക, വാചികവും അവാചികവുമായ ബോധനതന്ത്രങ്ങളെപ്പറ്റി ബോധവാൻമാരാക്കുക, ചെറുസംഘങ്ങളാക്കി തിരിച്ച് പഠിതാക്കളിൽ ബന്ധങ്ങൾ സൃഷ്ടിക്കുക, വ്യത്യസ്ത പഠനസമൂഹങ്ങൾ സൃഷ്ടിക്കുക എന്നിവ ഇതിനായി അനുവർത്തിക്കാവുന്ന പഠനതന്ത്രങ്ങളാണ്. ഉദാഹരണമായി അദ്ധ്യാപകൻ എല്ലാകുട്ടികളെയും തുല്യതയോടെയാണ് കാണുന്നതെന്ന ധാരണ മാത്രം മതി കുട്ടികളിൽ സന്തോഷമുണർത്താൻ. വളരെ ലളിതമായിപ്പറഞ്ഞാൽ ഒരു പുഞ്ചിരി കൊടുക്കാൻ കിട്ടുന്ന അവസരം പോലും പാഴാക്കരുത്. ആ പുഞ്ചിരിക്ക് എത്ര മുഖങ്ങളിൽ സന്തോഷത്തിന്റെ കൈത്തിരി വെട്ടം കൊളുത്താൻ കഴിയുമെന്നു ചിന്തിക്കുക. മാത്രവുമല്ല, നമ്മുടേത് കരിന്തിരിയാകാതെ സൂക്ഷിക്കുകയും ചെയ്യാം. എത്ര മനോഹരമായ അവസ്ഥയാണത്.

### 2. സമ്പന്നമായ പഠനാന്തരീക്ഷ സൃഷ്ടി (Create an enriched learning environment)

സമ്പന്നംഎന്നവാക്കുതന്നെഎത്ര സമ്പന്നമാണ്.ക്ളാസ്സ്മുറിയുടെഭൗതികാന്തരീക്ഷമാണിവിടെസൂചിതം. പഠനം ആകർഷകവും സന്തോഷകരവുമാക്കാൻ വിധത്തിലുള്ള പഠനസാമഗ്രികൾ അവിടെയുണ്ടാവണം. വിരസതയോടെയല്ലാതെ പഠനം തുടരാനുള്ള അന്തരീക്ഷമാണ് പ്രധാനം. ചോദനാസമ്പന്നമായ ക്രമീകരണമാവണം ഓരോ ക്ളാസ്സ്മുറിയെയും സവിശേഷമാക്കേണ്ടത്. പരീക്ഷണശാലയിലെ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, കുട്ടികളുടെ വളർച്ചയ്ക്കനുസൃതമായ സാങ്കേതികഉപകരണങ്ങൾ എന്നിവ അവയിൽപ്പെടുന്നു. കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കുവാനും നിലനിർത്തുവാനും കഴിയുന്നവയാവണം എന്നു സാരം. ശാന്തമായ പ്രതിഫലനാവസരങ്ങൾ, പഠനകേന്ദ്രങ്ങൾ, ട്യൂട്ടോറിയലുകൾ എന്നിവയുള്ള ലഘുവായ അന്തരീക്ഷവും ഇവിടെയുണ്ടാവണം. ഇന്ദ്രിയാനുഭൂതി നൽകുന്ന ചിത്രങ്ങൾ, റിക്കോഡിംഗുകൾ, ബുള്ളറ്റിൻ ബോർഡുകൾ എന്നിവയും പഠിതാവിന്റെ ശ്രദ്ധാകേന്ദ്രങ്ങളായി മാറുന്നു. ഉദാഹരണമായി, പാഠപുസ്തകവുമായി ബന്ധപ്പെട്ട

ISSN No: 3049-0316


സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, മഹത് വചനങ്ങൾ, മറ്റു പഠനസഹായികൾ എന്നിവ ക്ളാസ്സിന്റെ ഭാഗമാകുന്നത് പഠനത്തിന് ആക്കം കൂട്ടുമെന്നതിൽ തർക്കമില്ല. പാഠഭാഗങ്ങൾ ശ്രാവ്യസുഖത്തോടെയും, ദൃശ്യസുഖത്തോടെയും പഠിതാവിലേക്ക് എത്തിക്കുവാൻ കഴിയുന്ന അന്തരീക്ഷസൃഷ്ടി ഏറെ അഭികാമ്യമാണ്.

**3. ജീവിതനൈപുണി വികസനത്തിനുള്ള പാഠശാലയാവണം ക്ളാസ്സുമുറികൾ (Teach the mind tools and skills of life)**

സുഖസൗകര്യങ്ങളിൽ മാത്രം വളർന്നുവരുന്ന ഒരു ചെടിക്ക് കരുത്തു കാണില്ല. അതുകൊണ്ടാണ് നെല്ല് പതിരായിപ്പോകുന്നത്. നെൽക്കതിരിൽ അരിയുണ്ടാവാൻ കാറ്റു വേണം, മഴ വേണം, ഇടിവെട്ട് വേണം, ചിലപ്പോൾ അത്യുഷ്ണവും അതിവർഷവും വേണ്ടിവരും. ഇതിനെയൊക്കെ അതിജീവിക്കുമ്പോഴാണ് നെന്മണിക്കുള്ളിൽ അരിയുണ്ടാവുക. അതായത് പ്രതികൂലസാഹചര്യങ്ങൾ നമ്മുടെ വളർച്ചയ്ക്കുള്ള വെള്ളവും വളവുമാണെന്നറിയുക. ജീവിതവിജയത്തിനനിവാര്യമായ നൈപുണികളെല്ലാം തന്നെ പരിശീലിപ്പിക്കപ്പെടുന്ന വേദിയാവണം ക്ളാസ്സ്മുറികൾ. ചിന്താനൈപുണികൾ, പ്രതിഫലനാത്മകനൈപുണികൾ, വിവരസാങ്കേതിക വിദ്യാ നൈപുണികൾ, യുക്തിപരവും ഗണിതപരവുമായ നൈപുണികൾ എന്നിവ അവയിൽ ചിലതു മാത്രം. ക്രിയാത്മക ചിന്താനൈപുണി, (Creative thinking skills) വിമർശനാത്മകനൈപുണി, (Critical thinking skills) സാമൂഹികനൈപുണി (Social skills ) എന്നിവയും ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

**4. പഠിതാവിന്റെ നിപുണാത്മകതയെ ഉണർത്തുക (Develop the skillfulness of the learner)**

നൈപുണീപരിശീലനത്തിന്റെ വികസന ഘട്ടങ്ങൾ മനസ്സിലാക്കി മീഡിയേഷൻ പരിശീലനം,കോച്ചിംഗ്,എന്നിവയിലൂടെ നൈപുണികൾ വികസിപ്പിക്കാവുന്നതാണ്. ഔപചാരിക പഠനം,പ്രത്യക്ഷ ബോധനം എന്നിവയിൽക്കൂടിയും നൈപുണീ വികസനം നടത്താം. സ്വതന്ത്ര വായനകൾ,ഗവേഷണ പ്രവർത്തനങ്ങൾ,സംവാദം,ചർച്ചകൾ,മെന്ററിംഗ് എന്നിവയോരോന്നും വികസനങ്ങൾക്ക് ഊർജ്ജമേകുന്നു.

**5. അനുഭവപഠനത്തിന്റെ പ്രാധാന്യം (Experiential learning)**

ഒരു വ്യക്തിയുടെ ആന്തരിക പ്രവർത്തനങ്ങളിലൂടെ ഉരുവാകുന്ന അനുഭവങ്ങളുടെ സഞ്ചയവും സാമൂഹിക ഇടപെടലുകളിലൂടെ രൂപപ്പെടുന്ന അനുഭവങ്ങളുടെ ചേർച്ചയും ഇവിടെ ഏറെ പ്രധാനം. പഠനപ്രക്രിയയുടെ സജീവമായ അംഗമായിത്തീരാൻ പഠിതാവിനെ പ്രേരിപ്പിക്കുന്നതും ഇത്തരം അനുഭവ പാഠങ്ങൾ തന്നെയാണ്. പഠനത്തിലുപയോഗപ്പെടുത്താവുന്ന പ്രശ്നാധിഷ്ഠിത പഠനം, കേസ് സ്റ്റഡികൾ.പ്രോജക്ടുകൾ എന്നിവയും ഈ തത്വവുമായി ചേർന്നു നിൽക്കുന്നു.

**6. ബുദ്ധിയുടെ വ്യത്യസ്ത തലങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക (Target multiple dimensions of intelligence )**

നേരത്തെ സൂചിപ്പിച്ച ബഹുമുഖ ബുദ്ധിസിദ്ധാന്തങ്ങളെ ക്ലാസ്സന്തരീക്ഷത്തിൽ പരമാവധി പ്രായോഗികമാക്കാൻ ശ്രമിക്കുന്നത് ബുദ്ധിസൗഹൃദ പഠനാന്തരീക്ഷ സൃഷ്ടിക്ക് കാരണമാകും. എല്ലാപാഠങ്ങളും എല്ലാത്തരം ബുദ്ധിതലങ്ങളും ഉപയോഗപ്പെടുത്താവുന്നവയായിരിക്കണമെന്നില്ല. എങ്കിലും കഴിയുന്ന രീതിയിൽ സാന്ദർഭികമായി അവയെ പ്രയോജനപ്പെടുത്താൻ കഴിയുന്നിടത്താണ് ബുദ്ധി സൗഹൃദ പഠനാന്തരീക്ഷത്തിന്റെ പ്രസക്തി. ഉദാഹരണമായി ഭാഷാക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകന് പാഠഭാഗവുമായി ബന്ധപ്പെട്ട് വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ ബുദ്ധിയെ പ്രകടലതലത്തിലേക്ക് എത്തിക്കുവാൻ കഴിയും. കഥ പറയൽ, കവിത ചൊല്ലൽ, നാടകം അഭിനയിക്കൽ, ചിത്രം വരയ്ക്കൽ, ചർച്ചകൾ സംഘടിപ്പിക്കൽ, പ്രസംഗം അവതരിപ്പിക്കൽ, നൃത്തം ചെയ്യൽ എന്നിങ്ങനെ അനേകം പ്രവർത്തനങ്ങൾ ഓരോ കുട്ടിയുടെയും വളർച്ചയെ ത്വരിതപ്പെടുത്തും.

**7. പ്രതിഫലനത്തിലൂടെ പഠനം സംക്രമണ വിധേയമാകുന്നു (Transfer learning through reflection)**

പഠനത്തിന്റെ പ്രതിഫലനാത്മകതലമാണ് യഥാർത്ഥത്തിൽ ബുദ്ധിസൗഹൃദ പഠനാന്തരീക്ഷത്തിന്റെ അടിസ്ഥാനശിലയെന്നു പറയാം. പഠനത്തെ വ്യക്തിപരവും, ഉദ്ദേശ്യപൂർണ്ണവും അർത്ഥവത്തും പ്രസക്തവും ആക്കുകയും ഗ്രഹണം, ഓർമ്മ എന്നിവയ്ക്കായി ശ്രദ്ധ നൽകാൻ തലച്ചോറിനെ പ്രാപ്തമാക്കാനും

ഇത്തരം അന്തരീക്ഷത്തിലൂടെ സാധിക്കും. ആത്മനിരീക്ഷണവും, പ്രതിഫലനാത്മക നിലപാടുകളും സഹകരണാത്മകാന്തരീക്ഷത്തെ പ്രോത്സാഹിപ്പിക്കും. ഇത്തരം സമയങ്ങൾ യഥാർത്ഥത്തിൽ പഠനത്തിന്റെ അർത്ഥതലങ്ങൾ ആഴത്തിലുൾക്കൊള്ളാനുള്ള സമയങ്ങളാണ്. ഉദാഹരണമായി വായനാപ്രതികരണ ജേണലുകൾ, ലേണിംഗ് ലോഗുകൾ, ലാബ് റിപ്പോർട്ടുകൾ, വ്യക്തിപര ഡയറികൾ, പോർട്ട് ഫോളിയോകൾ, സ്വയം നിയന്ത്രിത പഠനത്തിലൂടെ സ്വായത്തമാക്കിയ ജ്ഞാനഗോചരതാ തന്ത്രങ്ങൾ (ആസൂത്രണം, നിരീക്ഷണം, മൂല്യനിർണ്ണയം) എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്ന ചില തന്ത്രങ്ങളാണ്.

### 8. മൂല്യനിർണ്ണയോപാധികളുടെ സന്തുലനാവസ്ഥ (Balance Assessment Measures)

ഏതൊരു പ്രവർത്തനത്തിനും അർത്ഥവത്തായ പ്രതിപുഷ്ടി ആഗ്രഹിക്കുന്ന പ്രകൃതമാണ് മനുഷ്യന്റേത്. പഠനത്തെ ഗൗരവപൂർവ്വം വീക്ഷിക്കുന്ന ഏതൊരാൾക്കും അവഗണിക്കാൻ കഴിയാത്ത ഘടകങ്ങളാണ് പ്രതിപുഷ്ടിയും നിർദേശനങ്ങളും മറ്റും. പരമ്പരാഗതവും ആധുനികവുമായ നിരവധി മൂല്യനിർണ്ണയ മാർഗ്ഗങ്ങൾ ഇത്തരം സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താം. പോർട്ട്ഫോളിയോ മൂല്യനിർണ്ണയം, (പ്രോജക്ട് പോർട്ട് ഫോളിയോ, ഇലക്ട്രോണിക് പോർട്ട് ഫോളിയോ, വീഡിയോ ടേപ്പ് വിശകലനങ്ങൾ ) പഠിതാവിന്റെ വ്യത്യസ്ത പ്രകടനങ്ങളെ മൂല്യനിർണ്ണയം ചെയ്യുക എന്നിവ ഇതിലുൾപ്പെടുന്നു. ബുദ്ധിസൗഹൃദക്ലാസ്സന്തരീക്ഷമെന്നത് യഥാർത്ഥത്തിൽ നന്മയുടെയും, കാര്യക്ഷമമായ ബോധനശാസ്ത്രത്തിന്റെയും കൂട്ടായ്മയാണ്. ക്രിയാത്മക മനസ്സുകളെ സൃഷ്ടിച്ചെടുക്കുവാനുള്ള കലാതന്ത്രമാണ് ഇതിന്റെ കാതൽ എന്നുവേണം പറയുവാൻ.

### മസ്തിഷ്ക്കാനുരൂപപഠനം രൂപകല്പന ചെയ്യുമ്പോൾ (Designing Brain Compatible Learning)

പ്രചോദനാത്മകമായ അന്തരീക്ഷത്തിന്റെ അഭാവവും അവ നിരന്തരമായി ഉപയോഗപ്പെടുത്താത്തതും മസ്തിഷ്കത്തിന്റെ പ്രവർത്തനത്തെ ബാധിച്ചേക്കാം. പേശികൾ നിരന്തരമായ ഉപയോഗത്തിലൂടെ ബലവത്താകുകയും ഉപയോഗിക്കാതിരിക്കുമ്പോൾ ശക്തിക്ഷയം സംഭവിക്കുകയും ചെയ്യാം. ന്യൂറൽ നെറ്റ് വർക്കുകളുടെ കാര്യവും ഇങ്ങനെ തന്നെ. ഏതെങ്കിലുമൊരു ന്യൂറൽ നെറ്റ് വർക്ക് ക്ഷീണിക്കുമ്പോൾ അല്ലെങ്കിൽ ശക്തിക്ഷയം സംഭവിക്കുമ്പോൾ അതിനുള്ളിലെ സെല്ലുകൾ മറ്റ് ഉപയോഗങ്ങൾക്കായി പുനർവിനിയോഗം (Rededicate) ചെയ്യാം. ഇതിനെ ന്യൂറൽ പ്രൂണിംഗ് (Neural Pruning) എന്നാണ് വിളിക്കുക. ഭാഷാസമാർജ്ജനത്തിൽ ഇത്തരം ന്യൂറൽ പ്രൂണിങുകൾ കാണാം. എല്ലാ ശബ്ദങ്ങളും പുറപ്പെടുവിക്കാൻ കഴിയുന്ന കഴിവുമായിട്ടാണ് നാം ഓരോരുത്തരും ജനിക്കുന്നത്. മനുഷ്യൻ സംസാരിക്കുന്ന എല്ലാ വ്യാകരണ ഘടനകളും എല്ലാ ഭാഷകളിലെയും പദസമ്പത്തും അവന് സ്വന്തം. മിക്ക അവസ്ഥകളിലും നാം ഏതെങ്കിലും ഒരു ഭാഷ മാത്രം പഠിക്കുന്നു. ഒരാളുടെ ഭാഷാപ്രയോഗത്തിൽ കാണപ്പെടാത്ത നെറ്റ് വർക്കുകൾ സ്വാഭാവികമായും നിരുപയോഗം കൊണ്ട് ക്ഷയിച്ചു തുടങ്ങുകയും ചില ഘട്ടങ്ങളിൽ എന്നന്നേയ്ക്കുമായി നഷ്ടപ്പെടുകയും ചെയ്യും. 100 ബില്യൻ ന്യൂറോണുകൾ ബ്രയിനിലുണ്ടെന്നും അവയിൽ ഓരോന്നിനും ഡെൻഡ്രൈറ്റിന്റെ രൂപത്തിൽ 20000 ഇണക്കിച്ചേർക്കലുകൾ രൂപപ്പെടുത്താൻ (Connections) കഴിയുമെന്നുമാണ് കണ്ടെത്തൽ.

### മസ്തിഷ്ക്കസൗഹൃദക്ലാസ്സ്മുറികൾ (Brain friendly classrooms)

സിൽവെസ്റ്റർ എന്ന വിദ്യാഭ്യാസ വിദഗ്ധൻ വിശദീകരിക്കുന്നത് ഇങ്ങനെ – ന്യൂറോണുകൾ അവയെ സ്വീകരിക്കാനും ശേഖരിക്കാനും വിവരങ്ങളെ ട്രാൻസ്മിറ്റ് ചെയ്യാനും സഹായിക്കുന്ന ഒരു അന്തരീക്ഷത്തിൽ മാത്രമേ ഉന്നതി (Thrive) പ്രാപിക്കുകയുള്ളൂ എന്നാണ്. അതുകൊണ്ട് അദ്ധ്യാപകർക്കുള്ള വെല്ലുവിളി വളരെ ലളിതമാണ്. നിർവ്വചിക്കുവാനും സൃഷ്ടിക്കുവാനും നിലനിർത്താനും കഴിയുന്നതും വൈകാരികവും ബൗദ്ധികവുമായി പ്രചോദിപ്പിക്കുന്നതുമായ അന്തരീക്ഷത്തെ നിലനിർത്തുക എന്നതു മാത്രമാണത്. ബ്രയിൻ ഫിസിയോളജിയും ന്യൂറൽ നെറ്റ് വർക്കുകളുടെ വികസനവും സംബന്ധിച്ച ഗവേഷണഫലങ്ങൾ വിരൽചൂണ്ടുന്നത് ഉചിതമായ ക്ലാസന്തരീക്ഷ സൃഷ്ടിയുടെ അനുപേക്ഷണീയതലത്തിലേക്കാണ്. ബോധനപഠനപ്രക്രിയയിൽ വൈകാരിക ഘടകങ്ങൾക്കുള്ള സ്ഥാനവും സമ്പന്നമായ ക്ലാസന്തരീക്ഷവും ഇതിന്റെ അടിസ്ഥാനഘടകങ്ങളായി വർത്തിക്കുന്നു. നിഷേധാത്മക വികാരങ്ങൾ പഠനത്തിൽ തടസ്സം സൃഷ്ടിക്കുന്നതുപോലെ ഗുണാത്മക വികാരങ്ങൾ ആജീവനാന്ത പഠനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നു തിരിച്ചറിയുക. വാചികവും അവാചികവുമായ സൂചനകൾ, വൈകാരികബുദ്ധിക്കു നൽകുന്ന പ്രാധാന്യം, വ്യത്യസ്ത ചോദ്യരൂപങ്ങളുടെ പ്രയോഗം, സംഭാഷണങ്ങൾ, പഠനോപകരണങ്ങൾ, പഠനകേന്ദ്രങ്ങൾ എന്നിവ അനുയോജ്യമായ ക്ലാസന്തരീക്ഷസൃഷ്ടിക്ക് ഇണങ്ങുന്ന ഘടകങ്ങളാണ്. സൂക്ഷ്മവും സ്ഥൂലവുമായ നൈപുണികളുടെ ബോധനമാണ്

അടുത്തത്. സഹകരണ-സഹവർത്തിത്വ നൈപുണികൾ, (Cooperative/Collaborative Skills )അക്കാദമിക നൈപുണികൾ, (Academic Skills) പ്രകടന നൈപുണികൾ (Performance Skills) എന്നീ സൂക്ഷ്മ നൈപുണികളും പ്രശ്നപരിഹാര നൈപുണി, (Problem Solving Skills) ആശയ വിനിമയനൈപുണി, (Communication Skills) ഗവേഷണ നൈപുണി, (Research Skills) പ്രകടനനൈപുണികൾ (Performance Skills) എന്നീ സ്ഥൂല നൈപുണികളും ഇതിലുൾപ്പെടുന്നു. മസ്തിഷ്ക്കവും പഠനപ്രക്രിയയും തമ്മിലുള്ള ബന്ധം കണ്ടെത്താൻ ശ്രമിച്ച മസ്തിഷ്ക്ക പഠനഗവേഷകർ ഒരേപോലെ സമ്മതിക്കുന്ന വസ്തുതയാണിത്. ബുദ്ധി സിദ്ധാന്തങ്ങൾ (സ്പിയർമാൻ) ബഹുമുഖ ബുദ്ധിസിദ്ധാന്തം (ഗാർഡ്നർ) സ്റ്റേൺബർഗിന്റെ ബുദ്ധിസിദ്ധാന്തം, വൈകാരികബുദ്ധി (ഗോൾമാൻ), നൈതികബുദ്ധി (കോൾ) ബൗദ്ധിക വർത്തനങ്ങൾ (കോസ്റ്റ) എന്നിവരെല്ലാം ഇതേ ആശയത്തിന് കനത്ത സംഭാവനകൾ നൽകിയവരാണ്. പഠനത്തിൽ സ്വയം ഉത്തരവാദിത്തം വഹിക്കാൻ തല്പരരാക്കി പഠിതാവിനെ മാറ്റിയെടുക്കുന്നതിൽ വലിയ പങ്കാണ് മസ്തിഷ്ക്കാനുരൂപപഠനത്തിന് നിർവ്വഹിക്കാനുള്ളത്. മസ്തിഷ്ക്ക സൗഹൃദസ്ഥലമാണ് ഇത്തരം പഠനത്തിന് ഏറെ അഭികാമ്യം. ചിന്തയ്ക്കു വേണ്ടി, ചിന്തയ്ക്കൊപ്പം, ചിന്തയെക്കുറിച്ചുള്ള പഠനമാണ് യഥാർത്ഥത്തിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ചിന്തിക്കുന്ന, യുക്തിപൂർവ്വം ചിന്തിക്കുന്ന ഒരു തലമുറയായി നമ്മുടെ കുട്ടികളെ വളർത്തിയെടുക്കാം.

## Referencs


1. Promoting Reflective Thinking in Teachers-50 Action Strategies.2nd edition.Germaine L.Taggart and Alfred P. Wilson. Corwin Press. Sage PublicationsThousand Oaks, California
2. Differentiated Instructional Strategies-Gayle & Carolyn
3. Brain Based #qeaching with Adolescent Learning in Mind-Glenda Beamon Crawford.2nd Edition-Corwin press. A Sage Publication Company. Thousand Oaks. 2007.
4. Differentiated instructional strategies-One size doesn't fit all-Gayle Gregory, Carolyn Chapman. 2nd Edition. Corwin Press. 2007.
5. Designing Brain Compatible Learning-Terrance Parry& Gregory.
6. Classrooms of wonder and wisdom-Reading, writing and critical thinking for the 21st century.-Kurtis.S., Meredith and Jeannie. L. Steele.
7. Brain based teaching with adolescent learning in mind-Glenda Beamen Crawford
8. Differentiated instructional Strategies-one size doesn't fit all-Gayle.H.Gregory and Carolyn Chapman
9. Learner centred instruction-Building Relationships for Student success-Jeffrey. H.D. Cornelius-White and Adamp.Harbaugh. Sage Publications.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# എം. മുകുന്ദന്റെ കഥകളിലെ നവചരിത്രസൗന്ദര്യദർശനം



**ഡോ. ഗിഫ്റ്റി എൽസ വർഗീസ്***

**സംഗ്രഹം**

'സൗന്ദര്യദർശനം എന്നുള്ളത് കാഴ്ചക്കാരന്റെ കണ്ണുകളിലാണ്' ഒരു എഴുത്തുകാരന്റെ സൗന്ദര്യദർശനം എന്നുള്ളത് ആ വ്യക്തിയുടെ ചിന്തകളുടെയും ദർശനങ്ങളുടെയും സമന്വയമാണ്. അതിന്റെ പ്രതിഫലനങ്ങൾ സൈദ്ധാന്തികവും സർഗ്ഗാത്മകവുമായ തലങ്ങളിലൂടെ ആയിരിക്കും.

ഫ്രഞ്ച് അധിനിവേശ സംസ്കാരത്തിൽ അമർന്നിരുന്ന മാഹി എന്ന കൊച്ചു ഗ്രാമത്തിന്റെ സൗന്ദര്യദിശയെ വാനോളം ഉയർത്തി മലയാള സാഹിത്യ ചരിത്രത്തിന്റെ പരിണാമദിശയിൽ മാറ്റത്തിന്റെ വഴിവിളക്കായിരുന്നു എം. മുകുന്ദന്റെ കഥകൾ. അസ്തിത്വവാദത്തിന്റെയും, ഏകാന്തതയുടെയും, ആധുനികത, ഉത്തരാധുനികത തുടങ്ങി വ്യത്യ വഴികളിലൂടെയാണ് അദ്ദേഹത്തിന്റെ കഥയും കഥാപാത്രങ്ങളും സഞ്ചരിക്കുന്നത്. അതിനാൽ തന്നെ അദ്ദേഹത്തിന്റെ കഥയും കഥാപാത്രങ്ങളും നിർവചനാതീതമാണ്.

മുകുന്ദന്റെ കഥകളിലെ സൗന്ദര്യദർശനം സ്മൃതികളിലും വിരഹങ്ങളിലും സങ്കീർണ്ണമായ ചിന്താസരണികളിലും ഇഴചേർന്നു കിടക്കുന്നു. മുകുന്ദന്റെ കഥകളിൽ പ്രധാന സ്ഥലങ്ങളായ മാഹിയും, ഡൽഹിയുമെല്ലാം കഥാപാത്രങ്ങളായി പരിണമിക്കുന്നതായി കാണാം. കാലഘട്ടങ്ങൾക്ക് അനുസരിച്ച് ഒറ്റ കൃതി മതിയാവും

**താക്കോൽ വാക്കുകൾ:** സൗന്ദര്യ ദർശനം, സ്വത്വബോധം, ഫ്യൂജ്.

**ആമുഖം**

ലോകചരിത്രത്തിൽ തന്നെ മാറ്റങ്ങളുടെ നൂറ്റാണ്ടായിരുന്നു 20-ാം നൂറ്റാണ്ട്. പരമ്പരാഗത ചിന്താധരണികളെ തകിടം മറിച്ച് വിജ്ഞാന വിസ്ഫോടങ്ങളും, സാമൂഹിക ചലനങ്ങളും ഈ നൂറ്റാണ്ടിന്റെ മാറ്റൊലി കൂട്ടുന്നു. ആധുനിക എഴുത്തുകാരിൽ പ്രമുഖനായ മുകുന്ദൻ ഫ്രഞ്ചധീന മയ്യഴിയിലാണ് ജനിച്ചതെങ്കിലും യൗവനാരംഭത്തിൽ തന്നെ ദൽഹിയിലെത്തിച്ചേരുകയും ഗൃഹാതുരത്വമുറങ്ങുന്ന മയ്യഴി ഗാഥകൾ ദൽഹിയിലിരുന്നാണ് എഴുതിയിട്ടുള്ളതെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നു. കാലഘട്ടങ്ങൾക്കനുസരിച്ച് മുകുന്ദന്റെ കൃതികളിൽ പരിണാമങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. അദ്ദേഹത്തിന്റെ ഏതു കൃതിയേയും

* Assistant Professor, Department of English and Media Studies, St. Xavier's College Thumba, Trivandrum. Mob 9400130014, Email : giftyperayil@gmail.com

പഠനവിധേയമാക്കുകയാണെങ്കിൽ മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യം അത് ആ കാലഘട്ടത്തിന്റെ പ്രതിഫലനങ്ങൾ അവയിൽ കാണാൻ കഴിയുമെന്നതാണ്. ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് അദ്ദേഹത്തിന്റെ കഥകളിലാണ്. ഇരുപത്തിയൊന്നാമത്തെ വയസ്സിൽ വെളിച്ചം കണ്ട അദ്ദേഹത്തിന്റെ ആദ്യകഥയായ "നിരത്തുകളിൽ നിന്നും" അദ്ദേഹം ഒരുപാട് ദൂരം സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. 'എന്റെ ജീവിതത്തെ അതിന്റെ നിരവധി ഭാവങ്ങളിൽ അടയാളപ്പെടുത്തിയത് ഞാനെഴുതിയ ചെറുകഥകളാണെന്നു പറയാം. ഞാനെങ്ങനെ ജീവിച്ചു എന്നറിയണമെങ്കിൽ എന്റെ ചെറുകഥകൾ വായിച്ചാൽ മതി. 'എന്റെ ജീവിതവും കാലവും സർഗ്ഗാത്മകമായി കഥകളിൽ പ്രതിഫലിപ്പിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്' എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നുതന്നെ വായനക്കാരന് എം. മുകുന്ദൻ എന്ന എഴുത്തുകാരന്റെ കാലഘട്ടത്തിന്റെ പ്രത്യേകതകളും, ചരിത്രപ്രാധാന്യവും മനസ്സിലാക്കാൻ സാധിക്കും. 'ന്യൂ ഹിസ്റ്റോറിസ'ത്തിന് ഉദാത്തമായ ഉദാഹരണമാണ് അദ്ദേഹത്തിന്റെ കൃതികൾ. കാലാന്തരങ്ങൾക്കു ശേഷവും നമ്മൾ അത് വായിച്ചാലും ഒരു കാലഘട്ടത്തിന്റെ ചരിത്രവും, പരിണാമവും മനസ്സിലാക്കാൻ മുകുന്ദന്റെ ഒറ്റ കൃതി മതിയാകും.

കെ.പി. അപ്പൻ 'മാറികൊണ്ടിരിക്കുന്ന മാനവിക സദാചാര ചുറ്റുപാടുകളോട് മുകുന്ദന്റെ കഥ പൂർണ്ണമായും ഇണങ്ങിച്ചേരുന്നുവെന്നു സൂചിപ്പിച്ചിട്ടുണ്ട്. അവ ചരിത്രാനുഭവങ്ങളുമായി സ്വയംചേർച്ച വരുത്തുന്നു. മാറിവരുന്ന അറിവിന്റെ കാര്യബോധങ്ങളുമായി സ്വയം പൊരുത്തപ്പെടുന്നു. അങ്ങനെ കഥാകാരൻ സ്വന്തം എഴുത്തിനെ കാലാനുഗുണമാക്കുന്നു.' അനുരൂപീകരണത്തിന്റെ ഈ സിദ്ധിയാണ് മുകുന്ദന്റെ കഥകളെ അതിജീവിക്കുന്ന കഥകളാക്കി മാറ്റുന്നത്.'

മുകുന്ദന്റെ കഥകളിൽ പൊതുവെ കാണുന്ന സവിശേഷത എന്നത് നഗരത്തിലെയും ഗ്രാമത്തിലെയും ജീവിതാവസ്ഥകളുടെയും, സ്വത്വബോധത്തിന്റെയും, അതിജീവനങ്ങളുടെയും സംഘർഷാത്മകതയാണ്. ഗ്രാമാന്തരീക്ഷത്തിന്റെ കഥ പറയുന്ന 'മൗനം' എന്ന കഥയുടെ ആവിഷ്കരണത്തിൽ ഗ്രാമത്തിന്റെ വിവിധ പശ്ചാത്തലങ്ങളിലേക്ക് വായനക്കാരനെ കൊണ്ടുപോകുന്നു. 'തെമ്മാടിയായ കുട്ടി' എന്ന കഥയിൽ കോഴിക്കോടിന്റെ പ്രാദേശികമായ വ്യത്യസ്ഥതലങ്ങളിലൂടെയാണ് കഥവ്യാസം നടത്തുന്നത്. 'കുറ്റിയാലിക്കാർ' എന്നത് ഒരു ദാരിദ്ര്യത്തിന്റെ കഥയാണ്. അടുപ്പത്ത് തീ പുകയുവാൻ ഒരു മാർഗവുമില്ലാതെ പ്രയാസപ്പെടുമ്പോഴും തറവാടിന്റെ മഹിമയെ വിളിച്ചോതുംവിധം മടിശീലയിൽ നിന്നും ചില്ലിക്കാശെടുത്ത് ദാനദർമ്മം നടത്തുന്ന ജീവിതത്തെയാണ് അവിടെ കാണാൻ കഴിയുന്നത്.

'കൃഷിക്കാരൻ' എന്ന കഥയിൽ മാനവികതയുടെ കെട്ടും മട്ടും ഉപേക്ഷിച്ച് കൃഷിക്കാരനായി കാർഷിക വൃത്തിയിൽ മാത്രമായി ജീവിക്കുന്ന ഒരു യുവാവിന്റെ ജീവിതത്തെയാണ് മുകുന്ദൻ ആവിഷ്കരിച്ചിരിക്കുന്നത്. ഇത്തരത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കഥയാണ് 'ആർട്ട് അറ്റാക്ക്' ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്ക് ചേക്കേറുന്ന ഒരു സാധാരണക്കാരനു നാഗരികമായ അവസ്ഥകളോടു ചേർന്നുപോകാൻ കഴിയാതെ ജീവിതം കൈവിട്ടുപോകുന്ന അവസഥകളിലൂടെയാണ് ഈ കഥയുടെ സഞ്ചാരം.

നാഗരികജീവിതത്തിന്റെ സംഘർഷഭരിതമായ അവസ്ഥകളുടെ പ്രതിഫലനമാണ് എം. മുകുന്ദന്റെ കഥകളിലെ മറ്റൊരു സവിശേഷത. മുകുന്ദന്റെ പല കഥകളിലും പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും കടന്നു വരുന്ന നഗരമാണ് 'ഡൽഹി' നഗരത്തിൽ സംഭവിച്ച, സംഭവിക്കുന്ന, സംഭവിച്ചുകൊണ്ടിരിക്കുന്ന പല സംഭവവികാസങ്ങളും മുകുന്ദന്റെ കഥകളിൽ കടന്നുവരുന്നുണ്ട്. ഇതിന് ഉത്തമ ഉദാഹരണങ്ങളാണ് 'മംഗളപത്രം', 'ഡൽഹി 1981', 'റ്റിയൂ ഇൻ വൺ', 'കഥാവശേഷൻ' തുടങ്ങിയ കഥകൾ. ഇതിൽ ഏറ്റവും സവിശേഷമായ കഥയെന്ന് അടയാളപ്പെടുത്തുവാൻ കഴിയുന്ന ഒന്നാണ് 'ഡൽഹി 1981' നഗരത്തിന്റെ തെരുവുകളിൽ അക്രമവും, അതിക്രമവും നടക്കുമ്പോൾ മുറിക്കുള്ളിലിരുന്ന് കാഴ്ചക്കാരായി ആസ്വാദിക്കുന്ന ഒന്നിനോടും പ്രതിബദ്ധതയില്ലാത്ത നഗരജീവിതത്തെയാണ് ഈ കഥയിലൂടെ എം. മുകുന്ദൻ വരച്ചിടുന്നത്.

അസ്തിത്വവാദമാണ് എം. മുകുന്ദന്റെ കഥകളിലെ പ്രധാന സവിശേഷതയായി വിലയിരുത്താൻ കഴിയുന്നത്. 'പ്രഭാതം മുതൽ പ്രഭാതം വരെ', 'ഞാൻ', 'അജ്ഞാതൻ', 'അഞ്ചര വയസ്സുള്ള കുട്ടി', 'രാധ രാധ മാത്രം' തുടങ്ങിയ കഥകളൊക്കെയും മുകുന്ദന്റെ അസ്തിത്വവാദസമീപനത്തിന് ഉത്തമ ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാൻ കഴിയുന്നവയാണ്.

എം. മുകുന്ദന്റെ കഥകളിലെ ഈ മൂന്ന് സവിശേഷതകളെ 'ആർട്ട് അറ്റാക്ക്', 'ഡൽഹി 1981', 'രാധ രാധ മാത്രം' തുടങ്ങിയ കഥകളിലെ സൗന്ദര്യദർശനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

 ISSN No: 3049-0316 

## 'ആർട്ട് അറ്റാക്ക്'

പേരു പോലെതന്നെ കലയ്ക്കു നേരെ കല കൊണ്ടുള്ള ആക്രമണത്തെയാണ് ആർട്ട് അറ്റാക്ക് എന്ന കഥയിലൂടെ മുകുന്ദൻ പറയുന്നത്. ഈ കഥയുടെ കേന്ദ്രകഥാപാത്രമായ ശിവരാമൻ അസ്തിത്വത്തിന്റെ പ്രശ്നങ്ങളിൽ സഞ്ചരിക്കുന്ന മനുഷ്യനാണ്. "ശിവരാമൻ റോഡിന്റെ വെളിച്ചംകുറഞ്ഞ അരികിലൂടെ പതുക്കെ വീട്ടിലേക്ക് നടന്നു"(1) ഇങ്ങനെയാണ് ഈ കഥ ആരംഭിക്കുന്നത്. ഈ തുടക്കം പല തരത്തിലുള്ള അർത്ഥ തലങ്ങൾ വിചിന്തനം ചെയ്യുന്നവയാണ്.

അന്യവൽക്കരണത്തിന്റെയും, അരികുവത്കരണത്തിന്റെയും ശക്തമായ ചിഹ്നമായി മാറുകയാണ് ആദ്യവരികളിൽ തന്നെ ശിവരാമൻ. പുതിയ കാലഘട്ടത്തിലെ കാഴ്ചകളിൽ അദ്ദേഹം അസ്വസ്ഥനാണ്. മാറ്റങ്ങളെ അതിജീവനം ചെയ്യാനുള്ള മാനസികാവസ്ഥ ശിവരാമനില്ല. പുതിയ കാലഘട്ടത്തിൽ പുറംതിരിഞ്ഞ് നിൽക്കുന്ന മനുഷ്യനായിട്ടാണ് ശിവരാമനെ കാണാൻ കഴിയുന്നത്. അയാൾക്കു ചുറ്റും സംഭവിക്കുന്ന സാങ്കേതികമായ മാറ്റങ്ങളെ അയാൾ ഉൾക്കൊള്ളുന്നില്ല. അതിനാൽതന്നെ അയാൾക്ക് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ഫാഷൻ ഷോ ചിത്രീകരിക്കാൻ നിർദ്ദേശം ലഭിക്കുമ്പോൾ കഴിയാതെ പോവുകയും, സ്വന്തമായി സൃഷ്ടിച്ചെടുത്ത ജ്ഞാനനിർമ്മിതിയുടെ ലോകത്ത് ചുരുങ്ങിപ്പോവുകയും ചെയ്യുന്നു.

എന്നാൽ ഈ കഥയിൽ ശിവരാമന് ചുറ്റും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന കഥാപാത്രങ്ങളൊക്കെയും പുതിയ കാലഘട്ടത്തിന്റെ മനുഷ്യരാണ്. പുതിയ കാലഘട്ടത്തിൽ കല കലയെ കമ്പോളവത്കരണത്തിന്റെ ഭാഗമായി കച്ചവടവത്കരണമാക്കിത്തീർന്നപ്പോൾ അതിൽ തന്റെ ഇടം നിലനിർത്താൻ കഴിയാതെ പുറത്തുപോകേണ്ടി വരുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്.

സൗന്ദര്യാത്മകമായി ശിവരാമൻ കണ്ടെത്തിയ പല കാര്യങ്ങളും പതിയെ പതിയെ തന്നിൽ നിന്നും മാഞ്ഞുപോകുന്നു. തന്റെ നിരൂപണത്തിലെ ചിത്രങ്ങൾ മാഞ്ഞുപോകുമ്പോൾ ആകുലപ്പെടുന്ന അയാളോട് എഡിറ്റർ പറയുന്നതിങ്ങനെയാണ് "ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കണ്ടോളും; അതിനായി നമ്മുടെ വിലപ്പെട്ട സ്പെയ്സ് കളയണമെന്നില്ല".(4) അയാളുടെ പ്രധാന മേഖലയായ ചിത്രകലാനിരൂപണം ക്രമേണ ആ പത്രത്തിൽ നിന്നും മാഞ്ഞുപോകുന്നു. അങ്ങനെ അസ്തിത്വം പൂർണ്ണമായി നഷ്ടപ്പെടുകയും അന്യവത്ക്കരണപ്പെടുകയും ചെയ്യുന്നു. ഇവിടെ ചില കാഴ്ചകളുടേയും ചിഹ്നങ്ങളുടേയും വ്യത്യസ്തമായ തലങ്ങൾ ജീവിതാവസ്ഥകൾ കൊണ്ട് വ്യക്തമാക്കിത്തരാൻ ഗ്രന്ഥകാരന് കഴിയുന്നു.

കമ്പ്യൂട്ടറുകളുടെ ഇടയിൽ അസ്വസ്ഥതപടർത്തുന്ന ശിവരാമന്റെ ടൈപ്പ്റൈറ്റർ പുതിയ കാലത്തിന്റെ ഉൾക്കൊള്ളാൻ കഴിയാത്ത ഒരു അടയാളമാണ്. അയാളുടെ ചിത്രകലാനിരൂപണപേജിൽ ഫാഷൻഷോ സ്ഥാനം പിടിക്കുന്നതും അയാളുടെ സ്പേയ്സ് നഷ്ടമാവുന്നതൊക്കെയും അന്യവത്ക്കരിക്കപ്പെടുന്ന ജീവിതങ്ങളുടെ അടയാളമിട്ട് കഥയിൽ കൊണ്ടുവരാൻ മുകുന്ദന് കഴിഞ്ഞിരിക്കുന്നു.

ഫൈൻ ആർട്സ് വിദ്യാർത്ഥിനിയായ മകൾ ആരതി അച്ഛന്റെ ചിത്രമെന്നും പറഞ്ഞ് കാണിക്കുന്ന ചിത്രം അയാൾ തിരിച്ചും മറിച്ചും നോക്കിയിട്ടും സ്വന്തം മുഖം കാണാൻ കഴിയാതെ പോകുന്നു. പുതിയ കാലഘട്ടത്തിൽ മുഖം നഷ്ടമാവുന്ന ജീവിതങ്ങളുടെ ഒരവസ്ഥയെ കാണാൻ കഴിയുന്നതോടൊപ്പം സത്യസന്ധമായ കലാ ജീവിതത്തിൽ പുതിയ കാലഘട്ടത്തിൽ പുത്തൻ കലകളുടെ കടന്നുവരവ് ഇല്ലാതാകുന്ന കലയെ കല കൊണ്ട് ആക്രമിക്കുന്ന ജീവിതത്തിന്റെ വ്യത്യസ്തതകൾ ഈ കഥയിൽ മുകുന്ദൻ അടയാളപ്പെടുത്തുന്നു. കല കലയ്ക്കു വേണ്ടിയാണോ, ജീവിതത്തിനു വേണ്ടിയാണോ എന്നുള്ള വാദപ്രതിവാദങ്ങൾക്ക് ഉത്തരം തേടുകയാണ് ഒരു തരത്തിൽ ഈ കഥ

## ഡൽഹി 1981

ഏറെ ചർച്ച ചെയ്യപ്പെട്ട മുകുന്ദന്റെ കഥകളിൽ ഒന്നാണ് ഡൽഹി 1981. ഏറെ വർഷങ്ങൾക്കുമുമ്പ് എഴുതിയ ആ കഥ ഇന്നത്തെ സമകാലിക അവസ്ഥയോടും ചേർന്നുനിൽക്കുന്നവയാണ്. തെരുവിൽ അക്രമവും അതിക്രമങ്ങളും നടക്കുമ്പോഴും മുറികളിലിരുന്ന് വെറും കാഴ്ചക്കാരായി ആസ്വദിക്കുന്ന മനുഷ്യജീവിതങ്ങളുടെ നേർക്കാഴ്ചയാണ് ഡൽഹി 1981. ഒരു കുടുംബം ആ നഗരത്തിലെ പ്രധാന തെമ്മാടികളായ രഘുവീറും, നാനക് ചന്ദും ആക്രമിക്കപ്പെടുമ്പോൾ രാജീന്ദർ പാണ്ഡെയും, കിഷോർ ലാലും ഒരു സിനിമ പോലെ ആസ്വദിക്കുകയാണ് ആ നിമിഷങ്ങൾ.

അവിടെ രക്ഷകനായി ഒരാൾ എത്തുമ്പോൾ അയാൾ രസച്ചരട് മുറിക്കുമെന്നാണ് അവർ ചിന്തിക്കുന്നത്. എന്നാൽ ആ മധ്യവയസ്കന് നിസ്സാരനായി തെന്നി മാറേണ്ടിവരുന്നു. ആ സ്ത്രീ തെരുവിൽ പീഡനത്തിന് ഇരയാവുമ്പോൾ 'വെരി ഇൻടസ്റ്റിംഗ്' എന്ന് പറഞ്ഞ് ഒരു ഈസ്റ്റ്മാൻ സിനിമാ സ്കോപ്പുപോലെ അവർ നോക്കി നോക്കിനിൽക്കുകയാണ്. ഇവരിൽ ആരാണ് ആദ്യം പീഡിപ്പിക്കുകയെന്ന ആകാംക്ഷ മാത്രമായിരുന്നു അവരെ ആകുലപ്പെടുത്തിയിരുന്നത്.

ഇവിടെ ഡൽഹി ഒരു പ്രതീകമാണ്. എല്ലാ നഗരങ്ങളിലും കാഴ്ചക്കാരായി മാത്രം മാറുന്ന നാഗരിക ജീവിതങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. എല്ലാ കാഴ്ചകളേയും ഒപ്പിയെടുക്കുന്ന പുതിയ കാലഘട്ടത്തിന്റെ മൊബൈൽ ക്യാമറകൾ ഇന്നത്തെ കാലഘട്ടവുമായി ചേർത്തുനിർത്തി നോവലിനെ വായിക്കാം.

1981 ഉം 2018 ഉം തമ്മിൽ മാനുഷികമായി ഒരു മാറ്റവും സംഭവിച്ചിട്ടില്ല എന്ന് ഇന്ത്യയിലെ തന്നെ സമകാലിക സംഭവവികാസങ്ങൾ നമുക്ക് ബോധ്യപ്പെടുത്തി തരികയാണ്. അതിനാൽ എം. മുകുന്ദന്റെ കാലത്തിനു മുമ്പേ സംഭവിച്ച കഥയായി ഈ കഥയെ വിശേഷിപ്പിക്കാം. സമകാലിക ലോകത്തിൽ പുതിയകാല മനുഷ്യർ ഒന്നിനോടും പ്രതിബദ്ധതയില്ലാതെ എന്തിനോ വേണ്ടി പായുകയാണ്. ഡൽഹിയുടെ രാജവീഥികളിൽ പണ്ട് വാൾതലപ്പുകൾ ശീൽക്കാരം മുഴക്കിയത് പറങ്കീസുകാരിൽ നിന്നും പരദേശികളിൽ നിന്നും നാടിനെ രക്ഷിക്കാനായിരുന്നു. പക്ഷേ ഇന്നവിടെ പിച്ചിച്ചീന്തിയെറിയുന്ന ജീവിതങ്ങളെയാണ് കാണാൻ കഴിയുന്നത്.

മൊബൈൽ ഫോണുകളുടെ ചെറിയ ബട്ടനുകളിൽ വലിയ വിരലുകളമർത്തി അഭയാർത്ഥിലോകത്തിൽ ജീവിച്ച് തലച്ചോറ് വലുതാവുകയും, മനസ്സുകൾ ചുരുങ്ങിപ്പോവുകയും ചെയ്യുന്ന പുതിയ കാലഘട്ടത്തിൽ ഡൽഹി 1981 പരിണാമങ്ങൾക്ക് വിധേയമാകാതെ ജീവിതത്തിന്റെ യാഥാർത്ഥ്യതലങ്ങളെ കൃത്യമായി അടയാളപ്പെടുത്തുകയാണ്.

**രാധ രാധ മാത്രം**

അസ്തിത്വബോധം മലയാള സാഹിത്യത്തിൽ ശബ്ദമായി ഉപയോഗപ്പെടുത്തിയ എഴുത്തുകാരനാണ് എം. മുകുന്ദൻ. അദ്ദേഹത്തിന്റെ 'രാധ രാധ മാത്രം' എന്ന കഥ മലയാളസാഹിത്യത്തിലെ എക്കാലത്തെയും മികച്ച കഥകളിൽ ഒരു കഥയാണ്. അസ്തിത്വബോധത്തിന്റെയും മനഃശാസ്ത്രത്തിന്റെയും തലങ്ങളിലൂടെ സഞ്ചരിക്കുന്ന ഈ കഥ സൗന്ദര്യദർശനങ്ങളുടെ വ്യത്യസ്ത മാനസികവ്യാപാരം അനുവാചകരിൽ സൃഷ്ടിക്കുവാൻ കഴിയുന്ന ഒന്നാണ്. ഒരു ദിവസം കോളേജ് വിട്ടു വരുന്ന രാധയെ ആരും തിരിച്ചറിയുന്നില്ല. കാമുകനും, അച്ഛനും അമ്മയും നീയാരാണ് എന്നാണ് ചോദിക്കുന്നത്. എല്ലാവരോടും അവൾ പറയുന്നു ഞാൻ രാധയാണ്, രാധ മാത്രമാണെന്ന്. പക്ഷേ ആരും അത് തിരിച്ചറിയുന്നില്ല. മനുഷ്യരും, സമുദ്രവും, കാറ്റും, ആകാശവും, ഭൂമിയും ഒരുപോലെ പറഞ്ഞുകൊണ്ടിരുന്നു. 'നീ രാധയല്ല, നിന്നെ ഞങ്ങൾക്ക് അറിയില്ല' എന്ന് അപ്പോഴും അവൾ ആവർത്തിച്ചുകൊണ്ടിരുന്നു. 'ഞാൻ രാധയാണ്, രാധ മാത്രമാണെന്ന്'.(4) ഒരിക്കൽ നമ്മുടെ സ്വത്വം നഷ്ടപ്പെടുകയാണ്. എന്നാണ് നമ്മുടെ അവസ്ഥ ആരും തരിച്ചറിയപ്പെടാൻ കഴിയാത്ത ഈ ലോകത്ത് എങ്ങനെ ജീവിക്കും എന്ന ചിന്തയാണ് ഈ കഥയെന്ന് പ്രഥമദൃഷ്ടിയിൽ നമുക്ക് തോന്നിയിരിക്കാം. എന്നാൽ കുറേക്കൂടി മാനസികമായി സമീപിച്ചാൽ നമുക്ക് വ്യക്തമാകുന്ന കാര്യം മറ്റുള്ളവർക്കാണ് രാധയെ തിരിച്ചറിയാൻ കഴിയാതെ പോകുന്നത്.

രാധ എല്ലാവരേയും തിരിച്ചറിയുക തന്നെയാണ്. ഫ്യൂജ് എന്ന ഒരു മാനസിക അവസ്ഥയുണ്ട്. അതായത് ഒരാളുടെ സ്വത്വം നഷ്ടപ്പെട്ട് മറ്റൊരിടത്ത് എത്തിച്ചേരുന്ന അവസ്ഥയാണ്. പക്ഷേ ഈ കഥയിൽ സ്വത്വം നഷ്ടപ്പെടുന്നത് ഒരു വ്യക്തിക്കല്ല. മറിച്ച് ഒരു സമൂഹത്തിനാണ്. അത്തരത്തിലുള്ള ഒരു ചിന്തയാണ് മുകുന്ദൻ ആ കഥകളിലൂടെ പങ്കുവെയ്ക്കുന്നത്. സ്വത്വബോധം നഷ്ടപ്പെട്ട ഒരു സമൂഹത്തിൽ ആരും തിരിച്ചറിയപ്പെടാതെ പോകുന്ന മനുഷ്യന്റെ ആകുലതകളിലൂടെയും, വ്യാകുലതകളിലൂടെയുമാണ് ഈ കഥ സഞ്ചരിക്കുന്നത്.

സ്വത്വബോധത്തിന്റെ ഓർത്തെടുക്കേണ്ടതിന്റെ പലതരം കാഴ്ചകളും, ചിന്തകളും രാധയുടെ മനസ്സിൽ കടന്നുപോകുന്നുണ്ട്. കാമുകനായ സുരേഷിനെ കാണുമ്പോൾ, അവർ ഒരുമിച്ച് കടൽക്കരയിലൂടെ ഉപ്പിന്റെ ഗന്ധമുള്ള കാറ്റേറ്റ്, കക്കകൾ ചിതറിക്കിടക്കുന്ന പൂഴിയുടെ മുകളിലൂടെ നടന്നുപോയത് ഓർമ്മിക്കുന്നു. എന്നാൽ സുരേഷിന്റെ ഓർമ്മയിൽ ഇതൊന്നുമില്ല. 'നീ ഏതാണ് കുട്ടി' എന്നാണ് അയാൾ ചോദിക്കുന്നത്.

അച്ഛനും അമ്മയും തിരിച്ചറിയാതെ നിൽക്കുമ്പോൾ കഴിഞ്ഞ 18 കൊല്ലത്തെ ഓർമ്മകൾ അവളുടെ മനസ്സിൽ മിന്നിമാഞ്ഞുപോകുന്നു. അമ്മ പൊതിഞ്ഞുകെട്ടിത്തന്നതും, അച്ഛൻ എഴുത്തിനിരുത്തിയതും ഞായറാഴ്ചകളിൽ സിനിമ കാണാൻ കൊണ്ടുപോയതുമൊക്കെ ഒരു ദൃശ്യം പോലെ അവളുടെ ചിന്തകളിൽ വരുന്നു.

ഇതൊക്കെ പറയുമ്പോഴും നീ നന്നായി കെട്ടുകഥകൾ ഉണ്ടാക്കി പറയുന്നു എന്നാണ് അവർ പറയുന്നത്. ഇത്തരത്തിൽ ഒരു സമൂഹത്തിന്റെ സ്വത്വബോധം പൂർണ്ണമായി നഷ്ടപ്പെടുകയും അവിടെ തനിച്ചാക്കപ്പെടുകയും ചെയ്യുന്ന പെൺകുട്ടികളുടെ മാനസികസംഘർഷങ്ങളാണ് രാധ

## ഉപസംഹാരം

മലയാളസാഹിത്യത്തിൽ ആഖ്യാനപരമായി, പ്രമേയപരമായി പരീക്ഷണങ്ങൾ നടത്തിയ എഴുത്തുകാരിൽ മുകുന്ദനെപ്പോലെ മറ്റൊരാളില്ല എന്നുതന്നെ പറയാം. അത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് അദ്ദേഹത്തിന്റെ കഥകളിലാണ്. ഓരോ കഥകളേയും വ്യത്യസ്തങ്ങളായ തലങ്ങളിലൂടെ പഠിക്കാനും സമീപിക്കാനും കഴിയും. സൗന്ദര്യദർശനം മുകുന്ദന്റെ കഥകളിൽ ഏതെല്ലാം തരത്തിലാണ് സ്വാധീനിച്ചിരിക്കുന്നതെന്ന് നിരവധി കഥകൾ ഉണ്ട്. എങ്കിലും അദ്ദേഹത്തിന്റെ കഥകളിലെ പ്രധാന സവിശേഷതകളായ ഗ്രാമനഗരങ്ങളുടെ ജീവിതാവസ്ഥകളും അസ്തിത്വവാദത്തിന്റെ പ്രതിഫലനങ്ങളും നിറഞ്ഞുനിൽക്കുന്ന മൂന്ന് കഥകളിലൂടെയാണ് ഇത് കൂടുതൽ വ്യക്തമാക്കാൻ ശ്രമിച്ചിരിക്കുന്നത്.

സാമൂഹികമായ അനീതിക്കും, അക്രമങ്ങൾക്കും, അസമത്വത്തിനും ജീർണ്ണതകൾക്കുമിടയിൽ വ്യക്തി നേരിടുന്ന പ്രശ്നങ്ങളോട് ആഭിമുഖ്യം പുലർത്തിയ മുകുന്ദന്റെ കൃതികളിൽ സമൂഹത്തേക്കാൾ വ്യക്തികളേ ഉള്ളൂ. ലക്ഷ്യബോധം നഷ്ടപ്പെട്ട ആധുനിക ജനതയുടെ ജീവിത സമീപനമാണ് മുകുന്ദന്റെ കഥകളിൽ കാണാൻ സാധിക്കുന്നത്.

ഈ മൂന്ന് കഥകളും, മൂന്ന് കാലഘട്ടത്തിന്റെ ചരിത്രം കൃത്യമായി അടയാളപ്പെടുത്തുകയാണ്. എന്നാൽ അവ പുതുവായനകൾക്കു വിധേയമാക്കിയാൽ ഈ സമകാലീനകാലത്തിൽ ചേർന്നുപോകുന്നവയാണ് അദ്ദേഹത്തിന്റെ കഥകളെന്ന് വ്യക്തമാകും, അത്തരത്തിൽ സമകാലികകാഴ്ചകളെ ദീർഘവീക്ഷണത്തോടുകൂടി കാലഘട്ടത്തിനുമുമ്പേ തന്നെ കഥകളിൽ അടയാളപ്പെടുത്താൻ കഴിയുന്നവയാണ് എം. മുകുന്ദന്റെ കഥകൾ.

## സഹായ ഗ്രന്ഥങ്ങൾ

1. മുകുന്ദൻ. എം കഥയുടെ തീരങ്ങളിൽ, മലയാള മനോരമ വാർഷിക പതിപ്പ്, ഡി.സി ബുക്സ്, കോട്ടയം, (പുറം.11), 1999
2. മുകുന്ദൻ. എം മുകുന്ദന്റെ കഥകൾ സമ്പൂർണ്ണം, ഡി.സി ബുക്സ്, കോട്ടയം (പുറം 7, 693, 290), 2012
3. രവികുമാർ കെ.എസ് ഡൽഹി 1981, ദർശനവപം വിവേചനവും ഗ്രന്ഥലോകം പുറം 17, 18), 2005
4. http://schoolvidyarangam.blogspot.com/2011/06/blog-post-23.html
5. http://malayalamclass10.blogspot.com/p/an.html
6. മുകുന്ദൻ. എം, ദൽഹി, ഡി.സി. ബുക്സ്, 1998
7. മുകുന്ദൻ. എം, എന്റെ പ്രിയപ്പെട്ട കഥകൾ, ഡി.സി. ബുക്സ്, 2014, കോട്ടയം

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# രാഷ്ട്രീയ അബോധം സാഹിതീയാഖ്യാനങ്ങളിൽ: അശോകൻ ചെരുവിലിന്റെ ചെറുകഥയെ മുൻനിർത്തിയുള്ള പഠനം



**ഡോ. ജെൻസി കെ.എ.***

**ആമുഖം**

കലയിലെയും അനുഭൂതി ലോകത്തിലെയും ചരിത്രബന്ധങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി അമേരിക്കൻ സൈദ്ധാന്തികനായ ഫ്രെഡറിക് ജെയിംസൺ ആവിഷ്കരിച്ച സങ്കൽപ്പനമാണ് രാഷ്ട്രീയ അബോധം (Political unconscious). അദ്ദേഹത്തിന്റെ സൈദ്ധാന്തിക വിചാരങ്ങളുടെ പശ്ചാത്തലഭൂമിക മാർക്സിസത്തിന്റേതാണ്. ചരിത്രത്തിന്റെ വൈവിധ്യമാർന്ന ആഖ്യാന തലങ്ങളെയാണ് ഈ ആശയം അഭിസംബോധന ചെയ്യുന്നത്. രാഷ്ട്രീയ ചരിത്രം, സാമൂഹ്യ ചരിത്രം, വ്യവസ്ഥാപിത ചരിത്രം എന്നിങ്ങനെ നിലനിൽക്കുന്ന ബന്ധശൃംഖലയെ പാഠങ്ങളിൽ നിന്ന് നിർദ്ധാരണം ചെയ്യെടുക്കുന്നതിന് ഉതകുന്ന ഒരു വിശകലന രീതിയാണിത്. സാഹിതീയാഖ്യാനങ്ങളുടെ പശ്ചാത്തലത്തിൽ ഈ സിദ്ധാന്തത്തെ വിശകലനം ചെയ്യുക എന്ന ലക്ഷ്യമാണ് ഈ പ്രബന്ധത്തിനുള്ളത്.അശോകൻ ചെരുവിന്റെ ഫാസിസത്തിനെതിരെ ഒരു നാടകം എന്ന കഥയെ മുൻനിർത്തിക്കൊണ്ട് രാഷ്ട്രീയ അബോധം എങ്ങനെയാണ് ആ കഥയിൽ പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്താനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്.

**താക്കോൽ വാക്കുകൾ:** രാഷ്ട്രീയ അബോധം, ഫാസിസം

ഭൂതകാലത്തെയും ഭൂതാഖ്യാനങ്ങളെയും പുതുക്കിപ്പണിയുന്ന നിരന്തര പ്രക്രിയയുടെ ഭാഗമായുള്ള അന്വേഷണങ്ങളാണ് സമകാലിക കഥയിൽ നിരന്തരം പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്. ചരിത്രത്തെയും സംസ്കാരത്തെയും ഉത്പാദനരീതി ബന്ധങ്ങളെയും മുഖാമുഖം നിർത്തിക്കൊണ്ട് വിശകലനം ചെയ്യുന്ന പദ്ധതിയാണ് ജെയിംസൺ വിഭാവനം ചെയ്ത രാഷ്ട്രീയ അബോധം. ഇതിൽ ഉൽപാദന രീതി എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് ബഹുമുഖമായ സാമൂഹ്യബലങ്ങൾക്കുമേൽ അധീശത്വം പ്രഖ്യാപിക്കുന്ന അധികാരത്തെയാണ്. പാഠത്തിന്റെ ഉള്ളിൽ നിന്നും കണ്ടെടുക്കാൻ കഴിയുന്ന ബന്ധനിർമ്മിതിയിലേക്കും, ചരിത്രത്തിലേക്കും വഴി തുറന്നു തരുന്ന സൂക്ഷ്മ സന്ദർഭങ്ങളിലേക്ക്,സങ്കീർണ്ണമായ സാമൂഹിക ബലങ്ങളുടെ ഇടയിൽ നിന്നും ഇഴപിരിച്ചെടുക്കുന്ന സവിശേഷ നിർമ്മിതിയിലേക്ക് ശ്രദ്ധ പതിപ്പിക്കുന്ന രീതിയാണ്

* Head and Asst professor, Dept of Malayalam, St Josephs College Autonomous, Irinjalakuda
Mob 9995619278. Email:jencyka@stjosephs.edu.in

 ISSN No: 3049-0316


രാഷ്ട്രീയ അബോധത്തിൽ ഉള്ളത്.ഈ ചരിത്രവൽക്കരണത്തിനുള്ള ശ്രമങ്ങൾ അടിസ്ഥാനപരമായി സംസ്കാരം എന്ന പ്രമേയം മേഖലയിലേക്ക് നമ്മെക്കൊണ്ട് എത്തിക്കുകയും സംസ്കാര വിചാരത്തിന്റെ അടിസ്ഥാനമായ സാമൂഹ്യ സന്ദർഭത്തെ ഒരു പ്രശ്നപരിസരം എന്ന നിലയിൽ പ്രയോജനപ്പെടുത്തുക കൂടിയുമാണ് ചെയ്യുന്നത് «പ്രമാണം (doctrine)എന്നതിൽ നിന്ന്പ്രശ്നം (Problem)എന്ന നിലയിലേക്ക് മാർക്സിസ്റ്റ് സംസ്കാരവിചാരത്തെ പുനഃപ്രതിഷ്ഠിച്ചു കൊണ്ടാണ് അടിത്തറ മേൽപ്പുര സങ്കൽപ്പത്തെ ജയിംസൺ ഏറ്റെടുക്കുന്നത് "(ദമിതം :59) സംസ്കാരത്തിന്റെ ഈ വിശാല ഭൂമിക സാഹിത്യം എന്തിന്റെ പ്രതിനിധാനം ആകുന്നു എന്ന ചർച്ചയിലേക്ക് നമ്മെക്കൊണ്ട് എത്തിക്കുന്നു.സമകാലിക സമൂഹത്തെ നിർണയിക്കുന്ന രൂപങ്ങളും ഘടനകളും അനുഭവനിഷ്ഠമായ വിശകലനത്തിന് ഉപയോഗപ്പെടുത്താവുന്ന വിധം ലഭ്യമാക്കാനുള്ള ഒരു ഉപാധിയായി സാഹിത്യത്തെ മാറ്റുകയും ചെയ്യുന്നുണ്ട്. അങ്ങനെ സംസ്കാരം, രാഷ്ട്രീയം, പ്രത്യയശാസ്ത്രം, നിയമം, സാമ്പത്തികം തുടങ്ങിയ ഘടകങ്ങളെ ഉൾക്കൊണ്ട് നിൽക്കുന്ന രാഷ്ട്രീയ അബോധത്തിന്റെ സമഗ്ര ഘടന അശോകൻ ചെരുവിലിന്റെ ഫാസിസത്തിനെതിരെ ഒരു നാടകം എന്ന കഥയിൽ നിലനില്ക്കുന്നതെങ്ങനെയെന്ന് നോക്കാം.

### കഥാഘടനയും ആഖ്യാനതലവും

തൃപ്രയാർ നടക്കലേക്കുള്ള ചിഞ്ചുമോൾ ബസ്സിന്റെ ആദ്യത്തെ ട്രിപ്പ് കോർപ്പറേഷൻ ഓഫീസിന്റെ മുന്നിൽ നിന്ന് ഏഴ് നാല്പത്തിയഞ്ചിന് പുറപ്പെടുമ്പോൾ സെക്യൂരിറ്റി ഡ്യൂട്ടി കഴിഞ്ഞ് ക്ഷീണിതനായി ബസ്സിന്റെ അവസാനത്തെ നീളം സീറ്റിൽ ഇരുപ്പുറപ്പിക്കുന്ന ദിനകരേട്ടന്റെ ചിത്രത്തിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ബസ് വരെ കൂടെ വന്ന ഗോപാലൻ ഇപ്പോൾ കുഴപ്പമൊന്നും ഇല്ലല്ലോ? മുഖത്ത് വേദന തോന്നുന്നുണ്ടെങ്കിൽ ഡോക്ടറെ കാണിക്കാൻ മടിക്കരുത് എന്ന ഒരു ചെറിയ സ്നേഹശാസന നൽകിക്കൊണ്ടാണ് തിരിച്ചു പോകുന്നത്. കഥാനായകന് കാട്ടൂർക്കാണ് പോകേണ്ടത്. "ടെമ്പോ പോലിരിക്കുന്ന ചിഞ്ചുമോൾ ബസ് കണ്ടശാങ്കടവിൽ നിന്നുതിരിഞ്ഞ് മാങ്ങാട്ടുകര, പടിയം മുത്തപ്പൻ പടി, കാദർ സെന്റർ, കൊള്ളുപീഡിയ, മുറ്റിച്ചൂർ ചെമ്മാപ്പള്ളി തുടങ്ങിയ ഉൾനാട്ടുകളിലൂടെ ചുറ്റി പോകുന്നുണ്ട്. സെക്യൂരിറ്റി പണിക്കാർ ആയിരിക്കും ആദ്യ ട്രിപ്പിൽ കൂടുതലായി ഉണ്ടായിരിക്കുക. ഈ സെക്യൂരിറ്റി പണിക്കാരെല്ലാം പഴയ ചെത്തുതൊഴിലാളികളാണ് എന്ന് പറയുമ്പോൾ അന്തിക്കാട്ട് ചെത്ത് തൊഴിലാളികളുടെ ചരിത്രം നാം അറിയാതെ ഓർത്തുപോകും. മുഖത്തിന് താഴെ വേദന തോന്നുന്നുണ്ടെങ്കിലും ആ വേദന മറക്കുവാനുള്ള ശ്രമത്തെ കുറിച്ചാണ് ദിനകരൻ ആലോചിക്കുന്നത്. ഭാര്യ ജയന്തി ഇതുകണ്ടാൽ പരിഭ്രമിക്കുമെന്നും അവൾ അയൽക്കാരെയൊക്കെ അറിയിക്കുകയും അയൽക്കാരൊക്കെ തന്നോട് ഇതെങ്ങനെ പറ്റിയെന്ന് ചോദിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് അയാൾ ആശങ്കപ്പെട്ടു. തന്റെ വേദനയെ ആരുമറിയാതെ സൂക്ഷിക്കുന്ന പഴയ തലമുറയുടെ ഒരു ചിത്രം അപ്പോൾ നമ്മുടെ മനസ്സിലേക്ക് കടന്നുവരും. തളർന്നുകിടക്കുന്ന അച്ഛൻ വിഷമിക്കും എന്നുള്ളതും പുറത്തറിയാതെ വേദന സഹിക്കാനുള്ള ആഖ്യാതാവിന്റെ ശ്രമത്തെ വർദ്ധിപ്പിക്കുകയാണ്. എന്നാൽ പഴയ ചെത്തുതൊഴിലാളിയുടെ വീര്യം കെട്ടുപോയ കഥകൂടി പുറംലോകമറിയുമല്ലോ എന്നുകൂടി അയാൾ ഓർത്തു കാണണം. എങ്ങനെയാണ് ദിനാകരേട്ടന്റെ കണ്ണിൽ ഇത്രയും വലിയ വേദന വന്നുചേർന്നത്?

“കഴിഞ്ഞ രാത്രിയെക്കുറിച്ച് ഓർക്കാൻ ശ്രമിച്ചു. മറ്റൊരു നാടകം പോലെയാണ് അത് മനസ്സിലേക്കു വരുന്നത്, ഒരുകാര്യം ഉറപ്പായി. അപ്രതീക്ഷിതമായി ഒരാൾ വന്ന് മുഖമടച്ചടിക്കുമ്പോൾ ഷോക്കേൽക്കുന്ന പോലെയാണ് നിങ്ങൾക്കനുഭവപ്പെടുക. ഒരു നിമിഷത്തേക്ക് കാഴ്ചയും ബോധവും ഇല്ലാതാവും. ബോധം തിരിച്ചുകിട്ടിയപ്പോൾ ശകാരങ്ങൾ കേട്ടുതുടങ്ങി: യൂണിഫോമിട്ട ഫാസിസ്റ്റ്, എന്ന അലർച്ചയാണ് ആദ്യം കേട്ടത്.

ആരെടാ നിന്നോട് വാതിലടയ്ക്കാൻ പറഞ്ഞത്? കോർട്ട് തിയേറ്ററിൽ അന്നത്തെ നാടകം പതിവിലേറെ നീണ്ടതായിരുന്നു. കഴിഞ്ഞപ്പോൾ പതിനൊന്നുമണി ആയിക്കാണണം. ഓഡിയൻസ് ഒഴിഞ്ഞതോടെ ഞാനും ഗോപാലനും ഹാൾ പരിശോധിച്ച് വാതിലുകൾ അടയ്ക്കാൻ തുടങ്ങിയിരുന്നു. ആ സമയത്താണ് അയാൾ പാഞ്ഞുവന്നതും മുഖത്തടിച്ചതും: അകത്തു വ്യഭിചാരം നടക്കുന്നുണ്ടോടാ നായേ, വാതിലടയ്ക്കാൻ? (മാതൃഭൂമി:53)

കാവിമുണ്ടും ടീഷർട്ടും ധരിച്ച് ധാരാളം നരവച്ച എന്നാൽ അധികം പ്രായമില്ലാത്ത ഒരാളാണ് പെട്ടെന്ന് ഇങ്ങനെ ചെയ്തത്. ആ അലർച്ച ചെവിയിൽ ഇപ്പോഴും കേൾക്കുകയാണ്. ഇടയിൽ നിന്ന് ഒരു സ്ത്രീ മുന്നോട്ടുവന്ന് സെക്യൂരിറ്റിക്കാർ മര്യാദയ്ക്കു പെരുമാറണം എന്നും പറഞ്ഞ് ആക്രോശിക്കുകയുണ്ടായി.

ഫാസിസത്തിനെതിരെ പ്രതികരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ നാടകമാണത്രേ. അതിന്റെ ഡയറക്ടറായ ദേവനാരായണൻ ബനാറസ് യൂണിവേഴ്സിറ്റിയിലെ പെർഫോമൻസ് ഡിപ്പാർട്ട്മെന്റ് ചീഫ് ആണ്.

ISSN No: 3049-0316


അദ്ദേഹത്തിന്റെ കയ്യിൽനിന്ന് ഒരു അടി കിട്ടിയത് പോലും ഭാഗ്യമായി കരുതണം എന്നാണ് ആ സ്ത്രീ പറഞ്ഞത്. ഡ്രാമ കഴിഞ്ഞ് അരമണിക്കൂറേ ആയിട്ടുള്ളൂ. അപ്പോഴേക്കും എന്തിനാണ് സെക്യൂരിറ്റി, ഡോർ ക്ലോസ് ചെയ്തത് എന്നാണ് അവരുടെ ചോദ്യം. ഇന്ന രാത്രി മുഴുവൻ നാടകം വിജയിച്ചതിന്റെ സെലിബ്രേഷൻ നടക്കുകയാണ്.

ഒരാൾ പറയുന്നതുമാത്രം അനുസരിക്കേണ്ടുന്ന ഏകാധിപത്യ സ്വഭാവമുള്ള ഒരു രീതിയിലേക്ക് വ്യക്തമാക്കി വ്യക്തികളെ മാറ്റിയെടുക്കുന്ന പ്രവർത്തനമാണ് ഫാസിസം വിഭാവനം ചെയ്യുന്നത് എന്നാൽ ഫാസിസത്തിന് എതിരെ പ്രവർത്തിക്കുന്നത് എന്നുപറയുന്ന ആ നാടകത്തിന്റെ അണിയറ പ്രവർത്തകരിൽ നിന്നാണ് ശക്തമായ രീതിയിൽ മുഖത്ത് അടി കിട്ടിയിരിക്കുന്നത്. എന്നാൽ പഴയ മാർക്സിസ്റ്റ് ആയ ദിനകരേട്ടൻ വരാന്തയിലെ ചുമരിൽചാരി അങ്ങനെതന്നെ നിൽക്കുകയാണ്. അടിച്ചാൽ തിരിച്ചടിക്കുന്ന കാലം കഴിഞ്ഞു എന്ന് അയാൾക്ക് ബോധ്യപ്പെടുകയാണ്. അയാൾ പഴയ ചെത്തുതൊഴിലാളിയാണ്. ഓരോ തെങ്ങ് ചെത്തി ഇറങ്ങി വരുംതോറും കാലിന് ബലം കൂടിവരികയായിരുന്നു. അയാൾക്ക് പണ്ട് ലോകത്തെ മുഴുവൻ നേരെ ആക്കണമെന്ന് ആദർശം.. വടക്കുമുറിയിലെ ശാഖയുടെ ഉത്സവം എഴുന്നള്ളിച്ചുകൊണ്ടുവരുമ്പോൾ പെരിങ്ങോട്ടുകരയിൽ അടികലശൽ ഉറപ്പാണ്. കള്ള് കുടിച്ചാൽ എന്തുകണ്ടാലും അനീതിയായി തോന്നി പ്രതികരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

"നിന്റെ അളിയൻ പോലീസ് ആണെങ്കിൽ ഞാൻ ചെത്തുകാരനാണ്. ചെത്ത്കത്തിയാണ് എന്റെ പണിയായുധം. അരിയും ഞാൻ" (മാതൃഭൂമി: 54)

ഒരുകാലത്ത് ദിനകരന്റെ ആദർശം അതായിരുന്നു. എന്നാൽ ചെത്തു പണിയില്ലാതായി. വിദേശ മദ്യഷാപ്പുകൾ വന്നു. സെക്യൂരിറ്റിയായി റിപ്പോർട്ട് ചെയ്ത സമയത്ത് മേജർ സാർ വരിനിർത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. അനുസരണയാണ് ഒരു സെക്യൂരിറ്റി പണിക്കാരന്റെ ഏറ്റവും വലിയ ഗുണം. പിന്നെ വിനയം നോക്കി വർത്തമാനം പറയാൻ കഴിയണം. ഉടമകളും കസ്റ്റമേഴ്സുംഎന്തുപറഞ്ഞാലും പറയരുത്. ഓക്കേന്നും യെസ്സാർ എന്നും പറയണം. സെക്യൂരിറ്റിയുടെ മലയാളം കാവൽക്കാരൻ എന്നാണ്. ഒരു കാവൽനായ ""കൊരക്ക്യ വാലാട്ടു" അത്തരം കാര്യങ്ങളേ ചെയ്യാറുള്ളൂ. അതുപോലെ തന്നെ മതി. സംഘടിക്കാൻ ഒരു യൂണിഫോം ആണ് ഏറ്റവും നല്ലത് എന്നുപറഞ്ഞ് സെക്യൂരിറ്റിയുടെ യൂണിഫോം അണിഞ്ഞെത്തുന്ന ദിനകരേട്ടൻ യൂണിഫോമിനാൽ തന്നെ ആക്രമിക്കപ്പെടുകയാണ്. അതിട്ടാൽ കായ്കറി കണ്ടത്തിലെ കോലം പോലെയാണ് അയാൾക്ക് പണ്ടേ തോന്നാറുള്ളത്.

ഒരുകാലത്ത് നാടകം എന്നുപറയുന്നത് പ്രതികരിക്കാനുള്ള ഏറ്റവും വലിയ ഉപാധിയായിരുന്നു. അതുകൊണ്ടുതന്നെ സെക്യൂരിറ്റി ജോലിക്കുവേണ്ടി എത്തിയപ്പോൾ പ്രത്യേകമായി തിരഞ്ഞെടുത്തതാണ് ഈ തിയേറ്റർ കോംപ്ലക്സ്. ഇത്രയും വലിയ തീയേറ്ററിൽ ഇരുന്ന് നാടകം കാണാമല്ലോ എന്ന വിചാരിച്ചു പോയി.

"ഇനീപ്പോ വേൾഡിലെ നമ്പർവൺ നാടകങ്ങള് നമ്മടെ സ്ഥലത്തിക്ക് വരും. അതൊക്കെ കാണാൻ കഴിയാന്ന്ച്ചാ ഒരു മനുഷ്യജന്മത്തില് അതിലപ്പുറം ഒന്നും കിട്ടാൻല്യ. കലാകാരന്മാര് നല്ലോരാ ദിനകരേട്ടാ. അവരടെ കയ്യിൽ ചെലപ്പൊ കാക്കാശ്ണ്ടാവില്ല. ന്നാ മനുഷ്യപ്പറ്റുണ്ടാവും. വെർതെ ഈ ഫ്ലാറ്റോൾടെ പടിക്കെ ഈ മിഡിൽക്ലാസ് എമ്പോക്കികൾടെ മോറും ഗർവ്വും കണ്ടിരുന്നട്ട് മ്മക്ക് എന്താ കാര്യം?" (മാതൃഭൂമി: 55)

കലാകാരന്മാരെ പ്രത്യേകിച്ചും ഫാസിസത്തിനെതിരെ പടപൊരുതാൻ തുനിയിറങ്ങിയ കലാകാരന്മാരെ വിശ്വസിച്ചു പോയതാണ് ദിനകരേട്ടന് പറ്റിയത്. അതുവരെ സമരംചെയ്ത ചെത്തു തൊഴിലിൽ നിന്ന് പ്രത്യേകിച്ച് ലാഭം ഒന്നുമില്ലാതായപ്പോൾ ആ പണി ഉപേക്ഷിക്കേണ്ടി വന്നു. മുട്ടിയും കത്തിയും കുടക്കയും എല്ലാം പരമ്പരാഗത സമ്പത്തുകൾ ആണെങ്കിലും എല്ലാം ഉപേക്ഷിച്ചു. ധാരാളം ചെത്തുണ്ടായിരുന്ന കാലത്ത് കണ്ടശാങ്കടവ് ചന്തയിൽപോയി അച്ചാച്ചൻ ഇറച്ചിയും മീനും കൊണ്ടുവന്നിരുന്ന കാലമോർത്തു. അച്ഛനും അച്ചാച്ചനും ദേശാഭിമാനിയും ജനയുഗവും വായിച്ചുകൊണ്ടിരുന്നു. ചെത്തുകാർക്കുവേണ്ടി അടികൊണ്ട കെ.പി. പ്രഭാകരനെ എല്ലാവരും മനസ്സുകൊണ്ട് നമസ്കരിച്ചു.

അച്ഛനും അച്ചാച്ചനും രണ്ടു വഴിക്ക് ജീവിക്കാൻ തുടങ്ങി. വ്യവസ്ഥാപിത പ്രത്യയശാസ്ത്രങ്ങൾ എതിർക്കുന്ന പതിവ് അച്ചാച്ചൻ പണ്ടേ നടത്തിയിട്ടുണ്ട്. ചെത്തുകാർ മീശവയ്ക്കാൻപാടില്ല എന്ന വ്യവസ്ഥയ്ക്കെതിരെ കൊമ്പൻമീശ വച്ചുകൊണ്ട് അദ്ദേഹം പ്രതികരിച്ചിട്ടുണ്ട്. വ്യത്യസ്ത ആശയധാരകളുള്ള അച്ഛനും അച്ചാച്ചനും ജീവിച്ചിരുന്ന കാലം അതിവിദൂരമായിപ്പോയി എന്ന് ഇടയ്ക്കൊക്കെ തോന്നുന്നു. ചെത്തുതൊഴിലിൽ സംഭവിച്ച

 ISSN No: 3049-0316


അപചയം ബാറുകളും ബിവറേജുകളും മുളച്ചുവന്നപ്പോൾ സംഭവിച്ചതാകാം എന്നാണ് കഥാകൃത്ത് കരുതുന്നത്. തെങ്ങിന്റെ ലഭ്യത കുറഞ്ഞപ്പോൾ കള്ളിൽ ചില കൃത്രിമങ്ങൾ കലക്കി കൊടുക്കാൻ തുടങ്ങിയതോടെ ജീവനിൽ ഭയം ഉള്ളവർ പലരും കള്ള് ഉപേക്ഷിച്ചതും പ്രശ്നമായി. പട്ടണത്തിൽ അത്രയ്ക്കും ബാറുകൾ ഉണ്ടായിട്ടും അവിടെ നിന്നു വന്ന ജി. കുമാരപിള്ളസാർ അഴിമാവ് പുഴക്കരയിലെ കള്ളുഷാപ്പിന് മുന്നിൽ നിരാഹാരം കിടന്ന സംഭവം ഇടയ്ക്ക് കഥാകൃത്ത് ഓർക്കുന്നുണ്ട്.

ദിനേകരേട്ടന്റെ രാഷ്ട്രീയം മാർക്സിസത്തിലും ഒരു പരാജയമായി എന്ന് ചിഞ്ചുമോൾ ബസിന്റെ ഓണർ വർഗീസ് ചേട്ടന്റെ സംഭാഷണത്തിൽനിന്നു മനസ്സിലാകും. അന്തിക്കാട്ട് ചെത്തുകാരുടെ ഇടയിൽ കിടന്ന് രാഷ്ട്രീയം കളിച്ചോരൊക്കെ എംഎൽഎമാരും മന്ത്രിമാരുമായി എന്ന അദ്ദേഹത്തിൻറെ വാക്കുകളിൽ അത് വ്യക്തമാണ്. തുടർന്ന് പറമ്പ് പണിക്ക് പോയെങ്കിലും വലിയ മെച്ചമില്ലാതിരുന്നതിനാൽ മേജർ സാർ ആണ് സെക്യൂരിറ്റിയാണ് പറ്റിയ പണി എന്നുപറഞ്ഞ് പരിചയപ്പെടുത്തിയത്. മീശ ഒന്നുകൂടി കനത്തിൽ ആക്കിയാൽ താൻ കലക്കും എന്ന് അദ്ദേഹം പറഞ്ഞു.

അന്തിക്കാട്ടിലെ ചെത്തുതൊഴിലാളികളുടെ വംശനാശം വന്ന തൊഴിലിന്റെ കഥയായി കൂടി ഇത് പരിണമിക്കുന്നുണ്ട്. അവിടെനിന്ന് എടുത്തെറിയപ്പെട്ടത് സെക്യൂരിറ്റി ജോലിയിലേക്ക് ആയിരുന്നു. നാട്ടിൻപുറങ്ങളിൽ കളിച്ചിരുന്ന വെള്ളരി നാടകം പോലെയല്ല തിയേറ്റർ കോംപ്ലക്സിലെ നാടകം.. വലിയ സ്റ്റേജ് ഒരുക്കത്തോടുകൂടിയാണ് ഇപ്പോഴത്തെ നാടകം കളി. നാടകത്തിൽ കാറും ബസ്സുംലോറിയും ഒക്കെയുണ്ട്. ആശാരിമാരും കൊല്ലന്മാരും മേസ്തിരിമാരും പെയിന്റ് ഇലക്ട്രീഷ്യനും രാപകൽ പണിചെയ്ത് ഒരു കോടി രൂപ മുതൽ മുടക്കിയ നാടകമാണ് അവിടെ അരങ്ങേറുന്നത്. ഫാസിസത്തിനെതിരെയുള്ള ഈ നാടകത്തിന് ഒരു ടിക്കറ്റ് നിരക്ക് 3000 രൂപയാണ് കൂടിയത്. 20000 രൂപയും. കാട്ടൂരങ്ങാടിയിൽ ഹെഡ് ലോഡ് വർക്കേഴ്സ് യൂണിയൻ കനോലി കനാലിന്റെ ഓരത്ത് നാടകപ്പുര കെട്ടി ജോസ് ചിറമ്മലിനെ കൊണ്ടുവന്ന് റൂട്ട് എന്ന പേരിൽ നാടക ക്യാമ്പ് നടത്തിയത് ആ സമയത്ത് ഗോപാലൻ ഓർമ്മിച്ചെടുക്കുന്നുണ്ട്. ചുമട്ടുതൊഴിലാളികൾ നാട്ടിലാകെനടന്ന് പിരിവെടുത്ത് ക്യാമ്പിലേക്കുള്ള അരിയും പലചരക്കും സംഘടിപ്പിച്ചിരുന്നത് ഒക്കെ ഓർമ്മയിലേക്ക് മറഞ്ഞു പോവുകയാണ്. ശങ്കരപ്പിള്ള സാറും രാമാനുജൻ സാറും വയലാ സാറും നാടകത്തിനെ ത്തിച്ചേർന്നിരുന്നതും മഴക്കാലമായപ്പോൾ വെള്ളം കയറി നാടകപ്പുര മുങ്ങിയതും ഒല്ലൂരുന്ന് പലക കൊണ്ടുവന്ന് തട്ടടിച്ച് റിഹേഴ്സൽ നടത്തിയതും വഞ്ചീലിരുന്ന് ഡയറക്ഷൻ നടത്തിയതും പി.എം. താജിനെ സ്വന്തം വീട്ടിൽ സ്വീകരിച്ചതും അയാളുടെ ഓർമ്മകളിലൂടെ കടന്നുപോയി.

ഇന്ത്യയെ വരിഞ്ഞുമുറുക്കുന്ന ഹിന്ദു ഫാസിസത്തിനെതിരെ ഒരു നാടകംമാത്രമേ നമുക്ക് രക്ഷയുള്ളൂ എന്ന് കരുതിയിരുന്ന ഒരു കാലം. ഫാസിസത്തിനെതിരെ ഇന്ത്യൻ നാടകവേദി ഫൈറ്റ് ചെയ്യണം എന്നു കരുതിയിരുന്ന കാലം, ഫാസിസം മാത്രമല്ല മുതലാളിത്തം ആഗോള മൂലധന സാമ്രാജ്യത്വം, കൾച്ചറൽ ഇന്റീരിയലിസം, നിയോ കൊളോണിയലിസം എന്നിങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ വാസു മാക്സ് എന്നറിയപ്പെടുന്ന എം.കെ. വാസുദേവൻ മാഷ് പറഞ്ഞിരുന്നത് അദ്ദേഹം ഓർത്തു. മുതലാളിത്തം പ്രതിസന്ധിയിലാവുമ്പോഴാണ് ഫാസിസം ഉണ്ടാവുക എന്നുപറഞ്ഞത് അദ്ദേഹത്തിന്റെ ഓർമ്മയിലുണ്ട്. ഇന്ത്യൻ ഫാസിസത്തിന്റെ പ്രത്യയശാസ്ത്രം മനുസ്മൃതിയായിരിക്കും എന്ന തന്റെ ആശയം വാസുമാക്സിലൂടെ കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്. മാർക്സിന്റെ പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് ഫാസിസത്തെ എതിർക്കാൻ ശ്രമിച്ച ആദ്യകാല വ്യക്തിത്വങ്ങൾക്ക് സംഭവിച്ചത്, കുലമുറി കേസിന്റെ കാലത്ത് സംഭവിച്ചാൽ അനുഭവങ്ങളിലൂടെയാണ് വെളിപ്പെടുത്തുന്നത്. നാട് മുഴുവൻ പട്ടാളം വളഞ്ഞപ്പോൾ അവർ വീടുകളിലെ പെണ്ണുങ്ങളെയും വൃദ്ധരെയും ഉപദ്രവിച്ചു. തോട്ടീന്ന് വെള്ളം മുക്കി കുടിച്ച് മുഴുപട്ടിണിയായി കിടന്നപ്പോഴാണ് പോലീസ് പിടിക്കാൻ വന്നത്. ഇരിങ്ങാലക്കുട ലോക്കപ്പിൽ ഇട്ട് കടുത്ത മർദ്ദനം ഏറ്റുവാങ്ങി. ഹിറ്റ്ലറുടെ ജർമനിയിൽപോലും ഇങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടാവില്ല. ഫാസിസത്തിനെതിരെയുള്ള പോരാട്ടങ്ങളിലും മൃഗീയമായ ഭരണകൂടഭീകരതയ്ക്ക് വിധേയമായി കഴിഞ്ഞ തന്റെ കൂടെയുള്ളവരുടെ ചിത്രം രാഷ്ട്രീയ അബോധമായി ഇവിടെ വർത്തിക്കുന്നു. കണ്ടശ്ശാംകടവിലെ പാവുണ്ണിയേട്ടന്റെ വയലിന്റെ പശ്ചാത്തലസംഗീതത്തിൽ കരിമ്പ്രം വിജയൻ സംവിധാനം ചെയ്ത നാടകം, നന്നായി നടക്കുന്നതിന് സംഭാവന പിരിക്കാനും പറവൂരിൽ പോയി നടികളെ കൊണ്ടുവരാനും അടയ്ക്കാമരം മുറിച്ചു കൊണ്ടുവന്ന് സ്റ്റേജ് കെട്ടാനും ഗോപാലൻ പണ്ടേ മുന്നിലായിരുന്നു. ആലപ്പാട് പള്ളി നടയ്ക്കൽ നിന്ന് തൃപ്രയാർ വരെയുള്ള റോഡിൽ പണ്ടൊരിക്കൽ അരങ്ങേറിയ നാടകത്തിൽ യേശുവായി കരിശ്ശും താങ്ങി നിൽക്കുന്ന രംഗം ചിത്രീകരിച്ചു കഴിഞ്ഞപ്പോൾ നാടകം നിരോധിച്ചിരിക്കുന്നുവെന്നുപറഞ്ഞ് പോലീസ് വന്ന് കലാപം സൃഷ്ടിച്ച സംഭവം അദ്ദേഹത്തിന്റെ ഓർമ്മയിൽ വരുന്നുണ്ട്. പിന്നീട് സ്റ്റേഷന്റെ ലോക്കപ്പിലാണ്

ആ നാടകം അവർ കളിച്ചത്. ചിലർ ലോക്കപ്പിന്റെ ചുവരിൽ ചിത്രങ്ങൾ വരച്ചത് അദ്ദേഹം ഓർമ്മയിൽ നിന്ന് ചികഞ്ഞെടുക്കുന്നു. ജയന്തിയുടെ താലിമാല പണയം വെച്ച് പലരെയും ജാമ്യത്തിലിടുക്കാൻ നടന്ന കാര്യവും അദ്ദേഹത്തിന്റെ ഓർമ്മയിലുണ്ട്.

നാടകം നടക്കുന്ന വേദിയിലേക്ക് ഇന്നു പാളിനോക്കിയ ഗോപാലേട്ടന് പലകാലത്തിൽ പല കഥാപാത്രങ്ങൾ വേഷമിട്ട് ആളുകളുടെ ഇടയിലൂടെ നടക്കുന്നത് കാണാനായി സാധിച്ചു. ഹിറ്റ്ലറും സ്റ്റാലിനും പട്ടാള യൂണിഫോം ഇട്ട് കെട്ടിപ്പിടിച്ച് നടക്കുന്നതുകൊണ്ട് അവസാനത്തെ രംഗങ്ങളിൽ അദ്ദേഹം നെടുവീർപ്പെട്ടു 'എവിടെ സംഘടനയുണ്ടോ അവിടെ ഫാസിസം ഉണ്ട്. ഇന്നത്തെ വിപ്ലവകാരി നാളത്തെ ഫാസിസ്റ്റ് ആണ് ഫാസിസം സർവ്വവ്യാപിയാണ്, എല്ലാവരും ഒന്നിച്ച് ഫാസിസം സർവ്വവ്യാപിയാണ്" (മാതൃഭൂമി: 60) എന്നു പറഞ്ഞ്.

ഈ നാടകം പര്യവസാനിച്ച മുഹൂർത്തത്തിലാണ് സെക്യൂരിറ്റിയായ ദിനകരേട്ടൻ അടിയേറ്റുവീണത്. അവിടെയെല്ലാം ഫാസിസത്തെക്കുറിച്ച് നിരന്തര ചർച്ചയുടെ ബാക്കി അദ്ദേഹത്തിനു കേൾക്കാമായിരുന്നു. എങ്കിലും സാവധാനം അദ്ദേഹം മയക്കത്തിലേക്കു വീഴുന്നു.

കൂട്ടത്തിൽനിന്ന് ഒരു പെൺകുട്ടി നിങ്ങൾക്ക് നന്നായി നൊന്തോ, ആശുപത്രിയിൽ പോണോ എന്നൊക്കെ പറഞ്ഞു ദിനകരേ സമീപിച്ചു. ദേവനാരായണൻ എന്ന സംവിധായകൻ തന്റെ നാടകം സക്സസ് ആയില്ല എന്നുകരുതി അപ്സെറ്റ് ആയതുകൊണ്ടാണ് സെക്യൂരിറ്റിയെ അടിച്ചത് എന്ന് അവൾ ന്യായവാദം ഉന്നയിച്ചു. താൻ കോംപ്രമൈസ് ചെയ്തു എന്ന കുറ്റബോധം അദ്ദേഹത്തിനുണ്ടത്രേ. സ്റ്റാൻസാമിയെ പോലെയോ വരവരറാവുവിനെ പോലെയോ ജയിലിൽ കിടക്കാൻ താല്പര്യമില്ലാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് അദ്ദേഹം. ചിറമൽ ജോസേട്ടനെ പോലെ ഏതെങ്കിലും കാനയിൽ മുഖമടച്ചു വീണുകിടന്ന് മരിക്കാൻ താൽപര്യപ്പെടുന്നില്ല. ബസ്സിനകത്തെ യാത്രയുടെ അവസാനത്തിൽ കൊള്ളു പീഡിയ എന്ന സ്ഥലത്തുവച്ച് ഇറങ്ങാനായി കുഞ്ഞിരാമേട്ടൻ വിളിച്ചുണർത്തുന്ന ദിനകരേട്ടന്റെ ദൃശ്യത്തിലൂടെയാണ് കഥ അവസാനിക്കുന്നത്.

## ചരിത്രവും സംസ്കാരവും നിർണ്ണയിക്കുന്നത് സമ്പദ് വ്യവസ്ഥയുടെ രാഷ്ട്രീയം

ജെയിംസന്റെ അഭിപ്രായത്തിൽ സാമൂഹ്യജീവിതം എന്നത് ഉൽപാദനത്തിന്റെ വിവിധ രൂപങ്ങളുടെയും ഘട്ടങ്ങളുടെയും ആകെത്തുകയാണ്. ബഹുമുഖമായ സാമൂഹിക ബലങ്ങൾക്കുമേൽ അധീശത്വം കൈയാളുന്നത് അധികാരവും സമ്പദ് വ്യവസ്ഥയുമാണ്. അനീതിക്കുവേണ്ടി നിരന്തരം പോരാടിയിരുന്നുവെങ്കിലും അന്തിക്കാട്ടുള്ള തൊഴിലാളികൾ ഒന്നുമല്ലാതായി ചേർന്നത് ആ തൊഴിലിന് സാമ്പത്തികഭദ്രത നൽകാൻ കഴിയാത്ത അവസ്ഥ കൊണ്ടാണ്. അല്പമെങ്കിലും സാമ്പത്തികം ലഭിക്കുമെന്ന് വിചാരിക്കുന്ന സ്ഥലത്ത് ഒരു സെക്യൂരിറ്റി ആയി അടിയറവ് പറയുമ്പോൾ അധികാരത്തിന്റെ മേൽക്കോയ്മകൾക്ക് വിധേയനാകാൻ വിധിക്കപ്പെടുന്ന വ്യക്തിയായി ഇതിലെ കഥാപാത്രമായ ദിനകരേട്ടൻ മാറുന്നു. ഒരു കോടിയിലേറെ വില വരുന്ന നാടകം അവതരിപ്പിച്ച് ഫാസിസത്തിനെതിരെ പ്രതികരിക്കുന്ന ദേവനാരായണൻ എന്ന ഡ്രാമ ഡയറക്ടർ അയാൾ അറിയാതെ തന്നെ ഭരണകൂട ഭീകരതയ്ക്ക് അടിമപ്പെടുന്നു എന്ന് തിരിച്ചറിയുന്നുണ്ട്. തന്റെ സർക്കാർ ജോലിയുടെ സാമ്പത്തികഭദ്രത നശിപ്പിക്കാൻ അയാൾ തയ്യാറാകുന്നില്ല അതുകൊണ്ടാണ് നാടകം പരാജയമായി എന്ന് തിരിച്ചറിഞ്ഞ തന്റെ കുറ്റബോധത്തിന് നേരെ ആഞ്ഞടിക്കാൻ അധികാരസ്ഥാനത്ത് തികച്ചും ദുർബലനായ ദിനകരേട്ടനെതിരെ അധികാരം പ്രയോഗിക്കുന്നത്. സങ്കീർണമായ സാമൂഹ്യബലങ്ങളുടെ കണ്ണികൾക്കിടയിൽ അകപ്പെട്ട അധികാരം നഷ്ടപ്പെട്ടുപോയ ഒരുവന്റെ ചരിത്രവൽക്കരണമാണ് ഈ കഥയിലെ ദേവനാരായണൻ എന്ന കഥാപാത്രത്തിനുള്ളത്.

തമ്മിൽ പൊരുതുന്ന അർത്ഥമേഖലകളായി നിലകൊള്ളുന്ന പാഠങ്ങളുടെ മാധ്യസ്ഥത്തിലൂടെയാണ് ചരിത്രം അഭികാമ്യം ആവുക എന്നാണ് ജെയിംസൺ പ്രഖ്യാപിക്കുന്നത്. അധികാരം പൊയ്പ്പോയ രണ്ടു വിഭാഗങ്ങൾ തമ്മിലിടയുന്ന ചരിത്രസന്ധിയാണ് നമ്മൾ ഇവിടെ കാണുന്നത്. ആദ്യഘട്ടത്തിൽ ചെത്തുതൊഴിലാളി എന്ന നിലയിലുള്ള സ്വത്വം നഷ്ടപ്പെട്ടു പോയതിനുശേഷം സെക്യൂരിറ്റിയായി തന്റെ യൂണിഫോമിന്റെ ബലത്തിൽ അല്പം ഒക്കെ അധികാരം കയ്യാളാൻ സാധിക്കുമെന്ന് വിചാരിച്ച കഥാപാത്രം നാടകം പരാജയമടഞ്ഞു എന്നു വിശ്വസിച്ച മറ്റൊരു കഥാപാത്രത്തിൽനിന്ന് അടിയേറ്റ് തളർന്നുവീഴുന്ന ചിത്രം ചരിത്രത്തെ മറ്റൊരു തരത്തിൽ വീണ്ടെടുക്കുന്നുണ്ട്. വൈയക്തികാനുഭവവും സാമൂഹ്യ യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേടുകൾ വ്യക്തമാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. സവിശേഷഅനുഭവവും യാഥാർത്ഥ്യത്തിന്റെ

 ISSN No: 3049-0316


സമഗ്രതയും ചിത്രീകരിക്കപ്പെടുന്നു. സാമ്പത്തിക ഭദ്രതയിലേക്കുള്ള നോട്ടമാണ് പുതിയ കാലഘട്ടത്തിന്റെ എല്ലാ കോംപ്രമൈസിനും നിദാനം എന്ന് ഈ കഥ തുറന്നു സമ്മതിക്കുകയും ചെയ്യുന്നു.

## രാഷ്ട്രീയ അബോധം ആഖ്യാനത്തിൽ

സാംസ്കാരിക നിർമ്മിതികളെയും അവ ഉൽപ്പാദിപ്പിക്കുന്ന അനുഭൂതി ലോകങ്ങളെയും നിർണയിച്ചുകൊണ്ട് പ്രച്ഛന്നമായി വർത്തിക്കുന്ന അബോധപ്രവർത്തനമായി ജെയിംസൺ രാഷ്ട്രീയ അബോധത്തെ പരിഗണിച്ചു. സാംസ്കാരികലോകത്തിന്റെ രാഷ്ട്രീയം പുതിയ കാലഘട്ടത്തിന്റെ പ്രത്യയശാസ്ത്രങ്ങളിൽനിന്ന് പിൻവാങ്ങി നിഗൂഢമായ അർത്ഥതലങ്ങളെ നിർണയിക്കുന്ന അബോധഘടനയായിത്തീരുന്നു. ദേവനാരായണന്റെ ചെയ്തികൾ ഈ അബോധഘടനയ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്നത് കാണാം. അന്തിക്കാട്ടെ ചെത്തുതൊഴിലാളികളുടെ രാഷ്ട്രീയചരിത്രത്തിൽനിന്നാണ് ഈ കഥയുംതുടങ്ങുന്നത്. സാധാരണക്കാരന്റെ ജീവിതത്തെയും പ്രശ്നങ്ങളെയും അഭിസംബോധന ചെയ്തിരുന്ന ഒരു നാടിന്റെ രാഷ്ട്രീയവുമായി അത് ബന്ധപ്പെടുന്നു. അന്തിക്കാട്ടെ സമരങ്ങളും ഏറ്റുമുട്ടലുകളും കാൽനൂറ്റാണ്ട് കാലം തുടർന്നു. പണിമുടക്ക് സമരം പൊളിക്കാൻ ഉടമകൾ നടത്തിയ നീക്കത്തിനെതിരെ യൂണിയൻ കുലമുറി സമരത്തിന് ആഹ്വാനം ചെയ്തു. ഒറ്റരാത്രികൊണ്ട് ആയിരക്കണക്കിന് ലിറ്റർ ചെത്തുന്ന തെങ്ങിൻകുലകൾ മുറിച്ചുതാഴെയിട്ടതും ചരിത്രം. അതോടെ അന്തിക്കാട്ടെ ചെത്തുതൊഴിലാളികൾ സാമൂഹികനിയന്ത്രണശക്തിയായി. അന്തിക്കാട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉരുക്കുകോട്ടയായി. പൊലീസിന്റെയും എക്സൈസിന്റെയും മർദനമേറ്റ് നൂറുകണക്കിന് തൊഴിലാളികൾ ജീവച്ഛവങ്ങളായി മാറി. 11 പേർ മരണത്തിന് കീഴടങ്ങി. ഈ സമരകാഹളങ്ങളെയെല്ലാം സാമ്പത്തിക പ്രശ്നം പൂർണമായും അട്ടിമറിച്ചു കഴിഞ്ഞു. വീണുപോയ തൊഴിലാളിയുടെ ചരിത്രമാണ് ഈ കഥയുടെ ആന്തരികബലം. കണ്ടശ്ശാംകടവ് മാർക്കറ്റ്, നിലം വിറ്റ് പെൺകുട്ടികളുടെ കല്യാണം നടത്തിയിരുന്നത്, ദേശാഭിമാനി പത്രം, കമ്മ്യൂണിസ്റ്റ് ജീവിതം, തെരുപ്പ്ബീഡിയുടെ ചരിത്രം, കള്ളുഷാപ്പ്, ബിവറേജുകൾ തുറന്ന കാലം, ബസ് സർവ്വീസിന്റെ ആരംഭം, നാട്ടുരാഷ്ട്രീയത്തിൽ നിന്ന് മുതലെടുത്ത് ചിലർ എം.എൽ.എ.മാരും മന്ത്രിമാരുമായ ചരിത്രം, കൃഷിപ്പണി, വാണിഭം, നാടകാനുഭവങ്ങൾ, പരസ്പര സഹകരണം, ഫാസിസത്തിനെതിരെയുള്ള കലാപങ്ങൾ, ചായപ്പീടിക, രാഷ്ട്രീയപ്പാർട്ടികൾ, പോലീസ് ലോക്കപ്പ് തുടങ്ങിയ പ്രാദേശിക അനുഭവവാഖ്യാനങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ് ഈ കഥാപരിസരം. 1920കളിൽ നിന്നും 2020കളിലേക്കുള്ള ദൂരം ഈ കഥയുടെ പ്രധാനതത്തുവാണ്. ഇവയിലെല്ലാം കുടിക്കലർന്ന ദിനകരേട്ടന്റെ അനുഭൂതി ലോകങ്ങളെ ചിട്ടപ്പെടുത്തിക്കൊണ്ട് യഥാർത്ഥ സാമൂഹ്യ വൈരുദ്ധ്യങ്ങളുടെ ഭാവനാത്മക പശ്ചാത്തലം മെനയുകയെന്നതാണ് ഈ കൃതിയുടെ രാഷ്ട്രീയ അബോധം.

ജെയിംസൺ പ്രഖ്യാപിക്കുന്ന ഉത്പാദന വ്യവസ്ഥയുടെ ഘടകങ്ങളായ സംസ്കാരം, പ്രത്യയശാസ്ത്രം, നിയമപാലനം, രാഷ്ട്രീയം, സാമ്പത്തികം എന്നീ ഘടകങ്ങൾ എല്ലാംകൂടിച്ചേർന്ന് ഒരു സാംസ്കാരിക വിമർശം അനുവാചകർക്കുമുന്നിൽ അവതരിപ്പിക്കുകയാണ് അശോകൻ ചെരുവിൽ ചെയ്യുന്നത്. രാഷ്ട്രീയ ചരിത്രവും രാഷ്ട്രീയ അബോധവും രാഷ്ട്രീയ ചരിത്രത്തിന്റെ പ്രതീകാത്മകവൃത്തി എന്ന നിലയിൽ തന്നെയാണ് ഈ കഥയിലെ പാഠം രൂപപ്പെടുത്തിയിരിക്കുന്നത്. പൊതുചരിത്രത്തിലെ പല പല കാലക്രമങ്ങളുടെ സംഭവപരമ്പരയിലെ, ഒരു മുഹൂർത്തത്തിന്റെ പ്രതിനിധാനം ആയിട്ടാണ് കഥയിലെ പ്രധാന സംഭവം ഇതൾ വിരിയുന്നത്. അത് ഒരു വൈരുദ്ധ്യത്തിന്റെ ഭാവനാത്മകപരിഹാരം എന്ന നിലയിലുള്ള സാംസ്കാരിക ആവിഷ്കാരമാണുനടത്തുന്നത്. തകർന്നുപോയ ഫാസിസ്റ്റ് ചിന്താഗതിയും തകർന്നുപോയ മാർക്സിസ്റ്റ് ചിന്താഗതിയും തമ്മിൽ ഇടയുന്ന ഒരു മുഹൂർത്തമാണ് അവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എല്ലാ സാംസ്കാരിക നിർമിതികളും അവയെ നിലവിൽ വരുത്തുന്ന ചരിത്ര മുഹൂർത്തത്തോടുള്ള ഒരു പ്രതികരണം എന്ന നിലയിലാണ് ജെയിംസൺ രാഷ്ട്രീയഅബോധത്തെ ഉൾക്കൊള്ളുന്നത്. പുതിയ ഫാസിസ്റ്റ് കാലത്തിൽ അകപ്പെട്ടു പോയിരിക്കുന്ന മനുഷ്യന് ആ ഫാസിസം ഗുണം ചെയ്യുകയില്ല എന്ന തിരിച്ചറിവിലേക്ക് കൊണ്ടെത്തിക്കുന്നതിന് സംഘർഷാത്മകതലം രൂപീകരിക്കുകയാണ് കഥാകൃത്ത് ഇവിടെ ചെയ്യുന്നത്.

"തങ്ങൾക്ക് ഒരു കുറ്റവാളിയെ ഉണ്ടാക്കാനും ചെയ്യുന്ന കുറ്റത്തിൽ നിന്ന് അയാളെ കുറ്റവിമുക്തമാക്കാനും കഴിയും എന്നു ഫാസിസ്റ്റുകൾ മനസ്സിലാക്കുന്നു. ഒരാളെ കുറ്റവിമുക്തമാക്കാൻ അയാൾ ചെയ്യുന്നത് പാപമല്ല എന്ന് അയാളെ ബോധ്യപ്പെടുത്തിയാൽ മതി. നിങ്ങളുടെ ശരീരത്തിൽ ചെളി പൂശിയിട്ട് അതു ചെളിയല്ലെന്നും അതു കളഭമാണെന്നും നിങ്ങളെ ബോധ്യപ്പെടുത്തിയാൽ നിങ്ങൾക്ക് അത് ചെളിയാണെന്ന് തോന്നുകയില്ല. ഇതാണ് നന്മതിന്മകളെക്കുറിച്ചുള്ള വളരെ പ്രാഥമികമായ ലോകതത്ത്വം" (ഫാസിസത്തിന്റെ രാഷ്ട്രീയ മനഃശാസ്ത്രം: 165).

ഫാസിസത്തിനെതിരായി കളിക്കുന്ന നാടകം പോലും വലിയ ഫാസിസ്റ്റ് വിഭവമായി മാറുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. അടിച്ചമർത്താനും അധികാരത്തിനു താഴെനില്ക്കുന്നവരെ മർദ്ദിച്ചുകൊണ്ട് സ്വയം പ്രതിരോധം തീർക്കുവാനും പരാജിതനെന്ന് കരുതുന്ന ഡയറക്ടർ നടത്തുന്ന സാഡിസ്റ്റ് പ്രവണതയുടെ ഇരയാണിവിടെ ദിനകരേട്ടൻ.

## പ്രത്യയശാസ്ത്രഏകകവും (ideologeme)ചരിത്ര നിർമ്മിതിയും

സമൂഹം വ്യവഹാരങ്ങളുടെയും സംഘടിതമായ വ്യാപാരങ്ങളുടെയും ആകെത്തുകയാണ്. അടിസ്ഥാനപരമായി അത് സംഘട്ടനാത്മകവും ശത്രുതാപരവുമാണ്. ഈ അവസ്ഥയെ കണ്ടെടുക്കുന്നതിനെയാണ് പ്രത്യയശാസ്ത്ര ഏകകം എന്ന് ജെയിംസൺ വിശേഷിപ്പിക്കുന്നത്. ചിലപ്പോൾ ഇത് സംവാദപരമായാണ് നിലനിൽക്കുന്നത്. സംവാദാത്മകത പോലും ശത്രുതാപരമായി തീരാറുണ്ട്. ശത്രുതാപരമായ വർഗ്ഗ നിലപാടുകളിൽനിന്ന് രൂപപ്പെടുന്ന ഒത്തുതീർപ്പുകൾ സാധ്യമല്ലാത്ത വൈരുദ്ധ്യങ്ങൾ ഈ കഥയിൽ നിറയെ രൂപപ്പെടുന്നുണ്ട്. മാർക്സിസ്റ്റ് നിലപാടിന്റെ പരാജയമാണെന്നുകണ്ട് സെക്യൂരിറ്റിയുടെ കോട്ടണിഞ്ഞ ആഖ്യാതാവിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകൾ അത്രയും സങ്കല്പനപരമായ വിവരണം ആയിട്ടാണ് ഇവിടെ രൂപപ്പെടുന്നത്. പഴയ നല്ല കാലങ്ങൾ എന്നുപറയുന്ന ധാരാളം ഇമേജറികൾ അവിടെ കയറിവരുന്നുണ്ട്. പ്രത്യയശാസ്ത്ര ഏതെത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളിലൊന്ന് അതിന്റെ ഉഭയ സ്വഭാവമാണ്. അടിസ്ഥാന വർഗ്ഗത്തോട് സന്ധിചേരാൻ ആഗ്രഹിക്കുകയും അതിൽനിന്ന് വിട്ടുപോന്നു മറ്റൊരു രൂപത്തിൽ കഥയിൽ ഇടരുകയും ചെയ്യുന്ന ദിനകരേട്ടൻ സാങ്കൽപ്പികരൂപത്തിൽ പഴയ കാലഘട്ടങ്ങളിലേക്കു തിരിച്ചുപോകാൻ ഇച്ഛിക്കുന്നു. അത് സാധ്യമല്ലെന്ന തിരിച്ചറിവും അയാൾക്കുണ്ട്. പുതിയ കാലഘട്ടത്തിൽ നിൽക്കാൻ ശ്രമിക്കുന്ന ദേവനാരായണൻ എന്ന നാടക സംവിധായകൻ ആദർശപരമായി ഫാസിസത്തിനെതിരെ എങ്കിലും വ്യക്തിപരമായി ഫാസിസ്റ്റായി മാറുന്നു. ബിംബപ്രതിബിംബ രൂപത്തിൽ സംഭവിക്കുന്ന സംഘർഷങ്ങളുടേതാണ് ചെറുകഥയുടെ ആന്തരതലം. ഒരു പാഠത്തിൽ എന്നതിനപ്പുറത്ത് എഴുത്തുകാരനിൽ ചില ചരിത്രസന്ദർഭങ്ങൾ ഉളവാക്കുന്ന പരിവർത്തന ക്രമം കൂടി ഇവിടെ സൂചിതമാകുന്നു. എഴുത്തുകാരന്റെ വിശ്വാസപ്രമാണങ്ങളുടെ ചരിത്രബന്ധങ്ങളെ ഇടപിരിച്ചെടുക്കാൻ കൂടി ഈ കഥാകഥന രീതികൊണ്ട് സാധിക്കുന്നു. ഇങ്ങനെ രാഷ്ട്രീയ അബോധത്തെ വിശകലനം ചെയ്യുമ്പോൾ പാഠം ഉത്പാദിപ്പിക്കുന്ന ചരിത്രബന്ധങ്ങളിലൂടെ സാമൂഹ്യ വിമർശനം സാധ്യമാക്കാനുതകുന്ന വിശകലനപദ്ധതിയായി ഈ ചെറുകഥ രൂപം പ്രാപിക്കുന്നു. സാംസ്കാരിക വിമർശനത്തിനുവേണ്ടി സാഹിത്യത്തെ ഉപയുക്തമാക്കുന്ന രീതി ചരിത്രവത്കരണങ്ങളിലേക്കു നടന്നുകയറാൻ ശ്രമിക്കുന്ന എഴുത്തുകാരനിലൂടെ സംഭവിക്കുന്നു.

## ഉപസംഹാരം

രാഷ്ടീയ അബോധം എന്നാൽ പാഠത്തിൽ സന്നിഹിതമായിരിക്കുന്നതും പുറമേക്ക് അങ്ങനെ അനുഭവപ്പെടാത്തതുമായ ചരിത്രമാണ്. ഫാസിസത്തിനെതിരെ നാടകം നിർമ്മിക്കുന്ന ദേവനാരായണൻ എന്ന ഡയറക്ടർ തന്റെ നാടകം ഒരു പരാജയമാണ് എന്ന് തിരിച്ചറിയുമ്പോൾ സെക്യൂരിറ്റി ജീവനക്കാരനെ മർദ്ദിക്കുന്ന ചിത്രത്തിന്റെ സവിശേഷ അനുഭവത്തിലാണ് ഈ ചെറുകഥ നിൽക്കുന്നത്. രാഷ്ടീയ അബോധത്തിന്റെ പിന്നാമ്പുറങ്ങളിൽ സാമ്പത്തികശക്തിക്ക് വലിയ പ്രാധാന്യമുണ്ട് എന്ന് ജയിംസൺ വ്യക്തമാക്കുന്നു. സെക്യൂരിറ്റി ജോലി നേടിയ ദിനകരേട്ടനും ഒരുകോടി രൂപയ്ക്ക് ഫാസിസത്തിനെതിരെ നാടകം നിർമ്മിക്കുന്ന ദേവനാരായണനും തങ്ങളുടെ അസ്തിത്വം നഷ്ടപ്പെടുത്താൻ ഇടയാക്കിയത് ഈ സാമ്പത്തികചോദനകളുടെ പ്രത്യാഘാതങ്ങളിലാണ് എന്നുകണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

മൂലധനജീവിതത്തിൽ നിർണായകമായ പങ്ക് കയ്യാളുന്ന സ്വഭാവം മുതലാളിത്തത്തിന്റെതാണ്. ഈ മുതലാളിത്തം സാംസ്കാരികമണ്ഡലത്തിൽ നിർണായകമായി ഇടപെടുന്നതിന്റെ ഒരു ചിത്രം കൂടി ഈ ചെറുകഥയിൽനിന്നു വായിച്ചെടുക്കാൻ കഴിയും. നാടകത്തിന്റെ ഉദ്ദേശശുദ്ധിയെ പണയം വയ്ക്കേണ്ടിവരുന്നത് ജോലി നഷ്ടപ്പെടുമോ എന്നുള്ള ആകുലതയിൽ നിന്നാണ്. മുഖമടച്ച് അടിച്ചവനോട് എന്തിനാണ് അടിച്ചത് എന്നുപോലും ചോദിക്കാൻ കഴിയാതിരുന്നത് അദ്ദേഹത്തിനു തന്റെ ജോലി നഷ്ടപ്പെടുമോ എന്നുള്ള ആകുലതയിൽ നിന്നുതന്നെയാണ്.

രാഷ്ടീയ അബോധം ഔപചാരികമായ ഒരു വൈരുദ്ധ്യത്തിന്റെ പരിഹാരം എന്ന നിലയിൽ പാഠത്തിന് ഒരു പ്രതീകാത്മക പദവി കണ്ടെടുക്കുന്നുണ്ട്. ഫാസിസം മർദ്ദനത്തിന്റേതാണ് എന്ന ആശയത്തെ സാധിച്ചെടുക്കുകയാണ് ഈ കഥയുടെ ലക്ഷ്യം എന്നുവരുന്നു.

 ISSN No: 3049-0316


സാംസ്കാരികപാഠങ്ങളിൽ ദമനം ചെയ്യതോ തമസ്കരിക്കപ്പെട്ടതോ ആയ അടിസ്ഥാനചരിത്രത്തെ കണ്ടെടുക്കുവാനുള്ള ശ്രമമാണ് അന്തിക്കാട്ടെ ചെത്തുതൊഴിലാളികളുടെ ചരിത്രത്തിൽ ഊന്നിക്കൊണ്ടുള്ള ഈ കഥയിൽ സംഭവിക്കുന്നത് നിരവധി തുടർചരിത്രങ്ങളുടെ ഘടനാബന്ധമാണ്. സാമൂഹിക-ചരിത്ര യാഥാർത്ഥ്യത്തെ വീണ്ടെടുക്കുന്നതിനുള്ള ഒരു ശ്രമമായി, അബോധ വിശകലനമായി ഈ കഥ വികസിക്കുന്നു.

രാഷ്ട്രീയ അബോധത്തിലെ ഉത്പാദനവ്യവസ്ഥയുടെ വിവിധ ഘടകങ്ങളായ സംസ്കാരം, പ്രത്യയശാസ്ത്രം, നിയമപാലനം, രാഷ്ട്രീയം, സാമ്പത്തികം എന്നിങ്ങനെയുള്ള മേഖലകളിലെല്ലാം സംഭവിക്കുന്ന സവിശേഷസ്ഥിതിയുടെ പ്രതിനിധാനമായി ഈ കഥയിലെ സമൂഹത്തെ നിർണയിക്കുന്ന രൂപങ്ങളും ഘടനകളും അനുഭവങ്ങളും കടന്നുവരുന്നു.

### സഹായക ഗ്രന്ഥങ്ങൾ

1. ദമിതം, ആധുനികതാവാദത്തിന്റെ രാഷ്ട്രീയ അബോധം: സുനിൽ പി. ഇളയിടം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2021.
2. എഡിറ്റർ അജു കെ നാരായണൻ, വിദ്വാൻ പി ജി നായർ സ്മാരക ഗവേഷണ കേന്ദ്രം യു.സി.കോളേജ് ആലുവ
3. ഫാസിസത്തിന്റെ രാഷ്ട്രീയ മനഃശാസ്ത്രം: പി പി സത്യൻ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
4. ഫാസിസത്തിനെതിരെ ഒരു നാടകം: അശോകൻ ചെരുവിൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, സെപ്റ്റംബർ 29, 2024

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI പാലൈ
ISSN No: 3049-0316

# വിമർശകനായ എം. തോമസ് മാത്യു



സൗമ്യ ജോസ്*

**പ്രബന്ധസംഗ്രഹം**

മലയാളനിരൂപണചരിത്രത്തിൽ ദാർശനികതയുടെ തനിമയുള്ള സാഹിത്യവിമർശകനാണ് എം. തോമസ് മാത്യു. സ്വാർജ്ജിതമായ സാഹിത്യസംസ്കാരത്തിന്റെ പ്രയോജനത്തിലൂടെ ആസ്വാദനതലത്തിൽ ഭാവുകത സൃഷ്ടിക്കാൻ കഴിഞ്ഞ വിമർശകനാണ് എം. തോമസ് മാത്യു. അദ്ദേഹത്തെ സംബന്ധിച്ച് വിമർശനം എഴുത്തുകാരന്റെ ഹൃദയസത്യം തേടിയുള്ള തീവ്ര അന്വേഷണമായിരുന്നു. വിമർശനയാത്രയിലുടനീളം സാഹിത്യത്തെ കലയായി മാത്രം കണ്ട വിമർശകൻ. കലാദർശനത്തെ വിട്ടുവീഴ്ചയില്ലാതെ അടയാളപ്പെടുത്തുന്ന ഗൗരവമേറിയ ജോലിയാണദ്ദേഹം നിർവ്വഹിച്ചുപോന്നത്. ഉന്നതമായ സാംസ്കാരിക പ്രവർത്തനമെന്ന രീതിയിൽത ന്നെയാണ് അദ്ദേഹം തന്റെ സാഹിത്യസപര്യയെ കണ്ടിട്ടുള്ളത്.

**താക്കോൽ വാക്കുകൾ:** ദാർശനികൻ, വിമർശകൻ, പാണ്ഡിത്യം, സർഗ്ഗാത്മകരചന, സാഹിത്യ ദർശനം, കലാദർശനം, ലാവണ്യദർശനം

മലയാള സാഹിത്യവിമർശനത്തിൽ പ്രതിഷ്ഠാപകരിൽ ഒരാളെന്ന നിലയിലാണ് എം. തോമസ് മാത്യു അറിയപ്പെടുന്നത്. ദന്തഗോപുരത്തിലേയ്ക്കു വീണ്ടും എന്ന ആഹ്വാനവുമായാണ് പ്രൊഫ. എം. തോമസ് മാത്യു മലയാള വിമർശനരംഗത്തേക്ക് കടന്നുവന്നത്. അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിന്റെ പേരുതന്നെ ദന്തഗോപുരത്തിലേയ്ക്കു വീണ്ടും എന്നതായിരുന്നു. തോമസ് മാത്യുവിനെ സംബന്ധിച്ചിടത്തോളം ഇത് തന്റെ നിലപാടിന്റെ പ്രഖ്യാപനമായിരുന്നു. സാഹിത്യത്തിന് അനന്യമായ ഒരു സ്വക്ഷേത്രമുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അതിനെയാണ് അദ്ദേഹം ദന്തഗോപുരമെന്ന് വിളിച്ചത്. അവിടെ കാലുറപ്പിച്ചുനിന്നുകൊണ്ടാണ് എഴുത്തുകാരനെയും സാഹിതീയപ്രവണതകളെയും കൃതികളെയും അദ്ദേഹം വിമർശിച്ചത്. വിമർശനസമീപനത്തിൽ എല്ലാം താൻ ഗ്രഹിച്ചിരുന്നുവെന്ന ഭാവം അദ്ദേഹത്തിനില്ല. ബഹ്വർത്ഥസാധ്യതകളുള്ള തത്ത്വപരാമർശങ്ങളെ ഏതെങ്കിലുമൊരർത്ഥത്തിൽ കൊണ്ടെകെട്ടാനുള്ള ശാഠ്യവുമില്ല. സാഹിത്യത്തിലെ പല സമസ്യകളും ആത്യന്തികമായ തീർപ്പുകല്പിക്കാവുന്നവയല്ല എന്ന സൂചന അദ്ദേഹത്തിന്റെ പ്രായോഗികവിമർശനങ്ങളിൽ കാണാം. ഇദ്ദേഹത്തിന്റെ വിമർശനത്തിന്റെ പ്രസക്തമായ സന്ദർഭങ്ങളിലെല്ലാം പൂർവ്വസൂരികളും അവരുടെ സൂക്തങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷെ വിമർശകനായ തോമസ് മാത്യുവിനെ ഭരിക്കുന്നതും നയിക്കുന്നതും ഇവയല്ല. സാഹിത്യത്തിന്റെ സ്വക്ഷേത്രം തിരിച്ചറിഞ്ഞ വിമർശകനാണ് എം. തോമസ് മാത്യു.

* അസി. പ്രൊഫസർ, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ് പാലാ (ഓട്ടോണമസ്)

 ISSN No: 3049-0316 

## സാഹിത്യവിമർശനം – സൈദ്ധാന്തിക സമീപനം

പാശ്ചാത്യ പൗരസ്ത്യ സാഹിത്യചിന്തകളെക്കുറിച്ചുള്ള ഗഹനമായ പഠനത്തിലൂടെ സ്വരൂപിച്ചെടുത്ത തനതായ സാഹിത്യസങ്കല്പം തോമസ് മാത്യുവിന് ഉണ്ടായിരുന്നു. വിശദവും സുവ്യക്തവുമായ ആ സങ്കല്പം അദ്ദേഹത്തിന്റെ സാഹിത്യസങ്കല്പങ്ങൾക്ക് മിഴിവ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സകലസ്പർശിയായ സമഗ്രസ്വഭാവമുള്ള ഒന്നായിരുന്നു ആ സങ്കല്പം. ആ കാലഘട്ടത്തിൽ മലയാളനിരൂപകരിൽ അധികംപേർക്കും അത്തരം വ്യക്തവും സമഗ്രവുമായ ഒരു സാഹിത്യസങ്കല്പം ഇല്ലായിരുന്നു. ഇത്ര യുക്തിബോധവും അന്തർദർശനവീര്യവുമുള്ള ഒരു നിരൂപകനെ മലയാളം ഇതുവരെ കണ്ടിട്ടില്ല. എം. തോമസ് മാത്യു ധാർമ്മികത പുലർത്തിയ സാഹിത്യനിരീക്ഷകനാണ്. വിമർശനത്തിൽ ഉടനീളം സാഹിത്യത്തെ കലയായി മാത്രംകണ്ട വിമർശകനാണ് അദ്ദഹം.

## വിമർശനം എങ്ങനെ

സാഹിത്യവിമർശനം എങ്ങനെ ആവണമെന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുള്ള വിമർശനകനായിരുന്നു എം. തോമസ് മാത്യു. ആസ്വാദ്യാംശങ്ങളെ വെളിപ്പെടുത്തിത്തരുന്നതാവണം വിമർശനം. ഒരു കൃതിയുടെ യോഗ്യത നിർണ്ണയിക്കേണ്ടത് അതിന്റെ ന്യൂനതകളെക്കൊണ്ടല്ലെന്നു സാഹിത്യ കലാനിരൂപകന്മാർക്ക് സമ്മതമായിട്ടുള്ള ഒരു തത്ത്വമാകുന്നു. സാഹിത്യം ഒരു കല ആകയാൽ അതിൽ ആസാദ്യാംശങ്ങളെ ചൂണ്ടിക്കാണിച്ചുതരുന്നവൻ ഈ സമുദായത്തിന്റെ സുഖാനുഭവത്തെ വർദ്ധിപ്പിക്കുന്നു. പക്ഷെ ന്യായമയ ആക്ഷേപം അവശ്യവുമാണ്. കാലാതിവർത്തിയായ കൃതികളെ വിമർശനത്തിനായി സ്വീകരിക്കണം. കൃതി ജന്മംകൊണ്ട പശ്ചാത്തലംകൂടി പരിഗണിച്ചുവേണം വിമർശനം നടത്താൻ. സ്വതന്ത്ര ചിന്താശക്തിയും മികച്ച പാണ്ഡിത്യവും തെളിഞ്ഞ പ്രജ്ഞയും സ്വച്ഛമായ മനസ്സും ഉള്ള ഒരാൾക്കേ നല്ല വിമർശകാനാകാൻ കഴിയൂ. അത്തരത്തിൽ നല്ലൊരു വിമർശകനാണ് എം. തോമസ് മാത്യു.

## സാഹിത്യവിമർശനം – പ്രായോഗികസമീപനം

സാഹിത്യത്തെ കലയായികണ്ട തോമസ് മാത്യു കലാദർശനത്തെ വിട്ടുവീഴ്ചയില്ലാതെ അടയാളപ്പെടുത്തുന്നത് ഗൗരവമേറിയ ജോലിയായാണ് അദ്ദേഹം നിർവ്വഹിച്ചുപോന്നത്. ഉന്നതമായ സാംസ്കാരിക പ്രവർത്തനമെന്ന രീതിയിൽതന്നെയാണ് എം തോമസ് മാത്യു തന്റെ സാഹിത്യസപര്യയെ കണ്ടിട്ടുള്ളത്. കവിതയും നോവലും നാടകവും ചെറുകഥയും അദ്ദേഹം വിമർശനവിധേയമാക്കിയിട്ടുണ്ട്. സൂക്ഷ്മമായ ഒരു തെരഞ്ഞെടുപ്പിലൂടെയാണ് കൃതികളെ അദ്ദേഹം കണ്ടെത്തിയത്. വിമർശനത്തെ സാംസ്കാരികപ്രവർത്തനമാക്കുന്നതിന്റെ ഭാഗമായിട്ടാണ് തന്റെ തിരഞ്ഞെടുപ്പിൽ ഇത്തരമൊരു കണിശത അദ്ദേഹം പാലിച്ചത്. മലയാളിയുടെ വായനാഭിരുചികളെയും സാംസ്കാരികാഭിമുഖ്യങ്ങളെയും മാറ്റിമറിക്കുന്നതിൽ സാരമായ പങ്കുവഹിച്ച കൃതികളെയും സാഹിത്യകാരന്മാരെയും പ്രവണതകളെയുമാണ് തോമസ് മാത്യു അംഗീകരിച്ചത്. ഇതൊരു ദൗത്യമായി കാണുകയും ചെയ്തു. വിമർശനകലയെക്കുറിച്ചും വിമർശനത്തിന്റെ പ്രസക്തിയെക്കുറിച്ചും എഴുതിയതിന്റെ കാരണമിതാണ്. ഇക്കാര്യത്തിൽ പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകരും എഴുത്തുകാരും അദ്ദേഹത്തിന്റെ ചിന്തകൾക്ക് ചിന്തേരിടുന്നുണ്ട്. എങ്കിലും അന്തിമവിശകലനത്തിൽ തോമസ് മാത്യു തന്റെ നിലപാടുതറ വ്യക്തമായി, വ്യതിരിക്തമായി പറഞ്ഞുവയ്ക്കുകയും ചെയ്യുന്നു. ഈയൊരു വിവേകത്തിന്റെ ബലത്തിലാണ് മലയാളവിമർശനചരിത്രത്തിൽ അദ്ദേഹം ഇടം നേടിയത്.

## നിയതക്രമം

എം. തോമസ് മാത്യുവിന്റെ വിമർശനഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ പെട്ടെന്നു ശ്രദ്ധയിൽപ്പെടുന്നത് അവയ്ക്കൊരു ചിട്ടയും മട്ടുമുണ്ടെന്നതാണ്. പശ്ചാത്തലപഠനവും അന്തർഭാവപഠനവും അവയിലുണ്ടാവും. ആദ്യത്തേത് രണ്ടാമത്തേതിന് പോഷകമായിത്തീരുന്നു. പശ്ചാത്തലപഠനത്തിൽ കൃതിയുടെ കാലികവും രചനാപരവും സാഹിത്യപരവുമായ പശ്ചാത്തലം കണ്ടെത്തി അനാവരണം ചെയ്യുകയാണ്. അന്തർഭാവപഠനത്തിൽ പ്രതിപാദ്യം പ്രതിപാദനവിധം സഹൃദയനുണ്ടാവുന്ന അനുഭവം എന്നീ മൂന്നംശങ്ങളിലും ഊന്നൽ നൽകുന്നു.

ISSN No: 3049-0316
വാല്യം 2 ലക്കം 3 എപ്രിൽ 2026

വിമർശനകലയായാലും കവിതാവിമർശനമായാലും നാടകവിമർശനമായാലും തോമസ് മാത്യുവിന്റെ വീക്ഷണത്തിൽ പ്രകടമാകുന്ന കലാചിന്തയാണ് അദ്ദേഹത്തിലെ വിമർശകനെ വ്യതിരിക്തനായി നിറുത്തുന്ന ഘടകം. ഇത് രൂപശില്പമഹിമയിൽ ഒതുങ്ങിനിൽക്കുന്ന വീക്ഷണമല്ല. ഓരോ ശ്രേഷ്ഠകൃതിയേയും കലയുടെ ശിഖരശോഭയിലേയ്ക്ക് ഉയർത്തുന്ന ഘടകമേതെന്നുള്ള അന്വേഷണമാണ് അദ്ദേഹം നിരന്തരം നടത്തിയിട്ടുള്ളത്. ഇത് അദ്ദഹത്തെ ഉണർത്തിയത് മഹത്വത്തെക്കുറിച്ചുള്ള മൂല്യസങ്കല്പങ്ങളാണ്.

## വിമർശനത്തിൽ ഡോ. എം. തോമസ് മാത്യുവിന്റെ സ്ഥാനം

പൊതുസ്വഭാവമായി ചൂണ്ടിക്കാട്ടാനാവില്ലെങ്കിലും ചരിത്രപരമായ വിമർശനം മൂല്യാധിഷ്ഠിതവിമർശനം സൗന്ദര്യശാസ്ത്രാധിഷ്ഠിത വിമർശനം തുടങ്ങിയ വിമർശനപദ്ധതിയുടെ ഛായകൾ തോമസ് മാത്യുവിന്റെ വിമർശനങ്ങളിൽ പല സന്ദർഭങ്ങളിലും കാണാനാകും. കലാത്മകതയിലെ ചാരുത തോമസ് മാത്യുവിന്റെ സർഗ്ഗപ്രതിഭയെ വേണ്ടുവോളം പാകപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എപ്പോഴും നേരിട്ടുള്ള ഒരു പ്രശ്നം എന്തെല്ലാം ചേരുവകൾ ഒത്തിണങ്ങുമ്പോഴാണ് ഒരു രചന കലാകൃതിയായിരിക്കുന്നത് എന്നതാണ്. അദ്ദേഹത്തിന്റെ വിമർശനങ്ങളിൽ ഈ ചിന്തയുടെ വൈവിദ്ധ്യമാർന്ന ശോഭ ദൃശ്യമാകുന്നു. സൗന്ദര്യാരാധകനായ വിമർശകനെയാണ് നമുക്ക് അദ്ദേഹത്തിൽ കാണാൻകഴിയുന്നത്. വിമർശനേതരഗ്രന്ഥങ്ങളിലും തോമസ് മാത്യു തന്റെ കലാതത്ത്വചിന്തകളെ പ്രകാശിപ്പിച്ചിട്ടുണ്ട്. ചാരുതയുടെ ഉത്തുംഗതയാണ് കലയിലെ ശ്രേഷ്ഠഭാവങ്ങളെ അഭിവ്യക്തമാക്കുന്നത്. ഈ മഹിതഭാവങ്ങളെ അറിയുക എന്നതാണ് വിമർശകന്റെ സർഗ്ഗസിദ്ധി. വിമർശകനിലെ ഉയർന്ന മൂല്യബോധം ഇത്തരമൊരു കലാചിന്തയ്ക്കു പ്രേരകമായി ഭവിക്കുന്നു. തോമസ് മാത്യുവിന്റെ ജീവിതവീക്ഷണത്തിലും ഈയൊരു മഹിതഭാവം കാണാം. സാഹിത്യത്തിൽ മനുഷ്യന്റെ ഭാഗധേയങ്ങളെ ഉരുവാക്കുന്ന പ്രേരകങ്ങളെന്താണെന്നും അവ നമ്മുടെ ഉണ്മയെ എങ്ങനെ ഭാസുരമാക്കുന്നുവെന്നും തോമസ് മാത്യു വ്യക്തമാക്കുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിമർശനങ്ങൾ മനുഷ്യബോധത്തിന്റെയും ഉയർന്ന മൂല്യസങ്കല്പങ്ങളുടെയും യുക്തിശില്പങ്ങളായി ഭവിച്ചത്. മാരാരേയും മറ്റും തന്റെ വിമർശചിന്തയുടെ പ്രഭവസ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോൾ ആദരവാർന്ന കാഴ്ച മാത്രമല്ല അദ്ദേഹം അവതരിപ്പിക്കുന്നത്. മനുഷ്യൻ തന്റെ മനുഷ്യനായിത്തീരലിന്റെ ചരിത്രദൗത്യം എങ്ങനെ നിറവേറ്റുന്നു എന്നുകൂടി പറയുന്നിടത്താണ്.

വിമർശകന്റെ ഹൃദയത്തിന്റെ അഗാധതകളെ സ്പർശിക്കുന്ന ലാവണ്യാനുഭവങ്ങളെ വാക്കുകൾകൊണ്ട് രൂപമിയറ്റുന്ന ഘട്ടത്തിലാണ് വിമർശനം എന്ന സാഹിത്യരൂപം കലാരൂപമായി മാറുന്നത് എന്നു തോമസ് മാത്യു ദൃഢമായി പ്രഖ്യാപിച്ചിട്ടുണ്ട്. വിവേകം നഷ്ടപ്പെടാത്ത ഉൾക്കരുത്ത് തോമസ് മാത്യുവിന്റെ വാക്കുകളിൽ തിടം വച്ചുനിൽക്കുന്നു. സ്വതന്ത്രമായ ഒരു മനസ്സും മൂല്യാധിഷ്ഠിതമായ ദൂരക്കാഴ്ചകളും അദ്ദേഹത്തിന്റെ വിവേകത്തിന് സൗന്ദര്യം പ്രദാനംചെയ്യുന്നു. പ്രലോഭനങ്ങളുടെയും ആദർശം കൈമോശംവന്ന ചിന്തകളുടെയും നടുവിൽ വിവേകത്തിന്റെ സൗന്ദര്യത്തിൽ അടിപതറാതെ നിൽക്കുന്ന ആത്മാവിന്റെ പ്രഭാപൂരം അദ്ദേഹത്തിന്റെ വിമർശനങ്ങളെ കൂടുതൽ പ്രകാശപൂരിതമാക്കി. ജീവിതയാഥാർത്ഥ്യങ്ങളിൽ കാലുകളുറപ്പിച്ചും സൗന്ദര്യത്തിന്റെ വിഹായസ്സിൽ മനസ്സിനെ പറക്കാൻ അനുവദിച്ചും ലഭിക്കുന്ന ഒരു മൂല്യബോധം അദ്ദേഹം നിധിപോലെ സൂക്ഷിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. എം. തോമസ് മാത്യു, ദന്തഗോപുരത്തിലേയ്ക്ക് വീണ്ടും, പ്രസാധനം. സാഹിത്യപ്രവർത്തക സഹകരണസംഘം, 1978.
2. എം. തോമസ് മാത്യു, രുദിതാനുസാരികവി, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം , 2009.
3. എം. തോമസ് മാത്യു, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം, ഡി.സി.ബുക്സ്, കോട്ടയം.
4. എം. തോമസ് മാത്യു, മാരാർ : ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം, സാഹിത്യ അക്കാദമി, തൃശ്ശൂർ

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ദൃശ്യമാധ്യമങ്ങൾ: കാഴ്ചയും കാഴ്ചപ്പാടും



ഫ്രാൻസിസ് മൈക്കിൾ*

**സംഗ്രഹം**

ദൃശ്യമാധ്യമങ്ങൾ ആശയ വിനിമയത്തിൽ സമാനതകളില്ലാത്ത മാറ്റങ്ങൾ വരുത്തി. കാഴ്ചയുടെ സാധ്യതകളെ ദൃശ്യമാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. കാഴ്ച സാംസ്കാരികവും ദാർശനികവുമായ പ്രക്രിയയാണ്. കാഴ്ചയും കാഴ്ചപ്പാടും പരസ്പരബന്ന്ധിതമാണ്. ദൃശ്യമാധ്യമങ്ങൾ കാഴ്ചയുടെ 'രസതന്ത്ര്'ങ്ങൾക്കും വൈകാരിക ചൂഷണത്തിനും കച്ചവടവൽകരണത്തിനും പ്രാധാന്യം നൽകുമ്പോൾ മാധ്യമ ധർമം തമസ്കരിക്കപ്പെടുന്നു. മാധ്യമങ്ങളുടെ ജനാധിപത്യ- സാമൂഹിക- പ്രതിബദ്ധതയും തന്മൂലം പ്രതിസന്ധിയിലാകുന്നു.

**താക്കോൽ വാക്കുകൾ:** ദൃശ്യമാധ്യമങ്ങൾ, മാധ്യമധർമം, യാഥാർത്ഥ്യം, കാഴ്ചയുടെ രസതന്ത്രം, വൈകാരിക ചൂഷണം, കച്ചവടവത്കരണം, മാധ്യമ അടിമത്തം

## ആമുഖം

ആശയവിനിമയത്തിൽ ദൃശ്യമാധ്യമങ്ങൾ വരുത്തിയ മാറ്റം സമാനതകളില്ലാത്തതാണ്. കാഴ്ചയും കേൾവിയും സമന്വയിപ്പിച്ച് ആശയവിനിമയത്തിന്റെ അപാരസാധ്യതകളാണ് ദൃശ്യമാധ്യമങ്ങൾ നൽകിയത്. കാഴ്ച എന്നത് വസ്തുക്കളെ തിരിച്ചറിയുന്ന പ്രവൃത്തി മാത്രമല്ല. കാഴ്ച സാംസ്കാരികവും ദാർശനികവുമായ ഒരു പ്രക്രിയയും നിർമിതിയുമാണ്. ജോൺ ബെർഗർ തന്റെ Ways of Seeing എന്ന പ്രശസ്ത ഗ്രന്ഥത്തിൽ പറയുന്നതുപോലെ, "വാക്കുകൾക്ക് മുമ്പേ കാഴ്ച സംഭവിക്കുന്നു. കാഴ്ച ഒരിക്കലും നിഷ്പക്ഷമല്ല. ഒരു കാര്യം മാത്രമല്ല നമ്മൾ കാണുന്നത്. മറിച്ച് എല്ലാ കാഴ്ചയിലും മനുഷ്യൻ അന്വേഷിക്കുന്നത് വ്യക്തിയും വസ്തുക്കളും തമ്മിലുള്ള ബന്ധമാണ്" (Berger 1972, P. 7). ദൃശ്യമാധ്യമങ്ങൾ നമ്മുടെ ലോകവീക്ഷണവും സാംസ്കാരികതയും ജനാധിപത്യബോധവും നിരന്തരം പുനർനിർമിക്കുകയും നിർണയിക്കുകയും ചെയ്യുന്ന കാലമാണിത്. എന്തു കാണുന്നു എന്നത് എന്തായിത്തീരും എന്നതിന്റെ സൂചകമാണ്. കാഴ്ചയും കാഴ്ചപ്പാടും സങ്കീർണമായ വിധത്തിൽ പരസ്പര ബന്ധിതമാണ്. കൊറിയൻ ഗെയിംപോലുള്ള വീഡിയോ ഗെയിമുകളും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും നവസാങ്കേതികവിദ്യകളും മനുഷ്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതും നശിപ്പിക്കുന്നതുമായ നിരവധി സംഭവങ്ങൾ സമകാലിക യാഥാർത്ഥ്യങ്ങളാണ്. സാംസ്കാരിക അധിനിവേശം പ്രതിരോധിക്കാൻ ആവാത്തവിധം ജീവിതക്രമത്തെ മാറ്റിമറിക്കുന്നു. ഈ ദുരന്തങ്ങളിലെല്ലാം ദൃശ്യമാധ്യമങ്ങൾക്ക് നിർണായകപങ്കാളിത്തമുണ്ട്. ദൃശ്യമാധ്യമങ്ങളുടെ സമീപനങ്ങളും അവ രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളും വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ ലേഖനം.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമല കോളേജ്, മൂവാറ്റുപുഴ

### ദൃശ്യമാധ്യമങ്ങൾ

ദൃശ്യങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യരൂപങ്ങളിലൂടെയും വിവരങ്ങളും ആശയങ്ങളും സന്ദേശങ്ങളും വിനിമയം ചെയ്യുന്ന മാധ്യമങ്ങളാണ് ദൃശ്യമാധ്യമങ്ങൾ. എഴുത്തുരൂപങ്ങളെക്കാൾ മനുഷ്യമനസിനെ സ്വാധീനിക്കാനും ആശയസംവേദനം നടത്താനും വികാരങ്ങളെ ഉണർത്താനും ദൃശ്യമാധ്യമങ്ങൾക്ക് എളുപ്പത്തിൽ കഴിയുന്നു. ആശയവിനിമയത്തിന്റെയും വിനോദത്തിന്റെയും ലോകബന്ധത്തിന്റെയും മികച്ച മാർഗമായി ദൃശ്യമാധ്യമങ്ങൾ മാറിയിരിക്കുന്നു. അവതരിപ്പിക്കുന്ന ദൃശ്യങ്ങളിലൂടെ ഒരു സമാന്തര യാഥാർത്ഥ്യനിർമിതി ദൃശ്യമാധ്യമങ്ങൾ സാധ്യമാക്കുന്നു. അങ്ങനെ കാഴ്ചക്കാരന്റെ കാഴ്ചപ്പാടിനെ (Perspective) നിർണായകമായി സ്വാധീനിക്കാനും ദൃശ്യ മാധ്യമങ്ങൾക്കു കഴിയുന്നു. ചലച്ചിത്രം, ടെലിവിഷൻ, സോഷ്യൽ മീഡിയ (യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, etc) പരസ്യങ്ങൾ, ഡിജിറ്റൽ മീഡിയ, വെബ്സൈറ്റുകൾ, ഇൻഫോഗ്രാഫിക്സുകൾ, ആനിമേഷൻ, വീഡിയോ ഗെയിമുകൾ എന്നിവയെല്ലാം ദൃശ്യമാധ്യമങ്ങളിൽ ഉൾപ്പെടുന്നു.

### ചരിത്രവഴികൾ

ദൃശ്യമാധ്യമങ്ങളുടെ ചരിത്രം മനുഷ്യന്റെ ആശയവിനിമയത്തിന്റെ പരിണാമവുമായി ഇടകലരുന്നതാണ്. ഗുഹകളിൽ വരച്ച ചിത്രങ്ങളാണ് ദൃശ്യമാധ്യമങ്ങളുടെ ആദ്യരൂപം. ആശയങ്ങൾ കൈമാറാൻ ഭാഷ പോലെ ചിത്രരചനയെയും മനുഷ്യൻ ഉപയോഗിച്ചിരുന്നു. ആധുനിക ദൃശ്യമാധ്യമങ്ങൾക്ക് വഴിതെളിച്ചത് പത്തൊൻപതാം നൂറ്റാണ്ടിലെ ഫോട്ടോഗ്രഫിയുടെ കണ്ടുപിടുത്തമാണ്. 1895-ൽ ലൂമിയർ സഹോദരന്മാർ ആദ്യമായി ചലച്ചിത്രം പ്രദർശിപ്പിച്ചത് ദൃശ്യമാധ്യമചരിത്രത്തിലെ നിർണായക നാഴികക്കല്ലാണ്. സിനിമ വെറുമൊരു വിനോദോപാധി മാത്രമാകാതെ, യാഥാർത്ഥ്യത്തെ ഡോക്യുമെന്റ് ചെയ്യാനുള്ള ശക്തമായ സാധ്യത കൂടിയായിമാറി. ജോൺ ലോഗി ബെയർഡ് ടെലിവിഷൻ കണ്ടുപിടിച്ചതോടെ ദൃശ്യങ്ങൾ തത്സമയം ദൂരസ്ഥലങ്ങളിലേക്ക് അയയ്ക്കാനുള്ള സാധ്യത സംജാതമായി. ഉപഗ്രഹചാനലുകളുടെയും ഡിജിറ്റൽ മാധ്യമങ്ങളുടെയും വരവ് "കാഴ്ച"യുടെ അനുഭവത്തെ ആഗോളവൽക്കരിച്ചു. ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണുകളുടെയും വ്യാപനം ദൃശ്യമാധ്യമങ്ങളെ എല്ലാവരുടെയും വിരൽത്തുമ്പിലെത്തിച്ചു. ഒ.ടി.ടി പ്ലാറ്റ്ഫോമുകളും സോഷ്യൽ മീഡിയയും പരമ്പരാഗത മാധ്യമങ്ങൾക്ക് നിരന്തരം വെല്ലുവിളി ഉയർത്തുന്നു എന്നതും ശ്രദ്ധേയമാണ്. ഗുഹാചിത്രങ്ങളിൽ നിന്ന് ഡിജിറ്റൽ യുഗത്തിലെ AI (Artificial Intelligence) നിർമിത ദൃശ്യങ്ങളിലേക്ക് എത്തുമ്പോൾ ദൃശ്യമാധ്യമങ്ങളുടെ പ്രസക്തിയും പ്രതിസന്ധിയും വർദ്ധിക്കുന്നു. ചരിത്രപരമായി സാങ്കേതികവിദ്യ വളരുന്നതിനനുസരിച്ച് ദൃശ്യങ്ങൾ മനുഷ്യബോധത്തെ കൂടുതൽ ആഴത്തിൽ സ്വാധീനിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

### അടിസ്ഥാന തത്വസംഹിതകൾ

വിഷ്വൽ മീഡിയയുടെ അടിസ്ഥാനതത്വം സത്യസന്ധതയും കൃത്യതയുമാണ് (Accuracy and Truthfulness). യാഥാർത്ഥ്യങ്ങളെ വളച്ചൊടിക്കാതെ സത്യസന്ധമായി അവതരിപ്പിക്കാൻ ദൃശ്യമാധ്യമങ്ങൾ കടപ്പെട്ടിരിക്കുന്നു. സ്വകാര്യതയെ എല്ലാവിധത്തിലും മാനിക്കാൻ (Respect for Privacy) ദൃശ്യമാധ്യമ ധർമം അനുശാസിക്കുന്നു. വ്യക്തിയുടെ സമ്മതം (Consent) അയാളുടെ ദൃശ്യങ്ങൾ പകർത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അവശ്യമാണ്. അനുവാദമില്ലാത്ത സംപ്രേഷണങ്ങളെല്ലാം സ്വകാര്യതയുടെ ലംഘനമാണ്. വ്യക്തിയുടെ സ്വകാര്യതയിലും ദുരിതങ്ങളിലും അതിക്രമിച്ച് കടക്കാതിരിക്കാൻ ദൃശ്യമാധ്യമങ്ങൾ ശ്രദ്ധ പുലർത്തേണ്ടതാണ്. ദൃശ്യങ്ങൾ മറ്റുള്ളവർക്ക് മാനസികമോ ശാരീരികമോ ആയ പ്രശ്നങ്ങൾക്ക് കാരണമാകരുത്. ക്രൂരവും ദാരുണവും വന്യവുമായ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്യാൻ പാടില്ലാത്തതാണ്. ഇരകളെ സംരക്ഷിക്കാനും എല്ലാത്തരം വിവേചനങ്ങളും ഒഴിവാക്കാനും ദൃശ്യമാധ്യമങ്ങൾ പ്രതിജ്ഞാബദ്ധമായിരിക്കണം. സുതാര്യത പുലർത്തുമ്പോഴാണ്. ഓരോ ദൃശ്യവും രൂപപ്പെട്ട സാഹചര്യവും സന്ദർഭവും കൃത്യമായി പറയാൻ കഴിയുമ്പോഴാണ്, ദൃശ്യമാധ്യമങ്ങൾക്ക് ആധികാരികത കൈവരുന്നത്. നിർമിതബുദ്ധിയുടെ കാലഘട്ടത്തിൽ സുതാര്യത ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിൽ അനിവാര്യത തന്നെയാണ്.

### കാഴ്ചയും ധാർമികതയും

ദൃശ്യമാധ്യമങ്ങൾ രാഷ്ട്രനിർമാണവും ജനാധിപത്യ സംരക്ഷണവും സാമൂഹിക പുരോഗതിയും ലക്ഷ്യമാക്കേണ്ടവയാണ്. ദൃശ്യമാധ്യമങ്ങൾ സാമൂഹിക പ്രതിബദ്ധതയും നീതിയും ധാർമികതയും അധികരിച്ച് കാഴ്ചയുടെ ഉള്ളടക്കം രൂപപ്പെടുത്തണം. സമൂഹത്തിന്റെ പൊതു നന്മയും ജനതയുടെ സാമൂഹ്യ പ്രതിബദ്ധതയും സുസ്ഥിതിയും മാധ്യമങ്ങൾ ഉറപ്പുവരുത്തണം. ദൃശ്യമാധ്യമങ്ങൾ സന്തുലിത വികസനത്തിന്റെ വക്താക്കളാകണം.

 ISSN No: 3049-0316 

കേവലം വിനോദത്തിനും വൈകാരികതയ്ക്കും അപ്പുറം ക്രിയാത്മകമായി ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ജനതയെ രൂപപ്പെടുത്താൻ ദൃശ്യമാധ്യമങ്ങൾക്കു കഴിയണം. എല്ലാത്തരം അധിനിവേശങ്ങളെയും പ്രതിരോധിക്കാൻ ദൃശ്യമാധ്യമങ്ങൾ കടപ്പെട്ടിരിക്കുന്നു. അതിനാൽ അടിസ്ഥാന ധാർമികസംഹിതകൾ ദൃശ്യമാധ്യമങ്ങൾക്കും ബാധകമാണ്. കാഴ്ചയുടെ ധാർമികത ഉറപ്പുവരുത്താൻ ദൃശ്യമാധ്യമങ്ങൾ അനുവർത്തിക്കേണ്ട പ്രസക്ത ധർമസംഹിതകൾ താഴെ പറയുന്നവയാണ്:

### 1 കമ്യൂണിറ്റേറിയനിസം (Communitarianism)

വ്യക്തിയെക്കാൾ സമൂഹത്തിന്റെ നന്മയ്ക്ക് പ്രാധാന്യം നൽകുന്ന തത്വസംഹിതയാണ് കമ്മ്യൂണിറ്റേറിയനിസം. സാമൂഹ്യഭദ്രത ഇവിടെ സുപ്രധാനമാകുന്നു. മനുഷ്യന്റെയും ജീവജാലങ്ങളുടെയും പ്രകൃതിയുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ കമ്മ്യൂണിറ്റേറിയനിസം പ്രതിജ്ഞാബദ്ധമാണ്. മാനുഷികതയും നീതിയും ധാർമികതയും കമ്മ്യൂണിറ്റേറിയനിസം ലക്ഷ്യമാക്കുന്നു. അതിനാൽ വിദ്വേഷത്തിനും വിഭാഗീയതയ്ക്കും കാരണമാകുന്നവ ഒഴിവാക്കി സാഹോദര്യം വളർത്തുന്ന ദൃശ്യങ്ങൾ നൽകാൻ മാധ്യമങ്ങൾക്ക് ബാധ്യതയുണ്ട്. വ്യക്തി താല്പര്യങ്ങൾക്ക് ഉപരിയായി സമൂഹമൂല്യങ്ങൾക്കും സുസ്ഥിതിക്കും പ്രാധാന്യം നൽകുന്ന ചിന്താപദ്ധതിയാണിത്. വ്യക്തി സമൂഹത്തിന്റെ ഭാഗമാണെന്നും, വ്യക്തിയുടെ ധാർമികത രൂപപ്പെടുന്നത് ആ സമൂഹത്തിന്റെ സംസ്കാരത്തിലൂടെയാണെന്നും പ്രസ്തുത സിദ്ധാന്തം കരുതുന്നു. അതിനാൽ ദൃശ്യമാധ്യമങ്ങൾ സാമൂഹിക ഉത്തരവാദിത്തം പുലർത്തണം. ദൃശ്യങ്ങൾ നിർമിക്കുമ്പോൾ അത് സാമൂഹിക ഐക്യം സംരക്ഷിക്കുന്ന വിധം ആയിരിക്കണം. അതിനാൽ കാഴ്ചയുടെ ഉള്ളടക്കം സമൂഹനന്മയും ക്രിയാത്മകതയും ധാർമികതയും എപ്പോഴും ലക്ഷ്യമാക്കണം. ആഗോളവൽക്കരണത്തിനെതിരെ പ്രാദേശിക തനിമയും സംസ്കാരവും സംരക്ഷിക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിയണം. സാംസ്കാരിക അധിനിവേശത്തിനെതിരായ പ്രതിരോധം തീർക്കാൻ ദൃശ്യമാധ്യമങ്ങൾ പ്രതിജ്ഞാബദ്ധമാകണം. സോഷ്യൽ മീഡിയയിലെ ഡിജിറ്റൽ സമൂഹങ്ങൾ വ്യക്തിത്വ വികസനവും സമൂഹ നന്മയും ലക്ഷ്യമാക്കേണ്ടവയാണ്.

### 2. അജ്ഞാത വസ്തുനിഷ്ഠത (Veil of Ignorance)

അമേരിക്കൻ ദാർശനികനായ ജോൺ റോൾസിന്റെ ആശയമാണ് അജ്ഞാത വസ്തുനിഷ്ഠത. നീതിയുക്തമായ സമൂഹ നിർമിതിക്ക് നിക്ഷ്പക്ഷ നിലപാടുകൾ അനിവാര്യമാണ്. അതിനാൽ വ്യക്തി സ്വയം അജ്ഞതയുടെ നിലപാട് എടുക്കണം. അതായത്, സമൂഹത്തിൽ തന്റെ സ്ഥാനം എന്താണെന്ന് ഒരിക്കലും നിനക്കാതെ നിലനിൽക്കാൻ കഴിയണം. ജാതി, മതം വർഗം, ജൻഡർ ഇവക്കെല്ലാം അതീതമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുമ്പോൾ ഏറ്റവും നീതിയുക്തവും ധാർമികവുമായ കാഴ്ചപ്പാടുകൾ സാധ്യമാകും. ദൃശ്യമാധ്യമ പ്രവർത്തകരുടെ നിലപാടുതറകൾ ഇങ്ങനെയാണ് രൂപപ്പെടേണ്ടത്. വാർത്തകളും കുറ്റകൃത്യങ്ങളും മറ്റു സംഭവങ്ങളും റിപ്പോർട്ടു ചെയ്യുമ്പോൾ, ഇരകളുടെയും കുറ്റാരോപിതരുടെയും സ്ഥാനത്ത് സ്വയം പ്രതിഷ്ഠിച്ച് ദൃശ്യങ്ങളെ വിലയിരുത്തി സംപ്രേഷണം ചെയ്യാൻ മാധ്യമ പ്രവർത്തകർക്കു ബാധ്യതയുണ്ട്. എല്ലാവരുടെയും മാന്യതയും അന്തസും കാത്തുസൂക്ഷിക്കുന്ന ദൃശ്യങ്ങൾ രൂപ പ്പെടുത്താനും എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ പ്രാതിനിധ്യം നല്കാനും ദൃശ്യമാധ്യമങ്ങൾക്ക് അങ്ങനെ കഴിയും. വ്യക്തിയുടെ സ്വകാര്യതയും അവകാശങ്ങളും സംരക്ഷിക്കാൻ ദൃശ്യമാധ്യമ ധർമവും കർമവും അനുശാസിക്കുന്നു.

### 3. കാന്റിയൻ ധാർമികത (Kantian Ethics)

ഇമ്മാനുവൽ കാന്റ് (Immanuel Kant) അവതരിപ്പിച്ച ധാർമിക സിദ്ധാന്തം 'കടമ'യ്ക്ക് (Duty) മുൻഗണന നൽകുന്നു. ഒരു പ്രവർത്തിയുടെ ഫലം നോക്കിയല്ല, മറിച്ച് ആ പ്രവൃത്തി നമ്മുടെ ധാർമിക കടമയാണോ എന്നതിനെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പ്രവൃത്തി ശരിയോ തെറ്റോ എന്ന് തീരുമാനിക്കുന്നത്. ഇതിനെ 'Categorical Imperative' എന്ന് കാന്റ് വിളിക്കും. കർമത്തിനു പിന്നിലെ ലക്ഷ്യം നല്ലതാണെങ്കിൽ മാത്രമേ പ്രവൃത്തി ശരിയാവുകയുള്ളൂ എന്ന് കാന്റ് സമർത്ഥിക്കുന്നു. ദൃശ്യമാധ്യമങ്ങൾ പുലർത്തേണ്ട സത്യസന്ധത കാന്റിന്റെ ധാർമികദർശനത്തെ അധികരിക്കുന്നതാണ്. ഒരു ദൃശ്യം എഡിറ്റ് ചെയ്യുമ്പോഴും സംപ്രേഷണം ചെയ്യുമ്പോഴും അല്ലെങ്കിൽ ഗ്രാഫിക്സ് ഉപയോഗിക്കുമ്പോഴും സത്യം വളച്ചൊടിക്കരുത്. അവയ്ക്ക് പിന്നിലെ ലക്ഷ്യവും ധാർമികമായി ശരിയായിരിക്കണം. പ്രവർത്തിയുടെ ഫലം എന്തുതന്നെയായാലും സത്യസന്ധമായ ദൃശ്യങ്ങൾ നൽകുക എന്നത് മാധ്യമങ്ങളുടെ കടമയാണ്. റേറ്റിംഗിനും ലാഭത്തിനും വേണ്ടി മനുഷ്യരുടെ ദുരിതങ്ങൾ ദൃശ്യങ്ങളാക്കി വിൽക്കുന്നത് അധാർമികമാണ്. വ്യക്തികളെ ലക്ഷ്യം നേടാനുള്ള മാർഗമായി കാണാതെ അവരെ എല്ലാ വിവേചനങ്ങൾക്കും അതീതമായി വ്യക്തി എന്ന നിലയിൽ ബഹുമാനിക്കാനും സംരക്ഷിക്കാനും ദൃശ്യമാധ്യമങ്ങൾക്ക് കഴിയണം. ജീവന്റെ എല്ലാ രൂപങ്ങളെയും ആദരിക്കാൻ മാധ്യമ

പ്രവർത്തകർക്ക് കഴിയണം. ആദരവിന്റെയും അവകാശത്തിന്റെയും മാധ്യമ ദർശനങ്ങൾ അങ്ങനെയാണ് രൂപപ്പെടേണ്ടത്. ധാർമിക തത്വസംഹിതകൾ കാലാതീതമായി നിലകൊള്ളുന്നവയാണ്. ദൃശ്യമാധ്യമങ്ങളുടെ ആദർശവും ദർശനവും പ്രസ്തുത ധർമസംഹിതകൾക്ക് അനുസൃതമായി രൂപപ്പെടേണ്ടവയാണ്.

### യാഥാർത്ഥ്യം

ദൃശ്യമാധ്യമങ്ങളുടെ അടിസ്ഥാനതത്വങ്ങളും ധർമസംഹിതകളും മാറ്റമില്ലാതെ തുടരുമ്പോഴും കാഴ്ചയുടെ യാഥാർത്ഥ്യം തികച്ചും വ്യത്യസ്തമാണ്. ആദർശങ്ങളും യാഥാർത്ഥ്യങ്ങളും ഒരിക്കലും താരതമ്യം ചെയ്യാൻ ആവാത്തവിധം കാഴ്ചക്കാരെ ഒരുതരത്തിൽ ബന്ദികളാക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്. ദൃശ്യമാധ്യമങ്ങളുടെ അതിജീവനകാരണവും മറ്റൊന്നല്ല. പ്രസ്തുത യാഥാർത്ഥ്യങ്ങളെ വിലയിരുത്തേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

#### a) യുക്തിയിൽനിന്ന് കാഴ്ചയിലേക്ക്

വായന കാഴ്ചയ്ക്കു വഴിമാറുന്ന കാലത്തെ പുനർനിർണയിക്കാൻ കടപ്പെട്ടിരിക്കുന്ന ദൃശ്യമാധ്യമങ്ങൾ പ്രേക്ഷകരെ വെറും കാഴ്ചക്കാരാക്കാൻ മത്സരിക്കുന്ന ദയനീയകാഴ്ച അങ്ങേയറ്റം അസ്വസ്ഥദായകമാണ്. അച്ചടിമാധ്യമങ്ങൾ വായനക്കാരെ ക്രിയാത്മകമായി ചിന്തിക്കാനും പ്രതികരിക്കാനും പ്രാപ്തരാക്കിയിരുന്നു. ദൃശ്യമാധ്യമങ്ങൾ വായനയ്ക്ക് പകരം 'കാഴ്ച'യ്ക്ക് പ്രാധാന്യം നൽകിയപ്പോൾ യുക്തിഭദ്രമായി കാര്യങ്ങൾ വിശകലനം ചെയ്യുന്നതിൽനിന്ന് പ്രേക്ഷകരെ വിലക്കുക മാത്രമല്ല തങ്ങളുടെ കാഴ്ചവിഭവങ്ങൾക്കപ്പുറം ചിന്തയുടെ വിശകലനങ്ങൾ പാടില്ല എന്ന അലിഖിതനിയമം പ്രാവർത്തികമാക്കാനുള്ള ഗൂഢശ്രമങ്ങളും നടത്തുകയാണ് ചെയ്തത്. അങ്ങനെ പ്രേക്ഷകരുടെ ചിന്തയ്ക്കും ബൗദ്ധിക നിലവാരത്തിനും പരിധി നിശ്ചയിക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിഞ്ഞു. വസ്തുനിഷ്ഠമായ കാഴ്ചയും നിലപാടുകളും അങ്ങനെ അസാധ്യമായി. ജനങ്ങളെ വെറും കാഴ്ചക്കാരാക്കി തങ്ങളുടെ നിലനിൽപ്പ് ഭദ്രമാക്കാനാണ് മാധ്യമങ്ങൾ പലപ്പോഴും ശ്രമിക്കുന്നത്.

#### b) കാഴ്ചയുടെ 'രസതന്ത്രം'

ദൃശ്യമാധ്യമങ്ങൾ കാഴ്ചയുടെ 'രസതന്ത്രങ്ങൾ' നന്നായി പ്രയോഗിക്കുന്നു. കാഴ്ചയുടെ ഉള്ളടക്കം പ്രേക്ഷകരെ രസിപ്പിക്കാനായി മാത്രം പലപ്പോഴും രൂപകൽപ്പന ചെയ്യുന്നു. അദൃശ്യമായ ഒരു രസച്ചരടിൽ പ്രേക്ഷകരെ കൊരുത്തെടുക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിയുന്നു. ഒരിക്കലും ആ രസച്ചരടിൽനിന്ന് ആരും വേർപെട്ടു പോകരുതെന്ന് മാധ്യമങ്ങൾക്ക് നിർബന്ധമുണ്ട്. 'രസതന്ത്രങ്ങൾ'ക്കും അപ്പുറം പ്രബോധനങ്ങളുടെ ദർശനങ്ങളും സാമൂഹ്യപ്രതിബദ്ധതയും കാഴ്ചയുടെ ഉള്ളടക്കത്തെ നിർണയിക്കേണ്ടതാണ്. ടി.ആർ.പി. റേറ്റിംഗ് കൂട്ടാൻ കാഴ്ചക്കാരുടെ അഭിരുചിയ്ക്കനുസരിച്ച് ദൃശ്യങ്ങൾ രൂപപ്പെടുത്തുമ്പോൾ അടിസ്ഥാന ധാർമികതയും മാധ്യമതത്വങ്ങളും അപ്രത്യക്ഷമാകുന്നു. കാഴ്ചയുടെ ഉള്ളടക്കത്തെ നിശ്ചയിക്കാൻ ജനങ്ങൾക്കും അവകാശവും അവസരവും കൈവരേണ്ടതാണ്. ജനാധിപത്യ ഭരണകൂടം പ്രസ്തുത അവകാശങ്ങൾ ഉറപ്പുവരുത്തണം.

#### c) വൈകാരിക ചൂഷണം

കാഴ്ചയുടെ രസതന്ത്രങ്ങൾക്കൊപ്പം സ്വാഭാവികമായും വൈകാരികചൂഷണവും അരങ്ങേറുന്നു. ദയനീയവും പരിതാപകരവുമായ സംഭവങ്ങളും ജീവിതങ്ങളും അങ്ങനെ ദൃശ്യങ്ങളായി മാറുന്നു. കൊള്ളയും കൊലയും രതിയും ലൈംഗികപീഡനങ്ങളും ദാരിദ്ര്യവും ഇടകലരുന്ന അതിദയനീയദൃശ്യങ്ങൾ വൈകാരിക ചൂഷണത്തിന്റെ അതിക്രൂരമായ വലക്കണ്ണികൾ തന്നെയാണ്. വ്യക്തി എന്ന നിലയിൽ എല്ലാവരും മാനിക്കപ്പെടേണ്ടവരാണ്. അടിസ്ഥാന മനുഷ്യാവകാശങ്ങളും ജനാധിപത്യ മര്യാദകളും തമസ്കരിക്കുന്ന പ്രസ്തുത ദൃശ്യങ്ങൾ ചൂഷണത്തിന്റെ ഏറ്റവും വന്യമായ രൂപം തന്നെയാണ്. വേട്ടക്കാരന്റെ സമീപനങ്ങൾ തന്നെയാണ് ഇവിടെ പ്രവർത്തന നിരതമാകുന്നത്. നിർഭാഗ്യവശാൽ, ചൂഷണത്തിന്റെ അങ്ങേയറ്റം മനുഷ്യത്വരഹിതമായ പ്രസ്തുത സമീപനങ്ങളെ നിരാകരിക്കാൻ പൊതുസമൂഹത്തിന് കഴിയുന്നില്ല എന്നത് പരിതാപകരമാണ്.

#### d) കച്ചവടവൽക്കരണം

കോർപ്പറേറ്റുകൾ അരങ്ങുവാഴുന്ന കച്ചവടസംസ്കാരത്തിലാണ് ലോകക്രമം. ആഗോള കച്ചവടത്തിന്റെ വക്താക്കളായി കോർപ്പറേറ്റുകൾ മാറിയിരിക്കുന്നു. സ്റ്റേറ്റ് കോർപ്പറേറ്റുകളുടെ ഇടനിലക്കാരായി അധഃപതിക്കുന്നത് ജനാധിപത്യം നേരിടുന്ന ഗൗരവതരമായ പ്രതിസന്ധിയാണ്. പരസ്യങ്ങളാണ് മാർക്കറ്റ് കൈയടക്കാനുള്ള മികച്ച മാർഗം. അതിനാൽ കച്ചവടവൽക്കരണത്തിന്റെ ഏറ്റവും മികച്ച മാർഗവും മാധ്യമവും ദൃശ്യമാധ്യമങ്ങൾ തന്നെയാണ്. പല ദൃശ്യമാധ്യമങ്ങളുടെയും നിലയും നിലനിൽപ്പും കച്ചവടസാധ്യതകളെ

 ISSN No: 3049-0316 

അധികരിച്ചാണ്. കച്ചവട താൽപര്യങ്ങളിൽ ലാഭത്തിനാണ പ്രാധാന്യം. ആദർശങ്ങളും മൂല്യങ്ങളും അങ്ങനെ അപ്രസക്തമാകുന്നു. തന്മൂലം എല്ലാത്തരം വസ്തുക്കൾക്കും വൈകൃതങ്ങൾക്കും വിപണനമൂല്യം കൈവരുന്നു. ദൃശ്യമാധ്യമങ്ങൾ അവയുടെ കച്ചവട സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. കച്ചവടവൽക്കരണത്തിന്റെ ഭാഗമാകുന്ന ദൃശ്യമാധ്യമങ്ങൾക്ക് അതിനെതിരായ ചെറുത്തുനിൽപ്പ് അസാധ്യമാകുന്നു.

**e) രാഷ്ട്രീയ മുതലെടുപ്പ്**

ജനാധിപത്യത്തിന്റെ നാലാം തൂണ് (Fourth Pillar) എന്നാണ് മാധ്യമങ്ങളെ വിശേഷിപ്പിക്കുന്നത്. സ്വതന്ത്രമായ മാധ്യമപ്രവർത്തനം ജനാധിപത്യത്തെയും രാഷ്ട്രനിർമാണത്തെയും സാധ്യമാക്കുന്നു. ഭരണകൂടത്തിന്റെ മാധ്യമഅധിനിവേശം സ്വതന്ത്രമായ മാധ്യമസംവാദങ്ങളും സമീപനങ്ങളും തമസ്കരിക്കുന്നു. വസ്തുനിഷ്ഠമായ വിശകലനങ്ങളിലൂടെ രാഷ്ട്രപുരോഗതിയും സാമൂഹ്യഭദ്രതയും വ്യക്തിയുടെ നന്മയും ഉറപ്പുവരുത്തുന്ന നയങ്ങൾ രൂപപ്പെടുത്താനുള്ള ഉപാധിയായി ദൃശ്യമാധ്യമങ്ങളെ ഉപയോഗിക്കുന്നതിനു പകരം സ്വന്തം ഇമേജ് വർദ്ധിപ്പിക്കാനും ഭരണകൂട തന്ത്രങ്ങൾ പ്രചരിപ്പിക്കാനുമുള്ള മാർഗമായി അവയെ കരുതുന്നു. സ്വന്തം ഇമേജ് വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് ദൃശ്യമാധ്യമങ്ങളിലൂടെ ഭരണകൂടവും നേതാക്കന്മാരും ചെയ്യുന്നത്. സിനിമയുടെ ചേരുവകൾപോലെ വേഷവും ഭാഷയും വൈകാരികപ്രസംഗങ്ങളും മാധ്യമങ്ങളിലൂടെ വിന്യസിക്കുന്നു. തൽഫലമായി കാഴ്ചയുടെ ഭംഗി ചിന്തയുടെ ഔന്നത്യത്തെ അപഹരിക്കുന്നു. ജനാധിപത്യവും അതിന്റെ ആദർശങ്ങളും അങ്ങനെ ബലികഴിക്കപ്പെടുന്നു.

**f) വ്യാജനിർമിതികൾ (Deep Fakes)**

നിർമിത ബുദ്ധിയുടെ കാലക്രമത്തിൽ വ്യാജ നിർമിതികൾ ഒറിജിനലിനെ വെല്ലുന്നവയാണ്. സത്യത്തിനും മിഥ്യയ്ക്കുമിടയിൽ അന്തരങ്ങളില്ലെന്ന് അനുസ്മരിപ്പിക്കുന്നവിധം വ്യാജദൃശ്യങ്ങൾ പ്രേക്ഷകരെ അമ്പരപ്പിക്കുന്നു. വഴിതെറ്റിയ യാത്രകളുടെ ദിശാസൂചികളായി വ്യാജദൃശ്യങ്ങൾ പ്രേക്ഷകരെ വശീകരിക്കുന്നു. നിർമാതാവിന്റെ കുതന്ത്രങ്ങൾ ഒരുക്കുന്ന കെണികൾ മാരകങ്ങളാണ്. ദയനീയമായ വിധത്തിൽ പലരും അതിൽ അകപ്പെടുന്നു. മോചനം പലപ്പോഴും അസാധ്യമാണ്. അതിജീവനത്തിന്റെ എല്ലാ സാധ്യതകളും വിലയ്ക്ക് വാങ്ങാൻ പ്രാപ്തമാകുന്ന വിധത്തിൽ ദൃശ്യമാധ്യമങ്ങളിലെ വ്യാജനിർമിതികൾ (Deep Fakes) വളർന്നുകൊണ്ടിരിക്കുന്നു.

**e) പ്രതീതിയാഥാർത്ഥ്യം**

ആധുനിക സാങ്കേതികവിദ്യയുടെ പരിണതഫലമാണ് പ്രതീതിയാഥാർത്ഥ്യം. വ്യക്തിയുടെ സ്വതന്ത്രമായ ചിന്തയും യുക്തിഭദ്രമായ സമീപനങ്ങളും പ്രതീതിയാഥാർത്ഥ്യങ്ങളിൽ അപ്രത്യക്ഷമാകുന്നു. കാരണം പ്രതീതിയാഥാർത്ഥ്യങ്ങളെ വ്യക്തി യാഥാർത്ഥ്യമായി തന്നെ സമീപിക്കുന്നു. അവയിൽ അഭിരമിക്കുന്നു. സമൂഹത്തിൽനിന്നും അവനവനിൽനിന്നും വ്യക്തി ഒരു പരിധിവരെ അന്യനാകുന്നു. അങ്ങനെ വ്യക്തി സ്വത്വനഷ്ടത്തിന്റെയും സ്വത്വപ്രതിസന്ധിയുടെയും പ്രശ്നങ്ങൾ നേരിടുന്നു. നവസാങ്കേതികവിദ്യ സ്വാഭാവിക ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതിന്റെ സൂചകങ്ങളാണ് പ്രതീതിയാഥാർത്ഥ്യങ്ങൾ. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയും വികാസവും അങ്ങനെ പരിമിതപ്പെടുന്നു.

**f) അന്യമാകുന്ന പൊതുമണ്ഡലങ്ങൾ**

ജർമൻ ദാർശനികനായ ഹേബർമാസാണ് പൊതു മണ്ഡലത്തെക്കുറിച്ചുള്ള ചിന്ത അവതരിപ്പിച്ചത്. സർക്കാരിന്റെയും മറ്റ് പൊതു സ്ഥാപനങ്ങളുടെയും ഇടപെടലുകൾ ഇല്ലാതെ വ്യക്തികൾ സ്വയം ഒത്തുചേരുന്ന ഇടമാണ് പൊതുമണ്ഡലം. സ്വതന്ത്രമായ സംവാദങ്ങൾക്കും സംവേദനത്തിനും പൊതുമണ്ഡലങ്ങൾ സാധ്യത നൽകുന്നു. ക്രിയാത്മകമായ പ്രതികരണങ്ങളും നിലപാടുകളും കൈവരിക്കാൻ പൊതു മണ്ഡലങ്ങൾ സഹായിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയും ഭദ്രതയും ഉറപ്പുവരുത്താൻ പൊതുമണ്ഡലങ്ങൾക്ക് കഴിയും. നിർഭാഗ്യവശാൽ, ദൃശ്യമാധ്യമങ്ങളിലെയും നവമാധ്യമങ്ങളിലെയും പൊതു മണ്ഡലങ്ങൾ വ്യക്തിയുടെ സ്വാഭാവികവും സ്വതന്ത്രവുമായ ഇടപെടലുകൾക്ക് നിമിത്തമാകുന്നില്ല. പലപ്പോഴും തന്റെ സ്വത്വം മറച്ചു പിടിച്ചാണ് നവമാധ്യമങ്ങളിലെ പൊതു മണ്ഡലങ്ങളിൽ വ്യക്തി പ്രത്യക്ഷപ്പെടുന്നത്. തന്മൂലം തനിമയും സ്വാഭാവികതയും വ്യക്തിക്ക് നഷ്ടമാകുന്നു.

**g) അതിയാഥാർത്ഥ്യം (Hyper-reality)**

പോസ്റ്റ് മോഡേൺ ദാർശനികനായ ബോദ്രിലാദ് ദൃശ്യമാധ്യമങ്ങൾ എങ്ങനെ യാഥാർത്ഥ്യത്തെ അപനിർമിക്കുന്നു എന്നു വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥ ലോകത്തെക്കാൾ ദൃശ്യങ്ങളാണ് യാഥാർത്ഥ്യമെന്ന്

തോന്നിപ്പിക്കുന്ന അവസ്ഥയാണ് 'ഹൈപ്പർ-റിയാലിറ്റി'. ഇവിടെ ദൃശ്യങ്ങൾ യഥാർത്ഥ വസ്തുവിനെ മറികടക്കുകയോ അപ്രസക്തമാക്കുകയോ ചെയ്യുന്നു. പ്രതീതിയാഥാർത്ഥ്യങ്ങൾ പോലെ അതിയാഥാർത്ഥ്യങ്ങളും അപകടം നിറഞ്ഞവയാണ്. വ്യക്തി അവയെ യാഥാർത്ഥ്യവൽക്കരിക്കുമ്പോൾ നഷ്ടപ്പെടുന്നത് സ്വാഭാവികതയുടെ വിനിമയങ്ങളാണ്. വളരെ ഗൗരവമുള്ള സ്വത്വപ്രതിസന്ധികൾ അതിയാഥാർത്ഥ്യങ്ങൾ മൂലം സംജാതമാകുന്നു. ഉദാഹരണത്തിന്, യുദ്ധവാർത്തകൾ ഗ്രാഫിക്സുകളിലൂടെ നിരന്തരം കാണുമ്പോൾ അത് ഒരു വീഡിയോ ഗെയിം കളിക്കുന്ന അനുഭവം പോലെ ആയിത്തീരുന്നു. തൻമൂലം യഥാർത്ഥ വേദനയും മരണവും നിസാരവൽക്കരിക്കപ്പെടുന്നു.

### h) മാധ്യമ അടിമത്തം (Media Addiction)

ലഹരി പോലെ മനുഷ്യജീവിതത്തെ കീഴടക്കാൻ മാധ്യമങ്ങൾക്കും കഴിയും. കാഴ്ചയുടെ 'രസതന്ത്രങ്ങ'ളെ അതിവിദഗ്ധമായ വിധത്തിൽ വിന്യസിച്ചാണ് അത് സാധ്യമാക്കുന്നത്. വീഡിയോ ഗെയിമുകളും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും അശ്ലീല സൈറ്റുകളും വ്യക്തിയുടെ കാഴ്ചയെ തന്ത്രപരമായി വശീകരിച്ചെടുക്കുന്നു. തങ്ങളുടെ ചുറ്റുമുള്ള ലോകത്തെ മാധ്യമങ്ങൾ കാണിക്കുന്ന കണ്ണിലൂടെ കാണാൻ ദൃശ്യമാധ്യമങ്ങൾ നിരന്തരം കാണുന്നവർ ശീലിക്കുന്നു (Gerbner 172). തന്മൂലം അവരുടെ ലോകസങ്കല്പം മാറുന്നു. പലരും കൂടുതൽ സുരക്ഷ ആഗ്രഹിക്കുന്ന ഭീരുക്കൾ ആകുന്നു. അമിതമായ ഉത്കണ്ഠയും ആകുലതകളും അവരെ വേട്ടയാടുന്നു. പലർക്കും ജീവിതംതന്നെ നഷ്ടമാകുന്ന സാമൂഹ്യദുരന്തമായി Media Addiction മാറുന്നു. പലരുടെയും മനോനിലയും വ്യക്തിത്വവും പ്രതിസന്ധിയിലാകുന്നു. കാഴ്ചകളുടെ മായാലോകം വ്യക്തിയെ യാഥാർത്ഥ്യങ്ങളിൽ നിന്ന് എല്ലാവിധത്തിലും അകറ്റുന്നു. കച്ചവടവും ലാഭവും മാത്രം ലക്ഷ്യമാക്കുന്ന മാധ്യമസമീപനങ്ങളുടെ പരിണതഫലമാണത്. എത്ര ജീവിതങ്ങളുടെ സാധ്യതകളാണ് അപഹരിക്കപ്പെടുന്നത്! പ്രതിരോധിക്കാനും പ്രതിഷേധിക്കാനും ജനാധിപത്യസമൂഹത്തിന് ബാധ്യതയുണ്ട്.

### ഉപസംഹാരം

ആശയവിനിമയത്തിന്റെ അപാര സാധ്യതകളാണ് കാഴ്ചയും കേൾവിയും സമന്വയിപ്പിച്ച് ദൃശ്യമാധ്യമങ്ങൾ നൽകുന്നത്. ദൃശ്യമാധ്യമങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുമ്പോൾ രാഷ്ട്ര നിർമാണവും സാമൂഹ്യ പുരോഗതിയും ജനാധിപത്യ ആദർശ്യങ്ങളും ക്രിയാത്മകമായി സാക്ഷാത്കരിക്കപ്പെടും. അടിസ്ഥാന തത്വങ്ങളും ധാർമിക സംഹിതകളും അധികരിച്ചാണ് ദൃശ്യമാധ്യമങ്ങൾ പ്രവർത്തിക്കേണ്ടത്. വ്യക്തിയുടെ അന്തസും അവകാശങ്ങളും സ്വകാര്യതയും സംരക്ഷിക്കാൻ ദൃശ്യമാധ്യമങ്ങൾക്കു കഴിയണം. കാഴ്ച ഒരു സാംസ്കാരികപ്രക്രിയയാണ്. സമൂഹത്തിന്റെ കണ്ണാടിയാണ് ദൃശ്യമാധ്യമങ്ങൾ. വ്യക്തിയുടെയും സമൂഹത്തിന്റെയും നിലവാരവും നിലപാടും നിർണയിക്കുന്നത് കാഴ്ചയുടെ വിനിമയങ്ങളാണ്. കാഴ്ചയുടെ ആദർശങ്ങളെ വൈകാരിക-കച്ചവട-രാഷ്ട്രീയ താൽപര്യങ്ങൾ അപഹരിക്കാൻ പാടില്ല. വ്യക്തിയെ യാഥാർത്ഥ്യങ്ങളിൽനിന്ന് അകറ്റാൻ ദൃശ്യമാധ്യമങ്ങൾ പ്രാപ്തമാണ്. സ്വത്വപ്രതിസന്ധിക്കും സ്വത്വനഷ്ടത്തിനും അതു കാരണമാകുന്നു. ക്രിയാത്മകമായ സമൂഹ ജീവിതവും ജനാധിപത്യവും സാംസ്കാരികതയും പുലരാൻ നീതിയിലും ധാർമികതയിലും മാനവികതയിലും അടിയുറച്ച പുതിയ ദൃശ്യമാധ്യമസംസ്കാരം അനിവാര്യമാണ്.

## References

### Articles

Gerbner, George. "Living with Television: The Violence Profile." Journal of Communication, vol. 26, no. 2, 1976, pp. 172-194.

McCombs, Maxwell, and Donald Shaw. "The Agenda-Setting Function of Mass Media." Public Opinion Quarterly, vol. 36, no. 2, 1972, pp. 176-187.

### Books

Baran, Stanley J. Mass Communication Theory: Foundations, Ferment, and Future. Cengage Learning, 2014.

Baudrillard, Jean. Simulacra and Simulation. University of Michigan Press, 1994.

Berger, John. Ways of Seeing. Penguin Books, 1972.

Dodd, Savannah, editor. Ethics and Integrity in Visual Research Methods. 2nd ed., Emerald Publishing, 2024.

Erdem, Serhat, and Zuhal Akme□e, editors. Impact of Digitalization on Modern Visual Media. IGI Global, 2025

Habermas, Jürgen. The Structural Transformation of the Public Sphere. MIT Press, 1989..

Jin, Dal Yong. Globalization and Media in the Digital Platform Age. 2nd ed., Routledge, 2026.

McQuail, Denis. McQuail's Mass Communication Theory. 6th ed., SAGE Publications, 2010.

U Prasad, Kiran. Media Law and Ethics. B.R. Publishing Corporation, 2008.

ISSN No: 3049-0316

# ഗിരീഷ് പുത്തഞ്ചേരി കവിതകളിലെ പ്രണയാവിഷ്കാരം



**ആരതി വി. നായർ**

**സംഗ്രഹം**

മലയാള ചലച്ചിത്ര ഗാനരചയിതാക്കളിൽ ഏറെ പ്രശസ്തി നേടിയ വ്യക്തിത്വമാണ് ഗിരീഷ് പുത്തഞ്ചേരിയുടേത്. ഗാനരചയിതാവ് എന്നതിനൊപ്പം ഷഡ്ജം, തനിച്ചല്ല എന്നീ കാവ്യസമാഹാരങ്ങളിലൂടെ എൺപതിലധികം കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ചലച്ചിത്രസന്ദർഭങ്ങളിൽ ആവർത്തിച്ചുവരുന്ന വിഷയമാണ് പ്രണയം. ചതുത്രയപരിമിതിയിൽ ഗാനങ്ങളിൽ ആവിഷ്കരിക്കപ്പെടുന്ന പ്രണയം എന്ന വികാരത്തെ കവിയെന്ന നിലയിൽ ഗിരീഷ് പുത്തഞ്ചേരി അവതരിപ്പിക്കുന്നത് എങ്ങനെ എന്നുള്ളതാണ് പ്രബന്ധത്തിന്റെ ഉള്ളടക്കം. സമ്മിശ്രഭാവങ്ങളോട് കൂടിയ പ്രണയം എന്ന വികാരത്തെ ഗിരീഷ് പുത്തഞ്ചേരി എന്ന 'കവി' നോക്കിക്കാണുന്നത് മറ്റൊരു തലത്തിലാണ്. കവിയായ ഗിരീഷ് പുത്തഞ്ചേരിയുടെ പ്രണയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഭിന്നമാകുന്നത് ഇവിടെ നിരീക്ഷിക്കുന്നു.

**താക്കോൽ വാക്കുകൾ:** പ്രണയം, വിരഹം, പ്രകൃതി, പ്രപഞ്ചം, സ്നേഹം, നൈരാശ്യം, പ്രതീകം, ബിംബം

ജനപ്രിയ സംഗീതമായ ചലച്ചിത്രഗാനങ്ങൾക്കൊപ്പം ഗിരീഷ് പുത്തഞ്ചേരി നിരവധി കവിതകളും രചിച്ചിട്ടുണ്ട്. ഗാനരചയിതാവ് എന്ന നിലയിൽ പ്രശസ്തനായ ഗിരീഷ് പുത്തഞ്ചേരിയുടെ കവിവ്യക്തിത്വം അധികമാരും ചർച്ച ചെയ്തിട്ടില്ല എന്നുള്ളതാണ് വാസ്തവം. ആധുനികത എന്ന കാലഘട്ടത്തിൽ ജീവിക്കുകയും എന്നാൽ കാവ്യപാരമ്പര്യത്തിൽ കാല്പനികതയോട് ചേർന്നുനിൽക്കുന്നതുമായ സ്വഭാവമാണ് ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകൾക്കുള്ളത്. മാനുഷിക ഭാവങ്ങൾ തന്നെയാണ് കവിതയുടെയും വിഷയങ്ങൾ. സ്നേഹം, കരുണ, പ്രണയം, സൗഹൃദം, നൈരാശ്യം തുടങ്ങിയ വിവിധ ഭാവങ്ങൾ കവിതയിലും പ്രത്യക്ഷപ്പെടുന്നു. ഷഡ്ജം, തനിച്ചല്ല എന്നീ കവിതാസമാഹാരങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകൾ മാതൃഭൂമി ബുക്സ് 2012-ൽ 'ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകൾ' എന്ന പേരിൽ പ്രസാധനം ചെയ്തിട്ടുണ്ട്. ഏകദേശം എൺപത്തിയെട്ട് കവിതകളാണ് ഈ സമാഹാരത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

* ഗവേഷിക, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ് പാലാ. Mob: 9207897021
Email: arathynair003@gmail.com

ISSN No: 3049-0316


ഒരു വ്യക്തിയോടു മറ്റൊരു വ്യക്തിക്കു തോന്നുന്ന വൈകാരികമായ അടുപ്പത്തെ പ്രണയം എന്ന് വിശേഷിപ്പിക്കുന്നു. ഇതിന് നിരവധി മാനങ്ങളുണ്ട്. മനുഷ്യന്റെ ആദിമവികാരങ്ങളിൽ ഒന്നായ പ്രണയം സാഹിത്യത്തിന്റെ ആവിർഭാവംതൊട്ടേ കാവ്യാദിജനസ്സുകളിലെ പ്രകടമായ സാന്നിധ്യം തന്നെയാണ്. ആദിമഹാകാവ്യമായ രാമായണം മുതൽ സത്യാനന്തര കാലത്തിനപ്പുറം നിൽക്കുന്ന ഏതു സാഹിത്യ ശാഖയിലും പ്രണയം എന്ന വികാരത്തിനു പ്രാധാന്യമുണ്ട്. കാലഘട്ടത്തിനനുസരിച്ചുള്ള പുനർവായനകളും നടക്കുന്നുണ്ട്. ഗിരീഷ് പുത്തഞ്ചേരിയുടെ 'പ്രണയമെന്നാൽ', 'പ്രണയമെഴുതുക', 'പ്രണയപർവ്വം' എന്നീ കവിതകളിലൂടെ പ്രണയത്തെയും പ്രണയത്തെക്കുറിച്ചുള്ള വ്യത്യസ്തവായനകളെയും അവതരിപ്പിച്ചിരിക്കുന്നു. ഗിരീഷ് പുത്തഞ്ചേരിയുടെ പ്രണയകവിതകളുടെ അടിസ്ഥാനസ്വഭാവം നൈരാശ്യമാണ്. എങ്കിലും പ്രണയത്തിന്റെ ആഴം മനസ്സിലാക്കുന്ന കവി പ്രണയം നൽകുന്ന തീവ്രമായ അനുഭവത്തെ ചിത്രീകരിക്കുന്നത് മറ്റൊരു വിധമാണ്. പ്രണയാനുഭവങ്ങളുടെ വ്യത്യസ്തമായ പ്രതിഫലനങ്ങളാണ് മൂന്ന് കവിതകളിലും പ്രമേയവത്ക്കരിച്ചിരിക്കുന്നത്. 'പ്രണയമെന്നാൽ' എന്ന കവിത ആരംഭിക്കുന്നത് ഈ വരികളിലാണ്.

"പ്രകാശവേഗത്തേയും തോല്പിച്ച് നിന്റെ പ്രണയം
എന്റെ ഹൃദയത്തിലേക്ക് കുതിച്ചു പായുകയാണ്!"

പ്രകാശത്തെയും തോൽപ്പിച്ചു കടന്നുവരുന്ന പ്രണയം കവിയുടെ ഹൃദയത്തിലേയ്ക്ക് കുതിച്ചുപായുന്നു. ഒരേസമയം ജീവിതത്തിന്റെ പ്രതീക്ഷയും ആനന്ദവുമായി ഈ വികാരം മാറുന്നതെങ്ങനെയാണ് എന്ന യാഥാർത്ഥ്യത്തെയാണ് 'പ്രണയമെന്നാൽ' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്. കവിയെ സംബന്ധിച്ച പ്രണയത്തിന്റെ ഓർമ്മകൾ സമ്മിശ്രഭാവങ്ങൾ കൊണ്ടാണ് പൂർത്തിയാകുന്നത്. ഈ സുഖദുഃഖ മിശ്രിതമായ പ്രണയാനുഭവമാണ് 'പ്രണയമെന്നാൽ' എന്ന കവിത. നോട്ടം കൊണ്ടും സ്പർശം കൊണ്ടും അടക്കിവയ്ക്കാനാവാത്ത അശാന്തിയായും പ്രണയം അവസ്ഥാന്തരപ്പെടുന്നു. നിലാവുള്ള രാത്രികളിൽ കവിയെ നിരന്തരം അലോസരപ്പെടുത്തുന്ന ഗാന്ധർവ്വസംഗീതത്തിന്റെ ശ്രുതിയായി പ്രണയം പരിവർത്തനപ്പെടുന്നു. പുഴയിലേയ്ക്ക് പൊടുന്നനെ വലിച്ചെറിഞ്ഞ മഴയായും ശലഭച്ചിറകിൽ പറ്റിപിടിച്ച പരാഗരേണുക്കളെപ്പോലെയും പ്രണയമനുഭവപ്പെടുന്നു. കിഷോരി അമോങ്കറും മല്ലികാർജ്ജുൻ മൻസൂറും ഹൃദയമുടച്ചു പാടുമ്പോഴും പ്രണയത്തെയും പ്രണയിനിയെയും കവി തന്റെ ഓർമ്മകൾക്കൊപ്പം കൂട്ടുന്നു.

"ഹൃദയത്തിന്റെ ചന്ദ്രദളങ്ങളിൽ വീഴുന്ന
അമ്ലത്തുള്ളിയാണ് പ്രണയം.
നെഞ്ചുപൊള്ളിക്കുന്ന രക്തചന്ദനമാണ് പ്രണയം
വിശാലമായ നീലസമുദ്രത്തിൽ വേലിയേറ്റം കാത്തുകിടക്കുന്ന
ഒരു പാവം വെള്ളത്തുള്ളിയാണ് പ്രണയം»

പ്രണയത്തിന്റെ ആഴവും ആർദ്രതയും അവതരിപ്പിക്കുന്നതിനൊപ്പം അടക്കിപ്പിടിച്ച പ്രണയപരിഭവം നിശ്ശബ്ദതയുടെയും വേദനയുടെയും അടയാളങ്ങളായി മാറുന്നതെങ്ങനെയെന്നുകൂടി കവി സൂചിപ്പിക്കുന്നു. ഹൃദയത്തിൽ ആഴത്തിലുള്ള അനുഭവങ്ങൾ അവശേഷിപ്പിച്ചാണ് പ്രണയം കടന്നുപോകുന്നത്. ഉറക്കം നഷ്ടപ്പെട്ട രാത്രികളിൽ ഏകാന്തയിൽ കൂട്ടിനായെത്തുന്നത് പ്രണയത്തെക്കുറിച്ചുള്ള മധുരസ്മരണകളാണ്. പ്രകാശമായും, ജാലകചന്ദ്രനായും, പൊടുന്നനെ പെയ്യുന്ന മഴയായും, ശരത്കാലമായും, ശലഭത്തിൽ പറ്റിച്ചേർന്നിരിക്കുന്ന പരാഗരേണുക്കളായും പ്രണയകാലഓർമ്മകൾ കവിമനസ്സിലേയ്ക്ക് ഓടിയെത്തുകയും ചെയ്യുന്നു. ഇവിടെ സമൃദ്ധമായ പ്രകൃതിബിംബങ്ങളിലൂടെ വികാരങ്ങളെ പുനരാവിഷ്കരിക്കുകയാണ് ഗിരീഷ് എന്ന കവി. കവിതയുടെ അവസാന വരികളിൽ അമ്ലത്തുള്ളിയോടാണ് പ്രണയത്തെ ഉപമിക്കുന്നത്. കവിയുടെ സങ്കല്പത്തിൽ ഹൃദയം ചന്ദ്രദലങ്ങളാണ്. ആ ദലങ്ങളെ എരിച്ചടക്കാനുള്ള ശേഷി പ്രണയത്തിനുണ്ട്. മറ്റൊരു കല്പന സമുദ്രത്തോടാണ്. വിശാലമായ നീല സമുദ്രത്തിന്റെ അതിരും കരയും തിരിച്ചറിയുക പ്രയാസമാണ്. അതുപോലെതന്നെയാണ് കവി മനസ്സിലെ പ്രണയവും. നെഞ്ചുപൊളിക്കുകയും ഒപ്പം കുളിർമ പകരുകയും ചെയ്യുന്ന രക്തചന്ദനമായും പ്രണയം മാറുന്നു. ചുരുക്കത്തിൽ ഈ കവിത എന്ന പ്രണയമെന്ന വികാരത്തിന്റെ തീവ്രാനുഭവമാണ്. പ്രകൃതിയിലെ മനോഹരമായ ദൃശ്യബിംബങ്ങളിലൂടെ ആ അനുഭവത്തെ കവി അവതരിപ്പിക്കുന്നു. അനുഭവപരമ്പരകളിലൂടെ ജീവിതം കടന്നുപോകുമ്പോഴും ആത്മാവിനോടു ചേർന്നുനിൽക്കുന്നത് പ്രണയത്തെക്കുറിച്ചുള്ള അനുഭൂതികൾ തന്നെയാണ്. സ്നേഹത്തിന്റെ ഉന്മാദം നിറഞ്ഞ കാലഘട്ടത്തെ കാല്പനികാംശങ്ങളോട് ചേർത്തുനിർത്തി വായിക്കുകയാണ് ഗിരീഷ് പുത്തഞ്ചേരി. ജീവിതത്തെ ചിന്തിപ്പിച്ചതും അലോസരപ്പെടുത്തിയതുമൊക്കെ പ്രണയകാലാനുഭവങ്ങൾ തന്നെയാണെ സത്യത്തെ

 ISSN No: 3049-0316 

'പ്രണയമെന്നാൽ' എന്ന കവിത അനാവരണം ചെയ്യുന്നു. പ്രണയത്തിന്റെ മറ്റൊരു തലത്തിന്റെ ആവിഷ്കാരമാണ് 'പ്രണയമെഴുതുക' എന്ന കവിതയിൽ കണ്ടെത്തുവാൻ സാധിക്കുന്നത്. പുരുഷനും സ്ത്രീയും തമ്മിലുള്ള വൈകാരികമായ അടുപ്പമെന്നതിനെക്കാൾ സാർവ്വലൗകികമായ മാനം പ്രണയത്തിന് നൽകുകയാണ് ഈ കവിത.

"പ്രണയമെഴുതുക വിരലിന്റെ തുവലാൽ
കരളിന്റെ ഭിത്തിമേൽ കറകലരുമന്തരാത്മാവിന്റെ പാറമേൽ"

എന്ന് ആരംഭിക്കുന്ന കവിതയുടെ ആദ്യഭാഗത്തുതന്നെ പ്രണയത്തെ കുറിക്കുന്ന കവിയുടെ മറ്റൊരു ദർശനം കണ്ടെത്താം. തൂവലിന്റെ നനത്ത സ്പർശം കൊണ്ട് മനുഷ്യന്റെ അന്തരാത്മാവിൽ പ്രണയം എഴുതുവാൻ കവി ആഹ്വാനംചെയ്യുന്നു. ജന്മബന്ധങ്ങളിലേക്കും രതിയിലേയ്ക്കും ഈ പ്രണയം പടർത്തുക എന്ന ആവശ്യമാണ് കവിക്കുള്ളത്. മനുഷ്യനുണ്ടാവുന്ന ഒറ്റപ്പെടലിനും വേദനയ്ക്കുമുള്ള ഒറ്റമൂലി സർവചരാചരങ്ങളോളം ഉള്ള ഈ സ്നേഹമാണ്. അതിനു അതിരില്ല.

"ഏകാന്തയാമങ്ങളിറ്റുവീഴുന്നൊരീ-
യവസാനരാവിന്റെയാകാശനാഭിയിൽ
ധ്യാനിച്ചു നില്ക്കും നിലാവിന്റെ നെറ്റിമേൽ
നാദം വിതുമ്പുന്ന നഗ്നസാരംഗിയിൽ
കനിവാർന്നു നിൽക്കുന്ന കടലാവുമോർമ്മയിൽ
കല്പാന്തമേഘം പിളർക്കുന്ന മിന്നലിൽ..!"

ഭൂമിയിൽ മാത്രമല്ല പ്രപഞ്ചമൊട്ടാകെ പ്രണയത്തിന്റെ സൗരഭ്യം നിറഞ്ഞുനിൽക്കണമെന്നതാണ് കവിമതം. വിരഹമാണെങ്കിലും, സന്താപമാണെങ്കിലും ഓർമ്മയിലാണെങ്കിലും ഏകാന്തതയിലാണെങ്കിലും സ്നേഹം ഉൾക്കൊണ്ട് മുന്നോട്ടുപോവുക എന്നതാണ് കവി ഉദ്ദേശിക്കുന്നത്. അനശ്വരമായ പ്രണയംകൊണ്ട് ലോകത്തെ മാറ്റിയെടുക്കാവുന്ന പ്രത്യാശയാണ് കവിതയിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ കവിതയിൽ ആവിഷ്കരിക്കുന്ന പ്രണയത്തിനു മറ്റൊരു മാനം ലഭിക്കുന്നു. കേവലകാമനകൾക്ക് മാത്രം അടിമപ്പെടുന്ന വികാരത്തെക്കാൾ ഉപരി സാർവലൗകികമായിട്ടുള്ള സ്നേഹത്തിലേക്കു തന്റെ ആശയത്തെ ഉയർത്തുകയാണ് ഗിരീഷ് പുത്തഞ്ചേരി. പ്രകൃതിയിൽ മുഴുവൻ പ്രേമം എന്നുള്ള പ്രത്യാശയാണ് പ്രസ്തുത കവിതയിൽ ഉള്ളത്. ഉള്ളൂരിന്റെ പ്രേമസംഗീതംപോലെ സകല ജീവജാലങ്ങളിലേക്കും ലോകത്തിന്റെ എല്ലായിടങ്ങളിലേക്കും, പ്രപഞ്ചത്തിൽ മുഴുവനും പ്രണയംപടരുമെന്ന പ്രതീക്ഷയാണ് ഈ കവിതയിലുള്ളത്. പ്രണയം എന്ന വികാരത്തിന്റെ മറ്റൊരു വശം പ്രണയമെഴുതുക എന്ന കവിതയിലൂടെ ഗിരീഷ് പുത്തഞ്ചേരി സഹൃദയരിൽ എത്തിക്കുന്നു. മനുഷ്യർക്കിടയിൽ ഉടലെടുക്കുന്ന വിദ്വേഷങ്ങൾക്കിടയിൽ അതിനെ ലഘൂകരിക്കുവാൻ സർവ്വചരാചരങ്ങളെയും സ്നേഹത്തോടെ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന കവി മനസ്സാണ് ഈ കവിതയിലുള്ളത്. മനുഷ്യനെ സുഖപ്പെടുത്താൻ നിത്യപ്രേമം അല്ലെങ്കിൽ സർവ്വലോകത്തോടുമുള്ള പ്രണയം സഹായമാകുന്നതെങ്ങനെയെന്ന് ഈ കവിതയിലൂടെ വെളിപ്പെടുത്തുന്നു.

'പ്രണയപർവ്വം' എന്ന കവിതയിൽ പ്രേമത്തോടുള്ള സമീപനം വ്യത്യസ്തമാണ്. പ്രണയത്തിന്റെ ആഴത്തെക്കുറിക്കുന്ന മറ്റൊരു കവിതയാണിത്. പ്രണയമെന്നാൽ എന്ന കവിതയിൽ പ്രണയാനുഭവങ്ങളുടെ തീവ്രമായ അനുഭൂതികളെ ആവിഷ്കരിക്കുമ്പോൾ പ്രണയത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാടുകളാണ് ഈ കവിതയിലെ പ്രമേയം. ഓർമ്മകളിലൂടെ നടത്തുന്ന പ്രണയസഞ്ചാരമാണ് കാവ്യവിഷയമായി അവതരിപ്പിച്ചിരിക്കുന്നത്. അനുരാഗികൾ തമ്മിലുള്ള അഗാധമായ വികാരത്തെ പ്രതിഫലിപ്പിക്കാതെ പ്രണയം അനുഭവമായി മാറുന്നതെങ്ങനെയെന്നതാണ് കവിതയിൽ സൂചിപ്പിക്കുന്നത്.

"മഷി കലങ്ങുന്നൊരെൻ മനസ്സിൽ വരച്ചിട്ട
മതിവിഭ്രമം പോലെ പ്രണയം"

എന്നാണ് പ്രസ്തുത കവിത ആരംഭിക്കുന്നത്. തുടർന്നുള്ള വരികളിൽ പ്രണയത്തിന് വ്യത്യസ്ത ഭാവങ്ങൾ വന്നുചേരുന്നു.

ISSN No: 3049-0316


ഓർമ്മക്കിടക്കമേൽ വന്നിരുന്നോരോന്ന – കൊഞ്ചി കുഴഞ്ഞാടും പ്രണയം
നഖരമുന കോറിത്തിണർപ്പിച്ച നോവിന്റെ
സിരകളിൽത്തീയിടുംപ്രണയം !

കവി പ്രണയത്തെ ആവിഷ്കരിക്കുവാൻ വിരുദ്ധബിംബങ്ങളെ സ്വീകരിച്ചിരിക്കുന്ന എന്നതാണ് പ്രത്യേകത. ഒരേ സമയം വെള്ളിലത്താളിപോലെ ഉള്ളം കുളിർപ്പിക്കുവാനും പൊള്ളിക്കുവാനും പ്രണയത്തിനു കഴിയുന്നുണ്ട്. നരകത്തിലേക്ക് നാട്ടുവട്ടം വീശി ചൂട്ടുമായി പോകുന്ന പ്രണയം മറ്റൊരർത്ഥത്തെയാണ് അവതരിപ്പിക്കുന്നത്. നരകത്തിലെ അന്ധതയെ മാറ്റുവാൻ പ്രകാശമയമായ പ്രണയത്തിനു കഴിയുന്നു. ജീവിതത്തിലെ അനുഭവങ്ങളോടും സന്ദർഭങ്ങളും ചേർത്തുനിർത്തി വേണം ഈ ഉപമയെ വായിക്കുവാൻ. ഒരേ സമയം കൊഞ്ചിക്കുഴഞ്ഞാടി ഓർമ്മകളിലേക്ക് കടന്നെത്തുവാനും തീരാദുഃഖങ്ങളിൽ ആഴ്ന്നിറങ്ങുന്ന മനസ്സുകളിൽ വീണ്ടും തീ കോരി ഇടുവാനും പ്രണയത്തിന് കഴിവുണ്ട്. കടലിന്റെ ആഴങ്ങളിൽ നിന്നും വീണ്ടും ആഴങ്ങളിലേക്കുള്ളിയിടുന്ന ഒന്നായി പ്രണയം മാറുന്നു. പ്രണയത്തെ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ അവതരിപ്പിക്കുന്ന കവി അതിന്റെ അഗാധത മനസ്സിലാക്കുവാൻ വിരുദ്ധബിംബങ്ങളെ പ്രയോജനപ്പെടുത്തി എന്നുള്ളതാണ് ശ്രദ്ധാർഹം

പ്രണയത്തെക്കുറിച്ചുള്ള മൂന്ന് വ്യത്യസ്ത കാഴ്ചപ്പാടുകളാണ് ഗിരീഷ് പുത്തഞ്ചേരിയുടെ മൂന്ന് കവിതകളിലും പ്രതിഫലിക്കുന്നത്. ചലച്ചിത്ര ഗാനസന്ദർഭങ്ങളിൽ പരിമിതമാക്കപ്പെടുന്ന ഇത്തരം വികാരങ്ങളെ കുറെക്കൂടി മിഴിവുറ്റതാക്കി മാറ്റുവാൻ കവിതയ്ക്ക് കഴിയുന്നുവെന്നതാണ് പ്രധാനപ്പെട്ട ഘടകം. തീവ്രതയോടെയും അനുഭവങ്ങളുടെ പിൻബലത്തോടെയും കവിതയിലൂടെ ആശയങ്ങൾ അവതരിപ്പിക്കപ്പെടുമ്പോൾ അതിനു കുറേകൂടി പ്രസക്തിയുണ്ടാവുന്നു. കവിവ്യക്തിത്വത്തിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെയില്ല. തന്നിലെ വികാരങ്ങളെ ബഹിർഗമിപ്പിക്കുവാനുള്ള അനന്തസാധ്യതകൾ കാവ്യമാർഗം തുറന്നുവയ്ക്കുന്നുണ്ട്. ഈ സാധ്യതകളെല്ലാം ഗിരീഷ് പുത്തഞ്ചേരി എന്ന കവി തന്റെ കവിതകളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രണയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുന്നു.

ഗാനസന്ദർഭങ്ങളിൽ കാമുകീ-കാമുകന്മാരുടെ മനോവിചാരങ്ങളെ ആവിഷ്കരിക്കുക എന്നതാണ് ഗാനരചയിതാക്കളെ സംബന്ധിച്ച പരിമിതി. എന്നാൽ അതിലുപരിയായ സ്വാതന്ത്ര്യം കവിതയെഴുത്തിൽ ലഭിക്കും. ആ സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്തിയുള്ള പ്രണയാവിഷ്കാരമാണ് 'പ്രണയമെന്നാൽ', 'പ്രണയമെഴുതുക', 'പ്രണയപർവ്വം' എന്നീ കവിതകളിൽ കണ്ടെത്തുവാൻ കഴിയുന്നത്. പ്രണയത്തെ വികാരം എന്നതിലുപരി അനുഭവങ്ങളാക്കി മാറ്റുവാനുള്ള ശ്രമങ്ങളാണ് ഈ കവിതകളിലുടനീളം അദ്ദേഹം നടത്തിയിരിക്കുന്നത് ബിംബങ്ങളുടെ സമർത്ഥമായ ഉപയോഗംകൊണ്ട് ആ കല്പനകളെല്ലാം തന്നെ സമ്പുഷ്ടമാകുന്നു. പ്രണയത്തെ തെളിച്ചത്തോടെ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ് ഗിരീഷ് പുത്തഞ്ചേരിയിലെ കവി വ്യക്തിത്വത്തിന്റെ വിജയം.

## സഹായകഗ്രന്ഥങ്ങൾ

ഗിരീഷ്പുത്തഞ്ചേരി, ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്. 2012.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# കൽപ്പറ്റ നാരായണന്റെ വിമർശനത്തിലെ സാമൂഹികബോധവും കാവ്യബോധവും: ഒരു സർഗാത്മക വായന



**സുനിൽ ജോസ് ***

**സംഗ്രഹം**

സമകാല മലയാള സാഹിത്യത്തിലെ കവിയും വിമർശകനുമായ കൽപ്പറ്റ നാരായണന്റെ വിമർശനരചനകൾ സാഹിത്യം, സമൂഹം, ഭാഷ, മനുഷ്യാനുഭവം എന്നിവയുടെ അന്തർബന്ധങ്ങളെ സൃഷ്ടിപരമായി വായിച്ചെടുക്കുന്നവയാണ്. കാവ്യബോധത്തെയും സാമൂഹികബോധത്തെയും പരസ്പരവിരുദ്ധങ്ങളായി കാണാതെ, അവയെ പരസ്പരം പൂരിപ്പിക്കുന്ന വായനാസാധ്യതകളായി സമീപിക്കുന്നതിലാണ് അദ്ദേഹത്തിന്റെ വിമർശനത്തിന്റെ സവിശേഷത. ഈ പ്രബന്ധം കൽപ്പറ്റ നാരായണന്റെ വിമർശനദർശനത്തെ മനുഷ്യത്വപര വിമർശനം, സൂക്ഷ്മരാഷ്ട്രീയം, ക്ലാസിക്കുകളുടെ പുനർവായന, സ്ത്രീപക്ഷ വായന, നവീന ഭാവുകത്വം, ഭാഷയുടെ സാധ്യത, വിമർശനശൈലി എന്നീ തലങ്ങളിൽ പരിശോധിക്കുന്നു. ബഷീർ, ഇടശ്ശേരി, വൈലോപ്പിള്ളി, ആറ്റൂർ, അക്കിത്തം, മാധവിക്കുട്ടി, മേതിൽ രാധാകൃഷ്ണൻ എന്നിവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വായനകളിലൂടെ സാഹിത്യത്തിലെ രാഷ്ട്രീയം മുദ്രാവാക്യങ്ങളിൽ അല്ല, മനുഷ്യബന്ധങ്ങളുടെ ആന്തരിക ചലനങ്ങളിലും ഭാഷയുടെ നിഗൂഢതകളിലും പ്രവർത്തിക്കുന്നുവെന്ന് ഈ പഠനം വ്യക്തമാക്കുന്നു. മലയാള വിമർശനത്തെ ജീവിക്കുന്ന സാഹിത്യാനുഭവമായി ഉയർത്തുന്നതിലാണ് കൽപ്പറ്റ നാരായണന്റെ പ്രധാന സംഭാവന നിലനി ൽക്കുന്നത്.

**താക്കോൽ വാക്കുകൾ:** കൽപ്പറ്റ നാരായണൻ, മലയാള വിമർശനം, കാവ്യബോധം, സാമൂഹിക ബോധം, സൂക്ഷ്മരാഷ്ട്രീയം, സ്ത്രീപക്ഷ വായന, നവീന ഭാവുകത്വം

## ആമുഖം

മലയാളസാഹിത്യത്തിലെ സമകാലീന ബഹുമുഖ എഴുത്തുകാരിൽ ശ്രദ്ധേയനായ വ്യക്തിയാണ് കൽപ്പറ്റ നാരായണൻ. കവിത, നോവൽ, ഉപന്യാസം, വിമർശനം എന്നീ വ്യത്യസ്ത സാഹിത്യശാഖകളിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾ മലയാളഭാഷയുടെ സൃഷ്ടിപരമായ പരിധികളെ വികസിപ്പിച്ചവയാണ്. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനയിൽ പ്രത്യേക പഠനമർഹിക്കുന്ന മേഖലയാണ് വിമർശനരചന. കാരണം, കൽപ്പറ്റ നാരായണന്റെ വിമർശനം കൃതിയെ വിലയിരുത്തുന്ന എഴുത്തല്ല; സാഹിത്യത്തെ ജീവിതത്തോടും ഭാഷയോടും സമൂഹത്തോടും ചരിത്രത്തോടും അനുഭൂതിയോടും ബന്ധിപ്പിക്കുന്ന ജൈവികമായ

* സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണമസ്) ദേവഗിരി. കോഴിക്കോട്

ISSN No: 3049-0316


ചിന്താപ്രവർത്തനമാണ്.

സാധാരണയായി സാഹിത്യവിമർശനം രണ്ട് അറ്റങ്ങളിലേക്കാണ് വഴുതിപ്പോകാറുള്ളത്: ഒരു വശത്ത് ശുഷ്കവും സിദ്ധാന്തപരവുമായ അക്കാദമിക ഭാഷ, മറുവശത്ത് ആശയസാന്ദ്രതകുറഞ്ഞ ആസ്വാദനപരമായ പ്രതികരണം. കൽപ്പറ്റ നാരായണന്റെ വിമർശനം ഈ രണ്ടിനെയും മറികടക്കുന്ന സൃഷ്ടിപരമായ മൂന്നാമത്തെ വഴിയാണ് നിർദേശിക്കുന്നത്. അദ്ദേഹത്തിന്റെ രചനകളിൽ കൃതിയെക്കുറിച്ചുള്ള വിലയിരുത്തൽ മാത്രമല്ല ഉണ്ടാകുന്നത്; കൃതിയുടെ ഉള്ളിലെ മൗനം, ഭാവഗതി, ഭാഷാസൂക്ഷ്മത, ധാർമ്മിക സംഘർഷം, സാമൂഹികതയുടെ അടയാളങ്ങൾ, മനുഷ്യാവസ്ഥയുടെ നിഗൂഢതകൾ എന്നിവയെ വായനക്കാരന് കാണിച്ചുതരുന്ന ഉൾക്കാഴ്ചകളും ഉണ്ടാകുന്നു. അദ്ദേഹത്തിന്റെ വിമർശനം ശുദ്ധബൗദ്ധികപ്രവർത്തനമല്ല; അനുഭൂതിയും വിവേചനവും സമന്വയിക്കുന്ന സാഹിത്യാനുഭവമാണ്.

കൽപ്പറ്റ നാരായണനെ ഒരു കവി-വിമർശകനായി വായിക്കുന്നത് അദ്ദേഹത്തിന്റെ വിമർശനദർശനം മനസ്സിലാക്കാൻ നിർണ്ണായകമാണ്. അതേസമയം, അദ്ദേഹം സൗന്ദര്യശാസ്ത്രപരമായ വായനയിൽ മാത്രം നിൽക്കുന്നില്ല; കൃതിയുടെ ഉള്ളിൽ പ്രവർത്തിക്കുന്ന സാമൂഹികബോധം, രാഷ്ട്രീയ സൂചനകൾ, ചരിത്രത്തിന്റെ മുറിവുകൾ, മനുഷ്യബന്ധങ്ങളുടെ വൈരുദ്ധ്യങ്ങൾ എന്നിവയും അദ്ദേഹം തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വിമർശനം കാവ്യബോധത്തിന്റെയും സാമൂഹികബോധത്തിന്റെയും സംഗമസ്ഥാനമായി മാറുന്നു.

ഈ പഠനം കൽപ്പറ്റ നാരായണന്റെ വിമർശനദർശനത്തെ വിവിധ തലങ്ങളിൽ പരിശോധിക്കുന്നു. ആദ്യം, മനുഷ്യത്വപരവിമർശനത്തിന്റെ സ്വഭാവം അദ്ദേഹത്തിന്റെ രചനകളിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്ന് നിരീക്ഷിക്കുന്നു. തുടർന്ന്, ബഷീർ, ഇടശ്ശേരി തുടങ്ങിയ എഴുത്തുകാരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വായനകളുടെ സൂക്ഷ്മരാഷ്ട്രീയം പരിശോധിക്കുന്നു. തുടർന്ന്, വൈലോപ്പിള്ളി, ആറ്റൂർ, അക്കിത്തം എന്നിവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുനർവായനകളിലൂടെ ക്ലാസിക് സാഹിത്യത്തെ എങ്ങനെ പുതുക്കുന്നുവെന്നും ചർച്ച ചെയ്യുന്നു. മാധവിക്കുട്ടിയെക്കുറിച്ചുള്ള നിരീക്ഷണങ്ങളിലൂടെ സ്ത്രീപക്ഷ ഹെർമന്യൂട്ടിക്സിന്റെ സ്വഭാവവും, മേതിൽ രാധാകൃഷ്ണനെക്കുറിച്ചുള്ള വായനകളിലെ നവീന ഭാവുകത്വത്തിന്റെ തലങ്ങളും വെളിപ്പെടുന്നു. അവസാനമായി, അദ്ദേഹത്തിന്റെ ഭാഷാശൈലിയും വിമർശനത്തിന്റെ സൃഷ്ടിപരമായ രൂപവും പരിശോധിച്ച് മലയാള വിമർശനത്തിലേക്കുള്ള അദ്ദേഹത്തിന്റെ സംഭാവന വിലയിരുത്തുന്നു.

**മനുഷ്യത്വപരമായ വിമർശനവും കവി-വിമർശകന്റെ ദൃഷ്ടിയും**

കൽപ്പറ്റ നാരായണന്റെ വിമർശനത്തിന്റെ കേന്ദ്രത്തിൽ നിൽക്കുന്നത് മനുഷ്യനാണ്. സാഹിത്യം അദ്ദേഹത്തിനു വെറും പഠനവിഷയമോ സിദ്ധാന്തത്തിന്റെ പ്രയോഗമേഖലയോ അല്ല; മനുഷ്യനെ കൂടുതൽ മനുഷ്യനാക്കുന്ന അനുഭവരൂപമാണ്. അതുകൊണ്ട് ഒരു കൃതിയുടെ സാങ്കേതികഘടനയേക്കാൾ, അത് മനുഷ്യജീവിതത്തെ എങ്ങനെ പ്രകാശിപ്പിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന താൽപര്യം. വേദന, സ്നേഹം, ഒറ്റപ്പെടൽ, പരാജയം, പ്രതിരോധം, ആത്മസംഘർഷം, നിശ്ശബ്ദത, ധാർമ്മികബാധ്യത തുടങ്ങിയ അനുഭവങ്ങളെ സാഹിത്യം എങ്ങനെ രൂപാന്തരപ്പെടുത്തുന്നു എന്ന് അദ്ദേഹം അന്വേഷിക്കുന്നു. ഈ നിലയിൽ അദ്ദേഹത്തിന്റെ വിമർശനം മനുഷ്യത്വപരമാണ്.

ഈ മനുഷ്യത്വപര വിമർശനത്തിന്റെ ശക്തി കവി-വിമർശകൻ എന്ന അദ്ദേഹത്തിന്റെ സ്വഭാവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഒരു കവി വിമർശകനാകുമ്പോൾ സാഹിത്യത്തെ പുറത്തുനിന്നുള്ള നിരീക്ഷണവിഷയമായി കാണുന്നില്ല. മറിച്ച് ആന്തരികാനുഭവത്തിലൂടെയാണു കാണുന്നത്. വാക്കിന്റെ ശബ്ദം, മൗനത്തിന്റെ അർത്ഥം, ഉപമയുടെ ആഴം, ബിംബത്തിന്റെ അന്തർധ്വനി, രൂപത്തിന്റെ അനിവാര്യത, സൃഷ്ടിയുടെ വേദന, ഭാഷയുടെ പ്രകാശം എന്നിവയെ തിരിച്ചറിയാൻ കവി-വിമർശകന് അധികശേഷിയുണ്ട്. ഈ ശേഷിയാണ് കൽപ്പറ്റയുടെ വിമർശനത്തെ സവിശേഷമാക്കുന്നത്.

കവി-വിമർശകന്റെ മറ്റൊരു ഗുണം കലാസൃഷ്ടിയോടുള്ള സഹാനുഭൂതിയാണ്. സാഹിത്യം വെറും ആശയമല്ല; അത് അധ്വാനവും, തകർച്ചയും തിരുത്തലും അന്വേഷണവുമാണ്. ഈ ബോധം കൽപ്പറ്റയുടെ നിരൂപണങ്ങളിൽ കാണാം. അതുകൊണ്ട് അദ്ദേഹം വിധിനിർണ്ണയഭാഷയല്ല; പകരം കൃതിയുടെ ഉള്ളിൽ പ്രവർത്തിക്കുന്ന മനുഷ്യാവസ്ഥയെ വായിച്ചെടുക്കുന്ന ഭാഷയാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ വിമർശനം വിധിന്യായമല്ല, സഹവായനയായി മാറുന്നു.

 ISSN No: 3049-0316 

## സൂക്ഷ്മ രാഷ്ട്രീയവും രാഷ്ട്രീയ പാഠഭേദങ്ങളും

കൽപ്പറ്റ നാരായണന്റെ വിമർശനത്തിൽ രാഷ്ട്രീയം എന്നത് ഉപരിപ്ലവമായ ആശയപ്രഖ്യാപനമോ മുദ്രാവാക്യവാദമോ അല്ല. സാഹിത്യത്തിലെ രാഷ്ട്രീയത്തെ അദ്ദേഹം കാണുന്നത് ജീവിതത്തിന്റെ നിസ്സംഗവും നിരാലംബവുമായ ഇടങ്ങളിലൂടെയാണ്. അധികാരം, അധിനിവേശം, പ്രതിരോധം, പരാജയം, നിസ്സഹായത, മനുഷ്യബന്ധങ്ങൾ, മൗനം, ഭാഷ, ഓർമ്മ, ശരീരം, ദിനചര്യ എന്നിവയുടെ ഉൾവശങ്ങളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെയാണ് അദ്ദേഹം തിരിച്ചറിയുന്നത്. ഈ അർത്ഥത്തിൽ കൽപ്പറ്റയുടെ വിമർശനം "സൂക്ഷ്മ രാഷ്ട്രീയം" എന്ന ആശയത്തോടാണ് കൂടുതൽ അടുക്കുന്നത്.

കൃതിയുടെ ഉള്ളിലെ മനുഷ്യാവസ്ഥ, അതിലെ വിചിത്രമായ മൗനങ്ങൾ, ചെറുചലനങ്ങൾ, ചരിത്രത്തിന്റെ അടയാളങ്ങൾ, ഭാഷയുടെ അടരുകൾ എന്നിവയുടെ വഴിയേ രാഷ്ട്രീയം സാഹിത്യത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വിമർശനത്തിൽ രാഷ്ട്രീയം ഒരു പുറംചട്ടമല്ല; കൃതിയുടെ ജീവൻ തന്നെ സ്പർശിക്കുന്ന അന്തർഗതിയാണ്.

### ബഷീറിയൻ ഗാന്ധിസം

വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചുള്ള കൽപ്പറ്റ നാരായണന്റെ വായനകൾ അദ്ദേഹത്തിന്റെ സൂക്ഷ്മരാഷ്ട്രീയ ദർശനത്തെ ഏറ്റവും വ്യക്തമായി പ്രതിഫലിപ്പിക്കുന്നവയാണ്. "മങ്ങിയ വെളിച്ചത്തിൽ അർദ്ധനഗ്നനായ ബഷീറിന് ഗാന്ധിയാവാനുള്ള പ്രവണതയുണ്ട്" എന്ന നിരീക്ഷണം (2017:124) ബഷീറിന്റെ സാഹിത്യചേതനയിൽ അടങ്ങിയിരിക്കുന്ന ആത്മനിഗ്രഹം, സഹിഷ്ണുത, ദാരിദ്ര്യവുമായി ചേർന്ന ലാളിത്യം, മനുഷ്യരോടുള്ള അഹിംസാത്മക അടുപ്പം, അധികാരത്തിന്റെ ഭാഷയെ നിരസിക്കുന്ന സ്വഭാവം എന്നിവയെ ഗാന്ധിയൻ പ്രതിഭാസവുമായി ബന്ധിപ്പിക്കുന്നു.

കൽപ്പറ്റയുടെ ബഷീർ വായനയിൽ മതിലുകൾ ഒരു നിർണ്ണായക കൃതിയാണ്. ജയിലിനെ സ്വാതന്ത്ര്യത്തിനു മുൻപുള്ള ഭാരതത്തിന്റെ പ്രതിരൂപമായി വായിക്കുന്നത്, ഒരു വ്യക്തിഗത തടവറയെ ചരിത്രത്തിന്റെ വലിയ രാഷ്ട്രീയരൂപത്തിലേക്ക് ഉയർത്തുന്ന രീതിയാണ്. ഇവിടെ ജയിൽ വെറും ഭൗതികമായ ബന്ധനസ്ഥലം മാത്രമല്ല; മനുഷ്യന്റെ സ്വാതന്ത്ര്യാനുഭവം എങ്ങനെ നിയന്ത്രിക്കപ്പെടുന്നു എന്നതിന്റെ രാഷ്ട്രീയരൂപകമാണ്. സ്വാതന്ത്ര്യം ഒരു ആഹ്ലാദനിമിഷമെന്നതിലുപരി, അതിനുശേഷവും മനുഷ്യനെ പിന്തുടരുന്ന ശൂന്യതയും ദുഃഖവും ആകാമെന്ന് ഈ വായന സൂചിപ്പിക്കുന്നു.

പാത്തുമ്മയുടെ ആട് എന്ന കൃതിയെക്കുറിച്ചുള്ള വായനയും ഇതേ രാഷ്ട്രീയസൂക്ഷ്മതയുടെ ഭാഗമാണ്. അവിടെ വാമൊഴി, സഹനസമരം, നിസ്സഹകരണം, ചെറുജീവിതത്തിന്റെ ആത്മാഭിമാനം എന്നിവ ഗാന്ധിയൻ യുഗത്തിന്റെ സാംസ്കാരികരൂപങ്ങളായി വായിക്കപ്പെടുന്നു.

### 'പൂതപാട്ട്': പരിണാമത്തിലെ പരാജയം

ഇടശ്ശേരിയുടെ പൂതപ്പാട്ട് സംബന്ധിച്ചുള്ള കൽപ്പറ്റയുടെ നിരീക്ഷണം പുരോഗതിയുടെ ആധുനികഗാഥയെ ചോദ്യം ചെയ്യുന്ന രാഷ്ട്രീയവായനയാണ്. ഒരിക്കൽ അജയ്യമായിരുന്ന പൂതം കാലക്രമത്തിൽ എങ്ങനെ ഒരു "പൊട്ടി"യായി ചുരുങ്ങിപ്പോകുന്നു എന്നത്, പരിണാമം എന്ന പേരിൽ സംഭവിക്കുന്ന ശൂന്യവൽക്കരണത്തെയും മഹത്വനഷ്ടത്തെയും സൂചിപ്പിക്കുന്നു. എല്ലാ വളർച്ചയും ഉന്നമനമല്ല; ചിലപ്പോൾ അത് ഒരു വൈരൂപ്യത്തി ലേക്കുള്ള യാത്രയായിരിക്കും എന്ന് കൽപ്പറ്റ വ്യക്തമാക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഓണത്തെ വിജയിയുടെ ഉത്സവമെന്നതിലുപരി പരാജിതനെ ആദരിക്കുന്ന വിരോധാഭാസപരമായ സാംസ്കാരികസംഭവമായി അദ്ദേഹം പുനർവായിക്കുന്നു. ഉത്സവം നിർദോഷമായ ആഘോഷമല്ല; അധികാരവും ഓർമ്മയും ചേർന്ന് പ്രവർത്തിക്കുന്ന ചരിത്രരാഷ്ട്രീയമാണ്. ഇതിലൂടെ കൽപ്പറ്റയുടെ വിമർശനം വിജയത്തിന്റെ ഔദ്യോഗികചരിത്രത്തിനൊപ്പം പരാജിതരുടെ ഓർമ്മയും സംരക്ഷിക്കുന്ന സാഹിത്യദൃഷ്ടിയാകുന്നു.

## ക്ലാസിക്കുകളുടെ പുനർവായനയും കാവ്യയുക്തിയും

കൽപ്പറ്റ നാരായണന്റെ വിമർശനത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്നാണ് ക്ലാസിക് കൃതികളെ അദ്ദേഹം സമീപിക്കുന്ന രീതി. മുൻവിധികളും മുൻകൂട്ടി ഉറപ്പിച്ച അർത്ഥരൂപങ്ങളും സ്വീകരിക്കാതെ, ഒരു കൃതിയെ അതിന്റെ ഭാഷയിലും അന്തർചലനങ്ങളിലുമായി വീണ്ടും വായിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഈ പുനർവായന മുൻവായനകളെ നിഷേധിക്കുന്നതിലല്ല, അവയുടെ പരിമിതികളെ മറികടന്ന് പുതിയ അർത്ഥസാധ്യതകൾ തുറക്കുന്നതിലാണ്.

### വൈലോപ്പിള്ളി പഠനം

വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയെക്കുറിച്ചുള്ള കൽപ്പറ്റയുടെ വായന അദ്ദേഹത്തിന്റെ പുനർവായനാശേഷിയുടെ മികച്ച ഉദാഹരണമാണ്. മുമ്പുണ്ടായ വായനകൾ കവിതയുടെ കഥയിലോ ബാലമനസ്സിന്റെ അഭിലാഷത്തിലോ കൂടുതൽ ശ്രദ്ധിച്ചപ്പോൾ, കൽപ്പറ്റ ഇതിനെ മരണമില്ലാത്ത മുതിർന്ന മനുഷ്യന്റെ പശ്ചാത്താപമായി പുനർവായിക്കുന്നു (2015:70). ഈ വായന കവിതയുടെ സമയവും ഭാവവും തന്നെ മാറ്റുന്നു. ഒരു ചെറു സംഭവം പിന്നീട് ഒരു ജീവിതകാലദുഃഖമായി മാറുന്നതെങ്ങനെ എന്നതാണ് ഇവിടെ പ്രധാനമാകുന്നത്.

"മാമ്പഴത്തിൽ ശിക്ഷ കുറ്റത്തെ കവിയുന്നു" എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം (2015:70), കവിതയുടെ ധാർമ്മികഗൗരവത്തെ പുതുതായി തിരിച്ചറിയാൻ സഹായിക്കുന്നു. ചെറുകുറ്റത്തിനും വലിയ ശിക്ഷയ്ക്കും ഇടയിലുള്ള അസമത്വം മനുഷ്യജീവിതത്തിന്റെ ആന്തരികസത്യമായി ഇവിടെ ഉയരുന്നു. ഇതുവഴി മാമ്പഴം കുടുംബാനുഭവത്തിന്റെ കവിതയിൽ നിന്ന് മനുഷ്യജീവിതത്തിന്റെ ധാർമ്മിക ദുഃഖത്തെക്കുറിച്ചുള്ള ഒരു ക്ലാസിക് കവിതയായി പുനഃസ്ഥാപിക്കപ്പെടുന്നു.

### ആറ്റൂർ വായന

ആറ്റൂർ രവിവർമ്മയുടെ കവിതകളെക്കുറിച്ചുള്ള കൽപ്പറ്റയുടെ വായനയിൽ ബിംബങ്ങളുടെ ആവർത്തനവും ഭാഷയുടെ അടിത്തറയും പ്രധാനമാകുന്നു. ആറ്റൂരിന്റെ കവിതകളിൽ ആവർത്തിച്ച് വരുന്ന 'വഴി' എന്ന ബിംബത്തെ അദ്ദേഹം വെറും അലങ്കാരമെന്നതിലുപരി യാത്ര, അന്വേഷണം, ചരിത്രസഞ്ചാരം, അർത്ഥാന്വേഷണം എന്നിവയുടെ സംയുക്തപ്രതീകമായി വായിക്കുന്നു. ആറ്റൂർ "വേരുള്ള വാക്കുകളിൽ" ശ്രദ്ധ കാട്ടുന്നവനാണെന്ന നിരീക്ഷണം ഭാഷയുടെ പ്രാഥമിക ഊർജ്ജത്തെയും ചരിത്രസ്മരണയെയും സൂചിപ്പിക്കുന്നു (2005:38).

"ഹിമാലയം കയറിവരുന്നതുപോലെ വരുംകാലത്തേക്ക് കയറിച്ചെല്ലുന്ന കവി" എന്ന കൽപ്പറ്റയുടെ രൂപകം (2005:38), ആറ്റൂരിന്റെ കവിതാസഞ്ചാരത്തെ വളരെ കൃത്യമായി നിർവചിക്കുന്നു. കവിത ഇവിടെ എളുപ്പമുള്ള യാത്രയല്ല; കഠിനമായ ആരോഹണമാണ്. ഇങ്ങനെ സങ്കീർണ്ണകവിതയെ ലളിതവൽക്കരിക്കാതെ അതിന്റെ ആന്തരികയുക്തി കാണിച്ചുതരുന്നതിലാണ് കൽപ്പറ്റയുടെ വിമർശകവിവേകം തെളിയുന്നത്.

### അക്കിത്തവും ഭക്തിയുടെ രാഷ്ട്രീയവും

അക്കിത്തത്തിന്റെ കവിതകളെക്കുറിച്ചുള്ള കൽപ്പറ്റയുടെ വായന ഭക്തിയെ ചരിത്രത്തിൽനിന്നും സമൂഹത്തിൽനിന്നും വേർതിരിക്കാത്ത സമീപനമാണ്. അക്കിത്തത്തിന്റെ കവിതകളിലെ 'വെളിച്ചം' എന്ന ബിംബം വെറും മിസ്റ്റിക് പ്രതീകമല്ല; നൈതികജാഗ്രത, മാനവികത, സാമൂഹിക ഉത്തരവാദിത്തം, ചരിത്രബോധം എന്നിവയുമായി ബന്ധമുള്ള പ്രതീകമാണ്.

ഇവിടെ ഭക്തി ലോകവിമുഖതയല്ല; മനുഷ്യനോടുള്ള ഉത്തരവാദിത്വമായി പ്രവർത്തിക്കുന്ന ആത്മീയ ശക്തിയാണ്. അക്കിത്തത്തിന്റെ കവിതയിലെ ആത്മീയത സമൂഹത്തിൽനിന്ന് രക്ഷപ്പെടലല്ല; സമൂഹത്തെ കൂടുതൽ ആഴത്തിൽ കാണാനുള്ള നൈതിക ദൃഷ്ടിയാണ്. ഇതുവഴി ഭക്തിയുടെ രാഷ്ട്രീയസാന്നിധ്യം അദ്ദേഹം തിരിച്ചറിയുന്നു.

## സ്ത്രീപക്ഷ വായനയും ഭാഷാപരമായ തിരിവുകളും

കൽപ്പറ്റ നാരായണന്റെ വിമർശനത്തിൽ സ്ത്രീയെ സംബന്ധിച്ചുള്ള വായനകൾ മുദ്രാവാക്യാത്മകമായ സ്ത്രീപക്ഷവാദത്തിൽ ഒതുങ്ങുന്നില്ല; പകരം, സ്ത്രൈണാനുഭവത്തിന്റെ ഭാഷ, ശരീരം, ആഗ്രഹം, അപമാനം,

 ISSN No: 3049-0316 

പ്രണയം, ഏകാന്തത, പ്രതികാരം, സാമൂഹികശിക്ഷ എന്നീ ഘടകങ്ങൾ സാഹിത്യത്തിൽ എങ്ങനെ പരസ്പരം കൂടിച്ചേർന്നിരിക്കുന്നു എന്നു തിരിച്ചറിയുന്ന സൂക്ഷ്മവായനയായാണ് രൂപംകൊള്ളുന്നത്. മാധവിക്കുട്ടിയെക്കുറിച്ചുള്ള കൽപ്പറ്റയുടെ നിരീക്ഷണങ്ങൾ ഈ നിലയിൽ ഏറെ പ്രാധാന്യമുള്ളവയാണ്.

**താക്കോൽ വാക്യവും ആന്തരികലോകത്തിന്റെ തുറവിയും**

"തെമ്മാടി എത്ര സുന്ദരനാണ്" എന്ന വാക്യത്തെ മാധവിക്കുട്ടിയുടെ രചനകളുടെ ആന്തരികതയിലേക്കുള്ള താക്കോൽവാക്യമായി കൽപ്പറ്റ ഉപയോഗിക്കുന്നു (2017:62). ഇവിടെ "തെമ്മാടി" എന്നത് സാമൂഹികനിയമം നിരാകരിക്കുന്ന ഒരു സാന്നിധ്യമാണ്; എന്നാൽ അതിനെ "സുന്ദരൻ" എന്നു പ്രഖ്യാപിക്കുന്ന സ്ത്രീയുടെ ശബ്ദത്തിൽ ഭദ്രസമൂഹത്തിന്റെ മൂല്യക്രമം തലകീഴാകുന്നു. ഈ വാക്യം വെറും പ്രണയപ്രഖ്യാപനം അല്ല; സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനമാണ്. സ്ത്രീയുടെ ഇച്ഛയ്ക്ക് പുറത്തുനിന്നു പേര് നൽകുന്ന സംസ്കാരത്തോട് എതിരായി, സ്ത്രീ തന്റെ അനുഭവത്തിന് സ്വന്തം ഭാഷ കണ്ടെത്തുന്ന നിമിഷമാണിത്.

**പ്രണയം, സ്വാതന്ത്ര്യം, സാംസ്കാരിക ശിക്ഷ**

ആശാനിലെന്നപോലെ മാധവിക്കുട്ടിയിലും പ്രണയം സ്വാതന്ത്ര്യമാണ്; സാംസ്കാരിക നിയമങ്ങൾ ശിക്ഷയാണ് എന്ന കൽപ്പറ്റയുടെ കണ്ടെത്തൽ അതിവിശിഷ്ടമാണ്. മാധവിക്കുട്ടിയുടെ രചനകളിൽ സ്ത്രീയുടെ പ്രണയം വെറും വികാരം അല്ല; പിതൃസത്താധിഷ്ഠിത ജീവിതത്തിൽ നിന്നുള്ള മോചനാന്വേഷണമാണ്. എന്നാൽ അതേ പ്രണയം സമൂഹം ശിക്ഷാപരമായി കൈകാര്യം ചെയ്യുന്നു. കുറ്റബോധം, അപമാനം, ഏകാന്തത, സാമൂഹികനിഷേധം എന്നിവ ഈ ശിക്ഷയുടെ രൂപങ്ങളാണ്. ഇതുവഴി സ്ത്രീയുടെ ആഗ്രഹം സ്വകാര്യാനുഭവത്തിൽ നിന്ന് സമൂഹവിമർശനമായി ഉയരുന്നു.

**കാവ്യഭാഷയിൽ എഴുതിയ കഥകൾ**

സമകാലീനർ കഥാഭാഷയെ കാവ്യഭാഷയോടടുപ്പിച്ചപ്പോൾ, മാധവിക്കുട്ടി "കാവ്യഭാഷയിൽ തന്നെ എഴുതി" എന്ന കൽപ്പറ്റയുടെ നിരീക്ഷണം (2017:62) വളരെ ഗൗരവമുള്ളതാണ്. മാധവിക്കുട്ടിയുടെ ഗദ്യം വെറും സംഭവവിവരണം അല്ല; അത് സ്പർശം, സ്വയംഭാഷണം, മൗനം, ദുഃഖം, ശരീരാത്മകത, ആത്മവിച്ഛേദം എന്നിവയുടെ കാവ്യാത്മക രൂപമാണ്. സ്ത്രീയുടെ അന്തർലോകം പ്രകടമാക്കാൻ സാധാരണ കഥാഭാഷ മതിയാകാത്തതിനാലാണ് ഈ ഭാഷാപരമായ നവീകരണം.

**ഏകാന്തതയും പ്രതികാരവും**

മലയാളത്തിലെ ഏറ്റവും സജീവമായ ആ പ്രതിപാദനരീതിയെ "ഏകാന്തതയാൽ ശപിക്കപ്പെട്ട ഒരു സ്ത്രീയുടെ പ്രതികാരം" ആയി കൽപ്പറ്റ വായിക്കുന്നു. ഇവിടെ പ്രതികാരം മുദ്രാവാക്യപരമായ പ്രതിഷേധമല്ല; മൗനം തകർക്കൽ, ശരീരത്തെപ്പറ്റി പറയൽ, ആഗ്രഹത്തെ പേരുപറഞ്ഞു വിളിക്കൽ, ഭദ്രധാർമ്മികതയെ ചോദ്യംചെയ്യൽ എന്നിവയുടെ ഭാഷാപരമായ രൂപമാണ്. മാധവിക്കുട്ടിയുടെ ഭാഷ സ്ത്രീയുടെ വേദനയെ അശ്ലീലമാക്കാതെ, അതിന്റെ അന്തർസത്യത്തെ സൃഷ്ടിപരമായി വെളിപ്പെടുത്തുന്ന പ്രതികാരശബ്ദമായി മാറുന്നു.

**മേതിൽ രാധാകൃഷ്ണനും നവീന ഭാവുകത്വവും**

കൽപ്പറ്റ നാരായണന്റെ വിമർശനത്തിൽ മേതിൽ രാധാകൃഷ്ണനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ മലയാള കവിതയിലെ നവീന ഭാവുകത്വത്തെ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാന വായനകളിലൊന്നാണ്. "ഹ്രസ്വദൃഷ്ടിയോ ദീർഘദൃഷ്ടിയോ അല്ല പ്രേമദൃഷ്ടിയാണ് മേതിൽ" എന്ന നിരീക്ഷണം (2005:96) മേതിലിന്റെ കവിതാസ്വഭാവത്തെ വളരെ കൃത്യമായി നിർവചിക്കുന്നു. ഇവിടെ പ്രേമം വികാരപ്രകടനമല്ല; ലോകത്തെ ബന്ധങ്ങളുടെ ജീവിച്ചിരിക്കുന്ന ജാലകമായി കാണുന്ന ഒരു അന്തർദൃഷ്ടിയാണ്.

നവീന കവിതയെ സാധാരണയായി ബൗദ്ധികവും ദുഷ്കരവുമായ കവിതയായി വിലയിരുത്താറുണ്ട്. എന്നാൽ കൽപ്പറ്റയുടെ വായനയിൽ മേതിലിന്റെ സങ്കീർണ്ണതയ്ക്കുള്ളിൽ ഒരു മൃദുലമായ മാനുഷികബന്ധം നിലനിൽക്കുന്നു. വിച്ഛേദവും മൗനവും ഏകാന്തതയും ഉണ്ടെങ്കിലും, അവയിൽ പൂർണ്ണനിഷേധമല്ല പ്രവർത്തിക്കുന്നത്; മറിച്ച് ഒരു ആന്തരികമായ സ്നേഹദൃഷ്ടിയാണ്. ഇതാണ് "പ്രേമദൃഷ്ടി" എന്ന ആശയത്തിന്റെ സത്ത.

സങ്കീർണ്ണമായ ബിംബങ്ങളെ ലളിതമായ അനുഭൂതികളിലേക്ക് വിവർത്തനം ചെയ്യാനുള്ള കൽപ്പറ്റയുടെ കഴിവ് ഇവിടെ തെളിയുന്നു. അദ്ദേഹം മേതിലിന്റെ കവിതയെ ലളിതവൽക്കരിക്കുന്നില്ല; അതിന്റെ ദുഷ്കരത്വത്തിനുള്ളിലെ മനുഷ്യാനുഭവത്തിന്റെ കേന്ദ്രം കണ്ടെത്തുന്നു. ഈ കഴിവിനു പിന്നിൽ പ്രവർത്തിക്കുന്നത് അദ്ദേഹത്തിന്റെ സ്വന്തം കവിത്വമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വിമർശനം മേതിലിനെ വിശദീകരിക്കുന്നില്ല; പകരം മേതിലിന്റെ കവിത വായനക്കാരന്റെ അനുഭൂതിയിൽ തുറന്നുവരാനുള്ള വഴിയാണ് ഒരുക്കുന്നത്.

## ഭാഷയുടെ സാധ്യതയും വിമർശന ശൈലിയും

കൽപ്പറ്റയുടെ വിമർശനത്തിൽ ആശയങ്ങൾക്കു മാത്രമല്ല പ്രാധാന്യം; ആ ആശയങ്ങൾ ഏതു ഭാഷയിലാണ് രൂപംകൊള്ളുന്നത് എന്നതും നിർണ്ണായകമാണ്. വിമർശനം സാഹിത്യത്തെക്കുറിച്ച് സംസാരിക്കുന്ന രണ്ടാമത്തെ ഭാഷ മാത്രമല്ല; സാഹിത്യത്തോട് തുല്യമായ സൃഷ്ടിപരമായ ഒരു ഭാഷ തന്നെയാകാമെന്ന തിരിച്ചറിവാണ് അദ്ദേഹത്തിന്റെ എഴുത്തിന്റെ അടിത്തറ.

"എനിക്ക് വാക്കുകൊണ്ടേ സുന്ദരനാകാൻ പറ്റൂ... ഭംഗിയുള്ള ഒരു വാക്യത്തെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുന്ന ഒരാളുടെ എഴുത്താണ് എന്റേത്'" (2021:169) എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഈ ഭാഷാബോധത്തിന്റെ സാരമാണ്. ഭാഷ അദ്ദേഹത്തിന് വെറും ആശയവാഹകമല്ല; അതാണ് എഴുത്തുകാരന്റെ സ്വരൂപം, ചിന്തയുടെ ശില്പം, അനുഭൂതിയുടെ വാസസ്ഥലം. ഭംഗിയുള്ള വാക്യത്തെക്കുറിച്ച് ആലോചിക്കുന്നു എന്നത് ശൈലീവിഭ്രമമല്ല; അനുഭവത്തിനനുസരിച്ചുള്ള ഏറ്റവും കൃത്യവും സംവേദനപൂർണ്ണവുമായ അവതരണരൂപം തേടലാണ്.

കൽപ്പറ്റയുടെ ഗദ്യത്തിലെ സൗന്ദര്യം അലങ്കാരത്തിന്റെ പുറം തിളക്കത്തിലല്ല. സങ്കീർണ്ണമായ ആശയത്തെ സ്വാഭാവികമായി മിന്നുന്ന ഭാഷയിൽ പറയാനുള്ള കഴിവിലാണ്. അദ്ദേഹത്തിന്റെ ഓരോ ലേഖനവും കവിതയുടെ പ്രസരിപ്പുള്ളതും ഉൾക്കാഴ്ചകളാൽ സമ്പന്നവുമാണ്. സാഹിത്യത്തിലും ചിത്രകലയിലും അദ്ദേഹം തേടുന്നത് കനമുള്ള ദർശനങ്ങളല്ല; ജീവിതത്തിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന അനുഭൂതി നിറഞ്ഞ നിഗൂഢതകളാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ വിമർശനം വിവരവിനിമയത്തിൽ ഒതുങ്ങാതെ, വായനയെ അനുഭവമാക്കി മാറ്റുന്ന സൃഷ്ടിപരമായ കലാരൂപമായി മാറുന്നു.

## ഉപസംഹാരം

മലയാള വിമർശനത്തെ അക്കാദമിക് ചട്ടക്കൂടുകളിൽ നിന്നും ശുദ്ധ സിദ്ധാന്തങ്ങളിൽ നിന്നും മോചിപ്പിച്ച്, ഒരു സ്വതന്ത്ര സർഗ്ഗാത്മക കലയായി ഉയർത്തി എന്നതാണ് കൽപ്പറ്റ നാരായണന്റെ പ്രധാന സംഭാവന. സാമൂഹികബോധത്തെയും കാവ്യബോധത്തെയും വിരുദ്ധങ്ങളായല്ല, മറിച്ച് പരസ്പരപൂരകങ്ങളായ ജൈവികബന്ധങ്ങളായാണ് അദ്ദേഹം കാണുന്നത്. മുദ്രാവാക്യങ്ങളിലല്ല, മറിച്ച് ജീവിതത്തിലെ നിശ്ശബ്ദതകളിലും പരാജയങ്ങളിലും ഭാഷയുടെ സൂക്ഷ്മചലനങ്ങളിലുമാണ് അദ്ദേഹം രാഷ്ട്രീയം കണ്ടെത്തുന്നത്. മാധവിക്കുട്ടിയെയും മേതിലിനെയും പോലുള്ളവരുടെ രചനകളെ തികച്ചും നവീനമായ ഭാവുകത്വത്തോടെയും സ്ത്രീപക്ഷ വീക്ഷണത്തോടെയും പുനർവായിക്കുന്നതിലൂടെ, വിമർശനത്തെ ഒരു കേവല വിധിന്യായത്തിന് പകരം അനുഭൂതിനിറഞ്ഞ വായനാനുഭവമാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിയുന്നു. ചുരുക്കത്തിൽ, തന്റെ കാവ്യാത്മകമായ ഭാഷയിലൂടെ മലയാള വിമർശനത്തിന് പുതിയൊരു ദിശാബോധവും സൗന്ദര്യവും നൽകിയ സവിശേഷ ഭാവുകത്വനിരീക്ഷകനാണ് അദ്ദേഹം.

## Works Cited

1. കൽപ്പറ്റ നാരായണൻ. ഏതിലയും മധുരിക്കുന്ന കാട്ടുകളിൽ. ഡി. സി. ബുക്സ്, 2005.
2. കൽപ്പറ്റ നാരായണൻ. സൗന്ദര്യം വെളുപ്പുമായി ഒരുടമ്പടിയിലും ഒപ്പുവെച്ചിട്ടില്ല. ഇൻസൈറ്റ് ബുക്സ്, 2014.
3. കൽപ്പറ്റ നാരായണൻ. കവിതയുടെ ജീവചരിത്രം. മാതൃഭൂമി ബുക്സ്, 2015.
4. കൽപ്പറ്റ നാരായണൻ. കയർ മുറുകുകയാണ്. ഗ്രീൻ ബുക്സ്, 2017.
5. കൽപ്പറ്റ നാരായണൻ. കറുപ്പ് ഇരുട്ടല്ല വെളുപ്പ് വെളിച്ചവുമല്ല. മാതൃഭൂമി ബുക്സ്, 2021.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ആധുനികത അനുഭവവും ആവിഷ്കരണവും ഭൂതരായരിൽ



**ഡോ. രമ്യ ഗോകുലനാഥൻ***

**സംഗ്രഹം**

രാമവർമ അപ്പൻതമ്പുരാന്റെ 150-ാം ജന്മവാർഷികമാണ കടന്നുപോയത്. സാഹിത്യപരീക്ഷണങ്ങളും കൗതുകവൈവിധ്യങ്ങളും നിറഞ്ഞ അപ്പൻതമ്പുരാന്റെ സംഭാവനകളിൽ ഏറെ പ്രധാനപ്പെട്ടതാണ് ഭൂതരായർ എന്ന നോവൽ. മലയാളത്തിലെ ആദ്യകാലചരിത്രനോവലായ ഭൂതരായർ ആധുനികാനുഭവങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു എന്ന അന്വേഷണമാണ് പ്രബന്ധം. കേരളീയമായ ആധുനികതയുടെ തുടക്കത്തിൽ - 1918 ലാണ് ഭൂതരായർ പ്രസിദ്ധീകൃതമാവുന്നത്. ആധുനികത സമൂഹത്തിലും സംസ്കാരത്തിലും വരുത്തിക്കൊണ്ടിരുന്ന മാറ്റങ്ങളെ സൂക്ഷ്മമായി അറിയുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നു ഈ നോവൽ. ആധുനികതയുടെ ചരിത്രനിർമ്മിതി, സാംസ്കാരികഭൗതികസാഹചര്യങ്ങൾ, സാഹിത്യരൂപമാതൃക, കഥാപാത്രരൂപീകരണം എന്നിവയോടുള്ള പ്രതികരണം ഭൂതരായരിൽ സൂക്ഷ്മമായി അടയാളപ്പെടുത്തിയിരിക്കുന്നു.

**താക്കോൽ വാക്കുകൾ:** ആധുനികത, ചരിത്രനിർമ്മിതി, പ്രതിരോധം, അനുഭവപാഠം

പാശ്ചാത്യസമ്പർക്കഫലമായി ഭാഷയിൽ ഉണ്ടായ സാഹിത്യരൂപങ്ങളിൽ പ്രധാനമാണ് നോവൽ. ആധുനികതയുടെ വരവോടെയാണ് ഈ സാഹിത്യപ്രസ്ഥാനം രൂപംകൊണ്ടത്. പേരുകൊണ്ടുതന്നെ ഇതു സൃഷ്ടിച്ച നവ്യാനുഭവങ്ങളും വായനാസമ്പ്രദായങ്ങളും സൂചിതമാകുന്നു. ചരിത്രം, സാമൂഹികവിമർശനം, കുറ്റാന്വേഷണം, കോടതിവ്യവഹാരം, വർത്തമാനകാലാവസ്ഥ എന്നിവയൊക്കെ മലയാളക്കരയ്ക്കു പരിചിതമാകുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട് ഈ പ്രസ്ഥാനം. അഭ്യസ്തവിദ്യരും വരേണ്യരുമായവർക്ക് സാമാന്യജനതയോട് ഇടപഴകാനുള്ള മാധ്യമമായും ഇത് നിലകൊണ്ടു.

അധികാരം, ജനാധിപത്യം, സ്ത്രീമുന്നേറ്റം, വൈദേശികബന്ധം, ഉപജാപകസ്വഭാവം എന്നിവയെല്ലാം ഭാവനയുടേയും ചരിത്രമുഹൂർത്തങ്ങളുടേയും സഹായത്തോടെ അവതരിപ്പിക്കപ്പെട്ടതും പ്രധാനമായും നോവലുകളിലാണ്. നോവൽ എണ്ണപ്പെട്ട ഒരു സാഹിത്യരൂപമായി പരുവപ്പെട്ടുവരുന്ന ഘട്ടത്തിൽതന്നെ ഈ വിഷയങ്ങൾ കൃത്യമായി ശ്രദ്ധിച്ചിരുന്നു. ആദ്യകാല ചരിത്രനോവലുകളിൽ ഇതിന് ഉദാഹരണം കാണാം. സി.വി. രാമൻപിള്ളയുടെ മൂന്നുചരിത്രനോവലുകൾ സൃഷ്ടിച്ച കരുത്ത് മലയാളഗദ്യത്തിന്റെയും കഥാപാത്രസൃഷ്ടിയുടേയും സാധ്യതകൾ വികസിപ്പിച്ചിരുന്നു. ഇതിനെ പിൻപറ്റിയുണ്ടായ ചരിത്രനോവലുകളിൽ പ്രാധാന്യമർഹിക്കുന്ന ഭൂതരായർ എന്ന നോവൽ. രാമവർമ്മ അപ്പൻതമ്പുരാൻ രചിച്ച ഈ നോവൽ കേരളത്തിൽ അന്നു പ്രകടമായിക്കൊണ്ടിരുന്ന ആധുനികതയോടുള്ള പ്രതികരണമായി വായിച്ചെടുക്കാം.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്.
ഫോൺ: 7510770096, ഇ-മെയിൽ: remyagnath@gmail.com

സി.വി.യുടെ മൂന്നാമത്തെ ചരിത്രനോവൽ രാമരാജബഹദൂർ പ്രസിദ്ധീകൃതമായ അതേവർഷം 1918-ൽ ആണ് ഭ്രതരായർ എന്ന നോവലും വരുന്നത്. പെരുമാൾവാഴ്ചക്കാലത്തെ സങ്കൽപ്പചരിത്രമാണ് നോവലിന്റെ വിഷയം. വീരമാർത്താണ്ഡപ്പെരുമാളിന്റെ കാലത്തെ കഥയാണ് ഇതിവൃത്തം. മേപ്പയിൽ ചിരുതക്കുട്ടിയും ചന്തുക്കുറുപ്പും തമ്മിലുള്ള പ്രണയം രണ്ടുപ്രദേശങ്ങൾ തമ്മിലുള്ള യുദ്ധത്തിലേക്ക് നീങ്ങുമ്പോൾ അതു പരിഹരിക്കാനായി പുറപ്പെടുന്ന ഉണ്ണിത്തമ്പുരാൻ എന്ന പള്ളിബാണപ്പെരുമാളെ കാണാതെ ആവുന്നതാണ് തുടക്കം. പ്രശ്നങ്ങൾ പരിഹരിക്കാൻ മധുരയിൽനിന്ന് ഭ്രതരായ പാണ്ഡ്യപ്പെരുമാൾ എത്തുന്നതും ജനഹിതമനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ടുതന്നെ അധികാരഭ്രഷ്ടനാക്കപ്പെടുന്നതുമാണ് തുടർന്നുവരുന്നത്. നമ്പിക്കുറ്, ഐരൂർ ചാത്തനാര്, പാപ്പിനിമുറ്റത്ത് ആഢ്യൻ, പയ്യന്നൂർ പട്ടേരി ആസ്യൻ, അമ്പിളിമുറ്റത്തുകുമാരൻ ചെറിയച്ചൻ, രാഘവൻതിരുപ്പാട്, കുഞ്ഞിട്ടുണ്ണാൻ, ഉണ്ണിനങ്ങ, ആനന്ദം എന്നിങ്ങനെ നിരവധി കഥാപാത്രങ്ങളും നോവലിലുണ്ട്.

**ആധുനികതയുടെ ചരിത്രനിർമ്മിതി: പ്രശ്നവും പ്രതിരോധവും**

സാമൂഹിക സാംസ്കാരിക ജീവിതത്തിലും രാഷ്ട്രീയപരിസരത്തിലും ആധുനികത മാറ്റങ്ങൾ സൃഷ്ടിച്ചു തുടങ്ങിയ കാലഘട്ടത്തിലാണ് നോവൽ വരുന്നത്. തുടക്കമാണെങ്കിലും ആ മാറ്റങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കാനും പ്രതികരിക്കാനും ഭ്രതരായർ എന്ന നോവലിനു കഴിയുന്നു. രേഖപ്പെടുത്തിയചരിത്രം എന്ന ആധുനികബോധത്തെ നോവൽ പ്രശ്നവൽക്കരിക്കുന്നു.

ചരിത്രനോവൽ എന്ന് നിരൂപകരെല്ലാം വിശേഷിപ്പിച്ചിട്ടുള്ള നോവലിന്റെ ചരിത്രാത്മകതയും ഭ്രതകാലത്തിന്റെ പുനർനിർമ്മിതിയുമെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഒരുകെട്ടു പഴങ്കഥ എന്ന വിശദീകരണമേ ഗ്രന്ഥകർത്താവുതന്നെ കൃതിയെക്കുറിച്ചു പറയുന്നുള്ളൂ. "മൂവാറു നൂറ്റാണ്ടിനുമുൻപ് മുടിഞ്ഞരുളിയ വീരമാർത്താണ്ഡപ്പെരുമാളിന്റെ കാലത്തു നടന്നതായി സങ്കൽപ്പിച്ചിട്ടുള്ള ഒരു കഥയ്ക്ക് വിശദമായ ഒരു ചരിത്രപശ്ചാത്തലം ഉണ്ടാകുവാൻ നിർവാഹമില്ലല്ലോ" (ഉള്ളൂർ, 1965:318) എന്ന് ഉള്ളൂർ ചരിത്രനോവൽ എന്ന വിശേഷണത്തെ ലളിതമായി ചോദ്യം ചെയ്തിട്ടുണ്ട്. ചരിത്രകാരന്മാർക്ക് കൃത്യമായി തെളിവുനിരത്താൻ സാധിക്കാത്ത ഘട്ടത്തിലെ കഥയ്ക്ക് ചരിത്രവുമായി ബന്ധമുണ്ടെന്ന് എങ്ങനെ സ്ഥാപിക്കും എന്ന ചോദ്യമാണ് ഇവിടെവരുന്നത്.

പെരുമാൾവാഴ്ചക്കാലത്തെക്കുറിച്ചുള്ള ചരിത്രകാരന്മാരുടെ അഭിപ്രായങ്ങൾ കെട്ടുകഥകളും വിശ്വാസങ്ങളും നിറഞ്ഞതാണ്. ആധുനികകാലംവരെ, കേരളത്തിലെ പ്രാചീനരാജവാഴ്ചയെക്കുറിച്ച് എന്തെങ്കിലും വിവരം തരുന്ന രേഖ കേരളോൽപ്പത്തി മാത്രമായിരുന്നു. ബ്രാഹ്മണർ ചേർന്ന് പരദേശത്തുനിന്നു കേയപ്പെരുമാളെ കൊണ്ടുവന്ന് കേരളം വാഴിച്ച കാര്യങ്ങൾ കേരളോൽപ്പത്തിയിൽ വിശദീകരിക്കുന്നുണ്ട്.

കൊണ്ടുവന്ന ക്ഷത്രിയരെ ബ്രാഹ്മണർ വിവാഹംചെയ്ത് സന്തതികളായി ഉണ്ടായവരെ ചേരമാൻ പെരുമാളാക്കുന്നു. ചേരമാൻ പെരുമാൾ-കേരളൻപെരുമാൾ-എന്ന വിശദീകരണമാണ് കേരളോൽപ്പത്തി നൽകുന്നത്. "അന്നു കൊണ്ടുവന്ന ക്ഷത്രിയനു ചേരമാൻ-കേരളൻ പെരുമാൾ എന്നു പേരാകുന്നു. ഇത് മലനാട്ടിലെ രാജാവ്. ചോഴമണ്ഡലത്തിലെ രാജാവ് ചോഴപ്പെരുമാൾ, പാണ്ടി മണ്ഡലത്തിലെ രാജാവ് പാണ്ടിപ്പെരുമാൾ എന്നും കുലശേഖരപ്പെരുമാൾ എന്നും ചൊല്ലുന്നു'' (കേരളോൽപ്പത്തി, 1868:18) എന്ന് പെരുമാൾ ഭരണത്തെക്കുറിച്ച് പറയുന്നു. കേയപ്പെരുമാൾ, സ്വർഗ്ഗാരോഹണം ചെയ്തശേഷം ചോഴപ്പെരുമാൾ, ഭ്രതരായ പാണ്ഡ്യപ്പെരുമാൾ, ബാണപ്പെരുമാൾ, തുളുഭൻപെരുമാൾ, കൊമ്പൻപെരുമാൾ, വിജയൻപെരുമാൾ, വളഭൻപെരുമാൾ, ഹരിശ്ചന്ദ്രപെരുമാൾ, മല്ലൻ പെരുമാൾ, കുലശേഖരപ്പെരുമാൾ എന്നിങ്ങനെ നീണ്ടുപോകുന്ന പെരുമാക്കന്മാരെക്കുറിച്ച് വിശദമായി കേരളോൽപ്പത്തി പറയുന്നു.

പാണ്ടിമണ്ഡലത്തിൽനിന്നു വന്ന പെരുമാൾ പാണ്ടിമണ്ഡലം രക്ഷിപ്പാനാളില്ല എന്ന ആവലാതിയോടെ തിരിച്ചുപോയവിശേഷം പറഞ്ഞതിനുശേഷമാണ് ഭ്രതരായ പാണ്ഡ്യപ്പെരുമാളെക്കുറിച്ച് കേരളോൽപ്പത്തികാരൻ വിശദമാക്കുന്നത്. ശരീരരക്ഷയ്ക്കായ് രണ്ടു ഭ്രതങ്ങൾ ഉണ്ടായിരുന്ന ഭ്രതരായ പാണ്ഡ്യപ്പെരുമാളിനോട് ബ്രാഹ്മണർക്ക് വൈരം ജനിച്ചതായും അവരുടെ ഇടയിൽനിന്ന് ഒരു ഭട്ടതിരി ചതുരംഗം കളിച്ച് കൗശലത്തിൽ ഭ്രതങ്ങളെ പെരുമാളിന്റെ അടുത്തുനിന്നും അകറ്റി അദ്ദേഹത്തെ വധിച്ചതായും ഉള്ള കഥയും പറയുന്നുണ്ട് കോരളോൽപ്പത്തിയിൽ. ഹിംസ ചെയ്തതിലുള്ള പാപശങ്ക മൂലം ആ ഭട്ടതിരി ഒരു പടിന്മേൽ ഇരുന്നുവെന്നും കക്കാട്ടു കാരണപ്പാടുനമ്പിടിയായി എന്നുമാണ് കഥ. ഭ്രതസൈന്യങ്ങളോട് വന്ന് ആക്രമിച്ച് ഭ്രതനാഥൻ എന്ന അമ്പലവും അങ്ങാടിയും പണികഴിപ്പിച്ചതിനാൽ ആണ് ഭ്രതരായർ ആയത് എന്നും പറഞ്ഞുവയ്ക്കുന്നുണ്ട്. ഭ്രതങ്ങൾ

 ISSN No: 3049-0316 

തോറ്റ് ഭൂതപ്പാണ്ടി എന്ന സ്ഥലത്തേക്കുപോയി എന്നതും കാണുന്നു.

കേരളോൽപ്പത്തിയിൽ കാണുന്ന പെരുമാൾചരിത്രത്തെ അപ്പാടെ തള്ളിക്കളയുന്ന പല പ്രമുഖ ചരിത്രകാരന്മാരും. "ഈ പെരുമാൾ സിദ്ധാന്തത്തെ അതേനിലയിൽ വിശദാംശങ്ങളോടെ പരിശോധിച്ചു നോക്കിയാൽ അതൊരു കെട്ടുകഥയാണെന്ന് എളുപ്പം ബോധ്യമാകും" (ശ്രീധരമേനോൻ, 2000:176) എന്ന് പറഞ്ഞുകൊണ്ട് എ. ശ്രീധരമേനോൻ പെരുമാൾവാഴ്ച എന്ന സങ്കൽപത്തെതന്നെ വിമർശിക്കുന്നു. പെരുമാൾ എന്നത് ബിരുദമാണ് എന്ന വിശ്വാസമാണ് വില്യം ലോഗൻ പങ്കുവയ്ക്കുന്നത്.

കേരളോൽപ്പത്തി എന്ന ഗ്രന്ഥത്തിന്റെ പ്രാമാണ്യതയെക്കുറിച്ചും പല തർക്കങ്ങൾ ഉണ്ട്. പെരുമാൾഭരണം, പെരുമാക്കന്മാരുടെ മതപരിവർത്തനം എന്നിവയെക്കുറിച്ചും ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. എങ്കിൽത്തന്നെ പ്രാചീനകേരളത്തിന്റെ അധികാരസമ്പ്രദായങ്ങളെക്കുറിച്ച് മറ്റു രേഖകളൊന്നും ലഭ്യമല്ല എന്നതും വസ്തുതയാണ്. എണ്ണപ്പെട്ട പല ചരിത്രനോവലുകളും എഴുതപ്പെട്ട ചരിത്രത്തെ വിസ്മരിച്ചുകൊണ്ട് വികസിച്ചവയാണ്. എഴുതപ്പെട്ട ചരിത്രത്തിനെതിരായി ചരിത്രപാഠം നിർമ്മിക്കുന്ന നോവലിസ്റ്റിനെ സി.വി. രാമൻപിള്ള തൊട്ടുകാണാം. ആധുനികാവസ്ഥകളോടു പൊരുത്തപ്പെടാതെ പ്രൗഢമായ ഭൂതകാലം നിർമിച്ച് ഊറ്റംകൊള്ളുന്ന പൗരനെയാണ് സി.വി. യിൽ അന്വേഷിക്കേണ്ടത്. സി.വി. യെ പിന്തുടരുന്ന അപ്പൻ തമ്പുരാനെയും അങ്ങനെതന്നെ വായിച്ചെടുക്കാം.

കഥാകഥനത്തിലും ശൈലിയിലും അപ്പൻതമ്പുരാന്റെ മാതൃക സി.വി. തന്നെയായിരുന്നു. പഴഞ്ചൊല്ലുകളും ആട്ടക്കഥകളിലെയുംകാവ്യങ്ങളിലെയും വരികളുംമറ്റും ചേർത്ത് കഥാഗാത്രത്തിന് ആമുഖം നൽകുന്ന സി.വി. യുടെ ശൈലി അതേ രീതിയിൽ അപ്പൻതമ്പുരാനും പിന്തുടരുന്നു. ശ്ലോകങ്ങളും കാവ്യങ്ങളും ഐതിഹ്യങ്ങളും ചേർത്ത് കഥപറഞ്ഞുപോകുന്നു. തിരഞ്ഞെടുത്ത വിഷയത്തിനും സമാനത കാണാനാവും. കേരളചരിത്രത്തിലെ അറിയപ്പെടുന്ന; ഉജ്ജ്വലമായ ഏടുകളാണ് സി.വി.യുടെ കഥാവിഷയമെങ്കിൽ അറിയപ്പെടാത്ത കാലത്തിന്റെ ആർജ്ജവത്തെ പുനരവതരിപ്പിക്കാനാണ് അപ്പൻതമ്പുരാൻ ശ്രമിച്ചത്. സി.വി. അവതരിപ്പിച്ച ചരിത്രത്തിനെക്കാൾ പഴക്കമുള്ള കഥാസന്ദർഭം ചരിത്രത്തിൽ നിന്നുതന്നെ കണ്ടെടുക്കുന്നു അപ്പൻതമ്പുരാൻ. കേരളചരിത്രത്തിലെ അറിയപ്പെടാത്ത ഏടുകൾക്ക് പുതുവായന നൽകി. അതിന് ആധാരമായി നിന്നത് കേരളോൽപ്പത്തി എന്ന കൽപിതചരിത്രഗ്രന്ഥവുമാണ്. കേരളോൽപ്പത്തിയിൽ അവതരിപ്പിച്ച പെരുമാൾ വാഴ്ചയുടെ ആരംഭം കഥാ സാധ്യതയുള്ള ഒന്നായി അപ്പൻതമ്പുരാന് കണ്ടെടുക്കാൻ സാധിച്ചു. പ്രത്യേകിച്ചും ഭൂതരായർ എന്ന പാണ്ഡ്യപ്പെരുമാളും അദ്ദേഹത്തിന്റെ അധികാരത്തെ ചുറ്റിപ്പറ്റിയുള്ള ഉപജാപകവൃന്ദവും.

ഭൂതരായ പാണ്ഡ്യപ്പെരുമാൾ എന്ന പേരുതന്നെയാണ് അപ്പൻതമ്പുരാൻ കഥാപാത്രത്തിന് നൽകുന്നത്. ഭൂതനാഥനായ അയ്യപ്പനുമായി കഥയ്ക്കും കഥാപാത്രത്തിനും ബന്ധം കൽപ്പിക്കുകയും അതുതുടരെത്തുടരെ അനുവാചകരെ ഓർമിപ്പിക്കുകയും ചെയ്യുന്ന നോവലിൽ. നോവിന്റെ കഥാവസ്തുവിനു ഭൂമികയായ ആദ്യ അധ്യായത്തിൽ, ഇളകിയ പാറകളുടെ നടുക്ക് ഒളിഞ്ഞുകിടക്കുന്ന ശാസ്താവിഗ്രഹങ്ങളും ചെടികളുടെ വള്ളിപ്പടർപ്പിനുള്ളിൽ മറഞ്ഞിരിക്കുന്ന ശാസ്താങ്കാവുകളും എടുത്തുകാണിക്കുന്നുണ്ട്. ബൗദ്ധപാരമ്പര്യത്തിന്റെ തുടർച്ചയായി ശാസ്താവിനെ വ്യാഖ്യാനിക്കുന്ന ചരിത്രാന്വേഷകർ നമുക്കുണ്ട്. ബുദ്ധമതം സ്വീകരിച്ച പെരുമാളെക്കുറിച്ചുള്ള അന്വേഷണങ്ങളും നടന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഭൂതരായർ എന്ന നോവലിലെ ആദ്യഭാഗം സസൂക്ഷ്മം പഠിക്കപ്പെടേണ്ടതാണ്.

പള്ളിബാണപ്പെരുമാളിനെ തട്ടിക്കൊണ്ടുപോകുന്നതിനുതൊട്ടുമുമ്പ് കാളിയങ്കാട്ടിൽവച്ച് പഴയപുളിമരത്തിനുതാഴെ പ്രതിഷ്ഠ ചെയ്തിട്ടുള്ള ശാസ്താവിനെ ആരാധിക്കുന്നുണ്ട് അദ്ദേഹം. ശാസ്താവിന്റെ സന്നിധാനത്തിൽ നാളികേരമുടച്ചു പ്രാർത്ഥിക്കുമ്പോൾ വരാൻപോകുന്ന വിപത്ത് മുന്നിൽ കാണുന്നതായി വിവരിക്കുന്നു. ശാസ്താവിന്റെ മുന്നിൽ നിന്നപ്പോൾഉണ്ടായ വെളിപാട് സത്യമായിതീരുന്നതും തുടർന്നുകാണാം.

കേരളോൽപ്പത്തിയിൽ ഭൂതരായർക്ക് ആ പേരുവരാൻ ഇടയാക്കിയ സംഭവം വിശദമാക്കിയിട്ടുണ്ടല്ലോ. ഏതാണ്ട് സമാനമായ കഥ നോവലിലെ ഭൂതരായർക്ക് ഉണ്ട്. ഭൂതരായവരുടെ അമ്മയായ മീനാംബികാദേവി ഗർഭിണിയായിരുന്ന സമയത്ത് 'തിരുവരങ്കോൾപ്പ്' എന്ന സ്ഥലത്തിനു സമീപം ഭൂതനാഥപ്രതിഷ്ഠ ചെയ്യണമെന്ന് ദർശനമുണ്ടായെന്നും ഭൂതപ്പാണ്ടി എന്ന സ്ഥലത്ത് ഭൂതനാഥനെ പ്രതിഷ്ഠിച്ചതായും പറയുന്നു. ഭൂതരായർ ജനിച്ചത് ആ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാദിവസവുമായിരുന്നു. ഇതുമൂലമാണ് ഭൂതരായർ എന്ന് പാണ്ഡ്യപ്പെരുമാൾക്ക് പേരു നൽകിയതെന്ന് നോവലിൽപറയുന്നു. ഭൂതപ്പാണ്ടിയിലെ ഭൂതനാഥനിൽ തികഞ്ഞ ഭക്തിയുള്ളവനാണ് ഭൂതരായർ എന്നും മലനാട്ടിലേക്ക് പടനയിച്ച് ആദ്യമെത്തുന്നതും ആദ്യ ആക്രമണം

നേരിടുന്നതും എല്ലാം ആ സന്നിധാനത്തുവച്ചാണെന്നും നോവലിസ്റ്റ് വിവരിക്കുന്നു. ഭൂതസൈന്യങ്ങളോട് വന്ന് ആക്രമിച്ച് ഭൂതനാഥക്ഷേത്രവും അങ്ങാടിയും പണികഴിപ്പിച്ച ഭൂതരായരെയാണ് കേരളോൽപ്പത്തിയിൽ പരിചയപ്പെടുന്നത്. ഭൂതരായർ എന്ന കഥാപാത്രവും കഥാരംഗവും കേരളോൽപ്പത്തിയിൽ നിന്ന് അപ്പൻതമ്പുരാൻ സ്വീകരിച്ചതാണെന്ന് ഇതിലൂടെ മനസ്സിലാക്കാം.

തന്റെ നോവലിന്റെ അടിത്തറയായി കേരളോൽപ്പത്തിയെ സ്വീകരിക്കുമ്പോഴും ഭാവനയും സങ്കൽപ്പവും വിശ്വാസവും ഒപ്പംചേർക്കാൻ മറക്കുന്നില്ല. ചെറിയ ഒരു കഥാതന്തുവിന് വിശദീകരണം നൽകി അവതരിപ്പിക്കുകയാണ് ചെയ്തത്. പാശ്ചാത്യസമ്പർക്കഫലമായി ഉയർന്നുവന്നുകൊണ്ടിരുന്ന രേഖപ്പെടുത്തിയ ചരിത്രത്തോടുള്ള കലാപം ഇവിടംതൊട്ടുതന്നെ കാണാം. എഴുതപ്പെട്ട ചരിത്രത്തെയും ആധുനികമായ ജ്ഞാനപദ്ധതിയെയും വിശ്വാസങ്ങളാലും കേട്ടുകേൾവിയാലും ഉറച്ചുപോയ ചരിത്രനിർമ്മിതികൊണ്ട് പ്രതിരോധിക്കാനുള്ള ശ്രമം ഇവിടെ കാണാം. മലനാട് ചേരതലമായി, കേരളമായി പരിണമിക്കുന്ന ചരിത്രസന്ദർഭം പറഞ്ഞുസ്ഥാപിക്കനാണ് നോവലിലൂടെ ശ്രമിക്കുന്നത്. "അന്നത്തെ മലനാടെവിടെ ഇന്നത്തെ മലയാളമെവിടെ" (അപ്പൻതമ്പുരാൻ, 1970:9) എന്നാരംഭിക്കുന്ന നോവൽ "അന്നുതൊട്ടു മലനാടിനു ചേരതലം അല്ലെങ്കിൽ കേരളം എന്ന പേരു വീണ്ടും സിദ്ധിച്ചു"(അപ്പൻതമ്പുരാൻ, 1970: 10) എന്ന് അവസാനിപ്പികുകയാണ് ചെയ്യുന്നത്. ഐതിഹ്യങ്ങൾ, നിമിത്തങ്ങൾ, മന്ത്രവാദം നാട്ടിടങ്ങളിലുള്ള രാഷ്ട്രീയസംസാരങ്ങൾ എന്നിവയ്ക്ക് നോവലിന്റെ ആഖ്യാനശരീരത്തിൽ പ്രാധാന്യം കൊടുക്കുന്നതും പ്രാദേശികമായ തനതുചരിത്രനിർമ്മിതിയുടെ ശ്രമമായി കണക്കാക്കണം. ഓണം, മാമാങ്കം എന്നീ തനിമയുടെ പ്രാതിനിധ്യങ്ങളെ പശ്ചാത്തലമാക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്.

### ആധുനികതയും ഒന്നാം അധ്യായവും

ഭൂതരായർ എന്ന നോവൽ അനന്യമാകുന്നത് നോവലിന്റെ ആദ്യ രണ്ട് അധ്യായങ്ങളിലൂടെയാണ്. നേരിട്ടു കഥാസന്ദർഭത്തിലേക്ക് കടന്ന് ചരിത്രമുഹൂർത്തങ്ങളിലൂടെ ആസ്വാദകമനസ്സിനെ സഞ്ചരിപ്പിക്കുന്ന സ്വഭാവമാണ് പലപ്പോഴും ചരിത്രനോവലുകൾ പുലർത്തുന്നത്. ഇതിൽനിന്ന് ഭൂതരായർ വ്യത്യസ്തമാകുന്നു. നോവലിന്റെ കഥാഭൂമിക സ്ഥാപിക്കുവാൻ രണ്ട് അധ്യായങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അപ്പൻതമ്പുരാൻ നോവൽ പ്രസിദ്ധീകൃതമായ കാലത്തിന്റെ സാമൂഹികപരിസരത്തെ ഒന്നൊന്നായി പറഞ്ഞുകൊണ്ട് അതിൽനിന്ന് നാടിന്റെ ഭൂതകാലം എങ്ങനെ വേറിട്ടുനിൽക്കുന്നുവെന്ന് വിദശ്ധമായി വിശദീകരിക്കുന്നു. കേരളത്തിൽ പ്രകടമായിക്കൊണ്ടിരുന്ന ആധുനികസാമൂഹികാവസ്ഥകളോടുള്ള വ്യക്തമായ പ്രതികരണമായി ഈ അധ്യായങ്ങളെ കാണാം. നോവലിന്റെ കഥാശരീരവുമായി യാതൊരു ബന്ധവുമില്ലാത്ത ആമുഖരൂപമാണിത്. പ്രാദേശികബോധമുള്ള ഒരു വ്യക്തി ആധുനികതയുടെ വരവിനെ എങ്ങനെ നോക്കിക്കാണുന്നു എന്നത് വ്യക്തമാവുന്നുണ്ട് ഈ അധ്യായത്തിന്റെ ആദ്യവാക്കു മുതൽ.

നോവലിസ്റ്റ് വായനക്കാരോടു സംസാരിക്കുന്ന രീതിയിൽ രണ്ട് അധ്യായം, തുടർന്നുവരുന്ന മൂന്നാം അധ്യായത്തിൽ കഥ തുടങ്ങി രണ്ടു കഥാപാത്രങ്ങളുടെ സംഭാഷണം എന്ന രീതിയിലുള്ള ആഖ്യാനം നോവൽ എന്ന സാഹിത്യരൂപത്തിന്റെ പാശ്ചാത്യമാതൃകയല്ല എന്നത് ശ്രദ്ധേയമാണ്. സുദീർഘമായ മുന്നൊരുക്കങ്ങളിലൂടെ സ്ഥലകാലസൃഷ്ടി നടത്തി അടുത്ത അധ്യായത്തിൽ മാത്രം കഥ തുടങ്ങുക എന്ന ശൈലി മനപ്പൂർവ്വം അപ്പൻതമ്പുരാൻ തിരഞ്ഞെടുത്തതാണ് എന്നുവേണം കരുതാൻ. സാഹിത്യപ്രസ്ഥാനങ്ങളുടെ രൂപനിർമ്മിതിയെക്കുറിച്ചും ആഖ്യാനസമ്പ്രദായങ്ങളെക്കുറിച്ചും തികഞ്ഞ ധാരണയുള്ള ആളാണ് അപ്പൻ തമ്പുരാൻ. പാശ്ചാത്യപ്രസ്ഥാനങ്ങളെയും അവയുടെ ഭാഷയിലേക്കുള്ള സംക്രമണത്തെയും സസൂക്ഷ്മം വീക്ഷിച്ച വ്യക്തിയാണ് അദ്ദേഹം. അപ്പൻതമ്പുരാന്റെ പ്രസ്ഥാനപഞ്ചകം എന്ന ഗ്രന്ഥംതന്നെ അതിനുതെളിവാണ്. ഭാഷയിലേയ്ക്ക് വന്നിട്ടുള്ള പ്രസ്ഥാനങ്ങൾ അഞ്ചെണ്ണമാണെന്നും Problem play, Elocution, Mediation, Devotional, Narration എന്നിവയാണവയെന്നും നോവലിസ്റ്റ് ആ പുസ്തകത്തിൽ പറഞ്ഞുവച്ചിട്ടുണ്ട്. അവയ്ക്ക് ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നു. ഉപന്യാസസമാഹരമായ മംഗളമാലയിലും ചരിത്രം, ജീവചരിത്രം, ശാസ്ത്രം എന്നിവയെക്കുറിച്ചുള്ള സൈദ്ധാന്തികപഠനങ്ങൾ കാണാം. ശൈലി, ആഖ്യാനം എന്നിവയിലൂന്നിയാണ് ഇവിടെയൊക്കെയും അപ്പൻതമ്പുരാൻ വിശദീകരണങ്ങൾ നടത്തിയത്. അത്തരത്തിൽ ഗദ്യത്തെയും പാശ്ചാത്യസമ്പ്രദായങ്ങളെയും ശ്രദ്ധിക്കുന്ന നോവലിസ്റ്റ് മലയാളത്തിന്റെ തനിമട്ടിൽ പുതിയൊരു നോവൽശൈലി രചിക്കാനാണ് ഭൂതരായർ എന്ന നോവൽതന്നെ രചിച്ചത്. "ഭാഷാസാഹിത്യത്തിനു സംസ്കൃതസാഹിത്യത്തോടു ചാർച്ചയും വേഴ്ചയും കുറച്ചധികമുള്ളതുകൊണ്ട് സംസ്കൃതസാഹിത്യനിയമങ്ങളെ കഴിയുന്നതും ആശ്രയിച്ചുകൊണ്ടാണ് ഈ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതെങ്ങിനെയെന്നാൽ, ദൃശ്യ-ശ്രാവ്യ

 ISSN No: 3049-0316 

കാവ്യങ്ങളിൽ ഇതും ഉൾപ്പെടുത്തി പാശ്ചാത്യനോവൽ വ്യവസ്ഥയെ ഭേദപ്പെടുത്തിയിരിക്കുകയാണ്" (രാമവർമ്മ, 1983:330) എന്ന് അപ്പൻതമ്പുരാൻ അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. പാശ്ചാത്യനോവൽവ്യവസ്ഥയെ പരിണമിപ്പിക്കാനുള്ള മനപ്പൂർവമായ ശ്രമം താൻ നടത്തിക്കൊണ്ടിരിക്കുന്നുവെന്ന തുറന്ന സമ്മതമാണ് ഈ വാക്യങ്ങൾ.

പാശ്ചാത്യസാഹിത്യപ്രസ്ഥാനത്തോടു മാത്രമല്ല പാശ്ചാത്യആധുനികതയോടുതന്നെ തന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാനുള്ള ഉപാധിയായി ഭൂതരായരുടെ ആദ്യ രണ്ട് അധ്യായങ്ങൾ മാറുന്നു. ആധുനികതയ്ക്ക് ബദലായി ഭൂതകാലത്തിന്റെ ദൃശ്യങ്ങളെ ചേർത്തുവയ്ക്കുന്നു ഈ രണ്ട് അധ്യായങ്ങളിൽ.

"അന്നത്തെ മലനാടെവിടെ ഇന്നത്തെ മലയാളമെവിടെ? എന്തോ കഥ! കാലം മറിഞ്ഞതോടുകൂടി കോലം കീഴ്മേൽ മറിഞ്ഞു. നാടിന്റെ കിടപ്പും നാട്ടാരുടെ നടപ്പും അന്നും ഇന്നുമായിട്ട് അത്രയ്ക്കുമാത്രം മാറിയിരിക്കുന്നു" (അപ്പൻതമ്പുരാൻ, 1970:9) എന്ന് തുടക്കത്തിൽ പുതിയകാലവും പഴയകാലവും തമ്മിലുള്ള താരതമ്യം കാണാം. യാത്രാസൗകര്യം, വാസസ്ഥലങ്ങൾ, ഭൂമിശാസ്ത്രം, വിനോദങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, വസ്ത്രധാരണരീതി, തൊഴിലിടങ്ങൾ എന്നിങ്ങനെ ഓരോ വിഷയത്തിലെയും ആധുനികാവസ്ഥയും ചരിത്രാവസ്ഥയും ചേർത്തുവയ്ക്കുന്നുണ്ട് അപ്പൻതമ്പുരാൻ. ആധുനികതയുടെ കടന്നുവരവിനെ വ്യക്ത മായി പറയുന്നു. പരശുരാമക്ഷേത്രത്തിന്റെ അലകും പിടിയും മാറിയെന്ന് ഉപന്യാസരൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

യാത്രകൾക്കുണ്ടായ മാറ്റമാണ് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. വാഹനസൗകര്യവും ജലഗതാഗതമാർഗങ്ങളും വന്ന ആധുനികാവസ്ഥയെക്കുറിച്ച് ആദ്യഅധ്യായത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "നീർ പോകും ചാലുകൾ തീബോട്ടുകൾ നടത്തുന്ന പുഴകളായി. ആൾപോകും വഴികൾ തീവണ്ടിയോടുന്ന പാതകളും സാററ്റുപോകുന്ന വീഥികളുമായി. കുന്നുകുഴിയായി; മല മൈതാനമായി; കാടു നാടായി; നാടുനഗരമായി" (അപ്പൻതമ്പുരാൻ, 1970: 10). ആധുനികതയുടെ സാമൂഹികസാഹചര്യങ്ങളെല്ലാം ഈ വരികളിൽ കാണാം. ജൈവികപ്രകൃതിയിൽനിന്നും വിരുദ്ധമായി യന്ത്രങ്ങൾ ജീവിതത്തിലേക്കു വരുന്നത് വിവരിച്ചിരിക്കുന്നു. നീരും കരയും, മലയും കാടും പരിണമിച്ചു വിശദമാക്കുന്നതിലൂടെ നാഗരികത സാവകാശം എത്തുന്നതും വർണ്ണിച്ചിരിക്കുന്നു. യാന്ത്രികതയും നാഗരികതയും പരിസ്ഥിതിയെ എങ്ങനെ മാറ്റിമറിക്കുന്നു എന്നത് സൂചിതമാകുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളോ പാരിസ്ഥിതികചിന്തകളോ കടന്നുവന്നിട്ടില്ലാത്ത 1918-ൽ ആണ് ഈ നിരീക്ഷണം എന്നത് ശ്രദ്ധിക്കേണ്ടതാണ്.

യാന്ത്രികതയും നാഗരികതയും കടന്നുവന്നതോടുകൂടി മാറിയ സാമൂഹികസ്ഥിതി വിശദമാക്കുന്നു തുടർന്ന് നാലുകെട്ട് പൊളിച്ച് കാറ്റും വെളിച്ചവുമുള്ള പുരവയ്ക്കാൻ ആഗ്രഹിക്കുന്നവരുടെ കാലത്തിനും എത്രയോ മുമ്പുതന്നെ അരമനകളുടെയും നാലുകെട്ടുകളുടെയും സ്ഥാനത്ത് കാരോടുമേഞ്ഞ പുര വന്നതിനെ മലയാളസാഹിത്യം അടയാളപ്പെടുത്തിയിരുന്നു. വൈക്കോൽപ്പുരയിൽ പാർത്തിരുന്നവരെയും വലിയവരായി കരുതിയിരുന്ന ഘട്ടത്തെ പിന്തള്ളിയാണ് കാരോടുമേഞ്ഞ പുരകളുടെ കാലംവരുന്നത്. പാമ്പിൻകാവ്, മുല്ലത്തറ, പടിഞ്ഞാറ്റിനി എന്നിങ്ങനെ ജലസൗഖ്യവും സ്ഥലസൗഖ്യവും നിറഞ്ഞ കേരളത്തെ പരിചയപ്പെടുത്തുമ്പോൾ ആധുനികതയുടെ കുത്തൊഴുക്കിൽ ഇല്ലാതായതുമവയാണ് എന്ന സൂചനകൂടി ഉണ്ട്.

'ഇന്ന്' ദേശസഞ്ചാരവും ദേശം പകരുന്നതും തികഞ്ഞ സൗകര്യത്തിലാണ് എന്ന് നോവലിസ്റ്റ് പറയുന്നു. കുന്ന്, കുഴി, ചാല്, പുഴ ഇവയൊന്നും വഴിയിൽ തടസ്സമായില്ലാത്ത ഭൂപ്രകൃതി ആധുനികതയുടേതുതന്നെയാണ്. പോക്കുവരവിനുള്ള ആവശ്യങ്ങളും പണ്ട് അധികമുണ്ടായിരുന്നില്ലെന്നതും എടുത്തുപറഞ്ഞിരുന്നു.

വ്യക്തികളുടെ പേരുകൾക്കുപോലും ആധുനികതയിലൂടെ മാറ്റങ്ങൾവന്നിരിക്കുന്നത് സൂക്ഷ്മമായി തിരിച്ചറിയുന്നുണ്ട് അപ്പൻതമ്പുരാൻ. "മൃദുലങ്ങളും സരസങ്ങളുമായ വർണ്ണങ്ങൾ ചേർത്തുകോർത്തു കർണ്ണാനന്ദമുളവാക്കത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള നാമധേയങ്ങളിൽ പഴകീട്ടുള്ള ഇന്നത്തെ പരിഷ്കൃതലോകം പണ്ടത്തെ പേരുകൾ കേട്ടുപരിഭ്രമിക്കുന്നുവെങ്കിൽ, കാലംപോയ പോക്കും രുചി മാറുന്ന മട്ടും സമുദായമര്യാദയുടെ നീക്കുപോക്കും വഴിപോലെ വിചാരിച്ച് പണ്ടത്തെ പേരുകളുടെ സ്വാരസ്യം അനുഭവിക്കാൻ ഒരുങ്ങുക തന്നെ വേണം" (അപ്പൻതമ്പുരാൻ, 1970: 15) എന്നു പറയുന്ന നോവലിസ്റ്റ് കേളച്ചാര്, ഇട്ടിണിക്കണ്ടൻ, ഇട്ടാട്ടി, ഇട്ടിച്ചിരി എന്നിങ്ങനെ സ്ത്രീകളുടെയും പുരുഷന്മാരുടെയും പേരുകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ആധുനികഘട്ടത്തിൽ ഈ പേരുകൾ കേട്ടാലേ ചിരിവരുമെങ്കിലും അന്നിതൊക്കെയും ആണിനും പെണ്ണിനും മധുരങ്ങളായ പേരുകൾ തന്നെയായിരുന്നു എന്നു ചൂണ്ടികാണിക്കുന്നു.

ആഭരണങ്ങൾ അണിയുന്ന ഇനത്തിൽ ആണിനും പെണ്ണിനും ഭേദംവന്നതായുള്ള സൂക്ഷ്മനിരീക്ഷണം അപ്പൻതമ്പുരാൻ നടത്തുന്നു. കാതിലോല, മണിക്കാതില, കുഴൽ മോതിരം എന്നിങ്ങനെ പ്രാചീന ആഭരണങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. നുണയുന്ന മിഠായിക്കും കളിപ്പാട്ടങ്ങൾക്കും പോലും ആൺപെൺ വ്യത്യാസം നിർമ്മിച്ചെടുത്ത ഉത്തരാധുനികധാരണകളുടെ തുടക്കം ആധുനികതയുടെ ഏറ്റവും ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നുവെന്നതിനു തെളിവാകുന്നുണ്ട് ഈ വർണ്ണന.

### നായകനും നായികയും ഇല്ലാത്ത നോവൽ

പാശ്ചാത്യനോവൽ സമ്പ്രദായത്തെ പ്രതിരോധിച്ചുകൊണ്ടുള്ള എഴുത്ത് ഭൂതരായരിൽ ഉടനീളം കാണുന്നു. കഥാശരീരത്തിൽ സവിശേഷമായ ആമുഖം നൽകി എന്നതിൽമാത്രം അത് ഒതുങ്ങുന്നില്ല. നായകൻ, നായിക, വില്ലൻ എന്നിങ്ങനെയുള്ള സാമ്പ്രദായികമായ കഥാപാത്രരൂപീകരണത്തിലും ഈ സവിശേഷത കാണാം. നായകനെയോ നായികയോ ചുറ്റിപ്പറ്റിയല്ല കഥ വികസിക്കുന്നത്. ഭൂതരായർ എന്ന നോവലിന്റെ ഈ പ്രത്യേകത പ്രമുഖനിരൂപകർ ശ്രദ്ധിച്ചിട്ടുണ്ട്. നോവലിന്റെ പോരായ്മയായി അതിനെ എടുത്തു കാണിക്കുകയും ചെയ്തിട്ടുണ്ട്. നിദ്രാദേവി കലഹിച്ചുനിൽക്കുന്ന അവസരങ്ങളിൽമാത്രം വായിക്കാൻ പറ്റിയ നോവലായി ഭൂതരായരെ വിലയിരുത്തുന്ന എം.പി. പോൾ "കഥയ്ക്ക് ഒട്ടുംതന്നെ ഐകരൂപ്യമില്ലാത്തതുകൊണ്ട് നായകൻ ആരാണെന്നു നിർണ്ണയിക്കുവാൻ പ്രയാസമാണ്" (പോൾ, 1930: 152) എന്ന് പറയുന്നു. ഭൂതരായർ, ചന്തുക്കുട്ടി, ചെറിയച്ചൻ എന്നിവർക്ക് ആ സ്ഥാനത്തേക്ക് വരാൻ യോഗ്യതയുണ്ടോ എന്ന് വിശദമായി അന്വേഷിക്കുകയും ചെയ്യുന്നുണ്ട് എം.പി. പോൾ. നായികയെക്കുറിച്ച് അദ്ദേഹത്തിന് ചോദ്യം പോലും ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ കുറേക്കൂടി ഭാവനാസമ്പന്നമായ നിലപാടാണ് ഉള്ളൂരിന്റേത്. അമൂർത്തരായ നായകനെയും നായികയെയും കണ്ടെടുക്കാൻ ഉള്ളൂരിനു യാതൊരു ക്ലേശവും വരുന്നില്ല. പ്രഭുശക്തിയെ നോവലിലെ നായികയായും രാജബലത്തെ നായകനായും അദ്ദേഹം കണ്ടെത്തുന്നു. വീരമാർത്താണ്ഡപ്പെരുമാൾ, പള്ളിബാണർ, ഭൂതരായർ എന്നിവരെ പരിത്യജിച്ച് പ്രഭുശക്തിയാവുന്ന നായിക ഗംഗാധരതിരുകോവിൽപ്പാടിനെ മാലയിടുന്ന കഥയാണ് നോവലിന്റേത് എന്നത് ഉള്ളൂരിന് ഉറപ്പാണ്.

നായകനും നായികയുമില്ലാത്ത രീതിയിൽ നോവൽ രചിക്കുന്നതിലൂടെ നോവൽരചനയുടെ തന്നെ പാരമ്പര്യത്തെ മുറിച്ചുകളയാനാണ് അപ്പൻതമ്പുരാൻ ശ്രമിച്ചതെന്ന് വി.സി. ശ്രീജൻ പറയുന്നു. "പാശ്ചാത്യസങ്കേതമനുസരിച്ചും പൗരസ്ത്യസങ്കേതമനുസരിച്ചും ഒരേപോലെ പ്രധാനമാണ് നായകസങ്കൽപം . എന്നാൽ നായകനില്ലാത്ത കഥ ഉണ്ടായിക്കൂടേ? ഒരു വ്യക്തിക്കുപകരം ഒരു സമൂഹം നായകസ്ഥാനത്തുനിൽക്കുന്ന കഥ സാധ്യമല്ലേ? എന്തും പരമ്പരാഗതമായ രീതിയിലേ ചിന്തിക്കാവൂ എന്നു നിർബന്ധമില്ലാത്ത ഒരാൾക്ക് നായകനില്ലാത്ത കഥയും എഴുതാം. ആ ഒരൊറ്റക്കാരണംകൊണ്ട് കഥ മോശമാകണമെന്നില്ല. വാസ്തവത്തിൽ ഏതാണ്ട് ഈ മട്ടിൽ പാരമ്പര്യം മുറിച്ചുകളയാനാണ് അപ്പൻതമ്പുരാൻ ശ്രമിച്ചത്" (ശ്രീജൻ, 2006:98). എം.പി. പോളിന് നായകനില്ലാത്തത് ഒരു പോരായ്മയായി തോന്നുമ്പോൾ വി.സി. ശ്രീജന് അത് ഒരു സാധ്യതയായാണ് മനസ്സിലാക്കാനാവുന്നത്. ആഖ്യാനഭേദങ്ങൾ, സാഹിത്യത്തിന്റെ കേന്ദ്രം എന്നീ വിഷയങ്ങളിൽ പുതിയ ജ്ഞാനമാതൃകകൾ പങ്കുവയ്ക്കുന്ന ആധുനികവും ഉത്തരാധുനികവുമായ സാഹിത്യസിദ്ധാന്തങ്ങൾ പരിചയപ്പെട്ടതിനുശേഷം നടത്തുന്ന വായനകളിൽ നായകത്വം അപ്രധാനമായിത്തീരുന്നു. വീരമാർത്താണ്ഡപ്പെരുമാളിനോട് കുഞ്ഞിട്ടുണ്ണാൻ, ഉണ്ണിത്തമ്പുരാനുപകരമായി ചെറുണ്ണിത്തമ്പുരാൻ എന്ന ഭൂതരായരെ കൊണ്ടുവരണം എന്നു പറയുമ്പോൾ കാര്യപ്രാപ്തിയും സൂക്ഷ്മബുദ്ധിയുമുള്ള ഭരണകർത്താവ് എന്ന തോന്നലാണ് ഭൂതരായരെക്കുറിച്ച് അനുവാചകർക്ക് ഉണ്ടാകുന്നത്. മധുരയിൽവച്ച് ഭൂതരായർ നടത്തിപ്പോരുന്ന ദണ്ഡനീതികളെക്കുറിച്ചുള്ള വർണ്ണന പതിനെട്ടാം അധ്യായത്തിൽ വരുന്നതോടെ പ്രതീക്ഷിച്ചിരുന്ന നായകന്റെ സ്വഭാവത്തെക്കുറിച്ച് ആസ്വാദകരിൽ ആശങ്ക ജനിക്കുന്നു. ജ്യേഷ്ഠനായ പള്ളിബാണപ്പെരുമാളെ പരിഹസിക്കുന്ന രംഗങ്ങൾ വരുന്നതോടെ നായകൻ എന്നുള്ള നിലയിൽനിന്ന് വില്ലൻ എന്നതിലേക്ക് ഈ കഥാപാത്രം പരിണമിച്ചു തുടങ്ങുന്നു. ഇരുപത്തിഒൻപതാം അധ്യായത്തിൽ പള്ളിബാണപ്പെരുമാളെ വെട്ടിയരിഞ്ഞ് പേരാറ്റിൽ ഒഴുക്കി യാതൊരു ഭാവഭേദവുമില്ലാതെ പ്രണയിനിയുടെ അടുത്തേക്കുപോകുന്ന ഭൂതരായരെ അവതരിപ്പിക്കുന്നതിലൂടെ പരിപൂർണ്ണവില്ലനായി മാറുന്നു. ഐരുർ ചാത്തൻ, കാവുതിക്കണ്ണൻ, നമ്പിക്കുറ് തുടങ്ങിയവരാകട്ടെ വില്ലന്മാർ എന്ന സ്ഥിതിയിൽനിന്ന് രക്ഷാപുരുഷന്മാർ ആയി മാറുകയും ചെയ്യുന്നു. നോവലിന്റെ രണ്ടാം അധ്യായത്തിൽ ഏകനായകത്വത്തിന്റെയും ബഹുനായകത്വത്തിന്റെയും ഗുണദോഷങ്ങളെ വിവരിക്കുന്നുണ്ട്. ബഹുനായകത്വം ആപത്ക്കരമാണെന്നതിനു കേരളചരിത്രം തന്നെ തെളിവാണ് എന്നും സൂചിപ്പിക്കുന്നുണ്ട്. ഇത്ര വിശദമായി നായകത്വത്തിന്റെ സാധ്യതകൾ അന്വേഷിക്കുന്ന നോവലിസ്റ്റ് നായകനെ പടിപടിയായി വില്ലനാക്കിക്കൊണ്ട്

 ISSN No: 3049-0316


കേന്ദ്രകഥാപാത്രത്തെ മനപ്പൂർവം തന്നെ സൃഷ്ടിക്കാതെ ശ്രദ്ധിച്ചു എന്നു മനസ്സിലാക്കാം. ഒരു വ്യക്തിയെയോ കുടുംബത്തെയോ കേന്ദ്രത്തിൽനിർത്തി അവയെചുറ്റി സംഭവങ്ങളെ വിവരിക്കുന്ന സാമാന്യശൈലിയാണ് ഇവിടെ നിരാകരിക്കുന്നത്. രക്ഷകൻ, ശിക്ഷകൻ, എന്നിവരെക്കുറിച്ചുള്ള പൊതുധാരണകളെയും നോവൽ അനുസരിക്കുന്നില്ല. നോവലിനു പുതിയ ഒരു സമ്പ്രദായം തന്നെ വരുത്തുന്നതിനുള്ള പരിശ്രമങ്ങളായി ഇതിനെ കാണാം. ദേവാസുരം, നരസിംഹം പോലുള്ള സിനിമകളിൽ ഈ ആഖ്യാനത്തിന്റെ വിപരീതശൈലി സ്വീകരിക്കുന്നതായി കാണാം. വില്ലനിൽ നിന്ന് പടിപടിയായി ഉയർന്ന് നായകനാകുന്ന സൂപ്പർമെഗാതാരങ്ങൾ ജനപ്രിയർ ആയിരുന്നു.

ചിരുതക്കുട്ടി എന്ന സ്ത്രീകഥാപാത്രത്തെയും ആദിവാസി വിഭാഗത്തെയും ചിത്രീകരിച്ചിരിക്കുന്നതിലും സവിശേഷതകൾ കണ്ടെത്താം. ഉണ്ണിത്തമ്പുരാനെ കണ്ടെത്താൻ മുന്നിട്ടിറങ്ങുന്നതും ലക്ഷ്യത്തിലെത്തുന്നതും ചിരുതക്കുട്ടിയാണ്. ഭൃതരായർ നടവഴിയിലെത്തുമ്പോൾ ഉണ്ണിത്തമ്പുരാനെയും കാമുകനെയും മോചിപ്പിച്ചു മുന്നിലേക്ക് എത്തിക്കുന്ന ചിരുതക്കുട്ടി. പൗരുഷവും സഹനശക്തിയും പ്രണയത്തിന്റെ പാകഭേദങ്ങളായി ഉൾക്കൊള്ളുന്നവളാണ് ചിരുതക്കുട്ടിയെന്ന് വിശദമാക്കുകയും ചെയ്യുന്നുണ്ട് നോവലിസ്റ്റ്. പെണ്ണുങ്ങളിലാണ് മലനാടിന്റെ പൗരുഷം എന്നു ക്രൂരനായ ഭൃതരായരെക്കൊണ്ടുപോലും ചിന്തിപ്പിക്കുന്ന ചിരുതക്കുട്ടി.

രക്ഷകന്മാരെയും പ്രബലരായ നായകന്മാരെയും കണ്ടുശീലിച്ചവർക്ക് രക്ഷകയായി, പൗരുഷരൂപമായി വരുന്ന ചിരുതക്കുട്ടി പുതിയ അനുഭവമായിരിക്കും. ചന്തുക്കുറുപ്പിനോടുള്ള പ്രണയത്തിൽ തരളയായി മാറുമ്പോഴും സ്ത്രീപുരുഷബന്ധത്തെയും കൂട്ടുകാരന്റെ സ്വഭാവത്തെയുംകുറിച്ച് തുറന്ന നിലപാടുണ്ട് ചിരുതക്കുട്ടിക്ക്. തന്നെ പ്രണയിക്കുന്ന ചെറിയച്ചനോട് അതു കൃത്യമായി തുറന്നുപറയാനും ചിരുതക്കുട്ടി മടിക്കുന്നില്ല. ചന്തുക്കുറുപ്പിനെ ചിരുതക്കുട്ടി പ്രിയനായി തെരഞ്ഞെടുത്തതിനുകാരണം നോവലിസ്റ്റ് വിശദീകരിക്കുന്നുണ്ട്. "കുറുപ്പ് അഭ്യാസബലവും ധൈര്യവും തികഞ്ഞ ഒരു യോദ്ധാവാണെങ്കിലും അദ്ദേഹത്തിന്റെ സ്വഭാവം സത്വഗുണപ്രധാനമായിട്ടുള്ളതാണ്. പക പിടിച്ച് മതിമറന്നു യാതൊരു സാഹസകൃത്യത്തിലും ചെന്നുതലയിടില്ല. അക്കാലത്തെ പടയാളികളുടെ ഇടയിൽ ഇതൊരു ഉൽകൃഷ്ട ഗുണമായി കണക്കാക്കിയിരുന്നില്ലെങ്കിലും, ചിരുതക്കുട്ടിക്ക് ഈ കേൾവി ചന്തുക്കുറുപ്പിന്റെ സൗഭാഗ്യത്തെക്കാൾ പ്രിയതരമായിട്ടാണ് തോന്നിയിരുന്നത്" (അപ്പൻതമ്പുരാൻ, 1970:99) എന്നാണ് നോവലിസ്റ്റ് പറയുന്നത്. പകയും അമിതാത്മവിശ്വാസത്താലുള്ള സാഹസപ്രവൃത്തികളും ക്രൗര്യവും പൗരുഷത്തിന്റെ മാനദണ്ഡങ്ങളായി വായിച്ചെടുക്കുന്ന ധാരണകളെ പാടേ നിരാകരിക്കുന്നുണ്ട് ഇവിടെ. അഭ്യാസത്തിൽ കേമനാവുമ്പോഴും കരളലിവുകൂടിയുള്ളതു മേന്മയായി കണക്കാക്കി തന്റെ പ്രണയത്തെ അയാളിൽ പ്രതിഷ്ഠിക്കുന്ന ചിരുതക്കുട്ടിയുടെ സ്വഭാവം കൂടി ഈ വരികളിൽ വിലയിരുത്തപ്പെടുന്നുണ്ട്. ഭൃതരായർ, ചെറിയച്ചൻ എന്നീ കഥാപാത്രങ്ങൾക്ക് കരുണ എന്ന ഗുണമാണ് ഇല്ലാത്തതെന്നും എടുത്തുപറഞ്ഞുപോകുന്നു. നായകനില്ലാത്ത ഈ നോവലിനെ പ്രബലയായ കഥാപാത്രം ചിരുതക്കുട്ടിയാണ്. ഊർപ്പള്ളിയിൽ എത്തി ഉണ്ണിത്തമ്പുരാന്റെയും തന്റെ കമിതാവിന്റെയും മോചനത്തിനുള്ള ശ്രമങ്ങൾ നടത്തുന്നതിൽ തൊട്ട് സ്വന്തം പ്രണയത്തിന്റെ പേരിൽ ഉറച്ചനിലപാടെടുക്കുന്നതുവരെയുള്ള കാര്യങ്ങളിലെല്ലാം തികവും പക്വതയും കാര്യപ്രാപ്തിയുമുള്ള കഥാപാത്രത്തെയാണ് കാണുന്നത്.

തന്റെ പ്രണയത്തെചൊല്ലി ചിരുതപ്പടയുണ്ടാകുന്നതും നാടുവാഴുന്ന തമ്പുരാൻ തന്നെ പരിഹാരത്തിനായി എത്തുന്നതുമൊന്നും ചിരുതക്കുട്ടിയെ തളർത്തുന്നില്ല. കാര്യം നേടാനും ശരിയായ തീരുമാനങ്ങളെടുക്കാനും ഉള്ള പ്രാപ്തി നോവലിൽ ചിരുതക്കുട്ടി എന്ന കഥാപാത്രത്തിനുമാത്രമേ ഉള്ളൂ. നായകനെ സൃഷ്ടിക്കുന്നില്ല എങ്കിലും നായകന്റെ ഗുണങ്ങളും സവിശേഷതകളും ഒരു സ്ത്രീകഥാപാത്രത്തിനു നൽകിയിരിക്കുന്നു. നോവലിൽ നടത്തുന്ന പരീക്ഷണമായി ഇതിനെയും കാണാനാവും.

ആദിവാസി ജനവിഭാഗങ്ങളെക്കുറിച്ച് മൂന്ന് അധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. അവരുടെ ആചാരങ്ങൾ, വിശ്വാസങ്ങൾ, അധികാരസ്വഭാവങ്ങൾ, ഭാഷ എന്നിവയെല്ലാം അനന്യമായും തികഞ്ഞ ആദരവോടെയും എടുത്തുകാണിക്കുന്നു. വേടർകുലത്തിലെ പ്രധാനിയായ കാവുതിക്കണ്ണനെ നോവലിന്റെ തുടക്കം മുതൽതന്നെ പരാമർശിച്ചുപോരുന്നുണ്ട്. അഭ്യാസിയും, ആപൽരക്ഷകനുമായി വരുന്ന അദ്ദേഹത്തെ മലനാടിന്റെ പോരാളിയായി കാണുന്നു നോവലിസ്റ്റ്. വേടർകുലത്തിനു തളിയാതിരിയോടുള്ള ഭക്തിയും ഏഴിമലയിലെ ഊർപ്പള്ളിയും ഊർപ്പള്ളി മൂപ്പാട്ടിയുമെല്ലാം വിശിഷ്ടമായവ എന്ന വിധത്തിൽതന്നെയാണ് നോവലിസ്റ്റ് കാണുന്നത്. ഊർപ്പള്ളിയിലുള്ള മൂപ്പാട്ടിയെ വർണ്ണിക്കുമ്പോൾ കാണിക്കുന്ന പാകത ശ്രദ്ധിക്കുക. "കാട്ടും നാട്ടും രാവും പകലും താരതമ്യപ്പെടുത്തുന്നതല്ലെങ്കിലും അതാതിന്നു സഹജങ്ങളായ പ്രത്യേക ഗുണങ്ങളെക്കൊണ്ട് അതാതു പ്രകാശിക്കുന്നതുപോലെ ഈ വേടസ്ത്രീയുടെ സൗന്ദര്യമുദ്ര, നാഗരികാംഗനമാരുടേതിൽനിന്നു

ഭേദപ്പെട്ടതാണെങ്കിലും ദോഷപ്പെട്ടതല്ല" (അപ്പൻതമ്പുരാൻ, 1970:205). നാഗരികസ്ത്രീകളുടേതിൽനിന്നു വ്യത്യസ്തമാണ് എങ്കിലും സ്വാഭാവികമായ സൗന്ദര്യാതിശയം വേടസ്ത്രീക്കു നൽകുന്ന നോവലിസ്റ്റ്. ആ സൗന്ദര്യത്തെ അതായിത്തന്നെ കാണാനുള്ള പാകത ആസ്വാദകർക്കുകൂടി നൽകാൻ ശ്രമിക്കുന്നുമുണ്ട്. വേടർകുലത്തിന്റെ ആചാരങ്ങളെ അറപ്പോടെ കാണുന്ന രാഘവൻ തിരുപ്പാടിനെക്കൂടി ഈ അധ്യായത്തിൽ അവതരിപ്പിക്കുന്നു എന്നത് ശ്രദ്ധേയമാണ്. സാമാന്യജനത്തിന് അസ്വാഭാവികമായ എന്തിനെയും അറപ്പാണ് എന്നും ആദരവിനും സൗന്ദര്യത്തിനും കാരണമാകുന്നതിന് തക്ക ഗുണം പലതിലുമുണ്ട് എന്നും ഈ അധ്യായത്തിലൂടെ പറയുന്നു. സാമ്രാജ്യത്വശക്തികൾക്ക് കോളനികളിലുള്ള ജനതയോടുള്ള മനോഭാവവും ഇവിടെ സൂചിതമാകുന്നു. വേടർകുലത്തിന്റെ അനന്യതയും നാടിനെ കാക്കാൻ വേണ്ടി അവർ നടത്തുന്ന ഫലവത്തായ പ്രതിരോധവും അപ്പൻതമ്പുരാൻ അവതരിപ്പിക്കുന്നു. അന്നത്തെ നോവൽ സങ്കല്പങ്ങളിൽ അപൂർവതയായി ഇതിനെയും കാണാം.

## ആധുനികതയുടെ അനുഭവപാഠങ്ങൾ

ഭൂതരായർ എന്ന നോവലിന്റെ പ്രമേയസ്വീകരണം, കഥാക്രമം, കഥാപാത്രരൂപീകരണം എന്നിവയിലെല്ലാം ആധുനികതയുടെ അനുഭവപാഠങ്ങളിൽനിന്നു വിമുക്തമായ വിശേഷങ്ങൾ സ്വീകരിക്കുവാനുള്ള ശ്രമം ഉണ്ട്. യൂറോപ്പിന്റെ സൃഷ്ടിയായ ആധുനികതയ്ക്ക് അവരുടെ കോളനികളിലും അവർ പ്രചാരം നൽകി. ആധുനികത പുതിയ അനുഭവമായി ഇന്ത്യയിലും കേരളത്തിലും എത്തുന്നത് ഇങ്ങനെയാണ്. ആധുനികതയെയും അതുൾക്കൊള്ളുന്ന ദേശീയബോധത്തെയും അറിഞ്ഞപടി അനുകരിച്ചില്ല കോളനികൾ എന്നതിന് തെളിവാണ് ഭൂതരായർ എന്ന നോവൽ. ആധുനികതയോടുള്ള പ്രതികരണമായി പ്രാദേശികപ്രകാരഭേദങ്ങൾ ആവിഷ്കരിക്കാൻ ഭൂതരായർ ശ്രമിച്ചു. പ്രബലമായ സംസ്കൃതപാരമ്പര്യത്തെ പിൻപറ്റിയല്ല ആ ശ്രമം നടന്നത്. യുദ്ധം, വ്യാപാരം, വിശ്വാസം, വിനോദം എന്നിവയെല്ലാം പ്രാദേശികത്തനിമയുടെ മുദ്രകളായി നോവലിൽ ആവർത്തിക്കുന്നു. ഐതിഹ്യങ്ങളും നിമിത്തങ്ങളും വിശദീകരിക്കപ്പെടുന്നു. നാട്ടുവഴക്കങ്ങൾ, പഴഞ്ചൊല്ലുകൾ, കാവ്യഭാഗങ്ങൾ നിറഞ്ഞ ആഖ്യാനം എന്നിവയിലൂടെയും ഈ രീതി തുടരുന്നു. മലയാളിയുടെ ഭൂതകാലത്തെ വീരാപദാനപ്രവണതയോടെ പ്രതിഷ്ഠിക്കൻ ശ്രമിച്ചില്ല. കുറ്റവും കുറവും തെറ്റുമുള്ള മലയാളിത്തത്തിലൂടെ സഞ്ചരിക്കുക മാത്രം ചെയ്തു. മലനാട്, കേരളമായ കഥപറയുന്ന ഭൂതരായർ ആധുനികതയെ ആദ്യഘട്ടത്തിൽതന്നെ അറിയുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്നു.

## ഗ്രന്ഥസൂചി

1. അപ്പൻതമ്പുരാൻ,രാമവർമ്മ, ഭൂതരായർ, തൃശ്ശിവപേരൂർ: മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്, 1970.
2. കേരളോൽപ്പത്തി, മാംഗ്ലൂർ: ബാസൽമിഷൻ പ്രസ്സ്, 1868
3. പരമേശ്വരയ്യർ, ഉള്ളൂർ എസ്., 'നോവൽസാഹിത്യം', കേരളസാഹിത്യചരിത്രം (വാല്യം 5). തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്, 1965.
4. പോൾ, എം.പി. 'ഭാഷാനോവൽ അപ്പൻതമ്പുരാൻ', നോവൽസാഹിത്യം. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1930.
5. രാമവർമ്മ, കെ.ടി., കൈരളീവിധേയൻ രാമവർമ്മ അപ്പൻതമ്പുരാൻ. എടപ്പാൾ: ദക്ഷിണ ബുക്സ്, 1983.
6. ശ്രീധരമേനോൻ, എ. 'മഹോദയപുരത്തെ കുലശേഖരന്മാർ'. കേരളചരിത്രം. മദ്രാസ്: എസ്. വിശ്വനാഥൻ പ്രൈവറ്റ് ലിമിറ്റഡ്, 1970.
7. ശ്രീജൻ, വി.സി., 'ഭൂതരായർ'. അർഥവാദങ്ങൾ, കോഴിക്കോട്: മാതൃഭൂമിബുക്സ്, 2006.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# കഥാലോകത്തെ രാഷ്ട്രീയ ഭൂമിക



(അബിൻ ജോസഫിന്റെ കഥാസമാഹാരമായ 'കല്യാശ്ശേരി തീസിസിലെ' തെരഞ്ഞെടുത്ത കഥകളുടെ വിശകലനം)

**ജോബിൻ ഫിലിപ്പ് ***

**സംഗ്രഹം**

സാഹിത്യത്തിലെ പ്രധാന വ്യവഹാര രൂപമായ ചെറുകഥയുടെ പ്രമേയം സാമൂഹികവും സാംസ്കാരികവുമായ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. എഴുത്തുകാരുടെ രാഷ്ട്രീയ ആഭിമുഖ്യം എന്ന നിലയിലല്ല, മറിച്ച് എഴുത്തിലെ പാഠം മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യ അവസ്ഥ, ചിന്ത തുടങ്ങിയവയാണ് എഴുത്തിലെ രാഷ്ട്രീയം എന്ന നിലയിൽ ചർച്ച ചെയ്യുന്നത്. ഈ നിലയിൽ സമകാലിക സമൂഹ്യവസ്ഥകളെ ആഖ്യാനം ചെയ്യുന്ന രചനകളിൽ രാഷ്ട്രീയവും ആഖ്യാനം ചെയ്യപ്പെടുകയുണ്ടായി. ഇങ്ങനെ ജീവിതത്തോട് ചേർന്ന് നിൽക്കുന്ന രാഷ്ട്രീയ ആനുഭവം കൂടിയാണ് അബിൻ ജോസഫിന്റെ 'കല്യാശ്ശേരി തീസിസ്' എന്ന കഥാസമാഹാരം. ജീവിതത്തിൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായി നിലനിൽക്കുന്ന പരിസരത്തെ കഥാരചനയിൽ എങ്ങനെ ഉൾച്ചേർത്തിരിക്കുന്നു എന്ന് വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** രാഷ്ട്രീയം, കല, ആഖ്യാനം, സമൂഹം, സംസ്കാരം, പാഠം, അധികാരം, ചരിത്രം

സാഹിത്യരൂപങ്ങളിലെ പ്രധാന വ്യവഹാര രൂപമാണ് ചെറുകഥ. ഒറ്റയിരുപ്പിന് വായിച്ച് തീർക്കുന്നതിനപ്പുറം ഓരോ കഥയും വായനക്കാരുമായ് പങ്കുവെയ്ക്കുന്ന അനുഭൂതി ലോകം വായനയ്ക്കു ശേഷവും തുടരുന്ന തുടർ കഥയാണ്. കഥാ പരിസരം പ്രമേയത്തിന്റെയും ആഖ്യാനത്തിന്റെയും കഥാപാത്രങ്ങളുടെയും ഭാഷയുടെയും പ്രത്യേകത ആഴ്ന്നിറങ്ങിക്കൊണ്ടുള്ള ലോകം സൃഷ്ടിക്കുന്നു. അതോടൊപ്പം തന്നെ സൂക്ഷ്മതയോടുകൂടി ഒരു വിഷയത്തിനു നൽകുന്ന അന്യനതയാണ് ചെറുകഥകളുടെ വൈവിധ്യത്തിനാധാരം. ചെറുകഥകളുടെ ചരിത്ര പശ്ചാത്തലം വ്യക്തമാകുമ്പോൾ ആരംഭഘട്ടത്തിലെ ലക്ഷണങ്ങളിൽ നിന്നും വ്യതിചലിച്ച് ആധുനിക പ്രവണതകളിലെത്തിയ ശേഷം നവോത്ഥാനത്തിന്റെ ശക്തി പിന്നിട്ടതും ഉത്തരാധുനിക സാഹിത്യത്തിലെത്തിയതുമായ സവിശേഷതകൾ അറിയാൻ കഴിയും. ഓരോ കാലവും അയാളപ്പെടുത്തുന്ന പ്രേരണകൾ, മനുഷ്യർ അഭിമുഖീകരിച്ച പ്രശ്നങ്ങൾ, സാമൂഹ്യ പശ്ചാത്തല വിവരണങ്ങൾ എന്നിവയാൽ നിറഞ്ഞ കഥകൾ മലയാളസാഹിത്യത്തെ സമ്പന്നമാക്കുന്നു. ഓരോ രചനയും വായിച്ചുകഴിയുമ്പോൾ ഉടലെടുക്കുന്ന വ്യാഖ്യാനസാധ്യതകളിൽ പ്രധാനപ്പെട്ട ഒന്നാണ് അത് സംവദിക്കുന്ന രാഷ്ട്രീയ പരിസരങ്ങൾ. "എല്ലാത്തരം വായനയുടെയും എല്ലാത്തരം വ്യാഖ്യാനങ്ങളുടെയും അന്തിമചക്രവാളം രാഷ്ട്രീയത്തിന്റെതാണ്" (അജു കെ.

* ഗവേഷകൻ, മലയാള വിഭാഗം, ഗവ. ആർട്സ് & സയൻസ് കോളേജ് കോഴിക്കോട്. Mob: 9809648980.
Email: jobinbtr@gmail.com

ISSN No: 3049-0316


നാരായണൻ, 98:2017) എന്ന് അജു കെ. നാരായണൻ അഭിപ്രായപ്പെടുന്നു. കഥാകൃത്തുക്കളുടെ വ്യക്തിപരമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ എന്ന നിലയിലല്ല, മറിച്ച് അവരുടെ രചനകളിൽ നിലീനമായ പാഠം മുന്നോട്ടുവയ്ക്കുന്ന നിരീക്ഷണങ്ങൾ എന്ന നിലയിലുള്ളതുമായ സാമൂഹ്യ അവസ്ഥയാണ് ഇവിടെ രാഷ്ട്രീയം എന്നതുകൊണ്ട് വിവരിക്കുന്നത്. എൻ പ്രഭാകരന്റെ കളിയെഴുത്ത്, സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി, ഉണ്ണി ആറിന്റെ ഒഴിവു ദിവസത്തെ കളി, കെ. ആർ മീരയുടെ സംഘിയണ്ണൻ തുടങ്ങിയ രചനകളിൽ ഈ നിലയിലുള്ള രാഷ്ട്രീയം പ്രവർത്തിക്കുന്നതായി കാണാം.

21-ാം ശതകത്തിന്റെ രണ്ടാം ദശകത്തോടുകൂടി സാമൂഹ്യ നിരീക്ഷണം എന്ന നിലയിലുള്ള രാഷ്ട്രീയ ആഖ്യാനമായും സാഹിത്യം രൂപപ്പെടുകയുണ്ടായി. സമകാലിക സാമൂഹ്യാവസ്ഥകളെ സൂക്ഷ്മമായി പരിശോധിക്കുന്നതായി അത്തരം കൃതികൾ മാറുകയും ചെയ്തു. അത് കൊണ്ടു തന്നെ പുതിയ കാലത്തെ എഴുത്തുകാരുടെ രചനകളിലും സാമൂഹ്യാവസ്ഥ, രാഷ്ട്രീയം തുടങ്ങിയ വലിയ സാധ്യതകൾ തുറന്നിടുന്നു. ജെൻഡർ, ശരീരം, ജാതി, അധികാരം, ദേശം തുടങ്ങിയവ രാഷ്ട്രീയാഖ്യാനങ്ങളായി മാറുന്നു.സമകാലീന ചെറുകഥകളും ശക്തമായ് രാഷ്ട്രീയം ചർച്ചാവിധേയമാക്കുന്നതിൽ മുന്നോട്ടാണ്, അത് പലപ്പോഴും വിവാദങ്ങളിൽ ഏർപ്പെടുന്നതും മറ്റൊരു വിശേഷമാണ്. മനുഷ്യ ജീവിതത്തിലെ പ്രധാന ഘടകമാണ് രാഷ്ട്രീയം, എഴുത്തിലും അത് പ്രകടാത്മകമാകുന്നതിൽ അത്ഭുതമില്ല. സമകാലിക ചെറുകഥാകൃത്തും തിരക്കഥാകൃത്തുമാണ് അബിൻജോസഫ് . അദ്ദേഹത്തിന്റെ ഒറ്റ കഥാസമാഹാരമായ 'കല്യാശ്ശേരി തീസിസ്' സാഹിത്യ രംഗത്ത് പ്രധാന അവാർഡുകൾ കരസ്ഥമാക്കി ശ്രദ്ധ നേടി. എട്ട് കഥകൾ ചേർന്ന കഥാ സമാഹാരമാണ് 'കല്യാശ്ശേരി തീസിസ്'. കഥ വന്ന വഴിയെകുറിച്ച് ഏഷ്യാനെറ്റ് ന്യൂസിന്റെ ഓൺലൈൻ മാഗസിനിൽ കഥാകൃത്ത് കുറിച്ചത് ഇങ്ങനെയാണ്, "ഇരുപത്തഞ്ച് വയസു വരെയുള്ള കാലത്തെ പിടച്ചിലുകളാണ്. അതിന്റെ ഗുണവും ദോഷവും അവയ്ക്കുണ്ട്. അക്കാലത്തെ വിഷാദവും വേദനയും പേടികളും സന്ദേഹങ്ങളും ആകുലതകളും ആസക്തികളുമൊക്കെയാണ് കഥകളിലേക്ക് നയിച്ചത്. അരക്ഷിതവും അരാജകപൂർണവുമായ ഒരു യൗവ്വനത്തിന്റെ അവശിഷ്ടങ്ങളാണ് ആ കഥകൾ. അത്രയേ ഉള്ളൂ, അങ്ങനെ കണ്ടാൽ മതിയെന്നാണ് എന്റെ തോന്നൽ" എന്നാണ്. അതോടൊപ്പം തന്നെ കഥവന്ന വഴിയെ കുറിച്ച് വിവരിക്കുന്ന കുറിപ്പിൽ 'കല്യാശ്ശേരി തീസിസ്' എന്ന കഥാസമാഹാരത്തിൽ തന്റെ രചനയിലുണ്ടായ വ്യക്തമായ രാഷ്ട്രീയ പശ്ചാത്തലം വിശദമാക്കുന്നു. "രാഷ്ട്രീയമില്ലാതെ കലയില്ല. തീക്ഷ്ണമായൊരു രാഷ്ട്രീയ സാഹചര്യത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയത്തിനോട് അകലം പാലിച്ചുകൊണ്ട് കലയ്ക്ക് നിലനിൽക്കാനോ മുന്നോട്ടു പോകാനോ സാധിക്കില്ല. കാരണം, രാഷ്ട്രീയം ജീവിതത്തിന്റെ ഒരംശമാണ്. ആ ജീവിതത്തിൽനിന്നു കഥകളുണ്ടാകുമ്പോൾ അതിൽ രാഷ്ട്രീയവും അലിഞ്ഞുചേർന്നിട്ടുണ്ടാവും. രാഷ്ട്രീയ വിഷയങ്ങൾ ബോധപൂർവ്വം തെരഞ്ഞെടുത്തില്ലെങ്കിൽപ്പോലും കലയിൽ അതുണ്ടാകും. കാലത്തിന്റെ ഒരു ഇടപെടലായിട്ടാണ് അതിനെ കാണേണ്ടതെന്നു തോന്നുന്നു. മുൻധാരണകളെയും നിലപാടുകളെയുമൊക്കെ നിരന്തരം പരിഷ്കരിച്ചാണല്ലോ നമ്മൾ-മനുഷ്യരാശി- മുന്നോട്ടു പോകുന്നത്. അത്തരം പരിവർത്തനങ്ങൾ ഇപ്പോൾ വേഗം നടക്കുന്നുണ്ട്. രാഷ്ട്രീയമായ ശരികളും ശരികേടുകളും കൂടുതൽ ചർച്ചയാകുന്നുണ്ട്. അതുകൊണ്ടുതന്നെ രാഷ്ട്രീയമുക്തമായി ചിന്തിക്കാൻ എഴുത്തുകാർക്കോ കലാകാരന്മാർക്കോ സാധിക്കില്ല" എന്ന തുറന്നു പറച്ചിൽ നടത്തുന്നു.

"കല്യാശ്ശേരി തീസിസ്" എന്ന കഥാസമാഹാരത്തിലെ തെരഞ്ഞെടുത്ത മൂന്ന് കഥകളിലെ രാഷ്ട്രീയ വിവക്ഷകൾ വിശകലനം ചെയ്യാനാണ് ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. കല്യാശ്ശേരി തീസിസ്, ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ലാൻ, പ്രതിനായകൻ എന്നിവയാണ് മൂന്ന് കഥകൾ . കഥയുടെ ആഖ്യാനരീതിയിലും ഭാഷയിലും കഥാപാത്രങ്ങളിലും കഥാസന്ദർഭങ്ങളിലും പുലർത്തുന്ന പ്രത്യക്ഷമായ രാഷ്ട്രീയ നിരീക്ഷണങ്ങൾ ഈ മൂന്ന് കഥകളെയും ഒന്നിച്ച് പഠന വിധേയമാക്കാൻ തെരഞ്ഞെടുക്കുന്നതിന് കാരണമായി.

## പ്രതിനിധാനവും രാഷ്ട്രീയ അനുഭവവും

ആദ്യ കഥയായ 'കല്യാശ്ശേരി തീസിസിന്' ആ പേരു നൽകിയതും കഥ എഴുതാനുള്ള പ്രേരണാ ഘടകവും എഴുത്തുകാരൻ ഏഷ്യാനെറ്റ് ന്യൂസിന്റെ ഓൺലൈൻ മാഗസിനിൽ വിശദമാക്കിയത് ഇങ്ങനെയാണ്. "കല്യാശ്ശേരിക്കടുത്തുള്ള അഞ്ചാംപീടിക എന്ന സ്ഥലത്ത് ഞാൻ കുറച്ചുകാലം താമസിച്ചിരുന്നു. അവിടെ മോറാഴ സമരത്തിന്റെ ഒരു സ്തൂപമുണ്ട്. കെ.പി.ആർ. ഗോപാലന്റെയൊക്കെ പേരുള്ളത്. ഒരു വൈകുന്നേരം അവിടെ നിൽക്കുമ്പോഴാണ് രാഷ്ട്രീയ പശ്ചാത്തലത്തിലുള്ള ഒരു കഥ എഴുതുന്നതിനെക്കുറിച്ച് ആലോചിച്ചത്. സത്യത്തിൽ അത് കഥകളെക്കുറിച്ച് നിരന്തരം ആലോചിക്കുന്ന കാലവുമായിരുന്നു. അങ്ങനെ

 ISSN No: 3049-0316 

'കൽക്കട്ട തീസിസ്'' എന്ന് പേരിട്ട് ഞാൻ എന്തോ എഴുതിത്തുടങ്ങി. പക്ഷേ, അത് മുന്നോട്ടു പോയില്ല." എഴുത്തുകാരുടെ സാമൂഹ്യപശ്ചാത്തലം കഥയെ എത്രത്തോളം സ്വാധീനിക്കുന്നുണ്ട് എന്നുള്ളത് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. കൽക്കട്ട തീസിസ് എന്ന പേര് മാറ്റി യഥാർത്ഥ സ്ഥലനാമമായ കല്യാശ്ശേരി എന്ന പേരു നൽകി കഥ എഴുതി പൂർത്തീകരിച്ചത് അതിനുള്ള തെളിവാണ്. ദേശത്തിന്റെ കാഴ്ചയെ രാഷ്ട്രീയത്തിന്റെ കാഴ്ചയായി ഉള്ള നോട്ടമാണ് 'കല്ല്യാശ്ശേരി തീസീസ്'' എന്ന ചെറുകഥാസമാഹാരത്തിലൂടെ അബിൻ ജോസഫ് നോക്കുന്നത്.

കേരളത്തിലെകക്ഷി രാഷ്ട്രീയത്തെക്കുറിച്ചുള്ള സാമൂഹ്യ ചരിത്ര പാശ്ചാത്തലം കഥകളിൽ പ്രത്യക്ഷമായ് നിലനിൽക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രസന്ദർഭങ്ങളെ അനുസ്മരിക്കുന്ന അന്തരീക്ഷം കല്യാശ്ശേരി തീസിസിലും പ്രതിനായകനിലും വ്യക്തമായ് കാണാൻ സാധിയ്ക്കും. അച്ഛന്റെ തിരോധാനത്തെക്കുറിച്ച് നീണ്ട വർഷങ്ങൾക്ക് ശേഷം അന്വേഷിക്കുന്ന മകനിലൂടെയാണ് കഥയവതരണം. ഒരു പാർട്ടി കൊലപാതകമായ് തുടക്കഘട്ടത്തിൽ വായനക്കാർക്ക് തോന്നുമെങ്കിലും അന്വേഷണത്തിനൊടുവിൽ തിരുത്തൽ നടത്തുന്നു. സഖാവ് എൻ.സി.ആർ എന്ന പ്രാദേശികനേതാവ് കല്യാശ്ശേരി ലോക്കൽ കമ്മിറ്റിയിൽ വെച്ച തിരുത്തൽ നിർദ്ദേശങ്ങളടങ്ങിയ തീസിസുമായ് ബന്ധപ്പെടുത്തിയാണ് കഥ പുരോഗമിക്കുന്നത്.

തികച്ചും ഭാവനാസമ്പന്നമായി ഒരു കഥ രൂപപ്പെടുത്താൻ അതിന്റെ പ്രത്യയശാസ്ത്ര അടിത്തറയ്ക്കായി കഥാകാരൻ ഉപയോഗിച്ച ഉപകരണം രാഷ്ട്രീയം/ഉത്തര കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയമാണ്. വലതുപക്ഷത്തിന് ഒരു ഇടതുപക്ഷ മനസ്സുണ്ട് എന്നത് പോലെയാണ് നൂറുദ്ധീൻ മുസലിയാരെയും സഖാവ് എൻ സി ആറിനെയും അവതരിപ്പിക്കുന്നത്. എൻസിആറിന്റെ ഭിന്ന ചേരിയിൽ നിന്ന് രാഷ്ട്രീയം രൂപപ്പെടുത്തുന്ന മുസലിയാർ പക്ഷേ ആദർശാത്മകമായും പ്രത്യയശാസ്ത്ര ബോധ്യത്തിലും സഖാവ് എൻസിആറിനോട് ഐക്യപ്പെട്ടിരുന്നു എന്ന് കഥ പറഞ്ഞുവെക്കുന്നു.

സമൂഹത്തിൽ രൂപപ്പെട്ടുവരുന്ന സംഘടിതരാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര ബോധ്യത്തിനും അച്ചടക്കത്തിനും പുരോഗമന - ആദർശ ബോധത്തിനുമപ്പുറം അതിവൈകാരികതയുടേതായ ഒരു തലം കൂടി കഥ മുന്നോട്ട് വെക്കുന്നുണ്ട്. രാഷ്ട്രീയാനുഭവത്തിന്റെ ഇടപെടലും സാധ്യതയും ഒരുതരത്തിലും ബാധിക്കാത്ത ഒന്നായി അതി വൈകാരികതയെ അവതരിപ്പിക്കുന്നു. അഥവാ രാഷ്ട്രീയത്തിന് പുറത്തുനിൽക്കുന്നതായി അവതരിപ്പിക്കുന്ന, വ്യക്തിപരമായ നഷ്ടങ്ങളും നേട്ടങ്ങളും സാധ്യമാക്കുന്ന മൂല്യമാണ് ഈ വൈകാരികതയെന്നും ഇത് രാഷ്ട്രീയബോധ്യത്തിനപ്പുറമാണെന്ന് കഥാകാരൻ പറയുന്നു. നൂറുദ്ധീൻ മുസലിയാർ നാടുവിട്ടു പോയതിനെ തുടർന്നുള്ള ചർച്ചയിൽ രാഷ്ട്രീയ പ്രത്യയശാസ്ത്രം രൂപപ്പെടുത്തിയ ഭൂതകാലത്തിൽ നിന്നും ആ ബോധ്യങ്ങൾക്കുമപ്പുറം നഷ്ടബോധവും നിരാശാബോധവും രൂപപ്പെട്ടു വരുന്ന കാലത്തെക്കുറിച്ച് പറയുന്നുണ്ട്. "കൊറേക്കാലം ഇങ്ങനെ ഈങ്കിലാവെല്ലാം വിളിച്ച നടക്കും, അടിപിടിയും കശപിശയും ഒക്കെയായിറ്റ്. പിന്നെ പെണ്ണുകെട്ടി കുട്ട്യോളാകുമ്പം കൊറച്ചൊന്നടങ്ങും. പിന്നേകൊറേ ചെല്ലുമ്പത്തോന്നും ഇത്ര കാലം കാട്ടിക്കൂട്ടിയ പുകിലൊന്നും വേണ്ടിയിരുന്നില്ലെന്ന്'". പിൽക്കാല ജീവിതം ഇതുവരെയുള്ള കാലത്തെ ജീവിതത്തെ റദ്ദ് ചെയ്യുകയും മനസ്സ് ശൂന്യതാനുഭവത്തിലേക്ക് കടക്കുമെന്നുമുള്ള മറ്റൊരു അവസ്ഥാവിശേഷത്തെയാണ് - അത് സാധ്യമെങ്കിലും അല്ലെങ്കിലും - ഇവിടെ കഥാകൃത്ത് അവതരിപ്പിക്കുന്നത്. "ശരീരത്തിന് വയ്യാണ്ടാവുമ്പോൾ മനസ്സും തളിരും ദിവാരാ. അപ്പൊ എന്തേലും വേണം താങ്ങിന്'" എന്ന് പറഞ്ഞു കൊണ്ട് ചായക്കടയിലെ സംഭാഷണം അവസാനിക്കുന്നു. വിശ്വാസങ്ങളുടെയും വൈകാരിക ജീവിതത്തിന്റെയും അരിക് പിടിച്ച് ഭൂതകാലത്തിലെ മുഴുവൻ പ്രത്യയശാസ്ത്ര ബോധ്യങ്ങളെയും റദ്ദ് ചെയ്യുന്ന മാനസികാവസ്ഥയിലേക്ക് മനുഷ്യൻ മാറിയേക്കാവുന്ന ആശങ്കയോടെ അരാഷ്ട്രീയതയുടെ സവിശേഷ ആവരണം കൂടി കഥയിൽ ഉൾചേർന്നിരിക്കുന്നു. രാഷ്ട്രീയജാഗ്രതയ്ക്കും പ്രത്യശാസ്ത്രബോധത്തിനും അപ്പുറമുള്ള മറുപക്ഷം അതി വൈകാരികതയുടേതാണെന്ന് സിറാജുദ്ദീന്റെ സംഭാഷണത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "കേടാക്കാണ്ട് തിരിച്ച തര്ണേ, ഉപ്പാന്റേതായ്ട്ട് ഈടെ അതു മാത്രേ ബാക്കിയുള്ളൂ". ആ നിമിഷം സിറാജുദ്ദീന്റെ ഉള്ളിലുള്ള വികാരമെന്താണെന്ന് മനസ്സിലാക്കാൻ ഈ ലോകത്ത് എനിക്കു മാത്രമേ കഴിയുകയുള്ളെന്ന് ഞാനോർത്തു." സിറാജുദ്ധീൻ മുസലിയാരുടേതായി ബാക്കിയുണ്ടായിരുന്ന ശേഷിപ്പുകൾ ഏറ്റു വാങ്ങുമ്പോൾ ഈ വൈകാരികതലമായിരുന്നു ഉണ്ടായിരുന്നത്. സ്വപിതാവ് ഇല്ലാതെയാകുമ്പോൾ ചെറിയ കുട്ടിയായിരുന്ന എഴുത്തുകാരന്റെ മാനസികാവസ്ഥയിൽ രാഷ്ട്രീയ അച്ചടക്കമോ പ്രത്യയശാസ്ത്ര ഭാരമോ ആയിരുന്നില്ല, മറിച്ച് നഷ്ട ബോധവും സാമാന്യ യുക്തിക്കപ്പുറമുള്ള വൈകാരിക പ്രശ്നങ്ങളായിരുന്നുവെന്ന് കഥാകാരൻ പറഞ്ഞു വെക്കുന്നുണ്ട്. അതിനുമപ്പുറം ചിദംബരം ചെട്ടിയാരുടെ വീട്ടിൽ നിന്നും കണ്ടെടുത്ത പുസ്തക വിതരണ രജിസ്റ്ററിൽ

നിന്നും അച്ഛനെന്ത് പറ്റിയെന്ന് മനസ്സിലാക്കുമ്പോഴാണ് അത് വരെ കരുതിയിരുന്ന രാഷ്ട്രീയ സംഘർഷങ്ങളോ കലാപങ്ങളോ അല്ല മറിച്ച് സൗഹൃദത്തിൽ എപ്പോഴോ രൂപപ്പെട്ട ചതിക്കുഴിക്കളാണ് താമര ചതുപ്പിലേക്ക് ഒരിക്കലും കയറി വരാനാകാത്ത വിധം ചവിട്ടിതാഴ്ത്തിയതായി എഴുത്തുകാരനും നമുക്കും ബോധ്യപ്പെടുന്നത്. താമരചതുപ്പ് പോലെ വേരുകളും വള്ളികളും നിറഞ്ഞയിടങ്ങളിലേക്ക് അധികാരവും സ്വാർത്ഥതയും കാരണം അകപ്പെട്ട് പോകുന്ന മനുഷ്യാവസ്ഥകളും കഥ അനാവരണം ചെയ്യുന്നു.

**പരാജയപ്പെട്ട വിപ്ലവം അഥവാ വിപ്ലവത്തിന്റെ മാതാവ് :**

ലോകചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിപ്ലവമായിരുന്ന ഫ്രഞ്ച് വിപ്ലവം. നവോത്ഥാന ആശയങ്ങൾ പിൻപറ്റി രൂപപ്പെട്ടു വന്ന വിപ്ലവം പക്ഷേ പിന്നീടുള്ള എല്ലാ വിപ്ലവങ്ങൾക്കും തുടക്കമായെങ്കിലും സാമാന്യമായ അർത്ഥത്തിൽ അത് ഉദ്ദേശിച്ച തരത്തിൽ വിജയിപ്പിച്ചെടുക്കാൻ നേതൃത്വം കൊടുത്തവർക്ക് കഴിഞ്ഞിരുന്നില്ല. ഈ സവിശേഷതയെ മുൻനിർത്തി രചിച്ച കഥയാണ് ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ലാൻ.ഫ്യൂഡൽ കാലഘട്ടത്തിലെ ജന്മിയായിരുന്ന അപ്പ നായനാരെ കൊലപ്പെടുത്താൻ ഉള്ള ശ്രമവും അത് പരാജയപ്പെടുന്നതും ആ അനുഭവത്തിൽ നിന്നും പുതിയ ലോകത്തേക്കുള്ള വിപ്ലവത്തിന്റെ മുന്നേറ്റവുമാണ് കഥ മുന്നോട്ട് വെക്കുന്നത്. മൂന്ന് കാരണങ്ങൾ കൊണ്ടാണ് അപ്പ നായനാർ കൊല്ലപ്പെടേണ്ട ആളാണെന്ന് മുരളിയും ശ്യാമളനും എഴുത്തുകാരനും തീരുമാനിക്കുന്നത്.

1. അയാൾ ആത്യന്തികമായി ബൂർഷ്വയാണ്.
2. 1967 ൽ അയാളുടെ 37-ാമത്തെ വയസ്സിൽ 14 കാരിയായ ഒരു പെൺകുട്ടിയെ ഭീഷണിപ്പെടുത്തി ഭാര്യയാക്കി.
3. നാട്ടിലെ ഒരേയൊരു ഉന്നത വിദ്യാഭ്യാസസ്ഥാപനമായിരുന്ന മലബാർ പാരലൽ കോളേജ്, കെട്ടിട വാടക കൃത്യമായി കൊടുത്തില്ല എന്ന കാരണം പറഞ്ഞു പൂട്ടിച്ചു. 1985ൽ നടന്ന ഈ സംഭവം നാടിന്റെ പുരോഗതിയെ നേരിട്ട് ബാധിച്ചു.

ഇക്കാരണങ്ങൾ നിരത്തി അപ്പ നായനാരെ കൊലപ്പെടുത്താനുള്ള മുഴുവൻ പ്ലാനും തയ്യാറാക്കിയെങ്കിലും അവസാന നിമിഷം പദ്ധതി പൊളിയുകയും മാവോ, ചെ, ഈഫൽ എന്നീ അപരനാമങ്ങൾ ഏറ്റെടുത്ത മുരളിയും ശ്യാമളനും എഴുത്തുകാരനും നാട് വിട്ട് പോവുകയും പിൽക്കാലം തിരിച്ചടി നൽകിയ പാഠവുമായി പുതിയ പ്ലാൻ അവതരിപ്പിക്കുകയും ചെയ്യുന്നിടത്ത് കഥ അവസാനിക്കുന്നു. സാമാന്യർത്ഥത്തിൽ പരാജയപ്പെട്ടെങ്കിലും നിരവധി മുന്നേറ്റങ്ങൾക്ക് സവിശേഷമായ ഊർജ്ജം നൽകിയ വിപ്ലവം എന്ന നിലയിൽ ഫ്രഞ്ച് വിപ്ലവം ആത്യന്തികമായി വിജയമാണെന്ന് കാണാം. ഈ ഫ്രഞ്ച് വിപ്ലവത്തെ തന്റെ അനുഭവ പരിസരത്തേക്ക് കൊണ്ടുവരികയും അവിടെ ഫ്യൂഡലിസത്തിനെതിരായ പോരാട്ടങ്ങൾക്ക് മൂർച്ച കൂട്ടുകയുമാണ് എഴുത്തുകാരൻ ചെയ്യുന്നത്. മൂർത്തമായ സാഹചര്യത്തിൽ ആത്യന്തികമായി വിപ്ലവം വിജയിക്കുമെന്ന് തന്നെ മട്ടുമുരളി (മാവോ) കരുതുന്നു. 1967 ൽ അപ്പനായനാർ കല്യാണം കഴിക്കുന്നത് വ്യക്തിപരമായ കാര്യമല്ലേ എന്ന് എഴുത്തുകാരന്റെ ചോദ്യത്തിന് മാവോ നൽകുന്ന മറുപടി സവിശേഷശ്രദ്ധ അർഹിക്കുന്നുണ്ട്. അപരന്റെ സ്വാതന്ത്ര്യത്തിനു മേലുള്ള ഏതൊരു കടന്നുകയറ്റവും കുറ്റകൃത്യമാണ് എന്ന് മാവോ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം വ്യക്തമാക്കുന്നു. അധികാരവും ഏകാധിപത്യവും ഒരു നാടിനെ വളർത്തുകയല്ല, തളർത്തുകയാണെന്നും നാടിന്റെ മുന്നേറ്റത്തിന് തുരങ്കം വയ്ക്കുകയാണെന്നും കാണാംതങ്ങളുടെ ഏറ്റവും ചെറിയ അനുഭവത്തിൽ നിന്നുകൊണ്ട് ഒരു സമൂഹത്തെ മുന്നോട്ടു നയിക്കാൻ വന്ധ്യവയോധികനായ അപ്പ നായനാർ കൊല്ലപ്പെടണം എന്ന് തന്നെ പറഞ്ഞുവെക്കുന്നു. കേവലം ഒരു പ്രദേശത്തിന്റെ അധികാരി എന്നതിനപ്പുറം നാടിന്റെ പുരോഗതിക്കും മുന്നേറ്റത്തിലും എല്ലാം തടസ്സം നിൽക്കുന്ന ഒട്ടേറെ അപ്പനായനാർമാർ ഉണ്ടെന്നും പരാജയപ്പെട്ട പദ്ധതിക്ക് ശേഷം ബോധ്യം വരുന്നുണ്ട്. ആ ബോധ്യത്തെ അരക്കിട്ടുറപ്പിച്ചു കൊണ്ട് പുതിയൊരു ദൗത്യവുമായാണ് കഥ അവസാനിക്കുന്നത്.

സമൂഹത്തിൽ ദൃശ്യവൽക്കരിക്കപ്പെട്ടതും നാനാതലങ്ങളിൽ പടർന്നതുമായ ശ്രേണിവൽക്കരിക്കപ്പെട്ട അധികാര ബന്ധത്തിന്റെ തുടർച്ചകൾ നിരന്തരം ഉണ്ടാകുന്നുണ്ട്. അവ പുരോഗമനപരമായ ജീവിതാവസ്ഥകൾക്കും നിലനിൽപ്പിനും തടസ്സമാവുകയോ സ്വാതന്ത്ര്യബോധം ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്നു. ഇങ്ങനെ റദ്ദാക്കപ്പെടുന്ന ജീവിതത്തിന്റെ വലിയ സാധ്യതയെ കുറിച്ചുള്ള ചോദ്യങ്ങളിലാണ് സമൂഹത്തിന്റെ നിലനിൽ പ്പ് സാധ്യമാകുന്നത്. ജീവിതത്തിനും മരണത്തിനും ഇടയിലെ നൂൽപ്പാലങ്ങളിൽ ചെയും, ഈഫലും, മാവോയും തുടക്കമിടുന്ന സമരങ്ങളിൽ നിന്നാണ് തുടർന്നുള്ള മുന്നേറ്റത്തിന് ഊർജ്ജം ലഭിക്കുന്നത്. 'പ്രതിനായകൻ' എന്ന കഥയിൽ റാവുത്തറും പാതിരിയുമാണ് പ്രധാന കഥാപാത്രങ്ങൾ. കമ്മ്യൂണിസത്തെ

 ISSN No: 3049-0316 

പ്രതിരോധിക്കാനുള്ള അവരുടെ നീക്കങ്ങളാണ് കഥയിലുടനീളമുള്ളത്. തുടർച്ചയായ നീക്കങ്ങളിൽ പങ്കുകൊള്ളുന്ന ഒരു വിഭാഗത്തിന്റെ അനുഭവവും അതിനെ പ്രതിരോധിക്കുന്ന അനുഭാവികളുടെ അനുഭവ പരിസരവും കഥ പ്രതിനിധാനം ചെയ്യുന്നു.

### ചരിത്രവും വർത്തമാനവും

പുതിയ കാലത്ത് നിന്നുകൊണ്ട് സമൂഹത്തോട് സംവദിക്കുമ്പോഴും ചരിത്രബോധവും വിശകലനാത്മകതയും ഈ കഥകളുടെ പ്രത്യേകതകളായി എടുത്തുപറയാൻ കഴിയും. തികച്ചും വ്യത്യസ്തമായ അനുഭവങ്ങളെയും സന്ദർഭങ്ങളെയും വ്യക്തിപരമായ അനുഭൂതികളെയും ചേർത്തുവയ്ക്കുന്ന ഒന്നായി ഈ കഥകൾ മാറുന്നു. കഥാകൃത്ത് തന്നെ അവകാശപ്പെടുന്നത് പോലെ രാഷ്ട്രീയമില്ലാതെ കലയുണ്ടാകുന്നില്ല. കലയിൽ രാഷ്ട്രീയം കടന്നുവരുന്നതോടു കൂടി അവ കൂടുതൽ ചരിത്രബദ്ധമായി മാറുകയും ചെയ്യുന്നു. ചരിത്രത്തിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും മുക്തമല്ലാത്ത ഈ കലയും സാഹിത്യവും സവിശേഷ രീതിയിൽ ഭൂതകാലത്തോടും വർത്തമാന കാലത്തോടും സന്ധിയില്ലാതെ സംവദിക്കുന്നു. ചരിത്രം, സംസ്കാരം, സമൂഹം, അനുഭവപരത, വസ്തുനിഷ്ഠത തുടങ്ങിയ വിവിധ തലങ്ങളിലൂടെ ഈ കൃതികൾ മനുഷ്യവംശത്തോട് സംവദിക്കുകയും സാമൂഹ്യ ജീവിതത്തെ നിർണയിക്കുന്ന ഒന്നായി മാറുകയും ചെയ്യുന്നു.

മൂർത്തമായ അനുഭവ പരിസരത്തിന്റെ സഞ്ചയമാണ് 'കല്യാശേരി തീസീസ്'' എന്ന ചെറുകഥ. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പരിസരത്തെ കൂടി പ്രത്യക്ഷമായി തന്നെ സൂചിപ്പിക്കുന്ന ഒന്നായാണ് കഥ വികസിക്കുന്നത്. കല്ല്യാശ്ശേരി ലോക്കൽ കമ്മറ്റിയിലെ സഖാവ് എൻസിആർ എന്ന അംഗം അവതരിപ്പിക്കുന്ന ബദൽ രേഖ, അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ പാർട്ടിയിൽ നിന്നും പുറത്താക്കൽ, തുടർന്നുള്ള വിഭാഗീയതയും സംഘർഷവുമെല്ലാം കഥയിൽ അവതരിപ്പിക്കുന്നത് ആണെങ്കിലും 1960 കളിലെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പും തുടർന്ന് നടന്ന സംഭവവികാസങ്ങളുമായും ഈ കഥ ചേർത്തുവയ്ക്കാൻ കഴിയുന്നുണ്ട്. രാഷ്ട്രീയ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് കഥയുടെ നിർമ്മാണം .

'പ്രതിനായകനിലും' കമ്മ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കാൻ മുതലാളിത്ത ശക്തികൾ നടത്തിയ സംഭവ വികാസങ്ങളെ കഥയിലൂടെ ആലേഖനം ചെയ്തതെങ്കിലും ചരിത്ര സംഹിതകളായ് ഇവയെ വ്യാഖ്യാനിക്കാം. വായനക്കാർ വർത്തമാന കാലത്തിരുന്ന് കഥ വായിക്കുമ്പോഴും കഥയിൽ നിന്നും ചരിത്രം അന്യാധീനപ്പെട്ടു പോകാതിരിക്കാൻ കഥാകൃത്ത് കൃത്യമായ് ശ്രദ്ധിക്കുന്നുണ്ട്.

### രാഷ്ട്രീയ അബോധവും പാഠവും

തെരഞ്ഞെടുത്ത മൂന്ന് കഥകളിലെ ആഖ്യാനത്തിലും ചരിത്ര സാമൂഹിക യാഥാർത്ഥ്യത്തെ വീണ്ടെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട് എന്ന് മുകളിൽ പരാമർശിച്ചതിനെ ഇവിടെ വീണ്ടും അന്വേഷിക്കേണ്ടതുണ്ട്. കാരണം കഥയിലൂടെ നിർമ്മിക്കപ്പെട്ട പാഠം ഭാവന മാത്രമായ് കാണുവാൻ സാധിക്കില്ല. കഥയിലെ ആഖ്യാനത്തിലൂടെ വീണ്ടെടുപ്പുകൾ കാലം ചേർത്തുവെക്കുന്നു.'കല്യാശ്ശേരിതീസിസ്'' എന്ന കഥയിൽ കക്ഷിരാഷ്ട്രീയത്തിനകത്തും പുറത്തും പെട്ട വ്യക്തിത്വങ്ങൾക്ക് സംഭവിച്ച നഷ്ടബോധങ്ങളെ കുറിച്ച് പറയുന്നു. രാമാനുജൻ മൂസതിന്റെ കൊലയും സഖാവ് എൻ.സി.ആറിനെ പാർട്ടി പുറത്താക്കുന്നതും ചരിത്രത്തിൽ എല്ലാകാലത്തും സംഭവിക്കുന്നതാണ്. 'ഫ്രഞ്ച് വിപ്ലവത്തിന്റെ' പ്ലാനിലും ഒരു കൂട്ടം യുവാക്കളിൽ തിളച്ച വിപ്ലവം കെട്ടടങ്ങി എന്ന് കഥയിൽ പറയുന്നില്ല. കഥയിലെ ചെറുപ്പക്കാർ ആദ്യം സ്വീകരിക്കുന്ന അപര നാമങ്ങൾ "മട്ട് മുരളി – മാവോ, ശ്യാമളൻ – (ചെ) താടിയുള്ളത് കൊണ്ട്, ഞാൻ –ഈഫൽ( വിപ്ലവങ്ങളുടെ മാതാവിന്റെ ഓർമ്മയ്ക്ക് )" (അബിൻ ജോസഫ്,53:2016 ) എന്നിവയായിരുന്നെങ്കിൽ വീണ്ടും പുതിയ പേരുകൾ സ്വീകരിക്കാൻ തയ്യാറാകുന്നു. കഥയുടെ അവസാനത്തിൽ അനീതിക്കെതിരെ തിരിച്ചുവരുമെന്ന് കഥാകൃത്ത് ദ്യോതിപ്പിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തിന്റെ തുടക്കം, വളർച്ച എന്നിവ ചരിത്രത്തിൽ നിന്നും മനസ്സിലാക്കി കഥയിൽ വിവർത്തന പാഠം സൃഷ്ടിച്ചെടുക്കാനുള്ള ശ്രമം കഥയിൽ ചേർത്തിരിക്കുന്നു."പാഠത്തിൽ നിന്നും ആഖ്യാനത്തിൽ നിന്നും ചരിത്ര സാമൂഹിക യാഥാർത്ഥ്യത്തെ വീണ്ടെടുക്കുന്നതിനെയാണ് ജെയിംസൺ രാഷ്ട്രീയബോധ വിശകലനമായി വികസിപ്പിച്ചിട്ടുള്ളത് ലളിതമായ അർത്ഥത്തിൽ പാഠത്തിൽ നിലീനമായിരിക്കുന്ന ചരിത്രമാണ് രാഷ്ട്രീയ അബോധം. അതുകൊണ്ടുതന്നെ ചരിത്രവൽക്കരണമാണ് പാഠത്തിന്റെ രാഷ്ട്രീയത്തെ വെളിവാക്കാനുള്ള അർത്ഥവത്തായ മാർഗം." (അജു. കെ നാരായണൻ, 97:2017) .

## കഥയിലെ കമ്മ്യൂണിസം

'കല്യാശ്ശേരി തീസിസ് ' എന്ന കഥസമാഹാരത്തിൽ ഉപരിതല സ്പർശിയായി പ്രത്യക്ഷപ്പെടുന്ന രാഷ്ട്രീയം കമ്മ്യൂണിസമാണ്. ഈ നിരീക്ഷണം കഥയുടെ ആദ്യ വായനയിൽ തന്നെ മനസ്സിലാക്കാവുന്നതാണ്. എന്നാൽ കഥാകൃത്ത് പുലർത്തുന്ന സമീപനം കണ്ടെടുക്കാൻ സാധിക്കുന്നില്ല പകരം കമ്മ്യൂണിസത്തെ കുറിച്ചുള്ള അഭിപ്രായങ്ങൾ കഥകളിൽ ചേർത്തിരിക്കുന്നത് കാണാം. കഥാകാരന്റെ ചുറ്റുവട്ട പരിസരങ്ങളാകാം എഴുത്തിലേക്ക് കമ്യൂണിസത്തെ കൊണ്ടുവന്നത് എന്ന് അനുമാനിക്കാം എങ്കിലും കഥയിൽ അവ പരാമർശ വിധേയമാകുമ്പോൾ പഠന വിധേയമാക്കേണ്ട ആവശ്യകത നിലനിൽക്കുന്നുണ്ട്. കല്യാശ്ശേരി തീസിസിലും, പ്രതിനായകനിലും കമ്മ്യൂണിസ്റ്റ് പാർട്ടി രാഷ്ട്രീയം എന്നിവ കടന്നുവരുന്നു. കല്യാശ്ശേരി എന്ന സ്ഥലം പോലും പാർട്ടിയുടെ പ്രധാന ഇടപെടൽ നടന്ന ഇടമാണ്. കഥാപാത്രമായ സഖാവ് എൻ സി ആർ എന്ന കഥാപാത്രം ഇകെ നായനാരുടെ സുഹൃത്തായി അവതരിപ്പിക്കപ്പെടുന്നു. അതുപോലെ ഇകെ നായനാരും കഥയിൽ ഒരു സഹ കഥാപാത്രമായി കടന്നുവരുന്നുണ്ട്. കല്യാശ്ശേരി തീസിസ് എന്ന കഥയിൽ കഥാ പാശ്ചാത്തലം, കമ്മ്യൂണിസ്റ്റ് പാർട്ടി ഇടപെടൽ എന്നിവ കൃത്യമായി അടയാളപ്പെടുത്തുന്നു. അതുപോലെ ഭാഷാപരമായ കമ്മ്യൂണിസത്തിന്റെ ഇടപെടൽ കണ്ടെടുക്കാവുന്നതാണ്. ഉദാഹരണം: "കൊതുകുകൾ ഇൻക്വിലാബ് വിളിച്ച" എന്ന് ഉപമിക്കുന്നു. "നടുക്കത്തിന്റെ അരിവാൾ വെട്ടേറ്റ് ഞാനൊന്ന് പിടഞ്ഞു" ഇത്തരത്തിലുള്ള ഉപമകൾ നിശ്ചയമായും കമ്മ്യൂണിസത്തിന്റെ പ്രതിനിധാനം ഭാഷയിൽ കടന്നുവരുന്നതാണ് സൂചിപ്പിക്കുന്നത്.

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങളെ എതിർക്കാനായ് രണ്ട് കഥാപാത്രങ്ങൾ ശ്രമിക്കുന്നതും അവരുടെ ജീവിതപ്രകടനങ്ങളുമാണ് പ്രതിനായകൻ എന്ന കഥയിലുള്ളത്. 'പ്രതിനായകൻ' എന്ന കഥ ആരംഭിക്കുന്നത് തന്നെ ഇങ്ങനെയാണ് "കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്ന ദിവസം രാത്രിയിൽ കടപ്ലാമറ്റം സീമയുടെ വീടിന്റെ പരിയമ്പുറത്ത് ഊഴം കാത്തു നിൽക്കുമ്പോഴാണ് മേക്കാതൻ റാവുത്തറെ പാമ്പ് കടിച്ചത് " ( അബിൻ ജോസഫ്, 90: 2016) എന്നാണ്. ലൈംഗിക പ്രക്രിയയിൽ അമർന്ന അന്ത്രയോസ് പാതിരി പുറപ്പെടുവിപ്പിക്കുന്ന വാക്ക് 'ലാൽ സലാം' എന്നാണ്. "ലൂസിയുടെ വൈരുദ്ധ്യാത്മകഭൗതികവാദത്തെ കുറിച്ച് പാതിരിയും റാവുത്തറും അപ്പുറവും ഇപ്പുറവും കിടന്ന ചർച്ച ചെയ്തു" ഇത്തരം ധാരാളം പദാവലികൾ കഥയിലുണ്ട്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകമാണ് 1957 ൽ ആദ്യമായി ഒരു ഇടത് സർക്കാരിന് ജന്മം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ച കാരണങ്ങളിലൊന്ന്. 1959 ലെ വിമോചന സമരത്തോടെ ആദ്യ മന്ത്രിസഭയ്ക്ക് രാജിവെക്കേണ്ടി വരികയുണ്ടായി എങ്കിലും അപ്പോഴേക്കും കമ്മ്യൂണിസം എന്ന ആശയം മനുഷ്യനെയും സമൂഹത്തെയും മാറ്റുന്ന ഒന്നായി വ്യാപിച്ചു തുടങ്ങിയിരുന്നു. കമ്മ്യൂണിസം പ്രചരിപ്പിക്കപ്പെട്ടതിൽ വലിയ സ്ഥാനം നാടകത്തിനുണ്ട് എന്നതുപോലെ തന്നെ അതിനെ എതിർക്കാനും നാടകം ഉപയോഗിക്കാം എന്ന റാവുത്തരുടെയും പാതിരിയുടെയും കാഴ്ചപ്പാടിൽ നിന്നാണ് കഥ വികസിക്കുന്നത്. എന്നാൽ "ആശയത്തിന്റെ നട്ടെല്ലില്ലാതെ ഒരു വിപ്ലവവും വിജയം കണ്ടതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല" എന്ന റാവുത്തരും തിരിച്ചറിയുന്നു (അബിൻ ജോസഫ്, 97:2016). കഥയിൽ കമ്മ്യൂണിസത്തെ എതിർക്കാൻ 'മോസ്കോ പിശാച്' എന്ന നാടകം നിർമ്മിക്കുന്നു. നാടകം കളിക്കാൻ പോയവരെ കുമരകത്തിൽ നിന്നും വണ്ടിയിൽവെച്ച് ആക്രമണംനേരിടുന്നു. നാടുവാഴിത്തത്തിനെതിരെ ഒളിഞ്ഞും തെളിഞ്ഞും നടത്തിയ നിരവധി സമരങ്ങളാണ് തൊഴിലെടുക്കുന്നവന് നിവർന്നുനിൽക്കാൻ ആശയും ആവേശവും നൽകിയത്. ചവിട്ടിനിൽക്കാൻ ഒരുപിടി മണ്ണുപോലും സ്വന്തമായിട്ടില്ലാത്ത മനുഷ്യർ നടത്തിയ ഐതിഹാസിക പോരാട്ടത്തെ ഒറ്റുകൊടുക്കുന്ന നിലയിലാണ് റാവുത്തരും പാതിരിയും തിമോത്തിയും നാടകത്തെ കൂട്ടുപിടിക്കുന്നത്. എന്നാൽ നഷ്ടപ്പെടാൻ ബാക്കി ഒന്നുമില്ലാത്ത തൊഴിലാളി വർഗ്ഗത്തിന്റെ മുന്നേറ്റം പടർന്നു കയറിയപ്പോൾ "കമ്മ്യൂണിസം തുലയട്ടെ" എന്ന മുദ്രാവാക്യം ഒഴുകി പോവുകയാണ് ഉണ്ടായത്. "കമ്മ്യൂണിസം ശരിക്കും നമ്മടെ പറങ്കി വാറ്റ് പോലെയാ മനുഷ്യന്മാരെ അത്രയ്ക്ക് മാറ്റാൻ പറ്റുന്നൊണ്ടെങ്കി അത് കമ്മ്യൂണിസത്തിന്റെ പവറല്ലേ", "എല്ലാവരെയും ഒരുപോലെ കാണുന്നത് നല്ല കാര്യമല്ലേ അങ്ങനത്തെ ഒരു സമൂഹം വന്നാലല്ലേ പാവപ്പെട്ടവന് മെച്ചമൊണ്ടാകത്തൊള്ളൂ പിന്നെന്നാത്തിനാ കമ്മ്യൂണിസത്തെ എതിർക്കുന്നേ?" (അബിൻ ജോസഫ്, 97:2016) ഇത്തരം ചോദ്യാവലികളും കഥയിൽ പാത്രങ്ങൾവഴി പരസ്പരചർച്ചയ്ക്ക് വിധേയരാകുന്നു. വലതുപക്ഷത്തിന്റെ വലിയ മുന്നേറ്റം ഉണ്ടായ ഒന്നായി 1959 ലെ, സർക്കാരിനെ പിരിച്ചുവിടൽ ആഘോഷിക്കപ്പെടുകയുണ്ടായി. അതോടുകൂടി എതിരാളികൾ ഇല്ലാത്ത ഗോദയിൽ ഇനിയെന്തിന് നാടകം എന്ന ചോദ്യം റാവുത്തരും പാതിരിയും നേരിടുന്നു. "അതെ ഇഎംഎസിന്റെ പ്രസംഗം പോലെ വിക്കിവിക്കി അല്ല കരുണാകരന്റെ ബെൻസു പോലെ കാലം ചീറിപ്പാഞ്ഞുപോയി" (അബിൻ ജോസഫ്, 107:2016). കാലം മുന്നോട്ടു കുതിച്ചുപായുമ്പോൾ സമൂഹത്തെ പുറകോട്ടുനയിക്കുന്ന ആശയാവലികളും കാലത്തിന്റെ മണ്ണിൽ എടുത്തെറിയപ്പെടുമെന്ന് കഥ അടിവരയിടുന്നു.

 ISSN No: 3049-0316


### ഉപസംഹാരം

വർത്തമാനകാലത്തിന്റെ നേർക്കാഴ്ചയിൽ നിന്നുകൊണ്ട് ഭൂതകാലത്തെ നോക്കി കാണുകയും പുരോഗമനാത്മകമായ മുന്നോട്ടുപോക്കിന് പ്രത്യയശാസ്ത്രാടിത്തറയുള്ള രാഷ്ട്രീയം അഭികാമ്യമെന്നുമുള്ള ആശയമാണ് അബിൻ ജോസഫിന്റെ കഥകൾ പങ്കുവെക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളെ പുതിയ കാഴ്ചപ്പാടിൽ നോക്കിക്കാണുകയും അനുഭൂതിപരമായ ഭാവുകത്വത്തെ അവതരിപ്പിക്കുകയും ചെയ്താണ് ഓരോ കഥയും വായനക്കാരിൽ പ്രത്യയശാസ്ത്രബോധം രൂപപ്പെടുത്തുന്നത്.

### സഹായക ഗ്രന്ഥങ്ങൾ

1. അച്യുതൻ എം, ചെറുകഥ ഇന്നലെ ഇന്ന്, 2023 , ഡി.സി ബുക്സ്, കോട്ടയം
2. അജു. കെ നാരായണൻ, താക്കോൽ വാക്കുകൾ, 2017, മലയാള വിഭാഗം, യുസി കോളേജ്, ആലുവ
3. അബിൻ ജോസഫ്, കല്യാശ്ശേരി തീസിസ്, 2016, മാതൃഭൂമി ബുക്സ്, കോഴിക്കോട്
4. സുനിൽ പി. ഇളയിടം, ദമിതം, 2021,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316



# നവമാധ്യമങ്ങളും കൃത്രിമബുദ്ധിയും: മലയാളഭാഷാപ്രയോഗത്തിന്റെ സമകാലിക സമൂഹഭാഷാശാസ്ത്ര പഠനം

**മുഹമ്മദ് ബാസിൽ ഒ പി***

**സംഗ്രഹം**

നവമാധ്യമങ്ങളുടെയും കൃത്രിമബുദ്ധിയുടെയും വ്യാപനം മനുഷ്യരുടെ ആശയവിനിമയ രീതികളിലും ഭാഷാപ്രയോഗത്തിലും ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം ഭാഷയുടെ രൂപവും ഉപയോഗവും പുതിയ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിൽ പുനർനിർവചിക്കപ്പെടുകയാണ്. ഭാഷ മനുഷ്യസമൂഹത്തിന്റെ ആശയവിനിമയത്തിനും അറിവിന്റെ കൈമാറ്റത്തിനും അടിസ്ഥാനഘടകമായതിനാൽ സാങ്കേതികവിദ്യയുടെ പുരോഗതി ഭാഷയുടെ വികാസത്തെയും സ്വാധീനിക്കുന്നു. അച്ചടി, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സ്മാർട്ട് ഫോൺ തുടങ്ങിയ സാങ്കേതിക പുരോഗതികൾ മലയാളഭാഷയുടെ വ്യാപ്തിയും പ്രയോഗപരിധിയും വികസിപ്പിച്ചു.

**താക്കോൽ വാക്കുകൾ:** നവമാധ്യമങ്ങൾ, കൃത്രിമബുദ്ധി, മലയാളഭാഷാപ്രയോഗം, സമൂഹഭാഷാശാസ്ത്രം, ഡിജിറ്റൽ ആശയവിനിമയം, സൈബർ മലയാളം, മംഗ്ലീഷ്, ഭാഷാ സാങ്കേതികവിദ്യ, ഡിജിറ്റൽ സംസ്കാരം

ആശയവിനിമയ പ്രക്രിയയെ ലളിതമാക്കുന്ന പ്രധാന ഘടകമാണ് ഭാഷ. മനുഷ്യർ വികാരങ്ങളും ആശയങ്ങളും പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന കൃത്രിമ സങ്കേതമായിട്ടാണ് ഭാഷ വ്യാഖ്യാനിക്കപ്പെടുന്നത്. മനുഷ്യസമൂഹത്തിന്റെ ചരിത്രവും ഭാഷയുടെ ചരിത്രവും പരസ്പരം ബന്ധപ്പെട്ടതാണ്. സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും അറിവിന്റെ കൈമാറ്റത്തിനും ഭാഷ അടിസ്ഥാനഘടകമായി പ്രവർത്തിക്കുന്നു. മനുഷ്യൻ ജീവിക്കുന്ന ലോകത്തെയും സ്വന്തം വ്യക്തിത്വത്തെയും തിരിച്ചറിയാനും അറിവും അനുഭവങ്ങളും പങ്കുവെക്കാനും ഭാഷയിലൂടെ സാധിക്കുന്നു. ഭാഷയുടെ ഉത്ഭവവും വികാസവും സംബന്ധിച്ച് വിവിധ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ആദിമ മനുഷ്യർ ആദ്യം ആംഗ്യങ്ങളും അനുകരണശബ്ദങ്ങളും ഉപയോഗിച്ചാണ് ആശയവിനിമയം നടത്തിയതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പിന്നീട് ശബ്ദങ്ങൾ, ചേഷ്ടകൾ, ചിഹ്നങ്ങൾ എന്നിവയുടെ സഹായത്തോടെ ആശയങ്ങൾ കൈമാറുന്ന രീതികൾ വികസിച്ചു. ഗുഹാചിത്രങ്ങൾ, പാറകളിലും മരങ്ങളിലും കൊത്തിവെച്ച അടയാളങ്ങൾ എന്നിവ ആശയവിനിമയത്തിന്റെ പ്രാരംഭരൂപങ്ങളായി

* ONTHAMPARAMBATH (HO), KALLOOR – KOOTHALI P.O, KOZHIKODE 673525.
muhammadbasil1998@gmail.com, 9946676527/7034422064 (WhatsApp number)

 ISSN No: 3049-0316


കണക്കാക്കപ്പെടുന്നു. സമൂഹജീവിതത്തിന്റെ വികാസത്തോടൊപ്പം കൃഷിയുടെയും കൂട്ടായ്മയുടെയും വളർച്ച ഭാഷയുടെ വികസനത്തെയും സ്വാധീനിച്ചു. വാമൊഴിയിൽനിന്ന് വരമൊഴിയിലേക്കുള്ള പരിവർത്തനത്തോടെ ഭാഷ സാങ്കേതികവിദ്യയുമായി അടുത്ത ബന്ധം സ്ഥാപിച്ചു.

മനുഷ്യപരിണാമചരിത്രത്തിൽ ഭാഷയോടൊപ്പം സാങ്കേതികവിദ്യയും വികസിച്ചു. അറിവിന്റെ പ്രായോഗിക ഉപയോഗരൂപത്തെയാണ് പൊതുവെ സാങ്കേതികവിദ്യ എന്നു പറയുന്നത്. പ്രകൃതി വിഭവങ്ങളെ ഉപകരണങ്ങളാക്കി മാറ്റിയതോടെയാണ് മനുഷ്യർ സാങ്കേതികപുരോഗതിയുടെ ആദ്യഘട്ടത്തിലേക്കു കടന്നത്. എഴുത്തിന്റെ രൂപീകരണം ഭാഷയും സാങ്കേതികതയും തമ്മിലുള്ള ബന്ധത്തെ ശക്തമാക്കി. ചിത്രലിപി, ആശയലിപി, പദലിപി, അക്ഷരലിപി തുടങ്ങിയ ഘട്ടങ്ങളിലൂടെ എഴുത്തുരീതികൾ വികസിച്ചു. ലോകത്തെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത ലിപിവ്യവസ്ഥകൾ രൂപപ്പെട്ടു. മെസൊപ്പോട്ടേമിയയിലെ സുമേറിയർ ഉപയോഗിച്ച ക്യൂണിഫോം, ഈജിപ്തിലെ ഹൈറോഗ്ലിഫുകൾ, ഗ്രീക്ക്-സെമിറ്റിക് ലിപികൾ തുടങ്ങിയവ ലോകത്തിലെ പ്രാചീന ലിപിസമ്പ്രദായങ്ങളാണ്. ഭാരതത്തിൽ ബ്രാഹ്മിലിപിയിൽ നിന്ന് ദ്രാവിഡ ലിപിയും അതിന്റെ ഭാഗമായി മലയാള ലിപിയും വികസിച്ചു.

എഴുത്തിന്റെ വികാസത്തോടൊപ്പം എഴുതാൻ ഉപയോഗിച്ച വസ്തുക്കളിലും ഉപകരണങ്ങളിലും ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചു. പാറകൾ, മരങ്ങൾ, കളിമൺഫലകങ്ങൾ, മൃഗത്തോൽ, പനയോല എന്നിവയിൽ നിന്നാരംഭിച്ച എഴുത്ത് പിന്നീട് കടലാസിലേക്കും അച്ചടിയന്ത്രത്തിലേക്കും വ്യാപിച്ചു. ചൈനയിൽ കടലാസ് കണ്ടുപിടിച്ചതോടെ എഴുത്തിന്റെ വ്യാപ്തി വർധിക്കുകയും അറിവിന്റെ സംരക്ഷണവും പ്രചരണവും കൂടുതൽ എളുപ്പമാകുകയും ചെയ്തു. നാരായം, തൂലിക, മഷി, പെൻസിൽ തുടങ്ങിയ ഉപകരണങ്ങളുടെ വികസനം എഴുത്തിനെ കൂടുതൽ സൗകര്യപ്രദമാക്കി. വ്യാവസായിക വിപ്ലവത്തിന്റെയും നവസാങ്കേതിക പുരോഗതിയുടെയും ഫലമായി കമ്പ്യൂട്ടറും മൊബൈൽ ഫോണുകളും ഉൾപ്പെടുന്ന ഡിജിറ്റൽ മാധ്യമങ്ങൾ എഴുത്തിന്റെ പുതിയ സാധ്യതകൾ തുറന്നുകാട്ടി. ഇതോടെ ആശയവിനിമയം ആഗോളതലത്തിൽ വ്യാപിക്കുകയും സാമൂഹിക-സാംസ്കാരിക ഇടപെടലുകൾക്ക് പുതിയ ദിശകൾ രൂപപ്പെടുകയും ചെയ്തു.

മലയാളഭാഷയുടെ സാങ്കേതിക തലത്തിലേക്കുള്ള വികാസം പല ഘട്ടങ്ങളിലൂടെ നടന്നതാണ്. സാങ്കേതികത ഭാഷാവ്യവഹാരങ്ങളെ വികസിപ്പിച്ചു. മനുഷ്യപരിണാമവഴികളിലെ സുപ്രധാന നാഴികക്കല്ലായിരുന്ന എഴുത്ത് ഭാഷയുടെ സാങ്കേതിക തലത്തിലേക്കുള്ള ആദ്യ ചുവടുവയ്പായിരുന്നു. ആശയവിനിമയത്തിനും സാംസ്കാരിക ഉന്നമനത്തിനും വിജ്ഞാനവ്യാപനത്തിനും കരുത്തുപകരുന്ന ഉപകരണമാണ് ഭാഷയും എഴുത്തും. ഗുഹാഭിത്തികളിൽ നിന്നും തുടങ്ങിയ വരമൊഴിയുടെ യാത്ര, ഓലകളും കടലാസുകളും കടന്ന് ഡിജിറ്റൽ യുഗത്തിൽ വന്നുനിൽക്കുന്നു. അച്ചടിയിലൂടെ ഭാഷയുടെ ആധുനീകരണത്തിന് തുടക്കം കുറിച്ചു. ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ മലയാള ഭാഷയുടെ അത്യാധുനികമായ വികാസത്തെ പ്രാപ്തമാക്കി. ആശയവിനിമയം നടത്താനും പുസ്തകങ്ങൾ എഴുതാനും മാത്രം ഉപയോഗിച്ചിരുന്ന ഭാഷയ്ക്ക് സാർവത്രികമാനം കൈവന്നത് ഡിജിറ്റൽ ലോകത്തിന്റെ ഉയർച്ചയിലൂടെയാണ്. ഒരു പുത്തൻ സാമൂഹിക - സാംസ്കാരിക മൂല്യം രൂപപ്പെടുന്നതിനും ഇത് സഹായിച്ചു. അനുനിമിഷം വിവരങ്ങൾ സംവേദനം ചെയ്യാൻ ഇന്ന് സാധിക്കുന്നു, അതും അതിരുകളില്ലാതെ. അവിടെ ഭാഷ ഒരു പ്രശ്നമായി വരുന്നില്ല എന്നത് നവസാങ്കേതികതയുടെ സാധ്യതയാണ്. ഒരുകാലത്ത് ഇംഗ്ലീഷ് മാത്രം ഉൾക്കൊണ്ട സാങ്കേതികത ഇന്ന് ഓരോ ജനസമൂഹത്തിന്റെയും മാതൃഭാഷ അടിസ്ഥാനപ്പെടുത്തുന്നുണ്ട്. സാങ്കേതികതയുടെ ജനകീയതയായി ഇതിനെ വിലയിരുത്താം. കമ്പ്യൂട്ടറുകളും, ഇ-മെയിൽ, ബ്ലോഗ്, ചാറ്റ് എന്നീ കമ്പ്യൂട്ടർ സംവിധാനങ്ങൾ പ്രാദേശിക ഭാഷയിലൂടെ സാധ്യമാക്കാൻ തുടങ്ങിയതോടെ അക്ഷരങ്ങളിലും എഴുത്തുരീതിയിലും മാറ്റങ്ങൾ ഉണ്ടായി. ഇംഗ്ലീഷ് മാത്രമായിരുന്ന ഡിജിറ്റൽ രംഗങ്ങളിൽ മലയാളം പോലുള്ള പ്രാദേശിക ഭാഷകൾ കടന്നുവന്നത് ആഗോള ജനസമൂഹത്തിന്റെ നവീകരണത്തെയും അറിവിനെയും വികസിപ്പിച്ചു. മലയാളത്തിൽ ചിന്തിക്കുന്ന നമ്മൾ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ നിർബന്ധിതരായപ്പോൾ അതിനെ തരണം ചെയ്യാൻ ഭാഷ രംഗത്ത് പുത്തൻ സാങ്കേതികവിദ്യ വികസിപ്പിച്ചു. സാമൂഹിക ജീവിതത്തിലെ പച്ചയായ ആവിഷ്കാരം സ്വന്തം ഭാഷയിലൂടെ സംവേദനം ചെയ്യുമ്പോൾ മാത്രമേ അതിന്റെ വികാരതീവ്രത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അച്ചടിക്കു വേണ്ടിയാണ് കമ്പ്യൂട്ടറിൽ മലയാളഭാഷ ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത്. മൈക്രോസോഫ്റ്റ് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രചാരത്തോടെയാണ് മലയാളത്തിന്റെ ഉപയോഗം വ്യാപകമാകുന്നത്. മലയാളം ബ്ലോഗുകളാണ് കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നത് വർധിപ്പിച്ചത്. അച്ചടിയ്ക്ക് വേണ്ടി നിർമ്മിക്കപ്പെട്ട വിവിധ സോഫ്റ്റ്‌വെയറുകളിൽ നിന്നാണ് മലയാളം കമ്പ്യൂട്ടിംഗിന്റെ

ആരംഭദശകം. കൂർത്തമുനകളുള്ള ഉപകരണം ഉപയോഗിച്ച് കളിമൺ ഫലകങ്ങളിലും മൃഗത്തോലിലും കടലാസുകളിലും എഴുതയിരുന്ന പൂർവ രൂപങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ മേഖലകൾ സാങ്കേതിക വിദ്യ വികസിപ്പിച്ചു.

ആധുനികകാലത്ത് ജീവിക്കാനാവശ്യമായ നൈപുണികളുടെ കൂട്ടത്തിൽ നവഭാഷാ സാങ്കേതിക വിദ്യ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. വിവരങ്ങൾ ആർജിക്കുന്നതിനും അത് സ്വന്തം ഭാഷയിൽ വിനിമയം ചെയ്യുന്നതിനും അവ നമ്മെ സഹായിക്കുന്നു. വൈവിധ്യമാർന്ന വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ വിദ്യയിൽ നിന്ന് ആധുനികകാലത്ത് മനുഷ്യർക്ക് അകലം പാലിച്ചുനിൽക്കാൻ കഴിയില്ല. നവഭാഷാസാങ്കേതിക വിദ്യ അതിവേഗം നവീകരണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികവിദ്യ ലോകത്തെ നിയന്ത്രിക്കുകയും നിർണയിക്കുകയും ചെയ്യുന്ന കാലത്ത് മലയാളിയുടെ ജീവിതവും അതിന്റെ സ്വാധീനങ്ങളിൽ നിന്നും അന്യമായി നിൽക്കുകയില്ല. മലയാളിയുടെ മുഴുവൻ വർത്തമാനങ്ങളും സ്ക്രീനുകളിലേക്ക് ചുരുങ്ങുകയോ വികസിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. കേവലം ആശയവിനിമയത്തിന്റെ സാങ്കേതിക വികാസം എന്നതിലുപരി സാംസ്കാരിക പരിണാമത്തിന്റെ ചരിത്രം കൂടിയായി മലയാളിയുടെ സാങ്കേതിക ജീവിതം മാറുന്നുണ്ട്.

മനുഷ്യന്റെ ഉത്ഭവകാലം മുതൽ ആരംഭിച്ച ഒരു പ്രക്രിയയാണ് സാങ്കേതികത. മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും അതിജീവനത്തിനും സാങ്കേതികതയുടെ സഹായം ആവശ്യമാണ്. സമൂഹജീവിയായ മനുഷ്യന് സംസ്കാരനിർമിതിയുടെയും പുരോഗതിയുടെയും ഇടങ്ങളിൽ നൂതനമായ വിനിമയോപാധികൾ തേടേണ്ടിവന്നിരുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിവേഗയാത്രയിൽ മലയാളിയും സഹയാത്രികരായിട്ടുണ്ട്. ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം എന്നീ നവമാധ്യമങ്ങൾ മലയാളിയുടെ ജീവിതത്തോട് ഏറെ ബന്ധപ്പെട്ടുനിൽക്കുന്നവയാണ്. ഇന്റർനെറ്റ് അധിഷ്ഠിതമായ ഡിജിറ്റൽ ഇടങ്ങൾ തന്നെയാണ് ഇന്ന് സാംസ്കാരിക ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നത്.

നവ ഭാഷ സാങ്കേതികതയുടെ ആവിർഭാവത്തോടെ നമ്മുടെ ആശയവിനിമയ രീതിക്ക് കാര്യമായ പരിവർത്തനം സംഭവിച്ചിട്ടുണ്ട്. പ്രിന്റ്, ബ്രോഡ്കാസ്റ്റ് മാധ്യമം പോലുള്ള പരമ്പരാഗത ആശയവിനിമയ രൂപങ്ങൾ, മറ്റുള്ളവരുമായി ബന്ധിപ്പിക്കുന്നതിന് വേഗതയേറിയതും കൂടുതൽ സംവേദനാത്മകവുമായ വഴികൾ വാഗ്ദാനം ചെയ്യുന്ന ഡിജിറ്റൽ ഇടങ്ങൾക്ക് വഴിയൊരുക്കി.

- ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, ലിങ്ക്ഡ്ഇൻ തുടങ്ങിയ സോഷ്യൽ മീഡിയ ഇടങ്ങൾ നമ്മളെ മറ്റുള്ളവരുമായി ബന്ധിപ്പിക്കുന്ന രീതിയിൽ വിപ്ലവം സൃഷ്ടിച്ചു. ആഗോള പ്രേക്ഷകരുമായി വിവരങ്ങളും ആശയങ്ങളും അനുഭവങ്ങളും പങ്കിടാൻ അവ മനുഷ്യനെ പ്രാപ്തരാക്കുന്നു.
- WordPress, Tumblr പോലുള്ള ബ്ലോഗുകളും മൈക്രോബ്ലോഗുകളും വ്യക്തികളെ അവരുടെ ചിന്തകളും അഭിപ്രായങ്ങളും വൈദഗ്ധ്യവും ആഗോളതലത്തിൽ പങ്കിടാൻ സഹായിക്കുന്നു.
- എവിടെയായിരുന്നാലും വിവരങ്ങൾ സ്വീകരിക്കാനുള്ള സൗകര്യപ്രദമായ മാർഗം വാഗ്ദാനം ചെയ്യുന്ന, ഓൺലൈനിൽ ഡൗൺലോഡ് ചെയ്യാനോ സ്ട്രീം ചെയ്യാനോ കഴിയുന്ന ഓഡിയോ ഫയലുകളാണ് പോഡ്കാസ്റ്റുകൾ.
- YouTube, Vimeo, TikTok തുടങ്ങിയവയിൽ സമ്പന്നമായ ഉള്ളടക്കവും ആകർഷണീയവുമാണ്.
- വെർച്വൽ റിയാലിറ്റിയും (വി. ആർ) ഓഗ്മെന്റഡ് റിയാലിറ്റിയും (എ.ആർ.) സാങ്കേതികവിദ്യകൾ നമ്മൾ അനുഭവിക്കുകയും വിവരങ്ങളുമായി ഇടപഴകുകയും ചെയ്യുന്ന രീതിയെ മാറ്റുന്നു. ഓൺലൈൻ ഫോറങ്ങളും ചർച്ചാ ബോർഡുകളും ആളുകൾക്ക് സംഭാഷണങ്ങളിൽ ഏർപ്പെടാനും അറിവ് പങ്കുവെക്കാനും ഇടം നൽകുന്നു.
- WhatsApp, WeChat, Slack എന്നിവ പോലുള്ള തൽക്ഷണ സന്ദേശമയയ്ക്കൽ അപ്ലിക്കേഷനുകൾ തത്സമയആശയവിനിമയം പ്രാപ്തമാക്കുന്നു, അതേസമയം ചാറ്റ്ബോട്ടുകൾ ഓട്ടോമേറ്റഡ് ഉപഭോക്തൃപിന്തുണ നൽകുന്നുണ്ട്.

നവഭാഷാ സാങ്കേതിക രംഗത്തെ വ്യവഹാരസ്വരൂപങ്ങളുടെ പ്രാഥമിക ലക്ഷ്യം ആശയവിനിമയമാണ്. ഭാഷയുടെ ആഗോളപ്രവാഹത്തെയും സാമൂഹീകരണത്തെയും ഇത് സാധ്യമാക്കി. ഭാഷാരംഗത്ത് പുതിയ സാധ്യതകൾ സൃഷ്ടിക്കാൻ നവമാധ്യമങ്ങൾക്കു സാധിച്ചു. സാക്ഷരതയുടെ കാര്യത്തിൽ മുന്നിട്ടുനിൽക്കുന്ന കേരളീയ ജനതയുടെ ദിനചര്യയുടെ ഭാഗമായി നവമാധ്യമങ്ങൾ മാറിയിട്ടുണ്ട്. മലയാളികൾ ആശയവിനിമയം

 ISSN No: 3049-0316 

നടത്താൻ വേണ്ടി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മാധ്യമം വാട്സ്ആപ്പാണ്. ഒരുകാലത്ത് സാമൂഹ്യ മാധ്യമ രംഗത്ത് ഏറ്റവും ജനപ്രിയമായ ഫേസ്ബുക്ക് ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതു കാണാം. അതേ സമയം ഇൻസ്റ്റാഗ്രാം ഇടങ്ങളുടെ വ്യാപ്തി വർധിക്കുകയും ജനകീയമാവുകയും ചെയ്തു.

മനുഷ്യരുടെ സാമൂഹ്യ ഇടപെടൽ ഏറ്റവും ശക്തമായി നടക്കുന്നത് നവ മാധ്യമങ്ങളിലൂടെയാണ്. നവ മാധ്യമ രംഗത്ത് വാട്സാപ്പിന് പ്രചാരം കൂടിയത് അത് ഉപയോഗിക്കാൻ വളരെ എളുപ്പമായതുകൊണ്ടാണ്. കുറഞ്ഞ നെറ്റ് വർക്കിൽ എവിടെനിന്നും ആശയവിനിമയം നടത്താം എന്ന ഗുണം വാട്സ്ആപ്പിനുണ്ട്. നിരക്ഷരരായവർക്കും വളരെ എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കുന്ന മാധ്യമമാണ് വാട്സ്ആപ്പ്. ഓഡിയോ, വീഡിയോ രൂപത്തിൽ സന്ദേശങ്ങൾ അയക്കാൻ സാധിക്കുന്നതുകൊണ്ട് ഏതൊരാൾക്കും അനായാസം വാട്സ്ആപ്പ് ഉപയോഗിക്കാൻ കഴിയും. ഫേസ്ബുക്കും എസ്എംഎസുമെല്ലാം ഒരുകാലത്ത് വളരെ പ്രചാരമുള്ളതായിരുന്നെങ്കിലും വാട്സ്ആപ്പിന്റെ കടന്നുവരവ് അവയുടെ പ്രചാരം കുറച്ചു. എന്നാലും, ഫേസ്ബുക്കിന് ഇന്നും വലിയൊരു സ്വാധീനം മാധ്യമരംഗത്തുണ്ട്. സാമൂഹ്യപ്രശ്നങ്ങളും മറ്റും ചർച്ച ചെയ്യുന്ന ഒരു പൊതുഇടമായി ഫേസ്ബുക്ക് നിലകൊള്ളുന്നു. വാട്സ്ആപ്പും ഇൻസ്റ്റഗ്രാമും സ്വകാര്യതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന മാധ്യമമാണ്. മനുഷ്യരുടെ മനോഭാവത്തിനനുസരിച്ച് മാധ്യമങ്ങളുടെ ഉപയോഗത്തിലും മാറ്റങ്ങൾ ഉണ്ടാകും. ഉള്ളടക്കത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ വിനിമയം ചെയ്യാനാണ് എല്ലാ മാധ്യമങ്ങളും ശ്രമിക്കുന്നത്. പരമ്പരാഗത മാധ്യമങ്ങൾക്ക് എല്ലാത്തരം ഉള്ളടക്കങ്ങളും വിനിമയം ചെയ്യാനാവില്ല. എന്നാൽ, നവമാധ്യമങ്ങൾക്ക് ഇത് സാധ്യമാണ്.

പരമ്പരാഗത മാധ്യമങ്ങൾക്ക് നൽകാനാവാത്ത സൗകര്യങ്ങൾ നവ മാധ്യമങ്ങൾ നൽകുന്നു. വിവരത്തിനും വിജ്ഞാനത്തിനും പ്രാമുഖ്യം കൽപ്പിക്കുന്ന സാമൂഹിക സാഹചര്യത്തിൽ അത് പ്രസക്തവും പ്രധാനവുമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. നവമാധ്യമങ്ങളെയും അതിലെ വ്യവഹാരരൂപങ്ങളെയും സംബന്ധിക്കുന്ന ശ്രദ്ധേയമായ ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

- ക്രിയാത്മകമായ പങ്കാളിത്തം.
- വിവരങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും ഉപഭോഗത്തിലും ജനാധിപത്യം വാഗ്ദാനം ചെയ്യുന്നു.
- നിയമങ്ങളുടെ വ്യവസ്ഥപ്പെടുത്തലില്ലാതെ വിവരങ്ങൾ നൽകുന്നു.
- മനുഷ്യാദ്ധ്വാനത്തെ യന്ത്രവൽകരിക്കുന്നു.
- അതിർത്തികളെ മാച്ചുകളയുന്നു.
- ആഗോളവൽകരണത്തെ ശക്തിപ്പെടുത്തുന്നു.
- തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നു.
- കേന്ദ്രീകരണത്തെ ചെറുക്കുന്നു.
- സ്ഥലപരിമിതിയെ മറികടക്കുന്നു.
- കൂട്ടായ്മകളുണ്ടാക്കുന്നു.
- പുതുമയുള്ള അനുഭവങ്ങൾ നൽകുന്നു.
- കൂടുതൽ സുതാര്യമാകുന്നു.
- സാമൂഹിക ബന്ധങ്ങളെ പ്രോൽസാഹിപ്പിക്കുന്നു, സംതൃപ്തി നൽകുന്നു.
- വിനോദിപ്പിക്കുന്നു.
- ഏകാന്തതയ്ക്ക് വിരാമമാകുന്നു.
- നിരന്തരം വളരുന്നു.
- മാധ്യമവും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ മാറ്റം കൊണ്ടുവരുന്നു.
- പരമ്പരാഗത മാധ്യമസങ്കല്പത്തെ മറികടക്കുന്നു.
- വേഗത്തിലുള്ള പ്രവർത്തനം.
- ആശയവിനിമയം ലളിതമാക്കുന്നു.
- എല്ലാവരുടെയും പങ്കാളിത്തം.

- സാമൂഹികവൽക്കരണം സാധ്യമാക്കുന്നു.
- സർഗ്ഗാത്മകത വളർത്തുന്നു.
- സ്വതന്ത്രമായ ആവിഷ്കാര ഇടങ്ങൾ സൃഷ്ടിക്കുന്നു.

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ സാങ്കേതികവിദ്യ മനുഷ്യരുടെ ആശയവിനിമയ രീതിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. പ്രത്യേകിച്ച് നവമാധ്യമങ്ങളുടെ വളർച്ച ഭാഷയുടെ ഉപയോഗത്തെയും രൂപത്തെയും ആഴത്തിൽ സ്വാധീനിക്കുന്നു. സ്മാർട്ട്ഫോണുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, തൽക്ഷണ സന്ദേശമയയ്ക്കൽ സംവിധാനങ്ങൾ, ഡിജിറ്റൽ ആശയവിനിമയ ഉപകരണങ്ങൾ എന്നിവയുടെ വ്യാപനം ഭാഷാപ്രയോഗത്തിൽ പുതിയ രീതികളും ശൈലികളും രൂപപ്പെടുത്താൻ ഇടയാക്കി. ഇതിലൂടെ ഭാഷയുടെ രൂപത്തിലും ആശയവിനിമയ രീതികളിലും സാംസ്കാരിക ഇടപെടലുകളിലും ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചു. മുൻപ് സാങ്കേതികമേഖലകളിൽ പ്രധാനമായും ഇംഗ്ലീഷ് ഭാഷയ്ക്കാണ് മേൽക്കോയ്മ ഉണ്ടായിരുന്നത്. കമ്പ്യൂട്ടറുകളും ഇന്റർനെറ്റും ആരംഭിച്ച കാലഘട്ടത്തിൽ ഡിജിറ്റൽ ഉള്ളടക്കത്തിന്റെ ഭൂരിഭാഗവും ഇംഗ്ലീഷിലായിരുന്നു. എന്നാൽ നവമാധ്യമങ്ങളുടെ വ്യാപനവും ആഗോളീകരണവും ഈ അവസ്ഥയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇന്ന് ലോകത്തിലെ പ്രധാന ഭാഷകളെല്ലാം തന്നെ ഡിജിറ്റൽ ലോകത്ത് സജീവമായി ഉപയോഗിക്കപ്പെടുന്നു. ഭൂമിശാസ്ത്രപരമായ അകലം ഇന്ന് ആശയവിനിമയത്തിനു വലിയ തടസ്സമല്ല. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, സന്ദേശമയയ്ക്കൽ ആപ്പുകൾ, വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ എന്നിവയുടെ സഹായത്തോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആളുകൾക്ക് ഒരേ സമയം ആശയവിനിമയം നടത്താൻ സാധിക്കുന്നു. ഉദാഹരണമായി ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ്, ടെലഗ്രാം, സൂം എന്നിവ ഇന്ന് ലോകമെമ്പാടുമുള്ള ആളുകളെ ബന്ധിപ്പിക്കുന്ന പ്രധാന ആശയവിനിമയ ഉപകരണങ്ങളാണ്. ഈ പ്ലാറ്റ്ഫോമുകൾ വിവിധ ഭാഷകളിലുള്ള ആളുകൾക്ക് പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കാനുള്ള അവസരം ഒരുക്കുന്നുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യ ഭാഷാ പഠനത്തിനും വലിയ സഹായമാണ്.  ഓൺലൈൻ പഠന പ്ലാറ്റ്ഫോമുകളും ഭാഷാ പഠന ആപ്പുകളും ഭാഷയെ കൂടുതൽ ലളിതമായി പഠിക്കാൻ സഹായിക്കുന്നു. ഉദാഹരണമായി ഡ്യുവോലിംഗോ, ബാബെൽ, മെംറൈസ് പോലുള്ള ആപ്പുകൾ ലോകത്തിലെ വിവിധ ഭാഷകൾ പഠിക്കാൻ സഹായിക്കുന്നു. ഈ ആപ്പുകൾ ഗെയിം അടിസ്ഥാനത്തിലുള്ള പഠനരീതികൾ ഉപയോഗിക്കുന്നതിനാൽ പഠനം കൂടുതൽ ആകർഷകമാകുന്നു. കൂടാതെ യൂട്യൂബ്, ഓൺലൈൻ കോഴ്സുകൾ തുടങ്ങിയവയും ഭാഷാപഠനത്തെ കൂടുതൽ ജനപ്രിയമാക്കി. നവമാധ്യമങ്ങളുടെ വളർച്ച ഭാഷയിൽ നിരവധി പുതിയ വാക്കുകളും പദപ്രയോഗങ്ങളും സൃഷ്ടിച്ചു. ഡിജിറ്റൽ സംസ്കാരത്തിന്റെ ഭാഗമായി "സെൽഫി", "ഹാഷ്ടാഗ്", "വൈറൽ", "ട്രെൻഡിംഗ്", "ഇൻഫോഡെമിക്" തുടങ്ങിയ പദങ്ങൾ ഇന്ന് സാധാരണമായി ഉപയോഗിക്കപ്പെടുന്നു. മലയാളത്തിലേക്കും ഈ വാക്കുകൾ വിവിധ രീതികളിൽ പ്രവേശിച്ചിട്ടുണ്ട്. ഉദാഹരണത്തിന് "സെൽഫി എടുക്കുക", "പോസ്റ്റ് ചെയ്യുക", "ട്രെൻഡിങ് ആകുക" എന്നീ പ്രയോഗങ്ങൾ ഇന്ന് സാധാരണ സംഭാഷണങ്ങളിലും കാണാം.

ടെക്സ്റ്റ് ടു സ്പീച്ച് (Text-to-Speech) സംവിധാനങ്ങൾ എഴുത്തിനെ ശബ്ദരൂപത്തിൽ അവതരിപ്പിക്കുന്നു. അതുപോലെ സ്പീച്ച് ടു ടെക്സ്റ്റ് (Speech-to-Text) സംവിധാനങ്ങൾ സംസാരത്തെ എഴുത്തായി മാറ്റുന്നു. ഈ സാങ്കേതികവിദ്യകൾ കാഴ്ചവൈകല്യമുള്ളവർക്കും കേൾവി പ്രശ്നങ്ങളുള്ളവർക്കും ആശയവിനിമയം നടത്താൻ വലിയ സഹായമാണ്. അതിലൂടെ ഭാഷയുടെ ഉൾക്കൊള്ളുന്ന സ്വഭാവം കൂടുതൽ ശക്തമാകുന്നു. നവമാധ്യമങ്ങളിൽ ചുരുക്കെഴുത്തുകൾ, ചുരുക്കങ്ങൾ, ഇമോജികൾ എന്നിവ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. "LOL", "OMG", "BTW", "TNX", "GDN" പോലുള്ള ചുരുക്കങ്ങൾ ഇംഗ്ലീഷിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. മലയാളത്തിലും പല വാക്കുകൾ ചുരുക്കി ഉപയോഗിക്കുന്ന പ്രവണത വർധിച്ചു വരുന്നു. ഇത് ആശയവിനിമയം വേഗത്തിലാക്കുന്നുവെങ്കിലും ചിലപ്പോൾ ഭാഷയുടെ ഔപചാരികതയും സങ്കീർണ്ണതയും കുറയാൻ കാരണമാകാം. ആഗോളവൽക്കരണത്തിന്റെ ഫലമായി ചില പ്രധാന ഭാഷകൾ കൂടുതൽ ശക്തിപ്രാപിക്കുകയും പ്രാദേശിക, ന്യൂനപക്ഷ ഭാഷകൾക്ക് വെല്ലുവിളികൾ ഉയരുകയും ചെയ്യുന്നു. പല ന്യൂനപക്ഷ ഭാഷകൾക്കും നിലനിൽപ്പിന് ഭീഷണിയുണ്ടാകുന്നത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്.

ഡിജിറ്റൽ ഉപകരണങ്ങളിൽ ലഭ്യമായ സ്പെൽ ചെക്ക്, ഓട്ടോ കറക്ട് തുടങ്ങിയ സംവിധാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് വ്യക്തികളുടെ ലേഖന കഴിവുകളെ ബാധിക്കുന്നുണ്ട്. പലരും സ്വയം ചിന്തിച്ച് എഴുതുന്നതിന് പകരം സാങ്കേതിക സംവിധാനങ്ങളെ ആശ്രയിക്കുന്ന പ്രവണത വർധിച്ചുവരുന്നു. വിവിധ

 ISSN No: 3049-0316 

ഭാഷകൾ ഒരുമിച്ച് ഉപയോഗിക്കുന്ന പ്രവണത നവമാധ്യമങ്ങളിൽ വർധിച്ചു. ഇതിനെ കോഡ്-മിക്സിംഗ് എന്ന് വിളിക്കുന്നു. മലയാളവും ഇംഗ്ലീഷും ചേർന്ന "മംഗ്ലീഷ്" ഇതിന്റെ ഉദാഹരണമാണ്.

"ഇന്ന് മീറ്റിംഗ് ഉണ്ടോ?"

"നാളെ ക്ലാസ് ഓൺലൈൻ ആണോ?" പോലുള്ള വാക്യങ്ങൾ ഡിജിറ്റൽ ആശയവിനിമയത്തിൽ സാധാരണമാണ്.

കൃത്രിമ ബുദ്ധി ഭാഷയുടെ എല്ലാ മേഖലയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യഭാഷ മനസ്സിലാക്കാനും വിശകലനം ചെയ്യാനും സൃഷ്ടിക്കാനും പ്രോസസ്സ് ചെയ്യാനും യന്ത്രങ്ങളെ പ്രാപ്തമാക്കുന്നതിലൂടെ ആശയവിനിമയത്തിന് പുതിയ സാധ്യതകൾ തുറക്കപ്പെടുന്നു. എഐയുടെ സഹായത്തോടെ ഇന്ന് വിവിധ ഭാഷകൾ തമ്മിൽ തത്സമയം വിവർത്തനം ചെയ്യാൻ സാധിക്കുന്നു. ഗൂഗിൾ ട്രാൻസ്ലേറ്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഒരു ഭാഷയിൽ എഴുതിയ ഉള്ളടക്കം മറ്റൊരു ഭാഷയിലേക്ക് ഉടൻ വിവർത്തനം ചെയ്യാം. ദൈർഘ്യമേറിയ പ്രമാണങ്ങൾ സംഗ്രഹിക്കാനും പ്രധാന ആശയങ്ങൾ കണ്ടെത്താനും എ.ഐ സാങ്കേതിക വിദ്യ സഹായിക്കുന്നു. ഗവേഷണപ്രബന്ധങ്ങൾ, വാർത്തകൾ, റിപ്പോർട്ടുകൾ എന്നിവയിലെ പ്രധാന വിവരങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാൻ ഇതിലൂടെ സാധിക്കും. എ.ഐ. അടിസ്ഥാനമാക്കിയുള്ള ചാറ്റ്ബോട്ടുകളും വെർച്വൽ അസിസ്റ്റന്റുകളും ഉപയോക്താക്കളുടെ ചോദ്യങ്ങൾ മനസ്സിലാക്കി ഉടൻ പ്രതികരിക്കാൻ കഴിവുള്ളവയാണ്. ഉപഭോക്തൃ സേവനം, ബാങ്കിംഗ്, ഇ-കൊമേഴ്സ് തുടങ്ങിയ മേഖലകളിൽ ഇവ വ്യാപകമായി ഉപയോഗിക്കുന്നു.

സാങ്കേതികവിദ്യയുടെ ആവിർഭാവം ഭാഷയെ സാരമായി ബാധിക്കുന്നു. സ്മാർട്ട്ഫോണുകൾ, സോഷ്യൽ മീഡിയ, തൽക്ഷണ സന്ദേശമയയ്ക്കൽ ആപ്പുകൾ എന്നിവയുടെ വ്യാപനം ഭാഷാ ഉപയോഗത്തെ മാറ്റി മറിക്കുകയും പുതിയ രൂപങ്ങളും ശൈലികളും മാനദണ്ഡങ്ങളും സൃഷ്ടിക്കുകയും ചെയ്തു. ഒരുകാലത്ത് ഇംഗ്ലീഷ് ഭാഷ മാത്രമായിരുന്നു സാങ്കേതികതലത്തിൽ ഉപയോഗിച്ചിരുന്നത്. നവമാധ്യമങ്ങളുടെ വളർച്ചയും ആഗോളീകരണവും അതിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ലോകത്തുള്ള എല്ലാ പ്രധാന ഭാഷകളും ഇന്ന് സാങ്കേതിക ഇടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഇത് ആശയവിനിമയത്തെ കൂടുതൽ സുഖകരമാക്കുകയും ഭാഷയുടെ വികാസം സാധ്യമാക്കുകയും ചെയ്തു. സാങ്കേതികവിദ്യ ഭൂമിശാസ്ത്രപരമായ വിടവുകൾ നികത്തി, ഭാഷകളിലും സംസ്കാരങ്ങളിലും ആശയവിനിമയം സാധ്യമാക്കുന്നു. സോഷ്യൽ മീഡിയ ഇടങ്ങൾ, സന്ദേശമയയ്ക്കൽ ആപ്പുകൾ, വീഡിയോ കോൺഫറൻസിംഗ് ടൂളുകൾ എന്നിവ ആഗോള ഇടപെടലുകൾ സുഗമമാക്കുന്നു. ഭാഷയെ അടിസ്ഥാനമാക്കി പുതിയ ഉള്ളടക്കങ്ങൾ സൃഷ്ടിക്കാൻ എ.ഐ ക്ക് സാധിക്കും. ലേഖനങ്ങൾ, കഥകൾ, റിപ്പോർട്ടുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിൽ എ.ഐ ഉപകരണങ്ങൾ സഹായിക്കുന്നു. മനുഷ്യഭാഷയെ കമ്പ്യൂട്ടറുകൾക്ക് മനസ്സിലാക്കാൻ സഹായിക്കുന്ന കൃത്രിമബുദ്ധിയുടെ പ്രധാന ഉപവിഭാഗമാണ് നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്. മെഷീൻ വിവർത്തനം, വാചക വിശകലനം, ചോദ്യോത്തര സംവിധാനങ്ങൾ എന്നിവയിൽ ഇത് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ന്യൂറൽ നെറ്റ്‌വർക്കുകൾ അടിസ്ഥാനമാക്കിയുള്ള ആഴത്തിലുള്ള പഠന സാങ്കേതികവിദ്യയാണ് ഡീപ് ലേണിംഗ്. ഭാഷാ മോഡലിംഗ്, മെഷീൻ വിവർത്തനം, ടെക്സ്റ്റ് ക്ലാസിഫിക്കേഷൻ തുടങ്ങിയ മേഖലകളിൽ ഇത് പ്രധാന പങ്കുവഹിക്കുന്നു. ഡാറ്റയിൽ നിന്നുള്ള മാതൃകകൾ പഠിച്ച് തീരുമാനങ്ങൾ എടുക്കുന്ന സാങ്കേതികവിദ്യയാണ് മെഷീൻ ലേണിംഗ്. സെന്റിമെന്റ് അനാലിസിസ്, എന്റിറ്റി റെക്കഗ്നിഷൻ, ഭാഷാ മോഡലിംഗ് തുടങ്ങിയ ഭാഷാ പ്രോസസ്സിംഗ് ജോലികളിൽ ഇത് വ്യാപകമാണ്. ഭാവിയിൽ ഭാഷാ വിവർത്തനം കൂടുതൽ കൃത്യതയോടെ നടക്കും. ഡിജിറ്റൽ ആശയവിനിമയം കൂടുതൽ സ്വാഭാവികമാകും. കൂടാതെ പ്രാദേശിക ഭാഷകൾക്കും ഡിജിറ്റൽ ലോകത്ത് കൂടുതൽ പ്രാധാന്യം ലഭിക്കാനുള്ള സാധ്യതയുണ്ട്.

**ഉപസംഹാരം**

നവ സാങ്കേതികതയുടെ വളർച്ച മലയാള ഭാഷാവ്യവഹാരങ്ങളെ നിർണ്ണായകമായ വഴിത്തിരിവിലേക്കാണ് നയിച്ചിരിക്കുന്നത്. ഭാഷയുടെ പൂർവ്വധാരണങ്ങൾ പുനഃസൃഷ്ടിക്കപ്പെടുകയും ഭാഷയ്ക്കും സംസ്കാരത്തിനും പുതിയ ദിശയും സാധ്യതകളും ലഭിക്കുകയും ചെയ്തു. വാമൊഴിയിൽനിന്ന് എഴുത്തിലേക്കും അച്ചടിയിലേക്കും, പിന്നീട് ഡിജിറ്റൽ ലോകത്തേക്കുമുള്ള പരിണാമം സാങ്കേതികതയുടെ സഹായത്തോടെയാണ് സാധ്യമായത്. വിവരസാങ്കേതികവിദ്യയുടെ വ്യാപനവും കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ തുടങ്ങിയ ഉപകരണങ്ങളുടെ ഉപയോഗവും നവസാക്ഷരതയെ ഉയർത്തുകയും ആശയവിനിമയത്തെ ലളിതവും വ്യാപകവുമാക്കുകയും ചെയ്തു. നവമാധ്യമ

ങ്ങൾ ഭാഷയുടെ പ്രയോഗത്തിൽ ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ലിപിവ്യവസ്ഥയിൽ ലളിതവൽക്കരണം സംഭവിക്കുകയും ഉച്ചാരണാധിഷ്ഠിതമായ എഴുത്തുരീതികൾ പ്രചാരത്തിലാകുകയും ചെയ്തു. ഇംഗ്ലീഷും മലയാളവും കലർന്ന "മംഗ്ലീഷ്" ശൈലി വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ചുരുക്കെഴുത്തുകൾ, ഇമോജികൾ, ചിഹ്നങ്ങൾ എന്നിവ ഭാഷാപദങ്ങൾക്കു പകരമായി വരികയും ആശയവിനിമയത്തെ കൂടുതൽ വേഗത്തിലും ദൃശ്യാത്മകമായും മാറ്റുകയും ചെയ്തു. വ്യാകരണശുദ്ധിയേക്കാൾ ആശയവിനിമയത്തിന്റെ വേഗത്തിനും ലാളിത്യത്തിനും പ്രാധാന്യം നൽകുന്ന പ്രവണതയും ശക്തിപ്പെട്ടിട്ടുണ്ട്. പ്രാദേശികഭാഷാശൈലികൾക്കും പ്രാധാന്യം ലഭിച്ചതോടെ ഭാഷ കൂടുതൽ വൈവിധ്യമാർന്ന രൂപത്തിൽ പ്രവർത്തിക്കുന്നു. ഇതിലൂടെ എഴുത്തും വായനയും ജനാധിപത്യസ്വഭാവം കൈവരിച്ചു.

## ഗ്രന്ഥസൂചി

1. അച്യുത്ശങ്കർ എസ്. നായർ, ഇന്റർനെറ്റ്, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997
2. അച്യുത്ശങ്കർ എസ്. നായർ, ഇൻഫർമേഷൻ ടെക്നോളജി, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.
3. ആദർശ് വി.കെ, ഇനി വായന ഇ-വായന, കോട്ടയം, ഡി.സി. ബുക്സ്, 2009
4. ആദർശ് വി.കെ, വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015
5. ഉണ്ണികൃഷ്ണൻ എ.എം. (എഡിറ്റർ), മലയാളഭാഷാപഠനം, കോട്ടയം, കറന്റ് ബുക്സ്, 2019
6. ഗോവി കെ.എം, ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും, തൃശ്ശൂർ, കേരളസാഹിത്യ അക്കാദമി, 1998
7. ജയരാജ് എം, മലയാള അച്ചടി മാധ്യമം ഭൂതവും വർത്തമാനവും, കോഴിക്കോട്, മാതൃഭൂമി ബുക്സ് – 2013
8. മുഹമ്മദ് ബാസിൽ, നവസാങ്കേതികതയും മലയാള ഭാഷാവ്യവഹാരങ്ങളും, റീഡേഴ്സ് നെറ്റ്‌വർക്ക്, കോഴിക്കോട്, 2024
9. മനോജ് ജെ. പാലക്കുടി, മലയാള സൈബർ സാഹിത്യം, തൃശ്ശൂർ, ഗ്രീൻ ബുക്സ്, 2018
10. സുനീത ടി.വി, ഇ. മലയാളം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014
11. സുനീത ടി.വി. സൈബർ മലയാളം (എഡിറ്റർ), തൃശ്ശൂർ, കറന്റ് ബുക്സ്, 2009
12. സ്മിത കെ. നായർ, മലയാളം കമ്പ്യൂട്ടിംഗ് പരിമിതികളും സാധ്യതകളും (സമ്പാദനം പഠനം), തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2019

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ഗോത്ര ജീവിതത്തിന്റെ ആഖ്യാനപരിസരങ്ങൾ: സമകാലീക മലയാള നോവലിൽ



അമൃത കെ.ജി.*

**സംഗ്രഹം**

നിരവധിയായ പുതുക്കലുകളും പ്രമേയ വൈവിധ്യങ്ങളും കൊണ്ട് സമ്പന്നമാണ് നോവൽ എന്ന സാഹിത്യ രൂപം. വിഷയ സ്വീകരണത്തിലെ പുതുമയും, രചനാ സങ്കേതത്തിലെ പുതു മാർഗ്ഗങ്ങളും നോവൽ എന്ന സാഹിത്യരൂപത്തെ ജനപ്രിയമാക്കി. സവർണ്ണജീവിതത്തിന്റെ വിശദാംശങ്ങളുമായി തുടങ്ങിയ മലയാള നോവൽ ഇന്ന് അരികുവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെക്കൂടി ഉൾച്ചേർക്കുവാനുള്ള കരുത്ത് നേടിയിരിക്കുന്നു. "ഗോത്ര ജീവിതത്തിന്റെ ആഖ്യാനപരിസരങ്ങൾ: സമകാലിക മലയാള നോവലിൽ' എന്ന ഈ പ്രബന്ധം 2015 ന ശേഷം ഇറങ്ങിയ അഞ്ചു മലയാള നോവലുകളെ പഠനവിധേയമാക്കുന്നു. ഷീലാ ടോമിയുടെ വല്ലി, ബാലൻ വേങ്ങരയുടെ നദികളാകാൻ ക്ഷണിക്കുന്നു, ഷബിതയുടെ അരുന്ധക്കനി, വാസുദേവൻ ചീക്കല്ലൂരിന്റെ മെലി ആട്ട്, ജോഷിലിന്റെ കാടിറക്കം എന്നിവയാണ് പ്രസ്തുത നോവലുകൾ. തിരഞ്ഞെടുത്ത അഞ്ചു നോവലിന്റെയും രചനാ പരിസരം വയനാട് ആണ് എന്നത് പൊതുവായ സവിശേഷതയാണ്. ആധുനികാനന്തര കാലത്തെ അഭിസംബോധന ചെയ്യുന്ന പ്രസ്തുത നോവലുകളുടെ ആഖ്യാന തന്ത്രങ്ങൾ എപ്രകാരമാണ് ഗോത്രജീവിതത്തെ അടയാളപ്പെടുത്തുന്നത്, പ്രതിരോധ മാർഗ്ഗമായി നോവലുകൾ മാറുന്നുണ്ടോ?, ഗോത്രജീവിതമുദ്രകളെ നോവൽ ശരീരത്തിനകത്ത് എങ്ങനെ സന്നിവേശിപ്പിച്ചിരിക്കുന്നു, ഗോത്രഭാഷയെയും അവരുടെ ലോകവീക്ഷണത്തെയും ആഖ്യാനം ചെയ്യുന്നതിൽ പഠന വിധേയമാക്കുന്ന നോവലുകൾ വിജയിച്ചിട്ടുണ്ടോ? ആദ്യകാല നോവലുകളിൽ നിന്ന് പ്രസ്തുത നോവലുകൾ എങ്ങനെയെല്ലാം വേറിട്ടു നിൽക്കുന്നു തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പ്രബന്ധം മുന്നോട്ട് വയ്ക്കുന്നത്.

**താക്കോൽ വാക്കുകൾ:** ഗോത്രം, ആഖ്യാനം, പ്രമേയം

## ആമുഖം

നിരന്തരമായ രൂപപരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാഹിത്യരൂപമാണ് നോവൽ. കാലഘട്ടത്തിന്റെ മാറ്റങ്ങളെ അവതരിപ്പിക്കുന്ന വ്യവഹാര രൂപം കൂടിയായി നോവൽ സമീപകാലത്തു മാറിയിട്ടുണ്ട്. നോവലിന്റെ ഭാഷയും, പ്രമേയവും, ആഖ്യാന ശൈലിയും മൊത്തത്തിൽ

* Research Scholar, Gov. Arts & Science College Kozhikode. Mob: 9074605592

പുതുക്കിയെഴുതിക്കൊണ്ടിരിക്കുകയാണ്. ആധുനികാനന്തര കാലത്തെ നോവലുകളിലാണ് ഈ മാറ്റങ്ങളെല്ലാം സജീവമായി തുടങ്ങിയത്.

ഒരു സമൂഹത്തിന്റെ വൈകാരിക ചരിത്രമാണ് നോവൽ. സമൂഹ സ്മരണയാണത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നോവലിനെ സംബന്ധിച്ചും ഇതു ശരിയാണ്. നോവൽ ചരിത്രത്തിന്റെ അബോധമാണ് എന്ന് ഇന്നത്തെ നോവലുകളെ നോക്കി പറയാം. ഒരു ചരിത്ര ഘട്ടത്തിന്റെ വൈകാരിക ഘടന നോവലിലുണ്ടാകും. പഴയ മട്ടിലുള്ള ചരിത്രനോവലല്ല അത്. ചരിത്രത്തിന്റെ പുറന്തോട്ടുകൾ പൊട്ടിച്ചു കളഞ്ഞ് ചരിത്രത്തിന്റെ അബോധത്തിൽ ഉറഞ്ഞു കൂടിയ സങ്കീർണ്ണവും ആഴമേറിയതുമായ യാഥാർഥ്യങ്ങളും സൂക്ഷ്മങ്ങളായ രാഷ്ട്രീയ യാതനകളും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു മേൽ വന്നു പതിച്ച ആഘാതങ്ങളുമാണ് നവ നോവലിസ്റ്റുകൾ അവതരിപ്പിക്കുന്നത്. (പ്രസന്നരാജൻ 2023:36)

വിഷയസ്വീകരണത്തിലും ഭാഷയിലും വൈവിധ്യങ്ങളെ ഉൾക്കൊണ്ട് മലയാള നോവലിന്റെ രചനാ പരിസരം വിപുലപ്പെട്ട ആധുനികകാലത്താണ് ഗോത്ര ജനതയുടെ ജീവിതവും സംസ്കാരവും നോവലിന്റെ പ്രധാന വിഷയപരിധിയായി കടന്നുവരുന്നത്. എന്നാൽ അതിനു മുൻപ് ഗോത്ര ജീവിതം പ്രമേയമാക്കി ഒറ്റ നോവലുകളും ഇറങ്ങിയിട്ടില്ല എന്നല്ല ഇപ്പറഞ്ഞതിനർഥം. ഗോത്ര ജീവിതം പ്രമേയമായി ഇറങ്ങിയ ആദ്യ നോവൽ യു. എ ഖാദറിന്റെ വള്ളൂരമ്മയായിരുന്നു. അതിനുശേഷം പി വത്സലയും, മലയാറ്റൂർ രാമകൃഷ്ണനും, കെ ജെ ബേബിയും ഈ മേഖലയിലേക്ക് ശ്രദ്ധ തിരിച്ചവരാണ്. അക്കാലം വരെ സാഹിത്യ മേഖലയ്ക്ക് അപരിചിതമായ വിഷയത്തെ അവതരിപ്പിച്ചു എന്ന നിലയിൽ ഇവർ പ്രാധാന്യമർഹിക്കുന്നു. ഇക്കൂട്ടത്തിൽ വ്യത്യസ്തനാണ് നാരായൻ. സ്വസമുദായത്തെ കുറിച്ച് അനുഭവത്തിന്റെ വെളിച്ചത്തിലെഴുതുന്നു എന്നതാണ് നാരായന്റെ സവിശേഷത.

ഈ നോവലുകൾക്കെല്ലാം ശേഷം അടുത്ത ഘട്ടത്തിലാണ് ബാലൻ വേങ്ങരയുടെ നദികളാകാൻ ക്ഷണിക്കുന്നു, കെ ഷബിതയുടെ അരുന്ധക്കനി, വാസുദേവൻ ചീക്കല്ലൂരിന്റെ മെലി ആട്ടു, ഷീല ടോമിയുടെ വല്ലി, ജോഷിലിന്റെ കാടിറക്കം എന്നീ നോവലുകൾ പുറത്തിറങ്ങിയത്. ഏറെക്കുറെ സമാനകാലഘട്ടത്തിലിറങ്ങിയ ഈ നോവലുകൾ ഗോത്ര ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളെ അവതരിപ്പിക്കുന്നു.

വയനാട്ടിലെ ഗോത്രജനതയുടെ സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളെയാണ് പ്രസ്തുത നോവലുകൾ അവതരിപ്പിക്കുന്നത്. സവിശേഷമായ ഒരു സംസ്കാരത്തെ അവതരിപ്പിക്കുന്നു എന്നതിനോടൊപ്പം ഒരു പ്രദേശത്തിന്റെ ചരിത്രം കൂടി അവതരിപ്പിക്കുവാൻ നോവലുകൾക്കാവുന്നുണ്ട്. പലതരത്തിലുള്ള കയ്യേറ്റങ്ങളുടെ ഫലമായി അരികുവൽക്കരിക്കപ്പെട്ടു പോയ ഒരു ജനതയുടെ ജീവിതമാണ് നോവലുകൾ പ്രധാനമായും അവതരിപ്പിക്കുന്നത്. ഗോത്ര ജനതയുടെ സ്വത്വത്തെ രേഖപ്പെടുത്തുന്ന നോവലുകളാണിവ.

നോവലിന്റെ പ്രമേയപരിസരത്തിൽ വിവിധങ്ങളായ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നുണ്ട് സമകാലിക കാലത്തെ നോവലിസ്റ്റുകൾ. സങ്കീർണ്ണവും ആഴമേറിയതുമായ യാഥാർഥ്യങ്ങളും സൂക്ഷ്മമായ രാഷ്ട്രീയ യാതനകളും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു മേൽ വന്നു പതിച്ച ആഘാതങ്ങളാണ് നവനോവലിസ്റ്റുകൾ അവതരിപ്പിക്കുന്നത് (പ്രസന്നരാജൻ 2023:36) സമൂഹത്തിന്റെ വിവിധ തുറയിലുള്ള ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സാഹിത്യരൂപങ്ങൾ ഈ കാലയളവിലുണ്ടായി. അരികുവൽക്കരിക്കപ്പെട്ടവരുടെയും, പീഡിതരുടെയും ശബ്ദങ്ങൾ പകർത്തുവാനുള്ള കരുത്ത് നോവൽ നേടിയെടുത്തത് ഈ കാലഘട്ടത്തിലാണ്.

വാമൊഴിയായി പകർന്നുകിട്ടിയ മിത്തുകളും ഐതിഹ്യങ്ങളുമെല്ലാം നോവലിൽ കടന്നുവരുന്നുണ്ട്. ഗോത്രജനതയുടെ ജീവിതത്തിനു നേരെയുള്ള തുറന്നെഴുത്താണ് ഇവിടെ പഠന വിധേയമാക്കിയ നോവലുകളുടെ ഒരു പൊതു സവിശേഷത.

### തമസ്കരിക്കപ്പെടുന്നവരെ കുറിച്ചെഴുതുമ്പോൾ

തങ്ങളുടേതായ ജീവിതരീതികളും ആചാരക്രമങ്ങളും പാലിച്ചുപോരുന്നവരാണ് ഗോത്ര ജനവിഭാഗങ്ങൾ. ഓരോ ഗോത്രത്തെയും വ്യത്യസ്തമാക്കുന്ന സവിശേഷമായ ചടങ്ങുകൾ അതാത് ഗോത്ര ജനവിഭാഗത്തിന് കൈമുതലായിട്ടുണ്ട്. ഈ തനിമ അടയാളപ്പെടുത്തുന്നതിൽ ഈ നോവലുകൾ വിജയിച്ചിട്ടുമുണ്ട്.

 ISSN No: 3049-0316 

സ്വസമുദായത്തിന്റെ കഥപറഞ്ഞ് ഇക്കൂട്ടത്തിൽ വ്യത്യസ്തനാവുന്ന വാസുദേവൻ ചീക്കല്ലൂർ. അനുഭവത്തിന്റെ ചൂടു പകർന്നെഴുതിയ 'മെലിആട്ട്' എന്ന നോവൽ പണിയ വിഭാഗത്തിന്റെ ജീവിത ചുറ്റുപാടുകളും ചടങ്ങുകളും വിവരിക്കുന്നു. നിത്യജീവിതത്തിലെ ഓരോ സവിശേഷ മുഹൂർത്തങ്ങളും എങ്ങനെ പരിചരിക്കുന്നു എന്നതിന്റെ വിവരണം കൂടിയാണ് നോവൽ. പണിയരുടെ ചെമ്മിയായ കയമ കുട്ടനാണ് നോവലിലെ കേന്ദ്ര കഥാപാത്രം. തുടർന്നങ്ങോട്ടു നോവലിന്റെ ഗതിയിൽ പണിയ വിഭാഗത്തിന്റെ ഓരോ ചടങ്ങുകളും സസൂക്ഷ്മം വിവരിക്കുന്നതു കാണാം. നോവലിന്റെ ഇതിവൃത്തത്തിനകത്ത് ഏച്ചുകെട്ടലുകൾ ഇല്ലാത്ത വിധം ഗോത്രത്തിനുള്ളിൽ നടക്കുന്ന ചടങ്ങുകളെ വിവരിക്കാൻ നോവലിസ്റ്റിനാവുന്നുണ്ട്. വിവാഹദിവസത്തെ ചടങ്ങുകളിൽ ഒന്നിനെ വിവരിക്കുന്നതിങ്ങനെയാണ്." പെണ്ണിന്റെ വീട്ടിലെ ചെമ്മി നടുക്ക് നെല്ലിട്ട് ചുരുട്ടി കെട്ടിയ പുല്ലിന്റെ ചുരുള നാലെണ്ണം (തിരുവണ) മുറ്റത്ത് കൊണ്ടുവന്നു വച്ചു. ഒരു പാത്രത്തിൽ വെള്ളവും. ചെറുക്കന്റെ വീട്ടിൽ നിന്ന് വന്ന മുന്നായ്ക്കാമരൻ ചെറുക്കനെയും എടുത്തുകൊണ്ടുവന്ന് പുല്ലിൻ ചുരുളയിൽ നിർത്തി. രണ്ടു പേരും മേൽമുണ്ട് കൊണ്ട് മുഖം മറച്ചിരുന്നു. അവരുടെ മുമ്പിൽ വച്ചിട്ടുള്ള പാത്രത്തിലെ വെള്ളം കുറേശ്ശ എടുത്ത് രണ്ടു പേരുടെയും കാൽ തൊട്ട് തലവരെ തൊടുവിച്ച് വെള്ളം അവരെ ഉഴിഞ്ഞ് എറിഞ്ഞു വന്ന കൂടിയ കാരണവരും അമ്മമാരും അതു പോലെ ചെയ്തു. ചെമ്മി അവരുടെ മുഖം മറച്ചിരുന്ന മേൽമുണ്ടിന്റെ ഓരോ അറ്റം പരസ്പരം കൂട്ടി കെട്ടി. അങ്ങനെ അവരെ രണ്ടുപേരെയും ബന്ധിപ്പിച്ചു (വാസുദേവൻ ചീക്കല്ലൂർ 2020: 45).

ഗോത്രത്തിനകത്തെ മറ്റൊരു ചടങ്ങിനെ കുറിച്ചുള്ള വിശദീകരണത്തോടെയാണ് ബാലൻ വേങ്ങരയുടെ നദികളാകാൻ ക്ഷണിക്കുന്നു എന്ന നോവൽ ആരംഭിക്കുന്നത്. ഗർഭിണികൾക്ക് ഉണ്ടായേക്കാവുന്ന അനർഥങ്ങളിൽ നിന്നും ദുഷ്ശക്തികളിൽ നിന്നും രക്ഷിക്കാൻ 'ആട്ടു പാട്ട്' നടത്തുന്ന പതിവ് പണിയ ഗോത്ര വിഭാഗത്തിനുണ്ട്. ആട്ടു കഴിഞ്ഞതിനു ശേഷം സന്ധ്യയോടെ തുടി കൊട്ടി ചുവടുവയ്ക്കാറുണ്ട്. അത്തരം ഒരു ചടങ്ങിനെ വിവരിച്ചു കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്." ഇരുട്ടു വീണതോടെ വെള്ളൻ തുടി കൊട്ടാൻ തുടങ്ങി. കയ്മ കോലുവിളിച്ചു. വെളുമ്പിയും ഒടുക്കത്തിയും കൈകളുയർത്തി മുന്നോട്ട് നീങ്ങി കൂവിയാർത്തു. അവിടവിടെ ചിതറി നിന്ന കറാപ്പിയും വേരിയും വെള്ളകയും മഞ്ഞളയും കൈപിടിച്ചു നിരന്നു നിന്നു. അവർ കഥപറഞ്ഞു പാടി.(ബാലൻ വേങ്ങര 2016 :13) മറ്റൊരു സന്ദർഭത്തിൽ ഈ ചടങ്ങിനെ കുറച്ചു കൂടി വിശദീകരിക്കുന്നുണ്ട് നോവലിസ്റ്റ്. വറുത്ത അരിപ്പൊടിക്കും മഞ്ഞൾ പൊടിക്കുമിടയിൽ നാട്ടിയ പാല കൊമ്പിനടുത്താണ് ഗർഭിണിയിരിക്കേണ്ടത്. അതിനടുത്തായി പുതിയ തോർത്തു മുണ്ടിൽ കുഞ്ഞിന്റെ രൂപമുണ്ടാക്കി നെല്ലു വിരിച്ചതിന്റെ മുകളിൽ കിടത്തും. എന്നിട്ടാണ് ചടങ്ങുകൾ ആരംഭിക്കുന്നത്.

'വാ വാ പുറാവേ കൊന്തൻത്തട്ട പുറ വെ
നീ വരത്തെനെ നാനറിവേ
നീ വരത്തേനെ നീയറിവേ...എന്നിങ്ങനെ പാട്ടു നീണ്ടു പോവും. സൂര്യൻ അസ്തമിക്കുന്നതു വരെ ചിലപ്പോൾ അതു നീണ്ടു പോവാം.

അരികുവൽകൃതജനത്തെക്കുറിച്ച് ഉപരിപ്ലവമായി മാത്രം പറഞ്ഞുപോന്നിരുന്ന കഥയെഴുത്തു രീതി കൾക്കു സംഭവിച്ച മാറ്റമാണ് നോവൽ വായനയിൽ നമുക്ക് കാണാൻ സാധിക്കുന്നത്. ഗോത്ര സ്വത്വത്തെ അനുഭവപ്പെടുത്തി കൊടുക്കുന്ന രചനാതന്ത്രമാണത്. ഗോത്രത്തിനകത്തെ പാട്ടുകളും മറ്റു ചടങ്ങുകളും സൂക്ഷ്മതയോടെ പുതിയകാല നോവലുകൾ അടയാളപ്പെടുത്തുന്നു. ഗോത്രജീവിതത്തിലേക്ക് ആഴത്തിലിറങ്ങിയതിന്റെ സൂചനകൾ ഷീല ടോമിയുടെ 'വല്ലി'എന്ന നോവലിലും കാണാം . പൂർണ്ണമായും ഗോത്ര ജീവിതത്തെ ഉപജീവിച്ചെഴുതിയതല്ലെങ്കിലും ഗോത്ര ജനത നോവലിന്റെ ഒരു ഭാഗമായി കടന്നുവരുന്നുണ്ട്. കുടിയേറ്റ ജനതയുടെ കഥ പറഞ്ഞു തുടങ്ങിയ നോവലിൽ ബസവനും, കേളു മൂപ്പനും, കെമ്പിയും രുക്കവുമെല്ലാം ഗോത്ര ജനതയുടെ ജീവിതം മറനീക്കി പുറത്തു കൊണ്ടുവന്നവരാണ്. വിശാലമായ തങ്ങളുടെ ലോക ബോധത്തെ പ്രതിഫലിപ്പിക്കുന്ന കഥാപാത്രങ്ങളാണിവർ. ഓർക്കാപുറത്ത് പെയ്തിറങ്ങിയ വേനൽ മഴ മണ്ണിനെ തണുപ്പിച്ച് കടന്നുപോയപ്പോൾ കടത്തിണ്ണയിലിരുന്ന കേളു മൂപ്പൻ മനസ്സു നിറഞ്ഞ് ഉറക്കെ പാടി.

പെയ്യുറു പെയ്യുറുമായെ
അടേച്ച കുത്തിയും പെയ്യുറു
ആനെക്കുളിപ്പാണം വൊള്ളം കാണി
കുതിരെക്കുളിപ്പാണം വൊള്ളം കാണി (ഷീല ടോമി 2019:37) എന്നിങ്ങനെയാണ് ആ പാട്ടു നീളുന്നത്. ഭൂമിയിലെ സർവ്വചരാചരങ്ങളെയും ചേർത്തുവയ്ക്കുന്ന ലോക ബോധമാണ് അവരുടേത്.

ISSN No: 3049-0316


നോവലിന്റെ വികാസദശയിൽ ഭാഷയുടെ പല സാധ്യതകളും ഉപയോഗപ്പെടുത്തുന്നതായി കാണാം. നോവലിന്റെ ഭാഷാരീതിയിൽ പല രീതിയിലുള്ള മാറ്റങ്ങൾ പ്രകടമായ കാലഘട്ടമാണിത്. പ്രാദേശിക ഭാഷാഭേദങ്ങളും, വാമൊഴി വഴക്കങ്ങളും ഒഴുക്കോടെ നോവലിൽ കടന്നുവരുന്നു. ഭാഷണങ്ങൾ സ്ഥലത്തിന്റെ പ്രാദേശിക സത്തകളെ പ്രകാശിപ്പിക്കുന്നുണ്ട്. അതിൽ ഘനീഭൃതമായ കാലത്തിന്റെ അടരുകൾ ദൃശ്യമാകുന്നു, മരത്തടിയിൽ അതിന്റെ വളർച്ചയുടെ ചരിത്രം വളയങ്ങളായി എഴുതപ്പെടുന്നതു പോലെ (ഇവി. രാമകൃഷ്ണൻ 2017:240) പ്രാദേശികഭാഷാഭേദങ്ങളും നാട്ടുമൊഴി നോവലിൽ പ്രകടമായതു പോലെ ഗോത്രഭാഷകളുടെ കടന്നുവരവുമുണ്ടായി. ഗോത്ര ജീവിതത്തിലേക്കിറങ്ങി ചെന്നതിന്റെ സൂചന കൂടിയാണീ മാറ്റം.

മെലി ആട്ട എന്ന നോവലിന്റെ ഭൂരിഭാഗവും പണിയ ഭാഷയിൽ എഴുതിയതാണ്. താനൾപ്പെട്ട സ്വന്തം വിഭാഗത്തെക്കുറിച്ചെഴുതുമ്പോൾ തങ്ങളുടേതായ ഭാഷയിൽ പകർത്തുകയാണ് കുറച്ചു കൂടി നല്ലതെന്ന തിരിച്ചറിവിലാണ് നോവലിസ്റ്റ് സ്വന്തം ഭാഷയിൽ രചന നടത്തുന്നത്. അതുകൊണ്ടു തന്നെ പണിയ ഭാഷയുടെ ആത്മാംശം ഉൾക്കൊള്ളാൻ നോവലിനു കഴിയുന്നുണ്ട്. നഷ്ടപ്പെട്ടുപോകുന്ന തങ്ങളുടെ ഭാഷയെ തിരിച്ചു പിടിക്കാനുള്ള ഒരു ശ്രമം കൂടിയാണിത്. "മാമാ നീയു വന്തെയി ഏന്നെ ആത്തെലു നഞ്ചാകുത്തനാനു അങ്കെക്ക വരുവ ഏഞ്ചണ്ടു കുറയെനാളാത്ത വിചാരിക്കിഞ്ചെയി", "എനത്തെ യിവ ആത്തൊ കരുമ്പാ","ഏഞ്ചെലൊ ഒരു പലകെ ഇങ്കട. നാനു ഒരു നായ നോക്കട്ടെ" എന്നിങ്ങനെ നോവലിനകത്ത് ഉദാഹരണങ്ങൾ ധാരാളമായി കാണാം. ഗോത്രഭാഷയുടെ പ്രയോഗങ്ങൾ ജോഷിലിന്റെ കാടിറക്കം എന്ന നോവലിലുമുണ്ട്." നാനു ഹല്ലി ളെ മുതലി, നനഗ് ആറു മക്കളുട്ടദെ, പപ്പനനഗ് മൂറ് മക്ക ഇറദ് " " മുന്താള് ഇരട് മക്ക തിരുവൊത റ്, ഒമ്പ ഓടി ഹോഗ ബിട്ടൈ" എന്നിങ്ങനെ കാട്ടുനായ്ക്ക ഗോത്രഭാഷയാണ് ഈ നോവലിൽ ഉപയോഗിക്കുന്നത്. സംഭാഷണഭാഷയുടെ സാന്നിധ്യം ധാരാളം കടന്നുവരുന്നുണ്ട് ഈ നോവലുകളിൽ. ഏതൊരു ജീവിതത്തെ കുറിച്ചെഴുതുമ്പോഴും ജീവിതത്തിന്റെ വൈവിധ്യങ്ങളെ അവതരിപ്പിക്കുന്നതിനോടൊപ്പം ആ പ്രദേശത്തിന്റെ പ്രാദേശിക ഭാഷാഭേദങ്ങളെയോ, പരാമർശവിധേയമാകുന്ന ജനവിഭാഗങ്ങളുടെ വാമൊഴി വഴക്കങ്ങളെയോ നോവലിൽ അവതരിപ്പിക്കുന്നത് നോവലിനെ കുറച്ചു കൂടി സ്വീകാര്യമാക്കും.

പ്രദേശത്തെയും ഭാഷയെയും അടയാളപ്പെടുത്തുന്നതോടൊപ്പം പരിസ്ഥിതിപ്രശ്നങ്ങൾക്കു നേരെയും ഈ നോവലുകൾ ശ്രദ്ധ തിരിക്കുന്നുണ്ട്. നിലനിൽപ്പിനുവേണ്ടി ഗോത്രജനത നടത്തുന്ന പോരാട്ടങ്ങളിൽ പരിസ്ഥിതിയെക്കൂടി ഉൾച്ചേർക്കുകയാണ് നോവൽ. ഒരു കാലം വരെ ഗോത്രജനത വിഭവശേഖരണത്തിനായി ആശ്രയിച്ചിരുന്നത് കാടിനെത്തന്നെയായിരുന്നു. കാട് കടന്നുകയറ്റമില്ലാതെ നിലനിൽക്കേണ്ടത് തങ്ങളുടെ മാത്രം ആവശ്യമല്ല തലമുറയുടെ കൂടെ ആവശ്യമാണ് എന്ന് മനസ്സിലാക്കിയ ലോകബോധമാണ് ഗോത്ര ജനവിഭാഗത്തിന്റേത്. ഈ വീക്ഷണത്തോടു നീതി പുലർത്തുവാൻ പ്രസ്തുത നോവലുകൾക്കായിട്ടുണ്ട്. ഗോത്രജനതയ്ക്ക് കാടുമായുള്ള ആത്മബന്ധം സൂചിപ്പിക്കുന്ന ധാരാളം സന്ദർഭങ്ങൾ ഈ നോവലുകളിൽ കാണാം. കാടിനകത്ത് പലവിധ കയ്യേറ്റങ്ങൾ നടക്കുമ്പോൾ അതിനെതിരെ മറുശബ്ദമായി മാറാൻ കഴിയുന്നത് നോവലിലെ ഗോത്രവിഭാഗങ്ങൾക്കാണ്. വല്ലിയിലെ ബസവൻ അത്തരമൊരു കഥാപാത്രമാണ്. ഏതേത് മരങ്ങൾ എപ്പോൾ പൂക്കുമെന്നും തളിർക്കുമെന്നും എപ്പോൾ ഇല കൊഴിക്കുമെന്നും ബസവനറിയാം. കിളിക്കൂടുകൾ എവിടെയുണ്ടെന്നും ഒരോ കൂട്ടിലും ഏത് കിളിയെന്നും ഓരോന്നും അടയിരിക്കുന്ന കാലമേതെന്നുമറിയാം. എന്നിങ്ങനെ കാടിന്റെ മുക്കും മൂലയുമറിയുന്ന ബസവനാണ് മരങ്ങൾ കടത്തികൊണ്ടുപോകുന്നവരെ ആദ്യം നേരിടുന്നത്. 'നദികളാകാൻ ക്ഷണിക്കുന്നു' എന്ന നോവലിലേക്ക് എത്തുമ്പോൾ അവിടെ കാവിരിയാണ്പ്രതിഷേധവുമായി വരുന്നത്. ഇരുട്ടിന്റെ മറവിൽ ചന്ദനമരത്തിന്റെ കാതൽ നോക്കി വെട്ടിയറുക്കുന്ന പവിത്രനെ അവൾ ചോദ്യം ചെയ്യുന്നുണ്ട്. തങ്ങൾക്ക് നഷ്ടമായ ഭൂമിയെ പറ്റി അവൾ ഉന്നയിക്കുന്ന ചോദ്യങ്ങളൊക്കെയും വിരൽ ചൂണ്ടുന്നത് ഭൂമി നഷ്ടപ്പെട്ട ഗോത്രവിഭാഗത്തിന്റെ അവസ്ഥയിലേക്കാണ്.

പല രീതിയിലുള്ള തിരിച്ചടികൾ ഗോത്രജീവിതത്തിനു മേൽ ഉണ്ടാകുമ്പോഴും അവയെല്ലാം മൗനമായി ഏറ്റുവാങ്ങുന്നവരല്ല ഈ നോവലുകളിലെ കഥാപാത്രങ്ങൾ. ഗോത്രജീവിതം പ്രമേയമായി എഴുതിയ ആദ്യകാല നോവലുകളിൽ ഭയത്തിന്റെയോ മൗനത്തിന്റേയോ പശ്ചാത്തലത്തിലായിരുന്നു ഗോത്രജനതയെ അടയാളപ്പെടുത്തിയിരുന്നത്.

പി വത്സലയുടെ നെല്ലിലെ കേന്ദ്രകഥാപാത്രങ്ങളായ മല്ലനും, മാരയും ഭയത്തിന്റെയും, വിധേയത്വ ത്തിന്റെയും പശ്ചാത്തലത്തിൽ വരുന്നവരാണ്. രാത്രിയിൽ വയലിൽ കാവൽ കിടന്നിരുന്ന മല്ലനെ ചോറിനു വിളിക്കുമ്പോഴേ ഓടിയെത്തിയതിന്, അടുക്കളപ്പുറത്തു നിന്നും കാന്താരി മുളക് പറിച്ചതിന്, കൈയും മുഖവും കഴുകി വൃത്തിയാക്കിയതിന് എന്നിങ്ങനെ പലതിനായ് ചീത്ത പറയുമ്പോഴും മറുത്തൊരു വാക്ക് അവൻ

 ISSN No: 3049-0316 

പറയുന്നില്ല എന്ന് മാത്രമല്ല പലപ്പോഴും സ്വയം വിധേയപ്പെട്ടു ജീവിക്കുന്നതായും കാണാം. എന്നാൽ അതിൽ നിന്നും തീർത്തും ഭിന്നമായാണ് ഈ നോവലുകൾ ഗോത്രജനതയെ അവതരിപ്പിച്ചിരിക്കുന്നത്. തങ്ങൾക്കു നേരിടേണ്ടിവന്ന അവഗണനയെ ശക്തമായ ഭാഷയിൽ ചോദ്യം ചെയ്യാനുള്ള കരുത്ത് നേടിയവരാണ് ഈ നോവലിലെ കഥാപാത്രങ്ങൾ.

നെല്ലിലെ മല്ലനിൽ നിന്നും അരുന്ധക്കനിയിലെ അനിതയിലേക്ക് എത്തുമ്പോഴേക്കും പ്രതികരിക്കാനുള്ള ആർജ്ജവം അവർ പ്രകടമാക്കിതുടങ്ങി. സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണസമയത്ത് വിളമ്പാൻ നിന്ന മുതിർന്ന കുട്ടികൾ ചോന്നനും, ചെമ്പനും, ദേവിയും, സുമതിയുമെത്തിയപ്പോൾ കയ്യില് കൊണ്ട് പ്ലേറ്റിൽ ഒന്ന് ഇറ്റിച്ച് കൊടുക്കുകമാത്രമേ ചെയ്തുള്ളൂ. അനിതയോടും ഇങ്ങനെ തന്നെ തുടർന്നപ്പോൾ അവൾക്കു പ്രതികരിക്കാതിരിക്കാനായില്ല

'അനിതയുടെ പാത്രം നീണ്ടു. അവൾ ജോർജിനെ നോക്കി. മാത്യു ചെമ്പിൽ ഒന്നു തൊട്ടു എന്ന് കാണിച്ച് പ്ലേറ്റിൽ കമഴ്ത്തി. അനിത നിന്നനിൽപിൽ നിന്നനങ്ങിയില്ല. പ്ലേറ്റ് നീട്ടി പിടിച്ചു: "മാറെടി പണിച്ചി "രാജേന്ദ്രനാണവളെ തള്ളിയത്. ഠേ.... പ്ലേറ്റു കൊണ്ട് അവൾ രാജേന്ദ്രനെ തല്ലി. രാജേന്ദ്രൻ പൊന്നീച്ചകളെ കണ്ടു. ജോർജിനു നേരെ അവൾ വീണ്ടും പ്ലേറ്റ് നീട്ടി. ജോർജ് മുക്കിയൊഴിച്ചു. പ്ലേറ്റു നിറയുവോളം.' (ഷബിത 2009:58) തങ്ങൾക്കു നേരിടേണ്ടിവരുന്ന വിവേചനങ്ങൾക്കെതിരെ ശക്തമായ പ്രതികരണവുമായി നോവലിലുടനീളം നിറഞ്ഞു നിൽക്കുന്ന കഥാപാത്രമാണ് അനിത.

തങ്ങൾ നേരിടുന്ന ശാരീരിക ഉപദ്രവങ്ങളെ ചെറുത്തു നിൽക്കാനും മറുതന്ത്രം മെനയുന്നുണ്ടവർ. കനിദേവിയായി മാറുന്നതും യാക്കോബ് മുതലാളി അടുത്തെത്തുമ്പോൾ കടുക്ക ചളിയിൽ കിടന്നുരുളുന്നതും ഇതിന് ഉദാഹരണങ്ങളാണ്. പ്രതികരണശേഷിയുള്ള കഥാപാത്രമായിത്തന്നെയാണ് നദികളാകാൻ ക്ഷണിക്കുന്നു എന്ന നോവലിലെ കാവിരിയും കടന്നുവരുന്നത്. തനിക്കു നേരിടേണ്ടിവന്ന ഏതു പ്രതിബന്ധങ്ങളെയും പൊരുതി തന്നെ തോൽപ്പിക്കാൻ ആർജവമുള്ള കഥാപാത്രമാണ് കാവിരി. നിലനിൽക്കുന്ന സാഹചര്യത്തിനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുന്ന കഥാപാത്രങ്ങളെ നോവലിലുടനീളം കാണാനാവും.

ഗോത്രജീവിതത്തെ ഉപജീവിച്ചെഴുതിയ ഈ നോവലുകൾ തീർച്ചയായും പ്രാധാന്യമർഹിക്കുന്നവ തന്നെയാണ്. നോവലെഴുത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി ഗോത്രജീവിതത്തിന്റെ തുറന്നെഴുത്തായിരുന്നു ഈ നോവലുകൾ ചെയ്തിരുന്നത്. ഗോത്രജനതയെ ഉപജീവിച്ചെഴുതിയ ആദ്യകാല നോവലുകളെ അപേക്ഷിച്ച് കുറേക്കൂടി സത്യസന്ധമായ രീതിയിൽ ഗോത്ര ജീവിതത്തെ അവതരിപ്പിക്കുവാൻ ഈ നോവലുകൾക്കാവുന്നു. സമകാലിക അവസ്ഥകളെ ശരിയാംവിധം തുറന്നു കാണിച്ചു കൊണ്ടാണ് നോവലുകൾ അവസാനിക്കുന്നത്. ഭൂമിയുടെ രാഷ്ട്രീയവും, കുടിയിറക്കപ്പെടുന്നതിന്റെ വേദനയും, ലാഭമോഹങ്ങൾക്കായി പ്രകൃതിയുടെ അടിവേരുപോലും മാന്തി വിൽക്കുന്നതും പറഞ്ഞ് ഓരോ നോവലും അവസാനിക്കുമ്പോൾ വ്യവസ്ഥിതിയ്ക്ക് നേരേയുള്ള പ്രതിഷേധം തന്നെയാണ് പ്രകടമാവുന്നത്.

## ഗ്രന്ഥസൂചി

1. ജോഷിൽ 2022 കാടിറക്കം, ഗ്രീൻ ബുക്സ്.
2. ബാലൻ വേങ്ങര 2016 നദികളാകാൻ ക്ഷണിക്കുന്നു, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. പ്രസന്നരാജൻ 2023 മലയാള നോവൽ ഇരുപത്തിയൊന്നാംനൂറ്റാണ്ടിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. രാമകൃഷ്ണൻ ഇ വി 2017 മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. വാസുദേവൻ ചീക്കല്ലൂർ 2020 മെലി ആട്ടു, നീർമാതളം പബ്ലിക്കേഷൻസ്, മാനന്തവാടി.
6. ഷബിത 2019 അരുന്ധക്കനി, ഡി. സി ബുക്സ്,, കോട്ടയം .
7. ഷീല ടോമി 2019 വല്ലി, ഡി സി ബുക്സ്, കോട്ടയം

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ദലിത് പ്രതിരോധവും കേരളീയ നവോത്ഥാനവും: പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണങ്ങളെ മുൻനിർത്തിയുള്ള വിശകലനം



**വിസ്മയ സുന്ദർ പി***

**സംഗ്രഹം**

നവോത്ഥാനം എന്നാൽ പരിവർത്തനം എന്നാണർത്ഥമാക്കുന്നത്. നവോത്ഥാനത്തിന്റെ ഉടക്കം ഇറ്റലിയിലായിരുന്നെങ്കിലും പിന്നീടത് യൂറോപ്പിലെ മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിച്ചു. യൂറോപ്പിൽ മധ്യകാല ജീവിതരീതികളും ചിന്താശൈലിയും മാറി ആധുനികത കടന്നു വരുന്ന കാലഘട്ടത്തിനെയാണ് നവോത്ഥാന കാലമെന്ന് സാധാരണയായി വിശേഷിപ്പിക്കുന്നത്. പതിനഞ്ചാം നൂറ്റാണ്ടിൽ പ്രാചീന ഗ്രീസിന്റെയും റോമിന്റെയും സാംസ്കാരികമായ സംഭാവനകൾ യൂറോപ്പിൽ പുനഃസൃഷ്ടിക്കാൻ തുടങ്ങി. ചിത്രകല, ശിൽപ്പകല, സാഹിത്യം, തത്വചിന്ത എന്നിവയിലെല്ലാം ഉയിർത്തെഴുന്നേൽപ്പുണ്ടായി. നവോത്ഥാനത്തിന്റെ ഭാഗമായി മതനവീകരണവും ജ്ഞാനോദയവും വൈജ്ഞാനിക, രാഷ്ട്രീയ വ്യാവസായിക വിപ്ലവങ്ങളെല്ലാം രൂപപ്പെട്ടു. എന്നാൽ ഇന്ന് നവോത്ഥാനം എന്ന പരികൽപ്പന നിരന്തരമായി പുനർവിചാരണ ആവശ്യപ്പെടുന്ന ഒന്നായി മാറിയിരിക്കുന്നു. വിജ്ഞാനവികാസത്തിന്റെ ഉറവിടം യൂറോപ്പാണെന്ന ധാരണ തന്നെ ചോദ്യം ചെയ്യപ്പെട്ടു. യൂറോപ്പിൽ രൂപപ്പെട്ട നവോത്ഥാനത്തിന്റെ മാതൃകയിൽ കേരളീയ നവോത്ഥാനത്തെ വിശകലനം ചെയ്യാനാകില്ല. കാരണം കേരളീയ നവോത്ഥാനം ഏകമുഖമായി സംഭവിച്ച ഒന്നായിരുന്നില്ല. വ്യത്യസ്തമായ തലങ്ങളിൽ വ്യത്യസ്തമായ മാനങ്ങളിൽ ഒരു സമൂഹത്തെ പുതിയ ചില അവബോധങ്ങളിലേക്ക് പരിവർത്തനപ്പെടുത്തിയ നിരവധി ധാരകളുടെ സമാഹാരത്തെയാണ് കേരളീയ നവോത്ഥാനം എന്ന ഒറ്റ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. അതു കൊണ്ട് തന്നെ കേരളീയ നവോത്ഥാനം ഇന്ന് ഗാഢമായ പുനരാലോചനകളിലൂടെ കടന്നുപോകുന്നു. നവോത്ഥാനത്തെക്കുറിച്ചുള്ള വിശകലനങ്ങളിൽ പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണങ്ങൾ വേറിട്ടു നിൽക്കുന്നവയാണ്. അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത ലേഖനങ്ങളെ മുൻനിർത്തി കേരളീയ നവോത്ഥാന ചരിത്രവിശകലനങ്ങളിൽ അദ്ദേഹം നടത്തിയ നിരീക്ഷണങ്ങളെ അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

**താക്കോൽ വാക്കുകൾ:** നവോത്ഥാനം, ആധുനികത, ദലിത്, അടിമത്തം, കീഴാളം

* Research Scholar, Gov. Arts & Science College, Kozhikode. Ph: 9567908993.
Email: Vismayap999@gmail.com

 ISSN No: 3049-0316 

## ആമുഖം

കേരളത്തിൽ നവോത്ഥാനകാലം എന്നാണെന്ന് കൃത്യമായി നിർവചിക്കപ്പെട്ടിട്ടില്ല. എങ്കിലും കേരളത്തിൽ നവോത്ഥാനം പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തീവ്രമാവുകയും ചെയ്തുവെന്നാണ് പൊതുവെ പറയപ്പെടുന്നത്. "ജാതിവിരുദ്ധവും ചിലപ്പോൾ മതവിരുദ്ധം തന്നെയുമായ ആശയങ്ങൾ ഉൾക്കൊള്ളുകയും കൊളോണിയൽ ആധുനികതയുടെ രാഷ്ട്രീയ സാഹചര്യം തുറന്നുകൊടുത്ത സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി വിപുലമായ, സാഹസികമായ ആശയപ്രചാരണത്തിലൂടെ സമത്വബോധവും സാമൂഹികാന്തസ്സും മുഖ്യ മുദ്രാവാക്യങ്ങളായി ഉയർത്തിക്കൊണ്ട് വ്യക്തികളും സാമൂഹിക- മതനവീകരണ പ്രസ്ഥാനങ്ങളും ഈ കാലയളവുകളിൽ നടത്തിയിട്ടുള്ള ഇടപെടലുകളുടെ സാകല്യത്തെയാണ് സാമാന്യമായി നവോത്ഥാന ചരിത്രമായി കണക്കിലെടുക്കുന്നത്" (ടി.ടി ശ്രീകുമാർ. പുറം.12). എന്നാൽ നിരവധി ചരിത്ര പ്രക്രിയകൾ ഒരുമിച്ചു നടക്കുമ്പോൾ അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളെയും വൈരുദ്ധ്യങ്ങളെയും പൂർവ്വകാല ബന്ധങ്ങളെയൊന്നും ഇത്തരം വിശകലനങ്ങളിൽ തിരിച്ചറിയാനാകില്ല. നവോത്ഥാനത്തെ രൂപപ്പെടുത്തിയ ചരിത്ര പ്രക്രിയകളെ സൂക്ഷ്മമായി വിലയിരുത്തുന്നതിനോടൊപ്പം, അതിന്റെ പരിമിതികളെക്കൂടി കണ്ടെടുക്കുന്ന പഠനങ്ങൾക്കാണ് എക്കാലവും സമകാലികത കൈവരിക്കാനാകൂ.

സമുദായ പരിഷ്കരണ ശ്രമങ്ങളുടെ ആകെത്തുകയായി നവോത്ഥാനത്തെ നോക്കിക്കാണുന്ന രീതി നവോത്ഥാന വിശകലനങ്ങളിൽ ഏറ്റവും പ്രാമുഖ്യം നേടിയ ഒന്നായിരുന്നു. ഇത്തരം വിശകലനങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രവർത്തനങ്ങളെ നവോത്ഥാനമായി ചിത്രീകരിച്ചിരിക്കുന്നു. ഇവിടെ ഏറ്റവു മധികം ഊന്നൽ നൽകിയത് ശ്രീനാരായണ ഗുരുവിനും അരുവിപ്പുറം പ്രതിഷ്ഠയ്ക്കുമായിരുന്നു. എൻ.എസ്.എസ്, സാധുജന പരിപാലന സംഘം, യോഗക്ഷേമസഭ തുടങ്ങി മറ്റു സാമുദായിക പരിഷ്കരണ ശ്രമങ്ങളും ഇതിന്റെ ഭാഗമാകുന്നു. എന്നാൽ നവോത്ഥാനത്തെ ഒരു സമുദായ പരിഷ്കരണ പദ്ധതിയായി മാത്രം നോക്കിക്കാണുന്ന നിലപാടുകളെ പ്രദീപൻ പാമ്പിരികുന്ന് പൂർണമായി തള്ളിക്കളയുന്നു. കാരണം ഇത്തരം വ്യാഖ്യാനങ്ങളിലൂടെ 1888-ൽ നടന്ന അരുവിപ്പുറം പ്രതിഷ്ഠയിൽ തുടങ്ങുന്ന നവോത്ഥാന പ്രക്രിയകളാണ് കേരളത്തിലെ ആധുനിക വ്യവഹാര മണ്ഡലങ്ങൾ സൃഷ്ടിച്ചത് എന്ന പൊതുധാരണ പ്രബലമാകുന്നു. ശ്രീ നാരായണ ഗുരുവിനെ ഒരു തുടക്കമായല്ല തുടർച്ചയായാണ് വിലയിരുത്തേണ്ടത്. ജാതിക്കുള്ളിൽ നടന്ന പരിഷ്കരണങ്ങളെന്ന നിലയിൽ മാത്രം നവോത്ഥാനത്തെ നോക്കിക്കാണുമ്പോൾ ജാതിവിരുദ്ധതയുടെ മറുവശമാണ് ഇവിടെ അവഗണിക്കപ്പെടുന്നത്. അടിമജാതിയിൽ നിന്നും ഉയർന്നു വന്ന ജാതിവിരുദ്ധ മുന്നേറ്റങ്ങളുടെ ചരിത്രത്തിലും പ്രയോഗത്തിലുമാണ് ജാതിപരിഷ്കരണ ശ്രമങ്ങളേക്കാൾ നവോത്ഥാനചരിത്രത്തിൽ ഊന്നൽ നൽകേണ്ടത്. മറ്റൊന്ന് പത്തൊമ്പതാം നൂറ്റാണ്ടിലെ കൊളോണിയൽ മുന്നേറ്റമായിരുന്നില്ല ഒരു സാമൂഹ്യ പരിണാമത്തിന് കേരളത്തിൽ തുടക്കം കുറിച്ചത്. ഒരു പരിധിയോളം അവ പ്രാധാന്യം വഹിക്കുന്നു എന്ന വസ്തുതയും മറച്ചു കളയാനാവില്ല. അതിന് എത്രയോ ദശാബ്ദം പഴക്കമുള്ള ദലിത് പ്രതിരോധ രാഷ്ട്രീയത്തിന്റെ പാരമ്പര്യം നമുക്ക് അവകാശപ്പെടാനാകും.

## നാടോടി വാങ്മയങ്ങളും ദലിത് /കീഴാള പ്രതിരോധവും

മലബാറിന്റെ നവോത്ഥാന ചരിത്രത്തിന് പത്തൊമ്പതാം നൂറ്റാണ്ടിന് മുൻപു തന്നെ രൂപപ്പെട്ട നാടോടി വാങ്മയത്തോളം പഴക്കമുണ്ടെന്ന് പ്രദീപൻ പാമ്പിരികുന്ന് പറയുന്നു. നാടോടി രൂപത്തിൽ സ്വാംശീകരിക്കപ്പെടുകയും സ്വസമുദായങ്ങളിൽ വിനിമയം ചെയ്യപ്പെടുകയും ചെയ്ത വാങ്മയ രൂപങ്ങൾ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ അതിജീവനത്തിന്റെ തെളിവുകളാണ്. മലബാറിന്റെ നവോത്ഥാന ചരിത്രത്തിന് തുടക്കം കുറിച്ചത് ഇത്തരം നാടോടി വാങ്മയങ്ങളാണെന്ന് പരാമർശിക്കുന്നതിലൂടെ നവോത്ഥാനം എന്ന സംജ്ഞയെ ഒരു തുടക്കമായല്ല തുടർപ്രക്രിയയുടെ ഭാഗമായി വിലയിരുത്തണം എന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. സവിശേഷമായ സൗന്ദര്യബോധത്തോടെയും നീതിബോധത്തോടെയും അക്കാലത്തെ വ്യവസ്ഥിതിയോട് കലഹിച്ച ഒരു ജനതയുടെ ആവിഷ്കാരങ്ങളായാണ് വാമൊഴി സംസ്കാരത്തെ പരിഗണിക്കേണ്ടതെന്ന് പ്രദീപൻ പാമ്പിരികുന്ന് സൂചിപ്പിക്കുന്നു. ചെങ്ങന്നൂരാതി, പൊട്ടൻ തെയ്യത്തിന്റെ തോറ്റം, പൂമാതൈ പൊന്നമ്മയുടെ പാട്ട്, നീലിയാർ ഭഗവതിയുടെ പുരാവൃത്തം, തോട്ടിൻകര ഭഗവതിയുടെ പുരാവൃത്തം തുടങ്ങി എത്രയോ ആഖ്യാനപാഠങ്ങൾ ഉദാഹരണങ്ങളാണ്.

ശങ്കരാചാര്യനും ചണ്ഡാളനും തമ്മിൽക്കണ്ട് സംവാദം നടത്തിയ സന്ദർഭത്തെ മുൻനിർത്തി കെട്ടിയാടുന്ന അനുഷ്ഠാനമാണ് പൊട്ടൻതെയ്യം. പുഞ്ചയ്ക്ക് കാവൽനിൽക്കുന്ന പൊട്ടനോട് അതിലൂടെ കടന്നു വന്ന മേൽജാതിക്കാർ വഴി മാറാൻ പറയുമ്പോൾ മേൽജാതിക്കാരനും കീഴ്ജാതിക്കാരനും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് തന്റെ ജീവിതപാഠങ്ങൾ തന്ന യുക്തികൾ കൊണ്ട് പൊട്ടൻ സമർത്ഥിക്കുന്നു.

"നാങ്കളെ കൊത്ത്യാലുമൊന്നല്ലേ ചോര
നീങ്കളെക്കൊത്ത്യാലുമൊന്നല്ലേ ചോര "

എന്ന് ചോദിക്കുന്നതിലൂടെ മനുഷ്യരെല്ലാം ഒന്നാണെന്ന് സമർത്ഥിക്കുന്നു. പരാശക്തിയുടെ അംശമായ മനുഷ്യർക്ക് പരസ്പരം ഭേദമില്ലെന്നാണ് ശങ്കരാചാര്യരുടെ അദ്വൈത ദർശനം വ്യക്തമാക്കിയത്. " അദ്വൈതവും മറ്റ് ദർശനങ്ങളും ഉൾക്കൊള്ളാൻ ആവുമായിരുന്നില്ലെങ്കിലും ശങ്കരാചാര്യരെ പരീക്ഷിച്ച ചണ്ഡാല രൂപിയായ ശിവന്റെ ചൈതന്യം സ്വത്വബോധത്തിൽ ചേർത്ത് വെച്ച് സാമുദായികമായ തിരിച്ചറിവുകൾ നേടാനുള്ള പ്രാപ്തി അവർക്കുണ്ടായിരുന്നു എന്നതിന്റെ തെളിവാണ് പൊട്ടൻ തെയ്യം " ( ലിസി മാത്യു. പുറം 55)

ഇടനാടൻ പാട്ടുകളിൽ ശ്രദ്ധേയമായവയാണ് പറയരുടെ (സാംബവരുടെ) ചെങ്ങന്നൂരാതിയുടെ വീരേതിഹാസം. പാലുവം കോയി എന്ന തമ്പുരാനുമായി ചെങ്ങന്നൂരാതി ഏറ്റുമുട്ടുന്നുണ്ട്. കളരി കഴിഞ്ഞ് ആതി പൊതുവഴിയിലൂടെ നടന്നു വരുമ്പോൾ എതിരെ വന്ന തമ്പുരാൻ ആതിയുടെ വസ്ത്രധാരണവും, തലയിലെ തലപ്പാവും അരയിലെ ആയുധവും കണ്ട് ആതിയെ ഏതോ തമ്പുരാനാണെന്ന് തെറ്റിദ്ധരിച്ച് അദ്ദേഹത്തിന് മുന്നിൽ ആചാര്യമര്യാദയോടെ നിൽക്കുന്നു. എന്നാൽ താനൊരു പറയനാണെന്നും ആചാരമൊന്നും കാണിക്കേണ്ടെന്നും പറയുന്ന ആതി ആചാരമെന്ന കീഴ് വഴക്കത്തെത്തന്നെ എതിർക്കുന്നു. മേലാളനെ കണ്ടാൽ ആചാരം പാലിക്കേണ്ടതല്ലേ എന്ന പാലുവം കോയിയുടെ ചോദ്യത്തിനു മുന്നിൽ,

"ആചാരമെങ്ങനെയായി പാലുവം കോയി
മര്യാദ ഇങ്ങനെയായി പാലുവം കോയി
നാട്ടാൻ പെരുവഴി ഞാനേ യാത്തിര പോണ് ? "

പൊതുവഴിയിലൂടെ സഞ്ചരിക്കാൻ എന്ത് മര്യാദയാണ് പാലിക്കേണ്ടത് എന്ന് തിരിച്ചു ചോദിക്കുന്നു. അക്കാലത്തു തന്നെ സമത്വത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള വ്യക്തമായ ബോധ്യം ദലിത് അടിമ ജാതികളിൽ ഉടലെടുത്തിരുന്നു എന്നതിന് വ്യക്തമായ സൂചനകൾ ഇത്തരം നാടോടി വാങ്മയങ്ങളിലുണ്ട്. "സ്വയം നിർമ്മിക്കുക, സ്വയം നിർവ്വചിക്കുക എന്നിവയിലൂടെ അധീശവാഴ്ചകൾക്ക് എതിരേയുള്ള പ്രതിരോധം നൂറ്റാണ്ടുകളിലൂടെ സജീവമാക്കി നിലനിർത്തിയ പാരമ്പര്യം കേരളത്തിലെ കീഴാള ചരിത്രത്തിനുണ്ട്" (ടി. ടി ശ്രീകുമാർ. പുറം) എന്ന നിരീക്ഷണത്തെ പ്രദീപൻ പാമ്പിരികുന്നിന്റെ വിശകലനങ്ങളോടു ചേർത്തു വായിക്കാവുന്നതാണ്.

**ക്ഷേത്രപ്രവേശന സമരങ്ങൾ**

ചരിത്ര ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ വസ്തുതകളിലൊന്നാണ് 1936-ൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിച്ചത്. ഇതിലേക്കെത്തിച്ച അനുബന്ധസമരങ്ങളായി വൈക്കം സത്യാഗ്രഹത്തിനും ഗുരുവായൂർ സത്യാഗ്രഹത്തിനും പ്രാധാന്യം ലഭിക്കുന്നതായും കാണാം. എന്നാൽ അധഃസ്ഥിത സമൂഹം ഇതിനുവേണ്ടി നടത്തിയ ചെറുത്തുനിൽപ്പുകളെ ചരിത്രം പുറത്തു കൊണ്ടു വന്നില്ല എന്ന ശക്തമായ വിമർശനം പ്രദീപൻ പാമ്പിരികുന്ന് ഉന്നയിക്കുന്നുണ്ട്. ക്ഷേത്രപ്രവേശനമെന്നാൽ അവർണ്ണ ജാതികൾക്ക് ക്ഷേത്രങ്ങളിൽ പ്രവേശനം നൽകി ഈശ്വരാരാധന നേടിയെടുക്കാനുള്ള മുന്നേറ്റമാണെന്ന രീതിയിൽ മാത്രമാണ് വിലയിരുത്തിയത്. എന്നാൽ അതിന് മതപരമായും, സമുദായപരമായും, രാഷ്ട്രീയപരവുമായ വശങ്ങളുണ്ട്. ഹിന്ദുമത പരിഷ്കരണത്തോടൊപ്പം പൗരവകാശസമത്വസ്ഥാപനവും അതിന്റെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടും. അതിൽ മുഖ്യമായതായിരുന്നു ക്ഷേത്രവഴികളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം. ക്ഷേത്ര കോവിലകങ്ങളോട് ചേർന്ന റോഡുകളിലൂടെ അവർണ്ണ പ്രതിനിധികൾ സഞ്ചരിക്കുകയും കേസ്സും ലഹളയും ഉണ്ടാവുകയും ചെയ്തെന്ന് പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നുണ്ട്. ഇതോടൊപ്പം തന്നെ ചേർത്തു വായിക്കേണ്ടതാണ് 1806 ൽ നടന്ന ദളവാക്കുളം കൂട്ടക്കൊലയെന്ന സംഭവത്തെക്കുറിച്ചുള്ള ഓർമ്മകൾ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജാതി തീണ്ടൽ വ്യവസ്ഥിതിക്കെതിരെ വൈക്കം മഹാദേവക്ഷേത്രത്തിനു സമീപമുള്ള പാതകളിലൂടെ വഴി നടക്കാൻ ഈഴവയുവാക്കൾ തീരുമാനിക്കുന്നതും ജാഥയിൽ പങ്കെടുത്ത ഇരുന്നൂറോളം വരുന്ന യുവാക്കളെ വേലുത്തമ്പി ദളവ ചുമതലപ്പെടുത്തിയ പത്മനാഭപ്പിള്ള എന്നയാളുടെ നേതൃത്വത്തിലുള്ള കൂലിപ്പട്ടാളം നേരിടുകയും യുവാക്കളെ വെട്ടിക്കൊന്ന് ക്ഷേത്രത്തിനടുത്തുള്ള കുളത്തിൽ ചവിട്ടിത്താഴ്ത്തുകയും ചെയ്തു. വാമൊഴി പ്രചാരമുള്ള ഓർമ്മകളിൽ ആരംഭിച്ച ഒരു പ്രധാനപ്പെട്ട കീഴാള ചർച്ചയാണ് ദളവാക്കുളം സംഭവം. ദളവാക്കുളം കൂട്ടക്കൊലയെക്കുറിച്ച് കേട്ടറിഞ്ഞ ആറാട്ടുപുഴ വേലായുധപ്പണിക്കർ 1840 കളുടെ തുടക്കത്തിൽ

 ISSN No: 3049-0316 

വേഷപ്രച്ഛന്നനായി വൈക്കത്തെ വട്ടശ്രീകോവിലോട്ടു കൂടിയ ചമണ പാരമ്പര്യമുള്ള അമ്പലത്തിൽ കടന്നു കയറിയെന്ന് സുനിൽകുമാർ സി എസിനെ ഉദ്ധരിച്ചു കൊണ്ട് അജയ് ശേഖർ രേഖപ്പെടുത്തുന്നു. (അജയ് ശേഖർ. പുറം 65) . ക്ഷേത്രാചാരവുമായി ബന്ധപ്പെട്ട് വൈകുണ്ഠസ്വാമിയുടെ നേതൃത്വത്തിൽ നടന്ന ആചാരലംഘനത്തെ പി ജോൺസൺ ഇങ്ങനെ വിശദീകരിക്കുന്നു. "ശുചീന്ദ്രം ക്ഷേത്രത്തിൽ തേരോട്ടം നടക്കുമ്പോൾ, തേരിലെ കയറിൽ തൊടാൻ പോലും അയിത്തജാതിക്കാരെ അനുവദിച്ചിരുന്നില്ല, സ്വാമികൾ അധ:സ്ഥിത വിഭാഗങ്ങളെ സംഘടിപ്പിക്കുകയും, തേരിലെ കയർ പിടിപ്പിച്ച് ജാതി നിയമം ലംഘിക്കുകയും ചെയ്തു. ഒരു പക്ഷേ ഇന്ത്യാ ചരിത്രത്തിലെ തന്നെ, ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ള ആദ്യ പ്രക്ഷോഭമായിരുന്നിരിക്കണം അത്" (ജോൺസൺ. പുറം 41). ഇത്തരത്തിൽ അധ:സ്ഥിത സമരങ്ങളുടെയും പ്രതിഷേധങ്ങളുടെയും ദീർഘചരിത്രം ക്ഷേത്രപ്രവേശന വിളംബരത്തിനു പിന്നിലുണ്ട്.

## കീഴാള സമൂഹത്തിന്റെ നേതൃത്വശക്തി

കേരളത്തിൽ ദലിത് ജാതി വ്യവഹാരങ്ങളാൽ നിർമ്മിക്കപ്പെട്ട ആധുനിക വ്യവഹാരങ്ങളുടെ സൃഷ്ടിയായാണ് നാരായണ ഗുരുവിനെ പ്രദീപൻ പാമ്പിരികുന്ന് വിലയിരുത്തുന്നത്. കാരണം നാരായണ ഗുരുവിന്റെ പല ആശയങ്ങളുടെയും മുൻഗാമിയായിരുന്നു വൈകുണ്ഠസ്വാമി. താൻ ജീവിച്ച ഫ്യൂഡൽ വ്യവസ്ഥിതിക്കുള്ളിൽ നിന്നു കൊണ്ട് തന്നെ 1836ൽ അദ്ദേഹം സമത്വ സമാജം എന്ന സംഘടന സ്ഥാപിക്കുകയും എല്ലാ മനുഷ്യരും തുല്യരാണെന്ന ആശയത്തിന് ഊന്നൽ നൽകുകയും ചെയ്തു. മേൽവസ്ത്രം ധരിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള പോരാട്ടം, പന്തിഭോജനം സംഘടിപ്പിച്ചത് ,പൊതുകിണർ എന്ന ആശയം പ്രാബല്യത്തിൽ കൊണ്ടുവന്നതെല്ലാം അക്കാലത്തെ അധികാര വ്യവസ്ഥയെക്കൂടി വെല്ലുവിളിച്ചിട്ടായിരുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന വിപ്ലവകരമായ ആശയം നാരായണ ഗുരു മുന്നോട്ടു വെക്കുന്നതിന് എത്രയോ മുൻപു തന്നെ വൈകുണ്ഠസ്വാമികൾ സമാനമായ ആശയം മുന്നോട്ടുവെച്ചിരുന്നു. " ഒൻറേ ജാതി / ഒൻറേ മതം / ഒൻറേ കുലം/ ഒൻറേ ഉലകം/ഒൻറേ അരശ്/ഒൻറേ മൊഴി / ഒൻറേ നീതി (അഖിലത്തിരട്ട് അമ്മാനൈ). ഇതേ ആശയം തന്നെയാണ് ഗുരുവിലും പ്രകടമാകുന്നത്. ബ്രിട്ടീഷുകാരാണ് നമുക്ക് സന്യാസം തന്നതെന്ന് ഗുരു പറയുന്നുണ്ട്. ബ്രിട്ടീഷ് അധികാരത്തോടെയാണ് യാഥാസ്ഥിതിക ഹിന്ദു മതത്തിന് തന്റെ സന്യാസത്തെ എതിർക്കാൻ കഴിയാത്ത വിധം രാഷ്ട്രീയാധികാരം നഷ്ടമായതെന്ന് ഗുരു പറയുന്നിടത്ത് നാരായണ ഗുരുവിനും മുമ്പ് ഏതു ജാതിയിൽപ്പെട്ടവർക്കും സന്യാസം സ്വീകരിക്കാം എന്ന് പ്രഖ്യാപിച്ചു കൊണ്ട് 'തുവയൽ പന്തി' എന്ന പേരിൽ ഒരു പ്രസ്ഥാനം അയ്യാ വൈകുണ്ഠൻ സ്ഥാപിച്ചിരുന്നു എന്ന വസ്തുത നാം വിസ്മരിച്ചു കൂടാ. വൈകുണ്ഠസ്വാമി മതപരിവർത്തനത്തെ എതിർക്കുകയും ജാത്യാധിഷ്ഠിതമായ വ്യവസ്ഥയെ തകർക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. മതപരിവർത്തനത്തെ നാരായണ ഗുരുവും എതിർക്കുന്നുണ്ട്. മതം മാറുകയല്ല ഇവിടെ നിന്നു കൊണ്ട് തന്നെ നാം അതിനെ പരിഷ്കരിച്ചെടുക്കുകയാണ് വേണ്ടതെന്ന് ഗുരു പറയുന്നു. ഇവിടെ ഗുരുവിനെ മത പരിഷ്കരണവാദിയോ ഹിന്ദു സന്യാസിയോ ആയി ചുരുക്കിക്കാണുന്നതിന് പകരം എല്ലാ മതങ്ങളിലും ജാതി പ്രത്യക്ഷമായോ പരോക്ഷമായോ നില നിൽക്കുന്നു എന്ന ധാരണയാണ് വേണ്ടത്. കണ്ണാടിയിൽ നോക്കുക നിങ്ങൾക്ക് ദൈവത്തെ കാണാം എന്നരുൾ ചെയ്തു അദ്ദേഹം 1851 ൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തുന്നു. ഓരോരുത്തരും അവനവന്റെ ശരീരത്തിനുള്ളിലെ ചൈതന്യമായ ശിവ തത്വത്തെയാണ് ആരാധനയിൽ അന്വേഷിക്കേണ്ടതെന്ന് നിർദേശിക്കപ്പെട്ടു. ഈയൊരു തുടർച്ച ഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയിലും കാണാം.

"പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും നാണു ഗുരുവിലൂടെയും ശിഷ്യരായ മൂലൂർ, ആശാൻ, സി.വി കുഞ്ഞിരാമൻ, സഹോദരൻ എന്നിവരിലൂടെയെല്ലാം തുടർന്ന സാമൂഹ്യ പരിഷ്കരണങ്ങളും സംസ്കാര പരിവർത്തനങ്ങളും മനുഷ്യാവകാശ സമരങ്ങളും തിരുവിതാംകൂറിൽ ഐതിഹാസികമായി തുടക്കമിട്ടത് ആറാട്ടുപുഴയാണ്" (അജയ് ശേഖർ. പുറം. 63) . അരുവിപ്പുറം പ്രതിഷ്ഠയക്ക് മൂന്നു ദശകങ്ങൾക്ക് മുമ്പേ 1851-ൽ ആറാട്ടുപുഴയിലെ മംഗലത്ത് സകല ജനങ്ങൾക്കുമായി ശിവപ്രതിഷ്ഠ നടത്തി. 1861-ൽ അവർണജാതി ഹിന്ദുക്കൾക്ക് വിലക്കിയിരുന്ന കഥകളി പോലുള്ള കലാരൂപങ്ങൾ അഭ്യസിക്കാനും കളിക്കാനുള്ള കളരിയും സ്ഥാപിച്ചു.1858-ൽ മേൽശീലക്കലാപം, 1859-ൽ കീഴാള സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള സമരം, 1866 ൽ കേരളത്തിലെ ആദ്യത്തെ കർഷകത്തൊഴിലാളി സമരം, പുലയരും പറയരോടും കൂടിച്ചേർന്ന് നടത്തിയ പന്തിഭോജനനം തുടങ്ങിയവ അദ്ദേഹം നേതൃത്വം നൽകിയ മുന്നേറ്റങ്ങളാണ്. മധ്യകാല ജാതിവിരുദ്ധ ആശയങ്ങളും, വൈകുണ്ഠസ്വാമിയുടെ ഇടപെടലുകളുടെ തുടർച്ചയും ആറാട്ടുപുഴ വേലായുധ പണിക്കരിൽ പ്രകടമാണ്. ആദ്യത്തെ ജനകീയനേതാവായിരുന്ന അദ്ദേഹം.

ഇവരുടെ തുടർച്ചയിലാണ് നാരായണ ഗുരുവിന്റെ ചരിത്രദൗത്യം അടയാളപ്പെടുത്തേണ്ടത്. ആധുനിക കേരള രൂപീകരണത്തിനു പിന്നിൽ നടന്ന സൂക്ഷ്മമായ ചരിത്രപ്രക്രിയകളെ അവഗണിച്ചു കൊണ്ട് നാരായണ ഗുരു എന്ന ഒരു വ്യക്തിയെ മാത്രം സാമൂഹ്യ ചലനത്തിന്റെ ഉടമസ്ഥനാക്കുവാൻ ശ്രമിക്കുന്നതിലൂടെ ഒരു ചരിത്രത്തെ മുഴുവൻ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. അടിമ-ആദിവാസി ദലിത് വിഭാഗങ്ങളിൽ നിന്ന് യാതൊരു വിധ സാമൂഹ്യ പരിണാമങ്ങൾ ആരംഭിക്കും എന്ന ധാരണ നിലനിന്നിരുന്നില്ല. അവരെ 'നിശ്ചലമായാണ്' പരിഗണിച്ചത്. എല്ലാതരം സാമൂഹ്യപരിണാമങ്ങളെയും സ്വീകരിക്കുക മാത്രം ചെയ്യുന്ന സ്വയം സാമൂഹ്യ നിർവ്വാഹകത്വത്തിലേക്ക് സഞ്ചരിച്ചിട്ടില്ലാത്ത ജനതയായി അവർ നിർവ്വചിക്കപ്പെട്ടു. ഈ ധാരണകളെ തന്റെ നിരീക്ഷണങ്ങളിലൂടെ പൊളിച്ചെഴുതാൻ പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണങ്ങൾക്കായി.

### കൊളോണിയൽ ആധുനികത

മറ്റ് സമുദായങ്ങൾ ആധുനീകരിക്കുന്നതിനു മുമ്പ് തന്നെ ദലിത് അടിമ ജാതികൾ ആത്മാവബോധമുള്ള ജനതകളായി മാറിയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ തന്നെ കീഴാള ദലിത് വിഭാഗങ്ങൾ കൊളോണിയൽ മാറ്റങ്ങൾക്ക് വിധേയമായിരുന്നു. കീഴാളർക്ക് എഴുത്തും വായനയും സാധ്യമാകുന്നത് ഈ കാലത്തായിരുന്നു. വിദ്യാഭ്യാസം അവരുടെ അവബോധത്തിൽ തന്നെ മാറ്റം വരുത്തി. സാമൂഹ്യാടിമത്തത്തെ പ്രതിരോധിക്കാൻ കഴിയുംവിധമുള്ള അവബോധം രൂപപ്പെടുകയും സാമൂഹ്യസമത്വം എന്ന ആശയം അവരിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തു. മതപരിവർത്തനത്തോടൊപ്പം മതപരിഷ്കരണം എന്ന ആശയം കൂടി പ്രബലമായി. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ഇസ്ലാം മതത്തിലേക്കുള്ള മത പ്രവേശനം, കൊളോണിയൽ കാലത്തുണ്ടായ മതപരിവർത്തനങ്ങളിലൂടെയും മതം ഒരു ആജീവനാന്ത അടിമത്തമല്ലെന്നും അത് വ്യക്തിപരമായ ഇച്ഛയാണെന്നും കേരളീയ വ്യവഹാരമണ്ഡലത്തിൽ ആദ്യമായി സ്ഥാപിച്ചെടുക്കാൻ ദലിത് ജാതികൾക്കായി എന്ന് പ്രദീപൻ പാമ്പിരികുന്ന് നിരീക്ഷിക്കുന്നുണ്ട്. കേരളത്തിലെ പിൽക്കാല സാമൂഹിക രൂപീകരണത്തെ മതപരിവർത്തനം ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. മൈസൂർ ആക്രമണങ്ങൾ മലബാറിന്റെ സാമൂഹ്യസ്ഥിതിയിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ കാരണമായെന്ന് ചരിത്രകാരന്മാർ നിരീക്ഷിക്കുമ്പോൾ ടിപ്പുവിന്റെ റോഡ് നിർമ്മാണത്തിലൂടെ സമൂഹം ചലനാത്മകമായ തൊഴിൽ ശക്തിയായി മാറുന്നതായാണ് പ്രദീപൻ പാമ്പിരികുന്ന് വിലയിരുത്തിയത്. തൊഴിലടിമകളെ പുനർവിന്യസിക്കാനുള്ള ശ്രമമാണ് നവോത്ഥാനത്തിലൂടെ സാധ്യമായത്. തൊഴിലടിമത്തം തിരിച്ചറിയാനുള്ള ഉപാധി മാത്രമായിരുന്നു വിദ്യാഭ്യാസം. പരമ്പരാഗത തൊഴിൽ ബന്ധങ്ങളിലെ മാറ്റം ആണ് സാമൂഹ്യ പുരോഗതിക്കടിസ്ഥാനമായത്. നവോത്ഥാനത്തിന്റെ അടിസ്ഥാന പ്രേരകശക്തി വിദ്യാഭ്യാസമായി മാറുന്നതിലൂടെ വിദ്യാഭ്യാസത്തിനു മാത്രം പ്രാധാന്യം നൽകപ്പെടുകയും നവോത്ഥാനന്തര സമൂഹം തൊഴിൽ എന്ന അതിപ്രധാനമായ അടിത്തറയെ കൈയൊഴിയുകയും ചെയ്തു എന്ന പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണം തുടർപഠനത്തിനർഹമാണ്. സാർവ്വത്രിക വിദ്യാഭ്യാസം, ജാതിരഹിത പൊതുസമൂഹം, പൊതുഗതാഗതം, അധ്വാനത്തിന്റെ പുനർനിർവചനം തുടങ്ങിയ ആധുനിക വ്യവഹാര മണ്ഡലങ്ങൾ സൃഷ്ടിച്ചെടുത്തത് ദലിതരുടെ ദുരിതജീവിതത്തിൽ നിന്നായിരുന്നു. "യഥാർത്ഥത്തിൽ പാർശ്വങ്ങളിൽ നിന്നുള്ള വ്യവഹാരങ്ങളാണ് കേരളത്തെ ആധുനികമാക്കിയത്. ആധുനിക കേരളം ശിവലിംഗം മുങ്ങിയെടുത്ത നെയ്യാറിൽ നിന്നല്ല, ദലിതരുടെ ദുരിത ജീവിതത്തിന്റെ കൊയ്ത്തുപാടങ്ങളിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് " (പ്രദീപൻ പാമ്പിരികുന്ന്. പുറം. 534)

കേരളീയ നവോത്ഥാന ചരിത്രത്തിന്റെ പുനർവായനകളിലൂടെ സവർണ്ണപക്ഷ ചരിത്രരചനാരീതിയെ കീഴാളപക്ഷത്തുനിന്നു കൊണ്ട് പൊളിച്ചെഴുതുകയായിരുന്നു പ്രദീപൻ പാമ്പിരികുന്ന്. നാരായണ ഗുരുവിനെപ്പോലെ പല ചരിത്ര സന്ദർഭങ്ങളും തുടർച്ച മാത്രമാണെന്ന് സ്ഥാപിക്കുന്നതിലൂടെ ഒരു തുടർപ്രക്രിയ എന്ന രീതിയിൽ വേണം നവോത്ഥാനത്തെ വിശകലനം ചെയ്യേണ്ടതെന്ന ആശയം സ്ഥാപിച്ചെടുക്കാൻ അദ്ദേഹത്തിനായി. വിഗ്രഹവത്കരിക്കപ്പെട്ട പ്രതിമകൾക്കു പിന്നിൽ അധഃസ്ഥിതരുടെ ദീർഘസമര ചരിത്രം പൊതുമണ്ഡലത്തിലെ ചർച്ചയിലേക്ക് കൊണ്ടുവരുന്നതിലൂടെ കീഴാളജനത നിശ്ചലമായ ജനതയായിരുന്നില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. കീഴാള ജാതിസമൂഹങ്ങളെ സ്തംഭനാവസ്ഥയായി കണ്ടതും കീഴാള സാംസ്കാരിക മൂലധനത്തെ പൊതുവൽക്കരിക്കാൻ ശ്രമിച്ചില്ല എന്നതുമാണ് കേരളീയ നവോത്ഥാനത്തിന്റെ മുഖ്യ പരിമിതി എന്ന വിമർശനമാണ് പ്രദീപൻ പാമ്പിരികുന്ന് ഉന്നയിക്കുന്നത്.

 ISSN No: 3049-0316 

## സഹായക ഗ്രന്ഥങ്ങൾ


1. അജയ് ശേഖർ, ചന്ദ്രമോഹനൻ, എസ്.ആർ.കേരള നവോത്ഥാനം പുതുവായനകൾ, തിരുവനന്തപുരം: റെയ്‌വൻ പബ്ലിക്കേഷൻസ്, 2017.
2. കുഞ്ഞഹമ്മദ്, കെ.ഇ.എൻ, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2016.
3. പ്രദീപൻ പാമ്പിരികുന്ന്, പ്രദീപൻ പാമ്പിരികുന്നിന്റെ ലേഖനങ്ങൾ സമാഹരണം, ആമുഖം, സുനിൽ പി ഇളയിടം, കെ എം അനിൽ, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2020.
4. പ്രിയാ പിലിക്കോട് (പഠനം സമാഹരണം) , കേരളീയ നവോത്ഥാനം വിമർശനവും വിചിന്തനവും, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017.
5. ബിനീഷ് പുതുപ്പണം (എഡി), കേരള നവോത്ഥാനത്തിന്റെ പരിമിതികൾ, വിദ്യാർത്ഥി പബ്ലിക്കേഷൻ, 2011.
6. ഭാസ്കരനുണ്ണി പി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1985.
7 ലിസി മാത്യു, പൊട്ടൻ തെയ്യം അതിജീവനത്തിന്റെ അനുഷ്ഠാനം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , 2013.
8. ശ്രീകുമാർ. ടി.ടി, നവോത്ഥാന ചരിത്ര ദർശനം, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2024.
9. സനൽ മോഹൻ പി, കീഴാള പക്ഷ ചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും, പത്തനംതിട്ട: പ്രസക്തി ബുക്സ്, 2021.


## ആനുകാലികങ്ങൾ


1. മുഹമ്മദ് റാഫി എൻ.വി, ജീവിതത്തിന്റെ കൊയ്ത്തുപാടത്തെ ഭാവന ചെയ്ത സൈദ്ധാന്തികൻ, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ഡിസംബർ, 2018.
2. റഫീഖ് ഇബ്രാഹിം, ഏകജീവിതാനശ്വര ഗാനം, ദേശാഭിമാനി വാരിക, ഡിസംബർ, 2016.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ‘കാറ്റേ കടലേ’: ഭൗമനിരൂപണ കാഴ്ചപ്പാടിൽ ഒരു വായന



**രേഷ്മ. എം.കെ***

**സംഗ്രഹം**

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാഹിത്യ വിമർശനരംഗത്ത് ഉണ്ടായ 'സ്ഥലപരമായ തിരിവ്' (Spatial Turn) എന്ന സിദ്ധാന്തപരമായ മാറ്റം, സാഹിത്യത്തിൽ സ്ഥലത്തിന്റെ പ്രാധാന്യത്തെ പുതുവഴികളിൽ അന്വേഷിക്കാൻ പ്രേരിപ്പിച്ചു. ഈ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഫ്രഞ്ച് സിദ്ധാന്തകാരനായ ബെർട്രാൻഡ് വെസ്റ്റ്ഫാൽ അവതരിപ്പിച്ച ഭൗമനിരൂപണം (Geocriticism) എന്ന സിദ്ധാന്തം സാഹിത്യത്തിലെ സ്ഥലങ്ങളെ ബഹുമുഖമായി പഠിക്കുന്ന ഒരു സമീപനം മുന്നോട്ടുവെച്ചു. ആധുനിക മലയാള കവിതയിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തമായി പ്രതിഫലിപ്പിച്ച കവിയാണ് പി.പി. രാമചന്ദ്രൻ. അദ്ദേഹത്തിന്റെ ‘കാറ്റേ കടലേ’ എന്ന കവിത. വികസനത്തിന്റെ പേരിൽ നടക്കുന്ന പരിസ്ഥിതി നാശത്തെയും പ്രകൃതിസ്ഥലങ്ങളുടെ തിരോധാനത്തെയും ശക്തമായി രേഖപ്പെടുത്തുന്നു. ഭൗമനിരൂപണത്തിന്റെ ആശയങ്ങൾ ഉപയോഗിച്ച് കവിതയിൽ പ്രത്യക്ഷപ്പെടുന്ന സ്ഥലം, സ്മൃതി, സംസ്കാരം, വികസനരാഷ്ട്രീയം എന്നിവയെ വിശകലനം ചെയ്യുകയാണ് ഈ ലേഖനം.

**താക്കോൽ വാക്കുകൾ:** ഭൗമനിരൂപണം, ജിയോക്രിട്ടിസിസം, സ്ഥലം, പരിസ്ഥിതി, പി.പി. രാമചന്ദ്രൻ, ആധുനിക മലയാള കവിത

## ആമുഖം

സാഹിത്യ വിമർശനരംഗത്ത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഉണ്ടായ 'സ്ഥലപരമായ തിരിവ്' (Spatial Turn) എന്ന സിദ്ധാന്തപരമായ മാറ്റം സാഹിത്യത്തിൽ സ്ഥലത്തിന്റെ പ്രാധാന്യം ഗൗരവത്തോടെ വീക്ഷിക്കാൻ വഴിതെളിച്ചു. അതുവരെ സാഹിത്യ പഠനങ്ങൾ പ്രധാനമായും കാലത്തെ (Time) കേന്ദ്രീകരിച്ചായിരുന്നു മുന്നേറിയിരുന്നത്. ചരിത്രപരമായ വികാസം, കാലക്രമം, കഥയുടെ പുരോഗതി തുടങ്ങിയവയാണ് പ്രധാനമായും പഠനവിഷയങ്ങളായിരുന്നത്. എന്നാൽ ഈ പുതിയ മാറ്റത്തോടെ സ്ഥലം (Space/Place) എന്ന സങ്കൽപ്പം സാഹിത്യവിമർശനത്തിന്റെ കേന്ദ്രത്തിലേക്ക് എത്തി. മനുഷ്യാനുഭവങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നായി സ്ഥലം പരിഗണിക്കപ്പെട്ടു.

* Research Scholar, Zamorin S Guruvayurappan College Calicut
Ph: 99466 84144, 62824 14167. EMail: reshmamk1986@gmail.com

ഈ സാഹചര്യത്തിലാണ് ഫ്രഞ്ച് സാഹിത്യസിദ്ധാന്തകാരനായ ബെർട്രാൻഡ് വെസ്റ്റ്ഫാൽ ഭൗമനിരൂപണം (Geocriticism) എന്ന സിദ്ധാന്തം അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ പ്രധാന കൃതിയായ Geocriticism: Real and Fictional Spaces എന്ന ഗ്രന്ഥത്തിൽ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ഥലങ്ങളെ പഠിക്കാൻ ഒരു പുതിയ സമീപനം അദ്ദേഹം നിർദ്ദേശിക്കുന്നു. വെസ്റ്റ്ഫാലിന്റെ അഭിപ്രായത്തിൽ സാഹിത്യത്തിൽ സ്ഥലം വെറും പശ്ചാത്തലമല്ല; അത് കഥാപാത്രങ്ങളെയും അനുഭവങ്ങളെയും സംസ്കാരത്തെയും രൂപപ്പെടുത്തുന്ന സജീവ ഘടകമാണ്. മനുഷ്യനും സ്ഥലവും തമ്മിലുള്ള ബന്ധം പരസ്പരാധീനവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. അതിനാൽ ഒരു സ്ഥലത്തെക്കുറിച്ചുള്ള സാഹിത്യപ്രതിനിധാനം അതിന്റെ ഭൗതിക സവിശേഷതകളെ മാത്രമല്ല, അതിന്റെ ചരിത്രം, സംസ്കാരം, ഭാഷ, രാഷ്ട്രീയം എന്നിവയെയും ഉൾക്കൊള്ളുന്നു.

ആധുനിക മലയാള കവിതയിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ആഴത്തിൽ പ്രതിഫലിപ്പിച്ച കവിയാണ് പി.പി. രാമചന്ദ്രൻ. അദ്ദേഹത്തിന്റെ ‘കാറ്റേ കടലേ’ എന്ന കവിത, വികസനത്തിന്റെ പേരിൽ നടക്കുന്ന പരിസ്ഥിതി നാശത്തെക്കുറിച്ചുള്ള ശക്തമായ കാവ്യപ്രതികരണമാണ്.

ഈ കവിതയിൽ സ്ഥലം ഒരു ഭൗതിക ഇടമെന്നതിലുപരി സ്മൃതികളും സംസ്കാരവും മനുഷ്യാനുഭവങ്ങളും ചേർന്ന ഒരു സാമൂഹിക ഘടകമായി പ്രത്യക്ഷപ്പെടുന്നു.

### ഭൗമനിരൂപണം (ജിയോക്രിട്ടിസിസം)

ബെർട്രാൻഡ് വെസ്റ്റ്ഫാൽ സാഹിത്യത്തെ ഒരു ഭൂപടനിർമ്മാണ പ്രക്രിയ എന്ന നിലയിലാണ് കാണുന്നത്. ഭൂപടങ്ങൾ ഭൂമിയുടെ ഭൗതികരൂപത്തെ രേഖപ്പെടുത്തുമ്പോൾ സാഹിത്യം മനുഷ്യാനുഭവങ്ങളിലൂടെ സ്ഥലത്തെ പുനർസൃഷ്ടിക്കുന്നു.

ഭൗമനിരൂപണത്തിന്റെ പ്രധാനലക്ഷ്യം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യങ്ങളും സങ്കൽപ്പങ്ങളും തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കുക എന്നതാണ്. യഥാർത്ഥത്തിലുള്ള ഭൂമിശാസ്ത്രപരമായ സ്ഥലങ്ങൾ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ പുതിയ അർത്ഥങ്ങൾ കൈവരിക്കുന്നു. അതുപോലെ സാങ്കൽപ്പികമായി സൃഷ്ടിച്ച സ്ഥലങ്ങൾ വായനക്കാരുടെ മനസ്സിൽ യാഥാർത്ഥമായ അനുഭവം സൃഷ്ടിക്കുന്നു. ഈ രണ്ട് തലങ്ങളുടെയും ഇടപെടലാണ് ഭൗമനിരൂപണത്തിന്റെ പഠനവിഷയം.

### ബഹുമുഖദർശനം (Multifocalisation): കവിതയുടെ നോട്ടങ്ങൾ

ഭൗമനിരൂപണത്തിന്റെ ഒരു പ്രധാന സവിശേഷതയാണ് ബഹുമുഖദർശനം (Multifocalisation). ഒരു സ്ഥലത്തെ ഒരൊറ്റ കാഴ്ചപ്പാടിൽ നിന്ന് കാണാൻ കഴിയില്ലെന്ന് വെസ്റ്റ്ഫാൽ അഭിപ്രായപ്പെടുന്നു. ദേശവാസികൾ, സഞ്ചാരികൾ, അധികാരവർഗ്ഗം, തൊഴിലാളികൾ തുടങ്ങിയവരുടെയെല്ലാം കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. ഈ വ്യത്യസ്ത അനുഭവങ്ങൾ ഒരുമിച്ച് പരിഗണിക്കുമ്പോഴാണ് ഒരു സ്ഥലത്തിന്റെ സമഗ്രമായ ചിത്രം ലഭിക്കുന്നത്.

പി.പി. രാമചന്ദ്രന്റെ ‘കാറ്റേ കടലേ’ എന്ന കവിതയിൽ കുന്നിനെക്കുറിച്ചുള്ള രണ്ട് വ്യത്യസ്ത നോട്ടങ്ങൾ കവി അവതരിപ്പിക്കുന്നു:

> “ഉമ്മറക്കോലായിൽ നിന്ന്
> രാത്രിയിൽ എടുത്തുവയ്ക്കാൻ മറന്ന കിണ്ടി
> കളവുപോയതുപോലെ
> വയല്ക്കരയിലുള്ള ഒരു കുന്ന്
> പുലർച്ചയ്ക്ക് കാണാതായി.”

ഇവിടെ കുന്നിന്റെ ഇല്ലായ്മയെ വീട്ടുപകരണങ്ങളുടെ നഷ്ടവുമായി താരതമ്യം ചെയ്യുന്നത് മനുഷ്യന്റെ സ്വകാര്യ അനുഭവത്തിന്റെ കാഴ്ചപ്പാടാണ്.

അതേസമയം വികസനത്തിന്റെ കാഴ്ചപ്പാടിൽ കുന്നുകൾ റോഡുപണിക്കായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളായി മാറുന്നു.

"ഇപ്പോൾ കുന്നുകളെല്ലാം
റോഡുപണിക്കു പോകുന്നു."

ഈ വരികളിലൂടെ പ്രകൃതിയെ നിർമ്മാണ വസ്തുവായി മാറ്റുന്ന വികസനരാഷ്ട്രീയം കവി സൂചിപ്പിക്കുന്നു. കുന്നുകൾ ഇനി പ്രകൃതിദൃശ്യങ്ങളായി നിലനിൽക്കുകയില്ല. ഒരേ സ്ഥലത്തെക്കുറിച്ചുള്ള ഈ രണ്ട് നോട്ടങ്ങളും വിരുദ്ധധ്രുവങ്ങളിൽ നിൽക്കുന്നവയാണ്.

## ചരിത്രത്തിന്റെ അടരുകൾ: വർഗ്ഗീകരണം (Stratigraphy)

ഒരു സ്ഥലവും നിശ്ചലമല്ല; അത് കാലക്രമേണ മാറിക്കൊണ്ടിരിക്കുന്നു. ഒരു നഗരത്തിന്റെ ഇന്നത്തെ രൂപത്തിനടിയിൽ അതിന്റെ പഴയകാലത്തിന്റെ പല അടരുകളും ഒളിഞ്ഞിരിക്കുന്നു.

കവിതയിൽ കുന്നുകളുടെ പേരുകൾ ഈ സാംസ്കാരിക സ്മൃതികളെ പ്രതിനിധീകരിക്കുന്നു:

"പന്തലംകുന്ന്, പൂത്രക്കുന്ന്
പുളിയാറക്കുന്ന്, പറക്കുന്ന്
ചോലക്കുന്ന്, ചന്തക്കുന്ന്
കരിമ്പനക്കുന്ന്..."

ഈ പേരുകൾ ഒരു പ്രദേശത്തിന്റെ സാംസ്കാരിക സ്മൃതികളെ പ്രതിനിധീകരിക്കുന്നു. ഓരോ കുന്നിന്റെയും പേര് ആ പ്രദേശത്തിന്റെ ചരിത്രത്തോടും ജീവിതരീതികളോടും ബന്ധപ്പെട്ടു കിടക്കുന്നു.

ഭൗമനിരൂപണത്തിന്റെ കാഴ്ചപ്പാടിൽ ഇത് സ്ഥലത്തിന്റെ സാംസ്കാരിക പാളികളെ (stratigraphy) സൂചിപ്പിക്കുന്നു.ഒരു പ്രദേശത്തിന്റെ ചരിത്രത്തോടും സംസ്കാരത്തോടും ബന്ധപ്പെട്ട സ്മൃതികളാകുന്നു.

എന്നാൽ വികസനത്തിന്റെ ഭാഗമായി ഈ കുന്നുകൾ ഇല്ലാതാകുമ്പോൾ അവയുടെ സ്മൃതികളും ഇല്ലാതാകുന്നു. അവ റോഡിന്റെ അടിത്തറയായി മാറുന്നു.

"നിരപ്പാക്കിയ തലയിൽ
എട്ടുവരിപ്പാത ചുമന്ന് നിന്നുകൊള്ളണം."

കുന്നുകളുടെ ഇല്ലായ്മയിലൂടെ സ്ഥലത്തിന്റെ ചരിത്രപരമായ മാറ്റമാണ് കവി സൂചിപ്പിക്കുന്നത്.

ആദ്യം കുന്നുകൾ പ്രകൃതിദൃശ്യത്തിന്റെ ഭാഗമായിരുന്നു.

പിന്നീട് അവ റോഡുപണിക്കായി പൊളിച്ചുമാറ്റപ്പെട്ടു.

അവിടെയുണ്ടായിരുന്ന പ്രകൃതിസ്ഥലം പിന്നീട് ആധുനിക പാതയായി മാറുന്നു. ഇവിടെ പഴയ ജൈവ പാളിക്ക് മുകളിൽ പുതിയ യാന്ത്രിക പാളി സ്ഥാപിക്കപ്പെടുന്നു. ഇത് ദേശനഷ്ടം (Deterritorialization) എന്ന ആശയത്തെ ഓർമ്മിപ്പിക്കുന്നതാണ്.

## ഇന്ദ്രിയാനുഭവം (Sensoreality): അനുഭവത്തിന്റെ ഭൂമിശാസ്ത്രം

ഒരു സ്ഥലം ദൃശ്യമായ ഒരു ഘടകം മാത്രമല്ല; അത് ശബ്ദം, ഗന്ധം, സ്പർശം തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളുടെ സമന്വയമാണ്. അവ മനുഷ്യന്റെ ഓർമ്മകളിലും അനുഭവങ്ങളിലും ആഴത്തിൽ പതിയുന്നവയാണ്. അതിനാൽ, ഒരു സ്ഥലത്തെ പൂർണ്ണമായി മനസ്സിലാക്കാൻ ഈ ഇന്ദ്രിയാനുഭവങ്ങളെ കൂടി പരിഗണിക്കണം. സാഹിത്യത്തിൽ ഈ ഇന്ദ്രിയാത്മക അവതരണങ്ങൾ സ്ഥലത്തെ കൂടുതൽ ജീവസ്സുറ്റതാക്കുന്നു.

"തലയ്ക്കുമീതെ കാലം
'ശ്ശൂം' "

ഈ ശബ്ദം വികസനത്തിന്റെ വേഗതയെയും പ്രകൃതിയുടെ നിശബ്ദമായ നാശത്തെയും ഒരേസമയം സൂചിപ്പിക്കുന്നു.

 ISSN No: 3049-0316 

കവിതയുടെ അവസാനഭാഗത്ത് കവി പ്രകൃതിയോട് അഭ്യർത്ഥിക്കുന്നു:

"കാറ്റേ കടലേ
തെങ്ങോലകളെ
നമ്മള് അപ്പുറത്തും ഇപ്പുറത്തുമാകാൻ പോകുന്നു
ഇനി കാണാൻ പറ്റിയെന്നു വരില്ല."

ഇത് പ്രകൃതിയുമായുള്ള മനുഷ്യബന്ധത്തിന്റെ വികാരപരമായ അനുഭവമാണ്.

**സ്ഥലം, സ്മൃതി, വികസനം: ഭൗമരാഷ്ട്രീയ വായന**

ഭൗമനിരൂപണത്തിന്റെ കാഴ്ചപ്പാടിൽ ഒരു സ്ഥലത്തെ വെറും ഭൗതിക ഇടമായി മാത്രം കാണാനാവില്ല. അത് മനുഷ്യരുടെ ജീവിതരീതികളും സാംസ്കാരിക സ്മൃതികളും സാമൂഹികബന്ധങ്ങളും ചേർന്ന് രൂപപ്പെടുന്ന ഒരു 'സജീവസാമൂഹിക' ഇടമാണ്. അതിനാൽ ഒരു സ്ഥലത്തിന്റെ ഭൗതിക രൂപത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ മനുഷ്യരുടെ സാംസ്കാരിക അനുഭവങ്ങളെയും സ്വാധീനിക്കുന്നു.

'കാറ്റേ കടലേ' എന്ന കവിതയിൽ കുന്നുകളുടെ ഇല്ലായ്മ ഒരു പ്രകൃതിദൃശ്യത്തിന്റെ നഷ്ടം മാത്രമല്ല; അത് ഒരു പ്രദേശത്തിന്റെ സാംസ്കാരിക സ്മൃതികളുടെ ഇല്ലായ്മയുമാണ്. വികസനത്തിന്റെ പേരിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പ്രകൃതിയെ മാറ്റിമറിക്കുമ്പോൾ മനുഷ്യരും അവരുടെ ജീവിതപരിസരങ്ങളും പുതിയ രീതിയിൽ പുനർക്രമീകരിക്കപ്പെടുന്നു.

ഈ സാഹചര്യത്തിൽ കവിത വികസനത്തെ പൂർണ്ണമായി നിരാകരിക്കുന്നില്ലെങ്കിലും, വികസന പ്രവർത്തനങ്ങൾ പ്രകൃതിയോടും സംസ്കാരത്തോടും പുലർത്തേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് ചോദ്യം ഉയർത്തുന്നു. അതുകൊണ്ടുതന്നെ 'കാറ്റേ കടലേ' ഒരു പരിസ്ഥിതി ബോധത്തിന്റെ കാവ്യപ്രതികരണമെന്നതിലുപരി, വികസനത്തിന്റെ ഭൗമരാഷ്ട്രീയത്തെ ചോദ്യം ചെയ്യുന്ന ഒരു സാംസ്കാരിക രേഖയായി കൂടി വായിക്കാവുന്നതാണ്.

**ഉപസംഹാരം**

'കാറ്റേ കടലേ' എന്ന കവിതയിൽ പ്രകൃതിസ്ഥലം ഒരു ഭൗതികഘടകം മാത്രമല്ല; അത് മനുഷ്യജീവിതത്തിന്റെ സ്മൃതികളും സംസ്കാരവും ചേർന്ന ഒരു സാമൂഹിക ഇടമാണ്.

വികസനം മനുഷ്യജീവിതത്തെ മെച്ചപ്പെടുത്തുന്നതിനായുള്ളതാണെങ്കിലും അതിന്റെ ഭാഗമായി പ്രകൃതിയും സംസ്കാരവും ഇല്ലാതാകുമ്പോൾ അതിന്റെ വില വളരെ വലിയതാണ്.

ഭൗമനിരൂപണത്തിന്റെ കാഴ്ചപ്പാടിൽ ഈ കവിതയെ വായിക്കുമ്പോൾ മനുഷ്യനും സ്ഥലവും തമ്മിലുള്ള ബന്ധത്തിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കുന്നു.

**ഗ്രന്ഥസൂചി**

ഗോപിനാഥൻ പിള്ള സി. ഡോ:– സമകാലിക സാഹിത്യസിദ്ധാന്തങ്ങൾ – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ജോസ് കെ. മാനുവൽ (എഡി.) – സാഹിത്യസിദ്ധാന്തങ്ങൾ: പൗരസ്ത്യവും പാശ്ചാത്യവും – ആത്മ ബുക്സ്
രജനി എൻ. – സാഹിത്യവും സാംസ്കാരിക ഭൂമിശാസ്ത്രവും
രാമചന്ദ്രൻ പി.പി – പി.പി. രാമചന്ദ്രന്റെ കവിതകൾ – മാതൃഭൂമി ബുക്സ്
Bertrand Westphal – Geocriticism: Real and Fictional Spaces

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

April 2026
Vol. 2 Issue 3

പാലൈ
PALAI பாலை
ISSN No: 3049-0316

# ഗൃഹാതുരത; രാഷ്ട്രീയവും ആഖ്യാനവും



**രേഷ്മ വി.ബി.**

**സംഗ്രഹം**

പഴമയോടുള്ള അദമ്യമായ ഗതകാല സുഖസ്മരണകളിൽ വ്യാപരിക്കാനുള്ള മനുഷ്യന്റെ അഭിലാഷം, പ്രകൃതിയിലേക്ക് മടങ്ങാനുള്ള ആസക്തി എന്നിവയുടെ ഉറന്നെഴുത്തുകൾ ആധുനികവും ഉത്തരാധുനികവുമായ രചനകളിൽ സവിശേഷമായി വിഷയീഭവിക്കാറുണ്ട്. ഗതകാലസ്മരണകൾ സൃഷ്ടിക്കുന്ന വർത്തമാനകാലാവസ്ഥയിലുള്ള ശൂന്യതയും നാഗരികത സൃഷ്ടിക്കുന്ന അന്യഥാബോധവും പ്രകടമാകുന്ന തരത്തിൽ വിനിയതമായിട്ടുള്ള വൈകാരികതലങ്ങളെ അനാവരണം ചെയ്യുന്ന കഥയാണ് 'നിയാൻഡർതാൽ താഴ്‌വരയിൽ'. അയ്മനം പ്രകൃത്യാനുഭവങ്ങളും പ്രപഞ്ചാനുഭവം സൃഷ്ടിക്കുന്ന സാംസ്കാരിക വിലയിരുത്തലുകളും നിയാൻഡർതാൽ താഴ്‌വരയുടെ ആത്മീയാനുഭവവും പ്രാചീന-ആധുനിക സംഘർഷങ്ങളും കാഴ്ചയുടെ/അനുഭവത്തിന്റെ രാഷ്ട്രീയത്തിലൂടെ അനാവൃതമാകുന്നു. ഇവയുടെ സവിശേഷതകളോടൊപ്പം ആഖ്യാന സവിശേഷതകളും പഠന വിധേയമാക്കുകയാണ് പ്രബന്ധം.

**താക്കോൽ വാക്കുകൾ:** ആഖ്യാനം, രാഷ്ട്രീയം, സംസ്കാരം

**ആമുഖം**

പഴമയിലേക്കുള്ള തിരിഞ്ഞുനോട്ടങ്ങളും അവയിൽ അഭിരമിക്കാനുള്ള ആഗ്രഹവും ആധുനികതയിൽ പ്രകടമാകാറുള്ളതാണ്. നഷ്ടസ്മൃതികളെ തിരികെ കൊണ്ടുവരാനുള്ള ആഗ്രഹം മനുഷ്യരിൽ ഗൃഹാതുരതയുടെ വിത്തുപാകാറുണ്ട്. വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള താരതമ്യപ്പെടുത്തലുകൾ മലയാളസാഹിത്യത്തിൽ ഇടം കണ്ടെത്തുകയുണ്ടായി. ആധുനികമായ ഇത്തരം പ്രവണതകൾ അയ്മനം ജോണിന്റെ നിയാൻഡർതാൽ താഴ്‌വരയിൽ എന്ന രചനയിലും പ്രത്യക്ഷീകരിക്കുന്നു. പ്രകൃത്യോപാസകനായ അയ്മനം ജോൺ, പ്രാചീനവും ആധുനികവുമായ രണ്ടു കാലഘട്ടങ്ങളെ ഈ കഥയിൽ അനാവരണം ചെയ്യുന്നു. കാലഘട്ടങ്ങളോടൊപ്പം വ്യതിരിക്തമായ സംസ്കാരവും യാത്ര ചെയ്യുന്നുണ്ട്. നിയാൻഡർതാൽ ജീവിതത്തിലൂടെ വികസിതമാകുന്ന കഥ മെട്രോ നഗരത്തിലാണെത്തി നിൽക്കുന്നത്. നിയാൻഡർതാൽ മനുഷ്യരിൽ നിന്നും സാംസ്കാരിക സാമൂഹിക നിയമങ്ങളും മാനദണ്ഡങ്ങളും പരിവർത്തിപ്പിച്ച് സൃഷ്ടിക്കപ്പെട്ട ആധുനിക മനുഷ്യന്റെ വ്യഥകൾ ഈ കഥയിലുടനീളം അനുഭവവേദ്യമാണ്. ആ പഴയ മനുഷ്യരിലേക്ക് തിരികെ പോകാനാണ് ഇപ്പോൾ ആധുനികതയിൽ സ്വയം സമർപ്പിച്ചുജീവിക്കുന്ന ആഖ്യാതാവ് ആഗ്രഹിക്കുന്നത്. അയ്മനം ജോണിന്റെ കഥകളിൽ പ്രത്യക്ഷപ്പെടാറുള്ള ഭൂത-വർത്തമാനകാല സംവേദനം ഈ കഥയുടെ ഘടനയേയും വാർത്തെടുത്തിരിക്കുന്നു. 'അക്കരെയെത്തിയ

* ഗവേഷക, മലയാള വിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം, reshmavbaburaj@gmail.com.
Mob - 7736562918

 ISSN No: 3049-0316 

ശേഷം അവിടെ നിന്ന് തിരിഞ്ഞുനോക്കികണ്ടിട്ടുള്ള ഇക്കരെയാണ് തന്റെ മനസ്സിലെ ഭൂതകാല ഗൃഹാതുരതയുടെ രൂപക'(മണ്ണിൽ നിന്നും ഉണരുന്ന ചിന്തയുടെ കെടാവിളക്കുകൾ:2020)മെന്നത് അയ്മനം ജോണിന്റെ കഥകൾ തെളിയിക്കുന്നു. എഴുത്തുകാരൻ സ്വയം ആഖ്യാതാവായി സ്വഗതാഖ്യാന രീതിയിൽ കഥ പറഞ്ഞുകൊണ്ട് പ്രത്യക്ഷപ്പെടുന്നു. ചില രുചികളും ഗന്ധങ്ങളും ഗൃഹാതുരതയിലേക്ക് നയിക്കുന്നതുപോലെ ഇന്ദ്രിയഗ്രാഹ്യമായ ഓർമ്മകളിലൂടെയാണ് ആഖ്യാതാവിന്റെ സഞ്ചാരം. നിയാൻഡർതാൽ താഴ്‌വരയിൽ ജീവിച്ചിരുന്ന കാലം, മെട്രൊ നഗരത്തിൽ ജീവിക്കുന്ന സമയം എന്നിങ്ങനെ പ്രാചീനവും - നാഗരികവുമായ വേർത്തിരിവുകൾ കഥയ്ക്കുണ്ട്. കാഴ്ച, കേൾവി, ഘ്രാണം എന്നിവയുടെ പ്രവർത്തനങ്ങളും രണ്ടു സംസ്കാരങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ അവയ്ക്കുണ്ടായ വ്യതിരിക്തതകളും കഥയിലൂടെ വെളിപ്പെടുത്തുന്നു. രണ്ടു സംസ്കാരങ്ങളും തന്നെ മാനസികവും ഇന്ദ്രിയപരവുമായി എപ്രകാരമാണ് സ്വാധീനിച്ചതെന്നു പറയുന്നതോടൊപ്പം കാഴ്ചയുടെ രാഷ്ട്രീയത്തിലൂടെ കഥയെ നയിക്കുന്നു.ഈ രാഷ്ട്രീയം സൃഷ്ടിക്കുന്ന ഇഷ്ടാനിഷ്ടങ്ങളാണ് സന്തോഷവും സന്താപവും പ്രദാനം ചെയ്യുന്നത്.

## ഇന്ദ്രിയപക്ഷവും പ്രകൃതിയും

ഗന്ധം, കാഴ്ച, ഘ്രാണം എന്നിവയെല്ലാം പ്രകൃതിയുമായുള്ള പ്രത്യക്ഷ ബന്ധം പുലർത്തുന്നു. നല്ല കാഴ്ചകൾ സമ്മാനിക്കുന്ന സന്തോഷവും നല്ല സുഗന്ധം നൽകുന്ന വൈകാരികാനുഭൂതിയും ഈണങ്ങൾ നൽകുന്ന ഉന്മേഷവും മാനസികാരോഗ്യത്തെ അനുകൂലമായി ബാധിക്കുന്നു. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഇന്ദ്രിയാനുഭൂതികൾ വ്യക്തിയുടെ മാനസികവും ശാരീരികവുമായ ഊർജ്ജം വർദ്ധിക്കാനുതകുന്നു. ഈ കഥയിലും പ്രകൃതിയുടെ അനിഷേധ്യസാന്നിധ്യം ദർശനീയമാണ്. നിയാൻഡർതാൽ താഴ്‌വരയിലായിരുന്നപ്പോൾ ഇന്നുള്ളതിന്റെ പതിന്മടങ്ങ് കാഴ്ച ശക്തിയുണ്ടായിരുന്നെന്നും മേഘങ്ങളിൽ നിന്നും മഴത്തുള്ളി അടർന്നു വീഴാറായി നിൽക്കുന്നതും പർവ്വതങ്ങളുടെ ചുവട്ടിൽ നിന്നാൽ മുകളിലുള്ള പുൽനാമ്പുകളെ വരെ കാണാമായിരുന്നെന്നും ആഖ്യാതാവ് തന്റെ കാഴ്ചയെക്കുറിച്ച് വ്യക്തമാക്കുന്നു. നഗരം ഇപ്പോൾ മറച്ചു പിടിച്ച തന്റെ കാഴ്ചയെക്കുറിച്ചുള്ള ദുഃഖം ഇവിടെ പ്രകടമാകുന്നു. ചീറിപ്പാഞ്ഞോടുന്ന വ്യക്തികൾക്കും വാഹനങ്ങൾക്കുമപ്പുറം സൗന്ദര്യാത്മകമായ കാഴ്ചകളായിരുന്നു താഴ്‌വര അയാൾക്ക് സമ്മാനിച്ചിരുന്നത്. പ്രകൃതിയുമായുള്ള നേത്ര സംവേദനം നഗരം കവർന്നെടുത്തു കൊണ്ടിരിക്കുന്നു എന്നയാൾ സന്ദേഹിക്കുന്നു. തന്റെ ഇന്നലെകളിലെ തുറന്ന കാഴ്ചകളെ അയാൾ പ്രണയിക്കുന്നു.ആഖ്യാതാവിന്റെ അനിയന്ത്രിത സ്മരണകൾ ആ സാനുക്കളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

നിയാൻഡർതാൽ താഴ്‌വര ആഖ്യാതാവിന്റെ കേൾവിയെ സൂക്ഷ്മമാക്കിയിരുന്നു. മലമുകളിലിരിക്കുമ്പോൾ പോലും അടിവാരത്തിലെ പുൽക്കൂട്ടത്തിൽ ഓടിക്കളിക്കുന്ന മുയലുകളുടെ കാലൊച്ചകൾ കേൾക്കാനയാൾക്ക് സാധിച്ചിരുന്നു. മലയുടെ മറുവശത്തു കൂടി പറന്നു പോയിരുന്ന പക്ഷിക്കൂട്ടങ്ങളുടെ ചിറകടിയൊച്ചകളും മല കയറി വന്ന് കാതിലെത്തുമായിരുന്നെന്നുമയാൾ ഓർത്തെടുക്കുന്നു. അവിശ്വസനീയമാം വണ്ണം ആഖ്യാതാവിന്റെ ഘ്രാണശക്തിയും പ്രവർത്തിക്കുമായിരുന്നു. കാതങ്ങൾക്കപ്പുറത്ത് കിഴങ്ങു മാന്താൻ പോയ അമ്മയെ മുലപ്പാലിന്റെ മണത്താലും മലമുകളിൽ കായ്കനികൾ തേടി നടന്നിരുന്ന കൂടപ്പിറപ്പുകളെ അവരുടെ വിയർപ്പു ഗന്ധത്താലും അകലെ നിന്നും കണ്ടെത്താനാകുമായിരുന്നെന്നും ഓർക്കുന്നു. ഇപ്രകാരം തന്റെ ഇന്ദ്രിയങ്ങൾ താഴ്‌വരയിലായിരുന്നപ്പോൾ കാര്യക്ഷമമായിരുന്നെന്ന് പ്രഖ്യാപിക്കുന്നു. ശാരീരിക ക്ഷമതയുടെ പ്രഖ്യാപനവും നടത്തുന്നുണ്ട്. ഒരു കാട്ടുപോത്തിന്റെ കരുത്തുണ്ടായിരുന്നെന്നും പർവ്വതങ്ങൾ ഓടിക്കയറുന്നതു തടാകങ്ങൾ നീന്തിക്കടക്കുന്നതും ക്ഷിപ്രസാധ്യമായിരുന്നെന്നും പറയുന്നു. വലിയ കുന്നുകളെ മൺക്കൂനകളായും വലിയ നദികളെ കൈത്തോടുകളുമായാണ് തനിക്കനുഭവപ്പെട്ടിരുന്നതെന്നും കഥയിലൂടെ അനുവാചകരിലെത്തിക്കുന്നു.

ഇവിടെ രണ്ടു സംസ്കാരങ്ങളിലും തന്റെ ഇന്ദ്രിയ-ശാരീരികാവസ്ഥകൾ എപ്രകാരമായിരുന്നുവെന്ന് ആഖ്യാതാവ് സ്മരിക്കുന്നു. തന്റെ കാര്യക്ഷമമായ ഇന്ദ്രിയങ്ങൾക്കുള്ള കാരണമായി പ്രായത്തെയല്ല, അതിനെ ആ സംസ്കാരത്തിന്റെ പ്രതിഫലനമായാണ് കാണുന്നത്.

## പ്രപഞ്ചമെന്ന അനുഭവം

പ്രാപഞ്ചികാനുഭവത്തെ നിയാൻഡർതാൽ താഴ്‌വരയാലാണ് അടുത്തറിയാനായതെന്ന് കേന്ദ്രകഥാപാത്രത്തിന്റെ ആഖ്യാനത്തിൽ നിന്നും വ്യക്തമാണ്. ആധുനികതയേക്കാൾ താഴ്‌വരയിലെ സംസ്കാരത്തോടാണയാൾക്ക് പ്രിയം. അവിടെ ആർക്കും സ്വന്തമായൊന്നും ഇല്ലാത്തതിനാൽ ഭൂമിയെ നിസ്വാർത്ഥമായി കാണാൻ സാധിക്കുമായിരുന്നു. പ്രത്യേകം തിരിച്ചറിയപ്പെടാനായി ഒന്നുമില്ലാത്തതിനാൽ സ്വജീവിതവും പരന്റെ ജീവി

തവും ഒന്നായിത്തന്നെ കാണാൻ താഴ്‌വരയിലെ അന്തരീക്ഷം സഹായകമായിരുന്നു.രണ്ടല്ല, ഒന്ന് എന്ന സൈദ്ധാന്തികതയിലേക്ക് ആ സംസ്കാരം അവിടെയുള്ളവരെ നയിച്ചു. ആധുനികതയിലെ തിരക്കുകളും കർത്തവ്യങ്ങളും അവിടെയില്ലാത്തതിനാൽ സ്വതന്ത്രരായിരുന്നെല്ലാവരും.

മാനവികതയുടെ ഉത്തമോദാഹരണമായി നിയാൻഡർതാൽ സംസ്കൃതി സ്ഥാനമുറപ്പിച്ചിരിക്കുന്നു. ആ സംസ്കാരത്തിൽ നാഗരികസംസ്കാരത്തിനേക്കാൾ സൗഹാർദാന്തരീക്ഷമായിരുന്നു. പ്രകൃതിയിൽ അപായകരമായ എന്തും സംഭവിക്കാമെങ്കിലും താഴ്‌വരയിലുള്ളവരിൽ പരസ്പരം അപകടങ്ങളിൽ സഹായിക്കാനുള്ള കൂട്ടുകെട്ടുണ്ടായിരുന്നു. മനുഷ്യരും മറ്റു ജീവജാലങ്ങളും സഹജീവി സ്നേഹം പുലർത്തിയിരുന്നു. ഭൂചലനങ്ങളും ജലപ്രളയങ്ങളും മുൻകൂട്ടി പക്ഷിക്കൂട്ടങ്ങളിലൂടെ അറിയാനാകുമായിരുന്നു. നല്ലൊരു ജൈവവ്യവസ്ഥ താഴ്‌വരയിലുണ്ടായിരുന്നു. മരുഭൂമി കടന്നുപോകണമെങ്കിൽ പക്ഷികളെ കൂടെക്കൂട്ടുമായിരുന്നു.ചവിട്ടാൻ ഭയപ്പെടേണ്ടതായ പാറകളേതൊക്കെയെന്ന് ആടുകൾ മനസ്സിലാക്കി കൊടുക്കുമായിരുന്നു. ദീർഘസഞ്ചാരങ്ങൾക്ക് നായ്ക്കളേയും കൂടെക്കൂട്ടുമായിരുന്നു. അത്തരത്തിൽ സഹജീവികളുമായുള്ള ആത്മബന്ധം മനുഷ്യനുണ്ടായിരുന്നു. ആ സംസ്കാരം തിരികെ ലഭിക്കണമെന്നാണ് ആഖ്യാതാവിന്റെ അഭിലാഷം.

### നിയാൻഡർതാൽ താഴ്‌വരയും ആത്മീയതയും

ജീവശ്വാസമാണ് ആത്മാവിൽ ഉൾച്ചേർന്നിരിക്കുന്നത്. ഓരോ വ്യക്തിയേയും സന്തോഷിപ്പിക്കുകയും ആന്തരികമായ സമാധാനത്തിലെത്തിക്കുകയും ചെയ്യുന്നതാണ് ആത്മീയത. ശരീരവും മനസ്സും ഏകത്വമായതിനെ വരവേൽക്കുന്നു. നിയാൻഡർതാൽ താഴ്‌വരയും ആത്മീയാനുഭൂതിയുടെ സാനുവായി മാറുന്നുണ്ട്. ആത്മത്തെ ശുദ്ധീകരിക്കുന്ന അന്തരീക്ഷത്താൽ സമ്പന്നമാണവിടം. ആഖ്യാതാവും അവിടെയുള്ള മോക്ഷമാണാഗ്രഹിക്കുന്നത്.  സഹജീവികളുടെ ദയ നിറഞ്ഞ കണ്ണുകളിലാണ് താഴ്‌വരയിലെ ദൈവ ദർശനങ്ങൾ എന്നാണ് ആഖ്യാതാവിന്റെ പക്ഷം. ഭൂമിശാസ്ത്രപരമായ സൗന്ദര്യത്തോടൊപ്പം ഇവിടം മുന്നോട്ടു വയ്ക്കുന്ന ആത്മീയത, എല്ലാവരും ഒന്നാണെന്ന സങ്കല്പനമാണ്. "അരുളുള്ളവനാണ് ജീവി" (അനുകമ്പാദശകം:2022) എന്നതിനെ അന്വർഥമാക്കുകയാണീ താഴ്‌വര. താഴ്‌വരയിലെ സ്വപ്നങ്ങളിൽപോലും ഈ സ്നേഹം നിറഞ്ഞു നിന്നിരുന്നു. സ്വപ്നങ്ങളിൽ മറ്റു ജീവികളായി താദാത്മ്യംപ്രാപിച്ച് അവരുടെ പ്രപഞ്ചാനുഭവം എന്താണെന്നറിയാനുള്ള സിദ്ധി ആ താഴ്‌വരയുടെ മസ്തിഷ്കത്തിനുണ്ടായിരുന്നു. ഒരിക്കൽ സ്വപ്നത്തിൽ ഒരു കടൽ ജീവിയായി ആഴക്കടലിലെ വിസ്മയക്കാഴ്ചകൾ കണ്ട് നീന്തി രസിച്ചത് ആഖ്യാതാവ് പങ്കുവയ്ക്കുന്നുണ്ട്. അപ്രകാരം നിയാൻഡർതാൽ താഴ്‌വരയിലെ ഓരോ ജീവിയേയും സഹജീവികൾ സ്വാധീനിച്ചിരുന്നു.

നിറഭേദങ്ങളുടെ ഭൂതകാലത്തെ, നിയാൻഡർതാൽ താഴ്‌വരകളിൽ ഓടിക്കളിക്കാൻ വെമ്പുന്ന മനസ്സിനെ കഴുത്തിൽ കയർവീഴും മുമ്പ് ഒരു പൈക്കുട്ടിയായി തൊടിയിലും പറമ്പിലുമൊക്കെ ഇഷ്ടാനുസരണം ഓടിക്കളിച്ചുനടന്നിരുന്ന ഒരു വയസ്സൻ വണ്ടിക്കാളയുടെ ഓർമ്മകളായാണ് ഉപമിക്കുന്നത്. നാഗരികതയുടെ നിയന്ത്രണത്തിന്റെ കയർ വീഴുന്നതിനു മുമ്പ് അനിയന്ത്രിതമായി ഓടിക്കളിച്ചിരുന്ന പൈക്കുട്ടി, വയസ്സൻ വണ്ടിക്കാളയായിരിക്കുന്നു. ജീവിതഭാരമാകുന്ന ചുമട് താങ്ങുന്ന വണ്ടിക്കാളയായി സ്വയം പ്രതിഷ്ഠിക്കുന്നു.

### പ്രാചീന - ആധുനിക സംഘർഷങ്ങൾ

ഇരുസംസ്കാരങ്ങൾക്കിടയിലെ അന്തഃസംഘർഷങ്ങൾക്കിടയിലാണ് ആഖ്യാതാവ്. ആഖ്യാതാവ് ഇപ്പോൾ വസിക്കുന്ന മെട്രോ നഗരത്തിൽ തിരക്കേറിയ അഞ്ചു സ്ഥലങ്ങളിൽ ബോംബ് സ്ഫോടനങ്ങളുണ്ടായി.അതിലൊരു സ്ഥലം ട്രാഫിക് ജംഗ്ഷനായിരുന്നു. ആഖ്യാതാവടക്കമുള്ള സഹയാത്രികർ സഞ്ചരിച്ചിരുന്ന ബസ്, സ്ഫോടന സമയത്ത് ട്രാഫിക് ജംഗ്ഷനിൽ വൈകിയെത്താനുള്ള കാരണം, തൊട്ടുമുമ്പുള്ള സ്റ്റോപ്പിൽ ഒരു വൃദ്ധൻ വൈകിയിറങ്ങിയതിനാലാണ്. തത്സമയം എല്ലാവരും ആ വൃദ്ധനെ കളിയാക്കിയും ശകാരിച്ചും തങ്ങളുടെ സമ്മർദ്ദം കുറച്ചെങ്കിലും സ്ഫോടനം നേരിൽ കണ്ടപ്പോൾ വൃദ്ധനെ ദൈവദൂതനായി കാണാനും അവർക്കായി. അയ്മനം ജോണിന്റെ ദൈവദർശനം ദയയുള്ള ജീവികളിലും ആപത്തിൽ രക്ഷിക്കുന്നവരിലും നിലക്കൊള്ളുന്നു.

മെട്രോനഗരത്തിലെ ജീവിതം സുരക്ഷിതമല്ലെന്ന തോന്നലിൽ നിയാൻഡർതാൽ താഴ്‌വരയുടെ ഓർമ്മകളിൽ ആഖ്യാതാവ് അഭയം പ്രാപിച്ചു. പ്രാചീന സംസ്കാരത്തിലെ സുവർണയുഗവും അജ്ഞാതരെ പോലും വധിക്കാൻ മടിക്കാത്ത നാഗരിക സംസ്കാരവും തമ്മിലുള്ള ആന്തരിക സംഘർഷങ്ങൾ ആഖ്യാതാവിൽ നിലക്കൊണ്ടു. ആൾക്കൂട്ടത്തിൽ തനിയെ എന്ന ആധുനികതയുടെ സന്തതിയിവിടെ വളർന്നു. അടുത്തു നിൽക്കുന്നവർ ഏതു നിമിഷവും ആരെയും നശിപ്പിക്കും എന്ന സുരക്ഷിതമില്ലായ്മയവിടെ ജനിച്ചു.ആൾക്കൂട്ട

 ISSN No: 3049-0316 

ങ്ങളെ ശവശരീരങ്ങളായി മാത്രം കാണുന്ന ആധുനികർ നിയാൻഡർതാൽ താഴ്‌വരയിലില്ല. തിരക്കു പിടിച്ച ജീവിതങ്ങളവിടെയില്ല. കർത്തവ്യങ്ങളില്ലാത്ത സ്വതന്ത്രമായ ആ കാലഘട്ടങ്ങളിലേക്ക് മടങ്ങിപ്പോകാനായെങ്കിൽ പ്രാചീന മനുഷ്യനായിരുന്നപ്പോഴുണ്ടായിരുന്ന സമാധാനത്തോടെ ജീവിക്കാനാകുമായിരുന്നു എന്ന ചിന്തയും പങ്കുവയ്ക്കുന്നു. ജീവജാലങ്ങളോടും പ്രകൃതിയോടും ആകർഷണവും സ്നേഹവുമുണ്ടായിരുന്ന, പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്ന പ്രാചീന മനുഷ്യനിൽ നിന്നും മനുഷ്യൻ ആധുനികനായപ്പോൾ നഷ്ടപ്പെട്ട മൂല്യങ്ങളെക്കുറിച്ചും പുതിയ ലോകത്തെക്കുറിച്ചുമുള്ള സന്ദേഹങ്ങൾ കഥ മുന്നോട്ടുവയ്ക്കുന്നുണ്ട്. തിരക്കുനിറഞ്ഞ ജീവിതത്തിൽ ഇന്ദ്രിയാനുഭൂതികൾക്കും സൗഹൃദങ്ങൾക്കും സമയമില്ലാതെ സ്വാർത്ഥതയ്ക്കായി ആരെ വധിക്കാനും മടിയില്ലാത്തവരായി മാറിയ നാഗരികരേക്കാൾ പഴയ സംസ്കാരത്തിൽ ഉൾച്ചേരാനാണ് ആഖ്യാതാവ് ആഗ്രഹിക്കുന്നത്. തന്റെ വിഹ്വലതകളും സന്ദേഹങ്ങളും അനുവാചകസമക്ഷം സമർപ്പിക്കുന്ന ആഖ്യാതാവ് ഒറ്റപ്പെട്ട ആധുനിക മനുഷ്യന്റെ പ്രതിനിധിയാണ്. താഴ്‌വരയുടെ ആലിംഗനത്തിനായാണയാൾ പ്രത്യാശിക്കുന്നത്. നാഗരിക മനുഷ്യന്റെ സമാധാനമുറങ്ങുന്നത് നിയാൻഡർതാൽ താഴ്‌വരയിലാണ്.

## അടിക്കുറിപ്പുകൾ

1. മണ്ണിൽ നിന്നും ഉണരുന്ന ചിന്തയുടെ കെടാവിളക്കുകൾ, സാവി നന്ദൻ കക്കാട്ടിൽ, നവംബർ 14,2020, മാതൃഭൂമി.കോം.
2. അനുകമ്പാദശകം, ശ്രീനാരായണ ഗുരു, സ്വാമി ചിദാനന്ദപുരി (വ്യാഖ്യ), 2022, മാതൃഭൂമി

## ഗ്രന്ഥസൂചി

1. ജോൺ അയ്യനം, ഇതര ചരാചരങ്ങളുടെ ചരിത്ര പുസ്തകം, 2015, ഡി.സി. ബുക്സ് കോട്ടയം.
2. ജോൺ അയ്യനം, ചരിത്രം വായിക്കുന്ന ഒരാൾ, 2007, ഡി.സി. ബുക്സ്, കോട്ടയം
3. നാരായണ ഗുരു ശ്രീ, ചിദാനന്ദപുരി സ്വാമി (വ്യാഖ്യ), അനുകമ്പാദശകം, 2022, മാതൃഭൂമി, കോഴിക്കോട്